# ചെമ്പ് ഗ്രാമപഞ്ചായത്ത്

## കോട്ടയം ജില്ല



# വികസനറിപ്പോർട്ട്

# ചെമ്പ് ഗ്രാമപഞ്ചായത്ത്




# സമഗ്ര വികസന രേഖ

# ഉള്ളടക്കം

1. ആമുഖം ..... 5
2. പൊതുവിവരണവും ഭരണപരമായ ചരിത്രവും ..... 7
3. സാമൂഹ്യ-സാംസ്കാരിക ചരിത്രം ..... 10
4. ഭുപ്രകൃതി ..... 14
5. വികസന മേഖലകൾ ..... 16
I കൃഷി, ജലസേചനം ..... 17
II (a) മൃഗ സംരക്ഷണം ..... 28
(b) മത്സ്യബന്ധനം ..... 32
III വിദ്യാഭ്യാസം ..... 37
IV (a) ആരോഗ്യം ..... 44
(b) കുടിവെള്ളം ..... 49
V വ്യവസായം ..... 54
VI (a) ഗതാഗതം ..... 57
(b) മാർക്കറ്റ് ..... 58
(c) ഊർജ്ജം ..... 63
VII (a) പാർപ്പിടം ..... 66
(b) സാമൂഹ്യക്ഷേമം ..... 71
VIII സംസ്കാരം ..... 75
IX വനിത ..... 82
X സഹകരണ മേഖല ..... 87
XI പട്ടികജാതി, പട്ടികവർഗ്ഗ വികസന ക്ഷേമം ..... 91
XII വിഭവസമാഹരണം ..... 100
6. ഉപസംഹാരം ..... 105

## ചെമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതി

**കെ.കെ. രമേശൻ**
പ്രസിഡൻറ്

**ആർ. സുശീലൻ**
വൈസ് പ്രസിഡൻറ്

**രമാ വേലപ്പൻ**
സ്റ്റാൻറിംഗ് കമ്മറ്റി
ചെയർപേഴ്സൺ

**എസ്.ഡി. സുരേഷ് ബാബു**
മെമ്പർ

**വി. സോമൻ**
മെമ്പർ

**പി.വി. സുരേന്ദ്രൻ**
മെമ്പർ

**ടി.പി. കുഞ്ഞൻ**
മെമ്പർ

**മഹേശ്വരി പ്രകാശൻ**
മെമ്പർ

**കെ.ബി.സുലേഖാ ബീവി**
മെമ്പർ

### പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ഇതര ജനപ്രതിനിധികൾ

ബ്ലോക്ക് പഞ്ചായത്ത് മെമ്പറന്മാർ:

- സസിലിയാമ്മ ചാക്കോ
- കെ. ബാഹുലേയൻ

ജില്ലാ പഞ്ചായത്ത് മെമ്പർ:

- ലൈലാ രാധാകൃഷ്ണൻ

വൈക്കം നിയമസഭാ മണ്ഡലം:

- എം.കെ.കേശവൻ എം.എൽ.എ.

കോട്ടയം പാർലമെൻറ് മണ്ഡലം:

- രമേശ് ചെന്നിത്തല എം.പി.

*എഡിറ്റേഴ്സ് :*
പി.പി. മാധവൻ
ടി.എം. വിജയൻ

*സബ് എഡിറ്റേഴ്സ് :*
പി.എ. രാജപ്പൻ
എസ്. ജയപ്രകാശ്

*എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ :*
കെ.കെ. രമേശൻ
ആർ. സുശീലൻ
ചന്ദ്രൻ മാസ്റ്റർ
ബ്രഹ്മമംഗലം മാധവൻ
സി.കെ. ചന്ദ്രഗുപ്തൻ

*കവർ ഡിസൈൻ :*
രാജു കൊതമ്പക്കാട്

*സ്കെച്ച് :*
പി.കെ. ചന്ദ്രൻ

**എ.കെ. ദാമോദരൻ ഇളയത്**
ഗ്രാമപഞ്ചായത്ത് സെക്രട്ടറി

**സോമൻ നായർ**
ഹെഡ് ക്ലാർക്ക്



N
S
ചെമ്പ് സെൻറർ
CHEMPU GRAMA PANCHAYAT OFFICE
Secretary,

# ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ൽ നിലവിൽ വന്നിരിക്കുകയാണ്. ഇതനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്ത് രാജ് ഭരണ സംവിധാനത്തിന് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 1995 ഒക്ടോബർ 2ന് തുടക്കം കുറിക്കുകയുണ്ടായി. ഈ പഞ്ചായത്തുകൾക്ക് വർദ്ധിച്ച അധികാരങ്ങളും ചുമതലകളും ലഭിച്ചിരിക്കുകയാണ്. അധികാര വികേന്ദ്രീകരണവും വികസന പ്രവർത്തനങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടുകൂടി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുകയെന്നതാണ് ഈ സംവിധാനത്തിന്റെ എടുത്തു പറയേണ്ട സവിശേഷത. എല്ലാ വോട്ടർമാർക്കും പ്രത്യക്ഷ പങ്കാളിത്തമുള്ള ഗ്രാമസഭകളും ഈ നിയമം വിഭാവനം ചെയ്യുന്നു. മാത്രമല്ല, ഇനിമേൽ നിർബന്ധമായും പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പുകൾ കാലാകാലങ്ങളിൽ നടത്തിയേ തീരൂ. സ്ത്രീകൾക്ക് മൂന്നിലൊന്ന് അംഗത്വവും ഭാരവാഹിത്വവും സംവരണം ചെയ്തിരിക്കുന്നു. പട്ടികജാതി/വർഗ വിഭാഗത്തിനും സമിതികളിൽ അംഗത്വവും ഭാരവാഹിത്വവും സംവരണം ചെയ്തിരിക്കുകയാണ്. സംസ്ഥാന സർക്കാരുകൾ നിശ്ചയിക്കുന്ന ഫിനാൻസ് കമ്മീഷന്റെ തീർപ്പുകൾ അനുസരിച്ച് പണം പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് നൽകിയേ തീരൂ. എല്ലാറ്റിലുമുപരി ജില്ലാ ആസൂത്രണ സമിതികൾ നിലവിൽ വന്നിരിക്കയാണ്.

വികേന്ദ്രീകൃത ആസൂത്രണം പഞ്ചായത്ത് രാജ് ഭരണ സംവിധാനത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണെന്ന് പറഞ്ഞുവല്ലോ. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റും ആസൂത്രണ ബോർഡും ജനകീയാസൂത്രണത്തിന് രൂപം കൊടുക്കുകയുണ്ടായി. ഇതിന്റെ പ്രവർത്തനം സമയാധിഷ്ഠിതമായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റേയും ആസൂത്രണ പ്രക്രിയയുടെയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോവുകയാണ് ഇത്. ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം തുകയ്ക്കു വരുന്ന വികസന പരിപാടികൾ താഴെ തട്ടിൽതന്നെ ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തിയെടുക്കുകയെന്നതാണ് ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം. ഇപ്രകാരം ഒരു പങ്കാളിത്തത്തോടുകൂടി സ്കീമുകൾ തയ്യാറാക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ ആശയാഭിലാഷങ്ങളോടു കൂടുതൽ അടുത്തു നിൽക്കുന്നതും അതുകൊണ്ടുതന്നെ കൂടുതൽ ഫലപ്രദവുമായ, പഞ്ചവത്സരപദ്ധതി രൂപപ്പെടുത്താനാകും. അതു മാത്രമല്ല, കാര്യക്ഷമമായ പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപംനൽകുന്നതുപോലെതന്നെ പ്രധാനമാണ് പദ്ധതി രൂപീകരണത്തിന്റെ രീതിയും. 9-ാം പദ്ധതിയുടെ വിജയത്തിന്റെ ഉറപ്പ് ആസൂത്രണം മുതൽ നടത്തിപ്പ് വരെ പദ്ധതിപ്രവർത്തനത്തിന്റെ എല്ലാ ഘട്ടത്തിലുമുള്ള ജനപങ്കാളിത്തമായിരിക്കും.

പദ്ധതി രൂപീകരണപ്രക്രിയ തികച്ചും സങ്കീർണ്ണമായ ഒന്നാണ്. ഉദ്യോഗസ്ഥന്മാരെ കൂടാതെ സേവന സന്നദ്ധതയും വൈദഗ്ദ്ധ്യവും പരിശീലനവുമുള്ള ഒട്ടേറെ വ്യക്തികളുടെ സേവനം പഞ്ചായത്ത് സമിതിയെ സഹായിക്കുവാനായി ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ട് വാർഡിന് ഒരാൾ എന്ന ക്രമത്തിൽ പി.എ. രാജപ്പൻ, എസ്. ജയപ്രകാശ്, രമാവേലപ്പൻ, കെ. ഗുണശീലൻ, പി.കെ. ശ്രീജ എന്നിവരെ ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺസായി തെരഞ്ഞെടുക്കുകയുണ്ടായി. പി.എ. രാജപ്പൻ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ കൺവീനറും കോ ഓർഡിനേറ്ററുമാണ്. ഇവർ പാലായിലും വൈക്കത്തുമായി സെപ്റ്റംബർ - നവംബർ മാസങ്ങളിൽ 3 ദിവസം വീതം നീണ്ടുനിന്ന ജില്ലാതല പരിശീലന പരിപാടികളിൽ പങ്കെടുക്കുകയുണ്ടായി. ഇവരെക്കൂടാതെ പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവരും പരിശീലനത്തിൽ പങ്കെടുക്കുകയുണ്ടായിട്ടുണ്ട്. ഇതു കൂടാതെ ഒരു വാർഡിന് 5പേർ എന്ന ക്രമത്തിൽ പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺസായി തെരഞ്ഞെടുക്കുകയും അവർക്ക് 26-9-96, 16-11-96 എന്നീ തീയതികളിൽ പരിശീലനം നൽകുകയുമുണ്ടായി. ഈ പഞ്ചായത്തുതല പരിശീലനത്തിൽ പഞ്ചായത്ത് സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

പ്രാദേശികതലത്തിലുള്ള (വാർഡുകൾ) വികസനപ്രശ്നങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനായി ഈ പഞ്ചായത്തിലെ 9 വാർഡുകളിലെ വിശേഷാൽ ഗ്രാമസഭായോഗങ്ങൾ ഒക്ടോബർ 1 മുതൽ 3 വരെയുള്ള കാലയളവിൽ കൂടുകയുണ്ടായി. ഓരോ ഗ്രാമസഭായോഗങ്ങളിൽ 120 മുതൽ 454 വരെ അംഗങ്ങൾ പങ്കെടുക്കുകയും അവരിൽനിന്നും പ്രാദേശികമായ സ്ഥിതിവിവരങ്ങളും വികസനപരമായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുകയുണ്ടായി. ഇതു കൂടാതെ ജില്ലാ പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺസ് വഴി സർക്കാർ ആഫീസുകളിൽനിന്നും, സ്ഥാപനങ്ങളിൽനിന്നും മറ്റു ആധികാരിക രേഖകളിൽനിന്നും പദ്ധതി രൂപീകരണത്തിന് സഹായകരമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയുമുണ്ടായിട്ടുണ്ട്. ഇതിനു പുറമെ പഞ്ചായത്തിന്റെ ഭൂപ്രകൃതി, മണ്ണ്, ജല ലഭ്യത, കാലാവസ്ഥ തുടങ്ങിയ വിവിധ വിവര ശേഖരണത്തിനായി പഞ്ചായത്തിൽ വിലങ്ങും തലങ്ങും നടന്ന് പഠന പര്യടന വിവരങ്ങൾ ശേഖരിക്കുകയും വിഭവ ഭൂപടം തയ്യാറാക്കുകയും ചെയ്യുകയുമുണ്ടായി. ഈ പഠന പര്യടനത്തിൽ പഞ്ചായത്ത് മെമ്പറന്മാരും മറ്റു പ്രവർത്തകരും പങ്കെടുക്കുകയുണ്ടായി.

ഇപ്രകാരം ഗ്രാമസഭകളിൽക്കൂടിയും സ്ഥിതിവിവരക്കണക്കുകളുടെ വിശകലനത്തിൽനിന്നും പഠന പര്യടനത്തിൽനിന്നും മറ്റു ആധികാരിക രേഖകളിൽനിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലും ഇതുമായി ബന്ധപ്പെട്ട ചർച്ചകളുടെ അടിസ്ഥാനത്തിലും രൂപം കൊടുത്തിട്ടുള്ള വികസന പ്രശ്നങ്ങളും സാദ്ധ്യതകളുമാണ് ഈ വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിന്റെ വിവിധ വികസന മേഖലകളെ സ്പർശിക്കുന്ന കൃഷിയും ജലസേചനവും മൃഗസംരക്ഷണവും മത്സ്യബന്ധനവും, വിദ്യാഭ്യാസം, കുടിവെള്ളവും പൊതുജനാരോഗ്യവും, പാർപ്പിടവും സാമൂഹ്യക്ഷേമവും, സംസ്കാരം, വനിത, സഹകരണ മേഖല, പട്ടികജാതി/വർഗ്ഗ ക്ഷേമം വിഭവ സമാഹരണം, തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയാണ് വികസന പ്രശ്നങ്ങളും, സാദ്ധ്യതകളും, നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ റിപ്പോർട്ട് പഞ്ചായത്തുതല വികസന സെമിനാറിൽ ചർച്ച ചെയ്യുന്നതിന് സഹായകരമാവുമെന്നും അപ്രകാരം നമ്മുടെ പഞ്ചായത്തിലെ വികസന പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ ഉരുത്തിരിയുമെന്നും പ്രത്യാശിക്കുന്നു.

ഒട്ടനവധി പേരുടെ നിസ്വാർത്ഥ സേവനവും സഹായ സഹകരണവും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് സമിതി അംഗങ്ങൾ, ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺസ്, പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺസ്, ഉദ്യോഗസ്ഥ പ്രമുഖർ, വിവിധ സ്ഥാപനങ്ങളിലെ മേധാവികൾ തുടങ്ങി ഒട്ടനവധിപേർ സഹായിച്ചവരിൽ പെടുന്നു. അവരെല്ലാവരുടേയും പേരുകൾ ഇവിടെ എടുത്തു പറയുന്നില്ല. അവരോടെല്ലാമുള്ള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് വികസന സമിതിയിൽ ചർച്ചക്കായി സമർപ്പിക്കുന്നു.

കെ.കെ. രമേശൻ
ബ്രഹ്മമംഗലം — പ്രസിഡണ്ട്
28-12-1996 — ചെമ്പ് ഗ്രാമപഞ്ചായത്ത്

# ചെമ്പ് ഗ്രാമപഞ്ചായത്ത് - പൊതുവിവരണം

| | | |
|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | ചെമ്പ് ഗ്രാമപഞ്ചായത്ത് |
| 2. | വില്ലേജ് | ചെമ്പ് |
| 3. | ബ്ലോക്ക് | വൈക്കം |
| 4. | താലൂക്ക് | വൈക്കം |
| 5. | ജില്ല | കോട്ടയം |
| 6. | ബ്ലോക്ക് പഞ്ചായത്ത് | വൈക്കം |
| 7. | അസംബ്ലിമണ്ഡലം | വൈക്കം |
| 8. | ജില്ലാ പഞ്ചായത്ത് | കോട്ടയം |
| 9. | ലോക്സഭാ മണ്ഡലം | കോട്ടയം |
| 10. | വിസ്തീർണ്ണം | 18.42 ച. കി.മീ. |
| 11. | അതിരുകൾ | വടക്ക് - എറണാകുളം ജില്ല<br>തെക്ക് - മൂവാറ്റുപുഴയാറ്<br>പടിഞ്ഞാറ് - വേമ്പനാട്ടു കായൽ<br>കിഴക്ക് - വെള്ളൂർ പഞ്ചായത്ത് |
| 12. | വാർഡുകൾ | 9 |
| 13. | വനിതാ പ്രതിനിധികൾ | 3 |
| 14. | സംവരണ മണ്ഡലം | 1 |
| 15. | ജനസംഖ്യ | 18828 |
| 16. | പുരുഷന്മാർ | 9490 |
| 17. | സ്ത്രീകൾ | 9338 |

# ഭരണചരിത്രം ഒറ്റനോട്ടത്തിൽ

## 1953

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. | വി.ഇ. നാരായണൻ |
| വൈസ് പ്രസിഡൻറ് | ,, | പി.കെ. കുമാരൻ |
| മെമ്പർമാർ | ,, | എം. കുമാരൻ |
| | ,, | കെ. പത്മനാഭൻ |
| | ,, | കെ. സദാനന്ദ നായിക് |
| | ,, | എൻ. പി. ഉലഹന്നാൻ |
| | ,, | കെ. പത്മനാഭൻ |

## 1958

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. | വി.ഇ. നാരായണൻ |
| വൈസ് പ്രസിഡൻറ് | ,, | പി.കെ. കുമാരൻ |
| മെമ്പർമാർ | ,, | എം. കുമാരൻ |
| | ,, | കെ. പദ്മനാഭൻ |
| | ,, | കെ. സദാനന്ദ നായിക് |
| | ,, | എൻ.പി. ഉലഹന്നാൻ |
| | ,, | കെ. പദ്മനാഭൻ |

## 1963

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. | സദാനന്ദ നായിക് |
| വൈസ് പ്രസിഡൻറ് | ,, | എ. രാഘവപ്പണിക്കർ |
| മെമ്പർമാർ | ,, | പി.എൻ. ദാമോദരൻ |
| | ,, | ഇ. കുഞ്ഞൻ |
| | ,, | കെ. കണ്ണൻ |
| | ,, | കെ. ഇബ്രാഹിം |
| | ,, | കെ.കെ. ശങ്കരൻകുട്ടി |
| | ,, | ടി.എൻ. ലീലാവതിക്കുഞ്ഞമ്മ |

3-2-72 മുതൽ എ. രാഘവപ്പണിക്കർ, വൈസ് പ്രസിഡൻറ് - പ്രസിഡൻറ് ഇൻ ചാർജ്

## 1973

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. | എ. രാഘവപ്പണിക്കർ |
| വൈസ് പ്രസിഡൻറ് | ,, | വി.കെ. മുഹമ്മദ് |
| മെമ്പർമാർ | ,, | ഇ.കെ. കുഞ്ഞൻ |
| | ,, | പി.എ. കൃഷ്ണൻ |
| | ,, | വിത്സൺ തോമസ് |
| | ശ്രീമതി | സരസ്വതി നായർ |
| | ശ്രീ. | പി.എ. അബ്ദുൾ കരീം |
| | ,, | പി.എൻ. ദാമോദരൻ |
| | ,, | ഇ.എൻ. രാമൻ |

## 1978

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. | കെ.എസ്. ഗോപാലൻ |
| വൈസ് പ്രസിഡൻറ് | ,, | ടി.എസ്. ഷൺമുഖദാസ് |
| മെമ്പർമാർ | ,, | ടി.കെ. കുമാരൻ |
| | ,, | പി.എ. ചെല്ലപ്പൻ |
| | ,, | കെ.വി. പത്മനാഭൻ |
| | ,, | കെ. സുബ്രഹ്മണ്യൻ ആചാരി |
| | ശ്രീമതി. | ത്രേസ്യാമ്മ വർഗ്ഗീസ് |
| | ശ്രീ | പി.വി. പ്രകാശൻ |
| | ,, | കെ. വേണുഗോപാലൻ |

## 1988 - 1991

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. | കെ.കെ. രമേശൻ |
| വൈസ് പ്രസിഡൻറ് | ,, | എസ്.ഡി. സുരേഷ് ബാബു |
| മെമ്പർമാർ | ,, | ബാബു സിറിയക് |
| | ,, | പി.എൻ. സുകുമാരൻ |
| | ,, | കെ.കെ. രാഘവൻ |
| | ,, | കെ.കെ. വിജയൻ |
| | ,, | ഇ.എൻ. രാമൻ |
| | ശ്രീമതി | സുലേഖാബീവി |
| | ,, | ഏലിയാമ്മ ഫിലിപ്പ് |

1991 ഡിസംബർ മുതൽ 1995 വരെ പ്രസിഡണ്ട് ശ്രീ എസ്.ഡി. സുരേഷ് ബാബു

# സാമൂഹ്യ സാംസ്കാരിക ചരിത്രം

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ നക്ഷത്രദീപ്തിയാർന്ന വൈക്കത്തിന്റെ വടക്ക് അതിർത്തിയിൽ കിടക്കുന്ന പ്രകൃതി രമണീയമായ ഒരു ഗ്രാമമാണ് ചെമ്പ് പഞ്ചായത്ത്. പുഴയും പാടങ്ങളും കുന്നുകളും തോടുകളും തെങ്ങിൻ തോപ്പുകളും കൊണ്ട് സുന്ദരമായ ഈ പ്രദേശത്തിന്റെ പടിഞ്ഞാറ് വേമ്പനാടു കായലും വടക്കു പടിഞ്ഞാറും തെക്കും മുവാററുപുഴയാറും കിഴക്ക് വെള്ളൂർ പഞ്ചായത്തിന്റെ കുന്നിൻ പ്രദേശങ്ങളും അതിരുകളിടുന്നു. എറണാകുളം ജില്ലയുടെ തെക്കുപടിഞ്ഞാറൻ പ്രദേശങ്ങളോട് തൊട്ടുരുമ്മി കിടക്കുന്ന ഈ പഞ്ചായത്ത് കോട്ടയം ജില്ലയുടെ വടക്കു പടിഞ്ഞാറെ അതിർത്തിയാണ്. ചെമ്പ് പഞ്ചായത്തിന്റെ ആസ്ഥാനമായ ബഹ്മമംഗലത്തിന്റെ വടക്കുപടിഞ്ഞാറ് മൂലയിൽ നിന്നും പാടശേഖരങ്ങളുടെ അതിർത്തി വിട്ടാരംഭിച്ച് കിഴക്കോട്ട് നീണ്ടുപോകുന്ന "ഇല്ലിക്കോട്ടയ്ക്ക്" തിരുവിതാംകൂറിന്റെ ചരിത്രത്തിൽ ഒരു സുപ്രധാനസ്ഥാനമുണ്ട്. മാർത്താണ്ഡവർമ്മ തിരുവിതാംകൂർ രാജ്യം രൂപീകരിച്ച 1742 നും 1756 നും ഇടയ്ക്ക് മന്ത്രിയായിരുന്ന രാമയ്യൻ ദളവയുടെ പ്രത്യേക മേൽനോട്ടത്തിൽ കൊച്ചി രാജ്യവുമായുള്ള അതിർത്തി തിരിക്കുവാനും തിരുവിതാംകൂറിന്റെ സംരക്ഷണത്തിനുമായി സ്ഥാപിക്കപ്പെട്ട കോട്ടകളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു മുളംകാടുകൾ നിറഞ്ഞ ഈ കോട്ട.

സ്വാതന്ത്ര്യ സമരകാലത്ത് തിരുവിതാംകൂറിൽ പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട പല സമരനായകരും എറണാകുളത്ത് അച്ചടിച്ച ലഘുലേഖകളും ലേഖനങ്ങളും മറ്റും തിരുവിതാംകൂറിലേയ്ക്ക് കടത്തി പ്രചരിപ്പിച്ചിരുന്നത് ഈ കോട്ടയിലെ ചില രഹസ്യമാർഗ്ഗങ്ങളിൽ കൂടിയായിരുന്നു. "കോൺഗ്രസ്സ് മത്ത" എന്ന് അറിയപ്പെട്ടിരുന്ന വൈക്കത്തെ പ്രമുഖ സ്വാതന്ത്ര്യസമര സേനാനി ശ്രീ മാത്യു ഈ ദൗത്യം നിർവ്വഹിച്ചിരുന്നവരിൽ പ്രമുഖനായിരുന്നു.

നാട്ടുരാജ്യങ്ങളുടെ അതിർത്തി പ്രദേശമാകയാൽ കള്ളക്കടത്ത് ഫലപ്രദമായി തടയുന്നതിന് "മുറിഞ്ഞ പുഴ"യിലും "നീർപ്പാറ"യിലും ഓരോ "ചൗക്ക"കൾ സ്ഥാപിച്ചിരുന്നു.

'വേലുത്തമ്പി ദളവ'യുടെ 1919-ലെ 'കുണ്ടറ വിളംബര'ത്തിൽ ആവേശംകൊണ്ട് 'വൈക്കം പത്മനാഭപിള്ള', 'പാലിയത്തച്ചൻ' എന്നിവർക്കൊപ്പം ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ പടവാളുയർത്തി "മെക്കാളെ പ്രഭു"വിന്റെ കൊച്ചിക്കോട്ട ആക്രമിച്ച "ചെമ്പിൽ അനന്ത പത്മനാഭൻ വലിയരാമൻ" (ചെമ്പിലരയൻ) ഈ ഗ്രാമത്തിന്റെ ചരിത്രത്തിൽ ഗണനീയനാണ്.

'ചെമ്പ്' എന്ന സ്ഥലനാമം രൂപപ്പെട്ടതിനെക്കുറിച്ച് പല അഭിപ്രായങ്ങൾ ഉണ്ട്. ഈ പ്രദേശത്ത് മത്സ്യം

ധാരാളം ലഭിച്ചിരുന്നു. മത്സ്യത്തിന് തമിഴ് ബ്രാഹ്മണർ 'ചമ്പ' (എളുപ്പത്തിൽ കേടാവുന്നത്) എന്നു പറഞ്ഞിരുന്നു. ചമ്പ ലഭിച്ചിരുന്ന സ്ഥലം 'ചമ്പു'വും പിന്നീട് "ചെമ്പു"മായി മാറിയതാകണം.

ചുവന്ന മണ്ണുള്ള ഭൂമി എന്നർത്ഥം വരുന്ന 'ചെം ഭൂ' വാണ് പിന്നീട് "ചെമ്പ്" ആയിത്തീർന്നത് എന്നും അഭിപ്രായമുണ്ട്.

ബ്രാഹ്മണർ പാർക്കുന്ന സ്ഥലം എന്ന് അർത്ഥം വരുന്ന "ബ്രാഹ്മണ മംഗലം" ആണ് ഇപ്പോൾ പഞ്ചായത്തിന്റെ ആസ്ഥാനമായ ബ്രഹ്മമംഗലം ആയിമാറിയത് എന്നും കരുതപ്പെടുന്നു.

ഗ്രാമത്തിലെ ഭൂമിയിൽ ഭൂരിഭാഗവും ദേവസ്വങ്ങളുടേതായിരുന്നു. അയ്യൻകോവിൽ, മാങ്കായിമന, പാവുമ്പായി മന ദേവസ്വങ്ങളുടെ ജൻമാവകാശം ഈ ഗ്രാമത്തിലെ ഭൂമി സംബന്ധമായ രേഖകളിൽ ഉടനീളം കാണാം. ദേവസ്വം സ്വത്തുക്കൾ ഇടപ്രഭുക്കൾക്ക് കൈമാറിയതിലൂടെയാണ് ജന്മിമാർ രൂപം കൊണ്ടത്. മണ്ണാമ്പിൽ, കണ്ണിമിറ്റത്ത്, കുഴിവേലിൽ, ചെമ്പിലരയന്റെ കുടുംബം, ചുള്ളിമംഗലത്തില്ലം, എടത്തിൽ, വെണ്ണിക്കണ്ടത്തിൽ, കാക്കമുള്ളുങ്കൽ, കുന്നപ്പള്ളി, ചിറ്റേത്തുമന, കണ്ണമംഗലത്തുമന, കുന്നത്ത് എന്നീ കുടുംബക്കാരായിരുന്നു ഇത്തരത്തിൽപ്പെട്ട പ്രധാന ജന്മിമാർ. കൂടാതെ കണ്ണംകുളങ്ങര ദേവസ്വം, ബ്രഹ്മമംഗലം ദേവസ്വം, എന്നിവയ്ക്കും വലിയതോതിൽ ഇവിടെ ഭൂമിയുണ്ടായിരുന്നു.

നാടെങ്ങും അലയടിച്ച സ്വാതന്ത്ര്യപ്രക്ഷോഭത്തിൽ ചെറുതെങ്കിലും ഈ നാടിന്റെ പങ്ക് നിഷേധിക്കാവുന്നതല്ല. കൊല്ലവർഷം 1105 -ൽ ചെമ്പ് കുഴിവേലിൽ 'ശങ്കരപ്പണിക്കർ' ഖാദി പ്രചാരകനായി. വിദ്വാൻ 'എൻ.പി. പണിക്കർ' കോൺഗ്രസ്സിൽ നാലണ മെംബർഷിപ്പ് എടുത്ത് ഹിന്ദി പ്രചരിപ്പിച്ചു.

കൊല്ലവർഷം 1121-ൽ ഹരിജൻ കുടുംബത്തിൽ പന്തിഭോജനത്തിൽ പങ്കുകൊണ്ട് ചെമ്പിൽ ചുള്ളിമംഗലത്ത് ഇല്ലത്ത് 'കെ.സി. കേശവൻ ഇളയത്' അയിത്താചാരത്തിനെതിരെ പ്രതികരിച്ചു.

കോൺഗ്രസ്സിന്റേയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും നേതാക്കൾക്ക് ചെമ്പ് ഒളിത്താവളമായിട്ടുണ്ട്. കീച്ചേരിയിലെ (ആമ്പല്ലൂർ പഞ്ചായത്ത്) മുല്ലപ്പള്ളി മനയ്ക്കൽ താമസിച്ചുകൊണ്ട് ഈ.എം.എസ്സും വടകരയിൽ താമസിച്ചുകൊണ്ട് പി. കൃഷ്ണപിള്ളയും ഈ നാട്ടിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിച്ചിട്ടുണ്ട്. ടി.കെ. രാമകൃഷ്ണൻ, സി.കെ. വിശ്വനാഥൻ, പി.ടി. പുന്നൂസ് എന്നിവരും ചെമ്പിൽ ഒളിച്ചു താമസിച്ച് പ്രവർത്തിച്ചിട്ടുണ്ട്.

ജനങ്ങളിൽ എൺപതിയഞ്ചുശതമാനം കുടികിടപ്പുകാരും പാട്ടക്കാരും വാരക്കാരും ആയിരുന്നു. കൃഷി ചെയ്യിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പാട്ടകൃഷി, വാരകൃഷി എന്നിങ്ങനെ ജന്മിത്വത്തിന് രണ്ടു സ്വഭാവങ്ങളുണ്ടായിരുന്നു. പാട്ടകൃഷിയുടെ മുതൽ മുടക്ക് മുഴുവൻ കർഷകന്റെയും നിലം ജന്മിയുടേതുമായിരുന്നു. വിളവിന്റെ കണക്കനുസരിച്ച് നിശ്ചയിച്ചിരുന്ന പാട്ടം അളക്കുവാൻ "പാട്ടപ്പറ" എന്ന് പറഞ്ഞിരുന്ന അളവുകൂടിയ പറയാണ് ഉപയോഗിച്ചിരുന്നത്. വിളവ് ശേഖരിക്കുമ്പോൾ ഉണ്ടാകുന്ന പാട്ടകുടിശ്ശിഖ പലിശ സഹിതം അടുത്ത വിളവെടുപ്പിന് ജന്മിക്ക് കൊടുക്കണമായിരുന്നു. ഇല്ലെങ്കിൽ കർഷകനെ ഒഴിവാക്കുകയും നഷ്ടങ്ങൾ ഈടാക്കുകയും ചെയ്തിരുന്നു. ഇതു കൂടാതെ ജന്മിയുടെ വീട്ടിൽ നടക്കാറുള്ള എല്ലാവിധ അടിയന്തിരാവശ്യങ്ങൾക്കും കർഷകൻ ജന്മി നിശ്ചയിക്കുന്ന "ജന്മിഭോഗം" നൽകേണ്ടിയിരുന്നു. ഓണം മുതലായ വിശേഷദിവസങ്ങളിൽ "കാഴ്ച"വയ്ക്കേണ്ടിയിരുന്നു. ഇങ്ങനെ അമിതചൂഷണം മൂലം ക്രമേണ പാട്ടകൃഷിക്കാരൻ കർഷകതൊഴിലാളിയായി മാറി.

വാരകൃഷിയിൽ കാർഷിക സംരക്ഷണവും മുതൽ മുടക്കും ജന്മിഭാഗത്തുനിന്നും പ്രയത്നം മാത്രം കർഷകന്റേതുമായിരുന്നു. വിത്ത് ജൻമിയാണ് നൽകിയതെങ്കിൽ വിളവിന്റെ മൂന്നിലൊന്നും കർഷകൻ വിത്ത് മുടക്കിയാൽ വിളവിന്റെ പകുതിയും വീതം വാരക്കൃഷിക്കാരന് ലഭിച്ചിരുന്നു. പാട്ടക്കൃഷിയിലെ അമിതചൂഷണമാണ് വാരക്കൃഷിയിലേക്ക് കർഷകനെ തള്ളിനീക്കിയത്.

ദരിദ്രകൃഷിക്കാരൻ നശിച്ച് കർഷകത്തൊഴിലാളിയായതു കൂടാതെ പരമ്പരാഗതമായ അടിമ ഉടമ വ്യവസ്ഥയുടെ തുടർച്ചയുമുണ്ടായിരുന്നു. അമിതചൂഷണം നിലനിന്നിരുന്നുവെങ്കിലും അടിയാളരെ ഉടയാളർ സംരക്ഷിച്ചിരുന്നു. എന്നാൽ അവരെ വിലക്കെടുക്കുവാനും കൊടുക്കുവാനും ഉടയാളർക്ക് അധികാരമുണ്ടായിരുന്നു. അടിയാളരുടെ കുടുംബങ്ങളിലെ വിവാഹം, പ്രസവം,

രോഗം, മരണം മുതലായ ചെലവുകൾ ജന്മിഗൃഹങ്ങളിൽ നിന്നും വഹിച്ചിരുന്നു. അടിമത്വത്തിൽ തന്നെ ഒരു കുടുംബബന്ധം ഇവർ തമ്മിൽ ഉണ്ടായിരുന്നു. "എന്റെ തമ്പ്രാൻ" "എന്റെ അടിയാളൻ" എന്ന പ്രയോഗങ്ങൾ സ്നേഹത്തിലധിഷ്ഠിതമായിരുന്നു. പഞ്ചായത്തിലെ ഏറ്റവും വലിയ ഭൂവുടമ കുടുംബമായ കുന്നത്ത് ഇപ്പോഴും ഒരു അടിയാള മുത്തശ്ശിയെ കുടുംബദേവതയായി കരുതി ആരാധിച്ചു വരുന്നു. 'മുത്തിത്തറ'യിൽ കുടിയിരുത്തിയിരിക്കുന്നത് അടിയാളരുടെ ആദ്യതലമുറയിലെ മുത്തശ്ശിയെയാണ് എന്നത് ശ്രദ്ധേയമാണ്.

എന്നാൽ പിന്നീട് ഈ ബന്ധങ്ങളിൽ മാറ്റംവരുകയും കുടിയൊഴിപ്പിക്കൽ സാധാരണമാവുകയും ചെയ്തു. കുടിയൊഴിപ്പിക്കണമെന്ന് ജന്മിക്ക് തോന്നിയാൽ അടയാളമായി മാടത്തിന്റെ വാതുക്കൽ ഒരു കൈത നടുക മാത്രമെ ചെയ്യേണ്ടതുള്ളു. ചൂഷണവും മർദ്ദനവും അടിച്ചേൽപ്പിയ്ക്കപ്പെട്ടു. ഇതിന്റെയൊക്കെ ഫലമായി കർഷകത്തൊഴിലാളികളും കർഷകരും ജന്മിമാർക്കെതിരായി.

ബ്രഹ്മമംഗലത്ത് വൈപ്പാടമ്മേൽ പങ്കിയെന്നയാൾക്കു വേണ്ടിയാണ് ആദ്യത്തെ കുടികിടപ്പു സമരം നടന്നത്. കുടിയൊഴിപ്പിയ്ക്കലിനെതിരായി കൈവശഭൂമി നിലനിർത്തുന്നതിനുവേണ്ടി കർഷകരും കർഷകത്തൊഴിലാളികളും പ്രക്ഷോഭത്തിനിറങ്ങി. വിത്തൊഴിവാക്കി പാട്ടമളക്കുന്നതിനു വേണ്ടിയുള്ള 1954-ലെ കർഷകസമരവും 1956-ലെ കർഷകത്തൊഴിലാളികളുടെ അവകാശസമരവും ശ്രദ്ധേയമാണ്. ഭരണത്തിന്റെയും ഗുണ്ടകളുടെയും നിർദ്ദയ മർദ്ദനങ്ങളെ അതിജീവിച്ചുകൊണ്ട് സമരങ്ങൾ ശക്തമായി. ഭൂപരിഷ്കരണനിയമം നടപ്പിലാക്കുന്നതുവരെ ഈ സമരങ്ങൾ തുടർന്നു. പ്രക്ഷോഭങ്ങളുടെയും ഭൂപരിഷ്കരണനിയമത്തിന്റെയും ഫലമായി കർഷകനും കർഷകത്തൊഴിലാളിയ്ക്കും ഭൂമി സ്വന്തമായി കിട്ടി. എങ്കിലും സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന ദരിദ്രകർഷകന് കൃഷിയിറക്കുന്നതിന് യാതൊരു സഹായവും സർക്കാർതലത്തിൽ ലഭിച്ചില്ല. കൃഷിച്ചെലവ് താങ്ങാനാവാതെ കൃഷിഭൂമി തരിശായി. ഇതോടെ പാടത്തു പണിയെടുത്തിരുന്ന തൊഴിലാളികളിൽ പലരും മറ്റു തൊഴിൽ മേഖലയിലേയ്ക്ക് തിരിഞ്ഞു.

പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ മത്സ്യത്തൊഴിലാളികളും കയർത്തൊഴിലാളികളുമാണ് അധികമുള്ളത്. കർഷകത്തൊഴിലാളികൾ മത്സ്യബന്ധനവും ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുണ്ട്. മുസ്ലീംങ്ങൾ അധിവസിക്കുന്നത് 1,2,3,4 വാർഡുകളിൽ മാത്രമാണ്. ഇവർ ചെറുകിട കച്ചവടങ്ങൾ നടത്തിയും കയർമേഖലയിൽ പണിയെടുത്തും ജീവിച്ചുവരുന്നു.

പടിഞ്ഞാറൻ മേഖലയിലെ തൊഴിലാളികളും വിവിധരീതിയിൽ ഉള്ള അടിച്ചമർത്തലുകൾക്ക് വിധേയരായിരുന്നു. അന്ന് വൈക്കം താലൂക്കിന്റെ ഭാഗമായിരുന്ന ഉദയംപേരൂരിലെ ചെത്തുതൊഴിലാളി സമരമാണ് അടിച്ചമർത്തലിനെതിരെ സംഘടിപ്പിക്കപ്പെട്ട ആദ്യത്തെ ചെറുത്തു നില്പ്. മത്സ്യത്തൊഴിലാളികളും കർഷകത്തൊഴിലാളികളും കയർത്തൊഴിലാളികളും തെങ്ങുകയറ്റത്തൊഴിലാളികളും ഈ സമരത്തിൽ തോളോടു തോൾ ചേർന്നു. നിരവധിപേർ പോലീസ് മർദ്ദനത്തിനിരയായി. അവരിൽ ചെമ്പു കൊച്ചുണ്ണിപറമ്പിൽ കെ.എൻ. കൃഷ്ണൻ, പൂവത്തിക്കുന്നേൽ ശാർങ്ഗധരൻ, ഇല്ലത്തുചിറ പദ്മനാഭൻ, ഏനാദി കാര്യക്കാട്ടിൽ കണ്ണൻ, ബ്രഹ്മംഗലം പുറവേലിത്തറ മാധവൻ എന്നിവർ ഈ ഗ്രാമത്തിലുള്ളവരായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന ഈ സമരത്തിൽ കെ. വിശ്വനാഥൻ, സി.കെ. വിശ്വനാഥൻ, പി.എസ്. ശ്രീനിവാസൻ എന്നിവരുടെ സാന്നിധ്യമുണ്ടായിരുന്നു.

കൊല്ലവർഷം 1100 വരെ സ്ത്രീകൾക്ക് മാറു മറയ്ക്കാനുള്ള സ്വാതന്ത്ര്യമില്ലായിരുന്നു. പിന്നീട് റൗക്ക, മുലക്കച്ച, കെട്ടുനാടൻ മുതലായവ ധരിച്ചു തുടങ്ങി . എങ്കിൽപോലും കീഴ്ജാതിക്കാർക്ക് മുട്ടിനു താഴെ മറച്ച് മുണ്ടുടുക്കാൻ അവകാശമില്ലായിരുന്നു. പുരുഷന്മാർ മുണ്ടും മേൽമുണ്ടും മാത്രമാണ് ധരിച്ചിരുന്നത്. ജന്മികുടുംബങ്ങളിലെ പുരുഷന്മാർ ജൂബ്ബയും ധരിച്ചിരുന്നു. ധനിക കുടുംബങ്ങളിലെ സ്ത്രീകൾ "തോട" അണിഞ്ഞിരുന്നു. എന്നാൽ പിന്നോക്ക സമുദായങ്ങളിലെ സ്ത്രീകൾ "ഓട്ടോല"യാണ് കാതിൽ ധരിച്ചിരുന്നത്. ചെമ്പും സ്വർണ്ണവും കലർന്ന "തമ്പാക്ക്" എന്നറിയപ്പെട്ട മാറ്റുകുറഞ്ഞ ആഭരണങ്ങൾ മാത്രമേ ഈ സമുദായക്കാർ അണിഞ്ഞിരുന്നുള്ളു. പുരുഷന്മാർ കാതിൽ കടുക്കൻ അണിഞ്ഞിരുന്നു. അക്ഷരം നിഷേധിയ്ക്കപ്പെട്ടതിനാൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സാർവ്വത്രികമായിരുന്നു. ചതുർവർണ്ണ്യത്തിലധിഷ്ഠിതമായിരുന്ന സാമൂഹ്യവ്യവസ്ഥയിൽ ജാതിയ്ക്കുള്ളിലെ ജാതികളും ദൃശ്യമായിരുന്നു. മക്കത്തായവും മരുമക്കത്തായവും

നിലനിന്നിരുന്നു.

ചെമ്പു പഞ്ചായത്തിലെ ക്രൈസ്തവസഭകൾ, വിവിധ മുസ്ലീം ജമാ- അത്തുകൾ, എൻ.എസ്സ്.എസ്സ്., എസ്.എൻ.ഡി.പി. വാലസമുദായ സേവാസംഘം, ധീവരവംശോദ്ധാരണിസഭ, ശ്രീ ചിത്തിര തിരുനാൾ ചേരമർ മഹാസഭ, കേരളാ ചേരമർ സഭ, വിശ്വകർമ്മ സഭ, കുടുംബി സമുദായ സേവാസംഘം എന്നീ സമുദായ സംഘടനകളുടെ പ്രവർത്തനങ്ങൾ ജനങ്ങളുടെ സാംസ്കാരകവും വിദ്യാഭ്യാസപരവുമായ പുരോഗതിയ്ക്കും ദുരാചാരങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്.

സർക്കാർഭൂമി സ്വകാര്യമുതലാളിയിൽ നിന്നും വിട്ടുകിട്ടുന്നതിനുവേണ്ടി 72-73 കാലഘട്ടത്തിൽ നടന്ന പുത്തൻകായൽ സമരം എടുത്തുപറയത്തക്ക ജനമുന്നേറ്റമാണ്. ഇതിന്റെ ഫലമായി നേടിയെടുത്ത സ്ഥലത്താണ് സർക്കാർ ഉടമയിലുള്ള പാലാക്കരിഫിഷ്ഫാം ഇന്ന് പ്രവർത്തിക്കുന്നത്. 80-കളിൽ ജലമലിനീകരണത്തിനെതിരെ വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറിയിലേയ്ക്കു നടന്ന ബഹുജനമാർച്ച് ജനങ്ങളിൽ പരിസ്ഥിതി ബോധമുണർത്തി. കേരളശാസ്ത്ര സാഹിത്യ പരിഷത്തും വിവിധരാഷ്ട്രീയപാർട്ടികളും ഈ മാർച്ചിന് നേതൃത്വം നല്കി.

മത്സ്യത്തൊഴിലാളികൾ സ്ഥലം വിലയ്ക്കുവാങ്ങി കുറ്റിക്കാടുകൾ വെട്ടിത്തെളിച്ച് ബ്രഹ്മംഗലത്ത് മാർക്കറ്റ് സ്ഥാപിച്ചു. കൊട്ടാരത്തിൽ അയ്യപ്പി, വിരുപ്പാക്കൽ നീലകണ്ഠൻ എന്നിവരുടെ നേതൃത്വത്തിലാണ് ഈ സന്നദ്ധപ്രവർത്തനം ആദ്യമായി സംഘടിപ്പിച്ചത്. പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള മുഴുവൻ റോഡുകളുടെയും തുടക്കം ജനങ്ങളുടെ സന്നദ്ധപ്രവർത്തനമാണ്. മുറിഞ്ഞപുഴ നിന്നും നടുത്തുരുത്ത് ഐ.എച്ച്.ഡി.പി. കോളനിയിലേയ്ക്കുള്ള റോഡ് കേരളശാസ്ത്ര സാഹിത്യ പരിഷത്ത് മുറിഞ്ഞപുഴയൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു മാസക്കാലം നീണ്ട സന്നദ്ധ പ്രവർത്തനത്തിന്റെ ഫലമാണ്. ഈ പ്രവർത്തനം ദേശീയശ്രദ്ധ പിടിച്ചു പറ്റിയിരുന്നു.

പ്രശസ്ത സിനിമാതാരം ശ്രീ ഭരത്മമ്മൂട്ടി ഈ ഗ്രാമത്തിന്റെ സംഭാവനയാണ് എന്നത് അഭിമാനകരമാണ്. ദേശീയ വോളിബോൾ താരം ശ്രീ മധു, ശില്പി ശ്രീ സുബ്രഹ്മണ്യനാചാരി, സാഹിത്യകാരന്മാരായ ശ്രീ ബ്രഹ്മമംഗലം മാധവൻ, ശ്രീ ചെമ്പിൽ ജോൺ, ചിത്രകലാകാരനായ ശ്രീ ചന്ദ്രൻമാസ്റ്റർ എന്നിവരും ഇവിടെയാണ് ജനിച്ചത്.

ക്ഷേമ സേവന രംഗങ്ങളിൽ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും പ്രത്യുൽപ്പാദനപരമായ വികസനം ഇനിയും സാദ്ധ്യമായിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിൽ നടപടിക്രമങ്ങളുടെ നൂലാമാലകളും വ്യത്യസ്ത വകുപ്പുകൾ തമ്മിലുള്ള ഏകോപിതമായ പ്രവർത്തനത്തിന്റെ അഭാവവും പഞ്ചായത്തിന്റെ വികസനത്തിന് വലിയൊരു പ്രതിബന്ധമാണ്. കൂടാതെ പ്രാദേശികമായി വിഭവസമാഹരണം നടത്തുവാനുള്ള പരിമിതിയും ഒരു പ്രധാനതടസ്സമാണ്.

അധികാരം ജനങ്ങൾക്ക് നൽകിക്കൊണ്ടുള്ള 9-ാം പഞ്ചവത്സര പദ്ധതി നാടിന്റെ പുത്തൻ പ്രതീക്ഷയാണ്. ഇടനിലക്കാരുടെയും, ഉദ്യോഗസ്ഥ മേധാവികളുടെയും ചൂഷണം അവസാനിപ്പിച്ച് പരമാവധി മനുഷ്യ വിഭവങ്ങൾ കൂടി സമാഹരിച്ച് ഉല്പാദനാധിഷ്ഠിതമായ വികസനത്തിന് ഊന്നൽ നൽകുവാനും ഗ്രാമത്തിന്റെ ഇന്നുള്ള പിന്നോക്കാവസ്ഥ 9-ാം പദ്ധതിയിൽ പരമാവധി പരിഹരിക്കുവാനും കഴിയുമെന്നു കരുതുന്നു. കൂട്ടായ പ്രവർത്തനത്തിലൂടെ "സ്വാശ്രയമായ ഗ്രാമം" എന്ന ഗാന്ധി സ്വപ്നം നമ്മുടെ ഗ്രാമത്തിൽ ഇതിലൂടെ സാക്ഷാൽക്കരിക്കുവാൻ കഴിയണം.

# ഭൂപ്രകൃതി

ചെമ്പ് പഞ്ചായത്തിൻെറ 1,2,3,4 വാർഡുകൾ ചൊരിമണൽ നിറഞ്ഞ തീര പ്രദേശവും 5,6,7,8, വാർഡുകൾ ഏഴുപ്രധാന കുന്നുകളും അവയുടെ ചരിവുകളുമാണ് - കരിങ്കല്ല്, ചെങ്കല്ല്, ചെമ്മണ്ണ്, ഗ്രാവൽ, മണൽ, വയലേലകൾ, ചതുപ്പു സമതലം എന്നിവയാൽ അനുഗ്രഹീതമാണ് ഈ പ്രദേശങ്ങൾ. 9-ാം വാർഡിൻെറ മുക്കാൽ ഭാഗവും കരിനിലങ്ങളും ബാക്കി പുഴയോര സമതലവുമാണ്. 7,8, വാർഡുകളുടെ വടക്കുകിഴക്കൻ അതിരുകൾ മറ്റു പഞ്ചായത്തുകളുടെ കരഭൂമിയായും മറ്റു വാർഡുകൾ കായലും പുഴയും തോടുകളുമായി അതിരുകൾ പങ്കുവയ്ക്കുന്നു. കരപ്രദേശങ്ങളിൽ നിന്ന് തുടങ്ങുന്ന തോടുകളെല്ലാം മുവാറ്റുപുഴയാറിൻെറ കൈവഴികളിലും വേമ്പനാട്ടുകായലിലും ഒഴുകിയെത്തുന്നു.

പടിഞ്ഞാറൻ തീരപ്രദേശങ്ങൾ എല്ലാം തന്നെ ജലനിരപ്പിൽ നിന്ന് കുറഞ്ഞത് 2 അടി ഉയരത്തിലാണ്. ചില സ്ഥലങ്ങൾ വേലിയേറ്റസമയങ്ങളിൽ വെള്ളം കയറുന്നു. അവിടെ നിന്ന് കിഴക്കോട്ട് സഞ്ചരിച്ചാൽ പുഴയും നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട തുരുത്തുകളുമാണ്. ഈ പ്രദേശങ്ങൾ വെള്ളപ്പൊക്കക്കാലത്ത് മുങ്ങിപ്പോകുന്നു. ഗ്രാമത്തിൻെറ ഏതാണ്ട് മദ്ധ്യഭാഗം കൂടുതലും നെൽവയലുകളും പുഴയോര സമതലവുമാണ്.

ഈ പ്രദേശങ്ങളിൽ സാധാരണ ജലനിരപ്പു സമയങ്ങളിൽ വയലിനേക്കൾ ജലനിരപ്പിൻെറ ഉയർച്ച ഒരു മീറ്ററിനും ഒന്നരമീറ്ററിനും ഇടയിലാണ് - എന്നാൽ വെള്ളപ്പൊക്ക സമയങ്ങളിലും വൃശ്ചികവേലിയേറ്റത്തിലും ജലനിരപ്പ് ഒന്നരമീറ്റർ മുതൽ രണ്ടരമീറ്റർവരെ ഉയരത്തിൽ എത്താറുണ്ട്.

ഭൂപ്രകൃതിയനുസരിച്ച് ഗ്രാമത്തിൻെറ ഉയർന്ന കിഴക്കൻ അതിർത്തിയിലുള്ള പ്രദേശം കുന്നുകളും ചരിവുകളുമാണ്. കായൽ നിരപ്പിൽ നിന്ന് ചരിവുകളുടെ ഉയരം നാലു മീറ്റർ മുതൽ ഉയർന്നുയർന്നു പോകുന്നു. കുന്നിൻ മുകളിൽ നിന്ന് പടിഞ്ഞാറോട്ടു നോക്കിയാൽ പഞ്ചായത്തിൻെറ പടിഞ്ഞാറൻ അതിർത്തിയിലുള്ള തുരുത്തുകൾക്കു മുകളിലൂടെ ചക്രവാളസീമ കാണാം. ഈ വീക്ഷണം മുൻനിർത്തി ചെമ്പ് ഗ്രാമത്തിലെ ഉയർന്ന കുന്നുകളുടെ ഉയരം ഏകദേശം 50 മീറ്റർ വരെയാണ്. പഞ്ചായത്തിൻെറ വിസ്തീർണ്ണം 18.42 ച: കിലോമീറ്ററാണ്.

## ജലപ്രകൃതി

പടിഞ്ഞാറ് 4 കിലോമീറ്റർ കായലും 18 കിലോമീറ്റർ പുഴയുമാണ്. വീതികൂടിയ തോടുകളും ചെറുതോടുകളും വർഷത്തിൽ മുഴുവനും ജലംനിറഞ്ഞവയാണ്. ജനുവരിമുതൽ ജൂൺവരെ ഉപ്പും ബാക്കി സമയങ്ങളിൽ ശുദ്ധജലവുമാണ്. തോടുകളിലും പുഴകളിലും 365 ദിവസങ്ങളിലും ശുദ്ധജലമാണ്.

## ജനപ്രകൃതി

1991 ലെ കാനേഷുമാരി പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 18828 ആണ്. 9490 പുരുഷന്മാരും 9338 സ്ത്രീകളും ഇവരിൽ തന്നെ പട്ടികജാതിയിൽ പുരുഷൻമാരിൽ 981 സ്ത്രീകൾ 941, പട്ടിക വർഗ്ഗത്തിൽ പുരുഷൻമാർ 14 സ്ത്രീകൾ 12 എന്നീക്രമത്തിലാണ്. പൊതുവെ സാക്ഷരതാനിരക്ക് പുരുഷന്മാർ 96% സ്ത്രീകൾ 84% ആണ്.

# ചെമ്പ് ഗ്രാമപഞ്ചായത്ത് പഠന പര്യടനം

| | കായൽ | മുറിഞ്ഞപുഴ കരപ്രദേശം | മുറിഞ്ഞപുഴ | പൂക്കൈത തുരുത്തുകൾ | ൧-ാം വാർഡു പ്രദേശം | ൮-ാം വാർഡു പ്രദേശം | അരികുപുറം | കൃഷിഭവൻ ആസ്ഥാനം | ഹെൽത്തസെന്റർ പ്രദേശം | പഞ്ചായത്ത് ആസ്ഥാനം | കുരിശുപള്ളി പ്രദേശം | മണിയൻ കുന്ന് ചരിവ് | മണിയൻ കുന്ന് | | | കോട്ടേപ്പാടം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കായൽ | കരഭൂമി | പുഴ | തുരുത്ത് | കരിനിലം | സമതലം | നിലം | ഉയർന്ന സ്ഥലം | കുന്നിൻ ചരിവ് | കുത്തനെ ചരിവ് | മുതൽ നിലം | ഉയർന്ന സമതലം | കുത്തനെ ചരിവ് | കുത്തനെ ചരിവ് | കുന്നിൻ ചരിവ് | മുതൽ നിലം |
| മൺതരം | ചെളി മണ്ണ് | ചൊരി മണ്ണ് | ചരൽ | എക്കൽ മണ്ണ് | തുണ്ടാൻ മണ്ണ് | ചെളിമണ്ണ് എക്കൽ മണ്ണ് | ചെളി പൊടി മണൽ | ചെമ്മണ്ണ് | വെട്ടുകൽ മണ്ണ് ചെമ്മണ്ണ് | ചെങ്കൽ മണ്ണ് ചെമ്മണ്ണ് | ചെളി മണ്ണ് | ചെങ്കൽ മണ്ണ് കരിങ്കൽ | ചെങ്കല്ല് കരിങ്കല്ല് | ചെങ്കല്ല് കരിങ്കല്ല് | വെട്ടുകൽ മണ്ണ് | ചെളി മണ്ണ് |
| സസ്യാവരണം | | തെങ്ങ് ഇടവിള | | തെങ്ങ് ഇടവിള | നെല്ല് | തെങ്ങ് ഇടവിള | നെല്ല് | തെങ്ങ് റബ്ബർ | റബ്ബർ തെങ്ങ് | റബ്ബർ മറ്റു മരങ്ങൾ | നെല്ല് പച്ചക്കറി | റബ്ബർ മറ്റു മരങ്ങൾ | റബ്ബർ മറ്റു മരങ്ങൾ | റബ്ബർ മറ്റു മരങ്ങൾ | റബ്ബർ മറ്റു മരങ്ങൾ | നെല്ല് |
| പരിസ്ഥിതി പ്രശ്നങ്ങൾ | കായൽ തീരം നികത്ത് | | മലിനജലം ചരൽ വാരൽ നികത്ത് തീരം ഇടിയൽ | | തരിശ് നിലം നികത്ത് | | തരിശ് നികത്ത് | | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | തരിശ് വരൾച്ച | | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | തരിശ് നികത്ത് |

# വികസന മേഖലകൾ

# കൃഷിയും ജലസേചനവും

ചെമ്പ് ഒരു കാർഷിക ഗ്രാമമാണ്. മുൻകാലങ്ങളിൽ വിവിധ വിളകളുടെ സമ്പന്നമായ ഉൽപാദനം നടന്നിരുന്ന ഈ ഗ്രാമത്തിൽ ജന്മിത്വം നിലനിന്നിരുന്നു. ഭൂപരിഷ്കരണത്തിലൂടെ കർഷകർക്കു ഭൂമി ലഭിച്ചെങ്കിലും ഉൽപാദന രംഗത്ത് പിന്നോക്കം പോയി. വിവിധ കാരണങ്ങളാൽ നൂറുകണക്കിനു ഏക്കർ ഭൂമി തരിശായി. പരമ്പരാഗത വിളവുകളിൽത്തന്നെ മാറ്റം സംഭവിച്ചു. കേവലം കൃഷിയേയും കുറുംപൂപ്പിനേയും മാത്രം ആശ്രയിച്ചിരുന്ന നെൽകൃഷിക്കാരും കേര കർഷകരും ഏറിയ പങ്കും പ്രസ്തുത രംഗത്തുനിന്നും പിൻമാറുകയുണ്ടായി. പഞ്ചായത്തിന്റെ കിഴക്കൻ മേഖല റബ്ബർ കാടായി മാറി. ഭക്ഷ്യോൽപാദനരംഗത്തുള്ള മാന്ദ്യം അനിവാര്യമായിരിക്കുന്നു. സർക്കാർ സംവിധാനങ്ങളും പ്രയത്നവും മനസ്സും ഒത്തൊരുമിച്ചു നമുക്കു മുന്നേറാം.

ഗ്രാമത്തിന്റെ ഈ ദുഃസ്ഥിതിയിൽനിന്നുള്ള മോചനം 9-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ നേടിയെടുക്കുന്നതിനുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായി ഗ്രാമസഭകളിൽ ചർച്ചചെയ്തംഗീകരിച്ച കാര്യങ്ങളും സന്നദ്ധപ്രവർത്തകർ ശേഖരിച്ച പ്രാഥമിക-ദ്വിതീയ വസ്തുതകളുമാണ് ഈ റിപ്പോർട്ടിന്റെ അടിസ്ഥാനം.

## വിളചേരുവ

വിഭവസമൃദ്ധമായ ഈ കാർഷിക മേഖലയുടെ സമ്പത്ത് കാർഷികോൽപന്നങ്ങളാണ്. ഇവിടത്തെ ജനങ്ങളുടെ ജീവനോപാധി കൃഷിയും അനുബന്ധ തൊഴിലുകളുമാണ്. തെങ്ങ്, നെല്ല്, റബ്ബർ എന്നിവയാണ് പ്രധാനവിളകൾ. ഇടവിള ഏത്തവാഴ, പലവാഴ എന്നിവ കൂടാതെ കമുക്, കുരുമുളക്, ജാതി, ഗ്രാമ്പു, മഞ്ഞൾ, കൊക്കോ, പൈനാപ്പിൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്തു വരുന്നു. ഫലവർഗ്ഗങ്ങളുടെ കൂട്ടത്തിൽ കശുമാവ്, പ്ലാവ്, കുടംപുളി, വാളംപുളി, സപ്പോട്ട, പേര, ചാമ്പ എന്നിവയും, വൻ മരങ്ങളുടെ കൂട്ടത്തിൽ ആഞ്ഞിലി, മഹാഗണി, തേക്ക് തുടങ്ങിയവയും, പാഴ്മരങ്ങളുടെ പട്ടികയിൽ, പാല, വട്ട, പെരുമരം (മട്ടി) തുടങ്ങിയവയും കാണാവുന്നതാണ്. കാർഷികമേഖല 1842 ഹെക്ടർ സ്ഥലത്തായി വ്യാപിച്ചു കിടക്കുന്നു.

കാർഷിക മേഖലയുടെ വ്യത്യസ്തതകൾ പരിശോധിച്ചാൽ 1, 2, 3, 4, 5 വാർഡുകളിലെ മുഖ്യവിള തെങ്ങ്, നെല്ല് എന്നിവയും. 6-ാം വാർഡിൽ നെല്ല്, തെങ്ങ്, റബ്ബർ എന്നിവയും 7, 8 വാർഡുകളിൽ റബ്ബർ, നെല്ല്, കുരുമുളക് എന്നിവയും 9-ാം വാർഡിൽ നെല്ല്, തെങ്ങ് എന്നിവയും കണ്ടുവരുന്നു. എന്നാൽ ഏത്തവാഴകൃഷി 5, 6 വാർഡുകളിലെ ഒരു പ്രധാന കൃഷിയായി മാറിക്കൊണ്ടിരിക്കുന്നു.

പണ്ടുകാലം തൊട്ടേ ഇവിടത്തെ ഭൂരിഭാഗം വരുന്ന ജനങ്ങളും കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചിരുന്നു. എന്നാൽ തളരുന്ന കാർഷിക മേഖല പുനരുദ്ധരിച്ചാൽ

ഈ പ്രദേശം ഒരു സമ്പൂർണ്ണ കാർഷിക മേഖലയാകും എന്ന കാര്യത്തിൽ തർക്കമില്ല. കർഷകരിൽ ഭൂരിഭാഗവും നാമമാത്ര കർഷകരും ചെറുകിട കർഷകരുമാണ്. പരിധിതിരിച്ചുള്ള വിവരങ്ങൾ 1-ാം പട്ടികയിൽ ചേർത്തിരിക്കുന്നു.

## നെല്ല്

ചെമ്പു ഗ്രാമത്തിൽ കൃഷിഭൂമിയുടെ 33.87% നെൽകൃഷി ചെയ്തുവരുന്നു. ആകെ കൃഷിഭൂമി 502 ഹെക്ടർ ആണ്. നിലവിൽ 12.28% നിലങ്ങൾ കൃഷിചെയ്യാതെ തരിശായി കിടക്കുന്നു. ഇത് 182 ഹെക്ടറോളം വരും. മുൻകാലങ്ങളിൽ പകുതിയിലേറെ കൃഷിയുള്ള പാടശേഖരങ്ങളായിരുന്നു. കൃഷിഭൂമി ഏറിയപങ്കും ജന്മിമാരുടേയും ദേവസ്വം ഉടമയിലും സർക്കാർ ഉടമയിലും ഉള്ളവയായിരുന്നു. വ്യവസ്ഥിതിക്ക് മാറ്റം വന്നതോടെ ഭൂപരിഷ്കരണനിയമം നടപ്പിൽ വരുകയും, ജന്മിത്വം അവസാനിക്കുകയും ചെയ്തതോടെ, കർഷകനും, കൈവശക്കാരനും ഏതാനും കർഷകതൊഴിലാളികൾക്കും ഭൂമി സ്വന്തമായി ലഭിച്ചു. പ്രകൃതിയെ മാത്രം ആശ്രയിച്ചും, ചിറകൾ കെട്ടിയും, ജലസേചനം നടത്തിയും പരസ്പര സഹായത്തോടെയുമാണ് കൃഷി ചെയ്തിരുന്നത്. കാർഷിക ചെലവും, വിളവും ആശ്വാസകരമായിരുന്നു. ഇന്ന് കൃഷിച്ചെലവു വർദ്ധിച്ചതു മൂലം ഗ്രാമത്തിലെ കൃഷിക്കാരിൽ ഏറയപങ്കും കൃഷിചെയ്യുന്നതിൽ അലംഭാവം ഉള്ളവരാണ്; അസംതൃപ്തരാണ്.

വയലുകൾ നികത്തി തെങ്ങുകൾ വെച്ചുപിടിപ്പിക്കുകയും, മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്തു. 1960-കളോടെ നെൽവയലുകൾ ആപത്കരമായി കുറഞ്ഞു തുടങ്ങി. 1987 മുതൽ ആധുനിക കാർഷിക സമ്പ്രദായങ്ങൾ നമ്മുടെ കാർഷിക മേഖലയിലേയ്ക്ക് ഒരു കുതിച്ചു ചാട്ടം തന്നെയുണ്ടായി. ഈ കാലയളവിൽ കൃഷിവകുപ്പിൻെറ സമഗ്ര കാർഷിക വികസന നയത്തിൻെറ ഭാഗമായി പഞ്ചായത്ത് തലത്തിൽ കൃഷിവികസനം സുഗമമാക്കുവാൻ കൃഷിഭവൻ, പഞ്ചായത്ത് കാർഷിക വികസന സമിതി, വാർഡുതല നെല്ല് ഉൽപാദക സമിതികൾ എന്നിവ നടപ്പിൽ വന്നു. ഇതിൻെറ അടിസ്ഥാനത്തിൽ ഒമ്പത് വാർഡുകളിലായി 12 സമിതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നാൽ ഇവയുടെ പ്രവർത്തനം. മന്ദീഭവിക്കുകയും ഏതാനും ചിലത് പ്രവർത്തനനിരതവുമാണ്.

നെല്ലുൽപാദക സമിതികളുടെ പേരും വിശദാംശങ്ങളും പട്ടിക 3-ൽ ചേർത്തിരിക്കുന്നു. സർക്കാരിൽ നിന്നും നൽകിയിരുന്ന കാർഷികാനുകൂല്യങ്ങൾ പൂർണ്ണമായും കൃഷിക്കാരന് ലഭിക്കുന്നില്ല. ഇവയുടെ ലഭ്യത ഉറപ്പുവരുത്തുവാൻ സേവനതുറകൾ ഉറപ്പു വരുത്തേണ്ടതുണ്ട്. ഗ്രൂപ്പു ഫാമിംഗ് സമിതികൾ വഴി കർഷകൻെറയും കർഷകതൊഴിലാളിയുടെയും ഏകോപിച്ചുള്ള പ്രവർത്തനം നെല്ലുൽപാദനത്തിന് ചെറിയതോതിൽ സഹായകമായിട്ടുണ്ട്. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളായ ജ്യോതി, പവിഴം, ത്രിവേണി, ഐ.ആർ.എട്ട്, കൾച്ചർ-ഏഴ്, പന്ത്രണ്ട് എൺപത്തിയഞ്ച് എന്നിവ കൃഷിചെയ്യുക വഴി ഒരു ഹെക്ടറിന് ശരാശരി 250 പറ നെല്ല് ലഭിക്കുന്നുണ്ട്. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഗൗരവതരമായ ഒരു വിചിന്തനം കാർഷിക പരിഷ്കർത്താക്കളുടെ പ്രവർത്തനപഥത്തിൽ ഉദയം ചെയ്യേണ്ടതാണ്.

## കരിനിലം

നെൽകൃഷിയുള്ള വയലുകളിൽ പകുതിയിലേറെ കരിനിലങ്ങളാണ്. ഗ്രാമത്തിൻെറ "നെല്ലറ"യെന്ന് വിശേഷിപ്പിക്കാവുന്ന ഈ നിലങ്ങൾ കൂടുതലും കേന്ദ്രീകരിച്ചിരിക്കുന്നത് പഞ്ചായത്തിൻെറ ഒൻപതാം വാർഡിലാണ്. കരിനിലങ്ങളിലെ കൃഷി പൊതുവേ പരാജയമാണ്. കാരണം, നിലവിലുള്ള കൃഷി സമ്പ്രദായങ്ങൾ ഒന്നും തന്നെ ഈ കൃഷിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ പര്യാപ്തമല്ല. ആയതിനാൽ വരുംകാല വികസന പ്രവർത്തനങ്ങൾ കരിനില വികസന പദ്ധതികളിൽപ്പെടുത്തി സമഗ്രമാക്കിയാൽ ഗ്രാമത്തിൻെറ "നെല്ലറ" "നിറവറയാകും".

## നെൽക്കൃഷി-തരിശ്

കൃഷിക്ക് അനുയോജ്യമായ 12.28% നിലം (182 ഹെക്ടർ) സ്ഥിരം തരിശായി കിടക്കുന്നു. ഇതിനെ നിരുത്സാഹപ്പെടുത്തുന്നതിനുള്ള നിയമങ്ങളും, ഇടപെടലുകളും പാഴ്ശ്രമങ്ങളായി അവശേഷിക്കുന്നു. അനുദിനം വർദ്ധിച്ചു വരുന്ന ഭക്ഷ്യധാന്യത്തിൻെറ ആവശ്യത്തെ മുൻനിർത്തി തരിശ് നിലങ്ങൾ ലേലം വിളിച്ചോ പാട്ടത്തിനോ ഗ്രൂപ്പു സമിതികൾക്കോ കൃഷിചെയ്യുവാൻ നടപടി എടുക്കുക എന്നത് അടിയന്തിര പ്രാധാന്യം അർഹിക്കുന്നു. 502 ഹെക്ടർ സ്ഥലത്തെ നെൽക്കൃഷിക്ക് പുറമേ തരിശായ 182 ഹെക്ടർ സ്ഥലത്തുകൂടി കൃഷി

യിറക്കിയാൽ ആകെ 684 ഹെക്ടർ (46.15%) സ്ഥലത്ത് കൃഷിയിറക്കാനാകും. ഇതുവഴി ഒരു പക്ഷേ ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഭക്ഷ്യപ്രശ്നം ഇവിടെത്തന്നെ ഒരു പരിധിവരെ പരിഹരിക്കാനായേക്കും.

### മുപ്പൂകൃഷി

ഈ പഞ്ചായത്തിലെ നെൽകൃഷി പ്രദേശങ്ങളിൽ 6, 7, 8 വാർഡുകളിലാണ് മൂപ്പൂ കൃഷിക്ക് സാദ്ധ്യതയുള്ളത്. പകുതിയോളം വരുന്ന കരപ്പാടങ്ങളായ ഇരുപ്പൂ നിലങ്ങൾ രണ്ടാം കൃഷിക്ക് ശേഷം പൂർണ്ണമായുംപ്രയോജനപ്പെടുത്താറില്ല. ഇത് പ്രയോജനപ്പെടുത്തിയാൽ, പച്ചക്കറി വർഗ്ഗങ്ങളായ പാവൽ, പടവലം, മത്തൻ, കുമ്പളം, വെള്ളരി, ചീര, പയർ എന്നിവയും കിഴങ്ങുവർഗ്ഗത്തൽപ്പെട്ട മരച്ചീനി, മധുരക്കിഴങ്ങ് എന്നിവയും ഫലവർഗ്ഗമായ തണ്ണിമത്തൻ എന്നിവയും സുലഭമായി കൃഷിചെയ്യാനാകും. മൂപ്പുകൃഷിചെയ്യുക വഴി കർഷകന് കൃഷിഭൂമി ഫലപുഷ്ടിയാക്കാനാകും.

### തെങ്ങുകൃഷി

പഞ്ചായത്തിൽ കൃഷിഭൂമിയുടെ മൊത്തം വിസ്തീർണത്തിൽ 42.58% തെങ്ങുകൃഷി ചെയ്തുവരുന്നു. മുൻകാലങ്ങളിൽ തെങ്ങു കൃഷി വളരെ ആദായകരമായിരുന്നു. മണ്ണിൻെറ ഫലപുഷ്ടി, തെങ്ങു രോഗങ്ങളുടെ കുറവ്, കുറഞ്ഞ കൂലിച്ചെലവ് മുതലായ കാരണങ്ങളാൽ കർഷകർ തെങ്ങുകൃഷിയിൽ തൽപരരായിരുന്നു. ഇന്ന് കേര കർഷകൻ കൃഷിയിൽനിന്നും പിന്നോക്കം പോയിരിക്കുന്നു. കാറ്റുവീഴ്ച, കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, മഞ്ഞളിപ്പ് തുടങ്ങിയ രോഗങ്ങളും അശാസ്ത്രീയമായ രാസവള പ്രയോഗവും ജലസേചന ദൗർലഭ്യവും മുഖ്യകാരണങ്ങളാണ്. സമയബന്ധിതമായി പരിചരണം ലഭിക്കാത്തതുകൊണ്ട് ആദായം കുറഞ്ഞിരിക്കുന്നു. രോഗം ബാധിച്ചവയെ വെട്ടിമാറ്റാത്തതുകൊണ്ട് തെങ്ങുരോഗം പടർന്നു പിടിക്കുവാൻ സാദ്ധ്യതയുണ്ട്.

കരഭൂമിയിൽ 631 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ചെയ്യുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ചിട്ടുള്ള കേരവികസന സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. അത്യുൽപാദന ശേഷിയുള്ള W.C.T., T x D, D x T എന്നീ തെങ്ങിൻ തൈകൾ കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. തെങ്ങുകൃഷി മെച്ചപ്പെടുത്തുവാൻ 10-5-20 എന്ന തെങ്ങുവളം കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സൗജന്യമായും നടപ്പു വർഷത്തിൽ സബ്സിഡി നിരക്കിലും നൽകിവരുന്നു. ജൈവവളം പരിപോഷിപ്പിക്കുവാൻ പച്ചില വിത്തുകൾ, കമ്പോസ്റ്റുവളക്കുഴി സഹായം എന്നിവ നൽകിവരുന്നു. ജലസേചനത്തിന് കിണറുകളും പമ്പു സെറ്റുകളും നൽകുന്നു.

### ഇടവിള കൃഷികൾ

കർഷകൻെറ വരുമാനത്തിന് ഗണ്യമായ സ്ഥാനമുണ്ടായിരുന്നു ഇടവിള കൃഷിക്ക്. ഇന്നാകട്ടെ ഏത്തവാഴ കൃഷി ഒഴിച്ചുള്ളവയെല്ലാം തന്നെ പേരിന് മാത്രം കൃഷി ചെയ്തുവരുന്നു. ഏത്തവാഴക്കൃഷി പഞ്ചായത്തിൻെറ 5, 6 വാർഡുകളിൽ വ്യാപകമായും മറ്റു വാർഡുകളിൽ ചെറിയ തോതിലും കൃഷിചെയ്തുവരുന്നു. ഏത്തവാഴക്കൃഷി വ്യാപകമായതോടെ പല നാടൻ വാഴകളും അപ്രത്യക്ഷമായി. ഇവയെ സംരക്ഷിക്കുവാനുള്ള പ്രോത്സാഹന നടപടികളും സ്വീകരിക്കേണ്ടതാണ്.

യൂറോപ്യൻ പഴവർഗ്ഗ സമൂഹത്തിൻെറ സഹായത്തോടെ ഹോൾട്ടീകൾച്ചർ ഡവലപ്പ്മെൻറ് കോർപ്പറേഷൻ കീഴിൽ 5, 6, 7, 9 എന്നീ വാർഡുകളിൽ ഒരു വികസന പദ്ധതി രണ്ടു വർഷമായി നടപ്പിലാക്കിവരുന്നു. യുവാക്കളായ കൃഷിക്കാർ ഈ പദ്ധതിയിൽ ചേർന്നു വാഴക്കൃഷി നടത്തിവരുന്നു. കുറഞ്ഞ പലിശനിരക്കിൽ കർശനമായ ബാങ്ക് നിബന്ധനകളില്ലാതെ അപേക്ഷകന് ആവശ്യാനുസരണം ലോണുകൾ നൽകുന്നതിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ നീർപ്പാറ ശാഖ തയ്യാറായത് പ്രശംസനീയം തന്നെ.

ഒറ്റവർഷംകൊണ്ടു സാമ്പത്തിക ലാഭം തരുന്ന ഈ കൃഷി പഞ്ചായത്തിൻെറ സാദ്ധ്യതയുള്ള മേഖലകളിൽ വ്യാപിപ്പിക്കാവുന്നതാണ്. പ്രധാന ഇടവിള എന്ന സ്ഥാനത്തുനിന്നും പ്രധാനകൃഷിയിനമായി ഏത്തവാഴ കടന്നുവരുന്നു.

### റബ്ബർ

പഞ്ചായത്തിൽ 5, 6, 7, 8, 9 വാർഡുകളിൽ മാത്രമേ ഈ കൃഷി നിലവിലുള്ളൂ. ഏതാണ്ട് 30 വർഷത്തോളമായി റബ്ബർ കൃഷി വ്യാപകമായിട്ട്. പഞ്ചായത്തിൻെറ കിഴക്കൻ മേഖലകളിൽ കർഷകൻെറ പ്രധാന വരുമാനം റബ്ബർ കൃഷിയിൽ നിന്നാണ്. മൊത്തം ഭൂമിയുടെ 6.72% ആണ്. ഇത് 90 ഹെക്ടർ സ്ഥലമാണ്. റബ്ബർ

കൃഷി ഗ്രാമത്തിൽ ആംരഭിച്ച കാലത്ത്, "പാൽക്കുളം" എന്ന നാടൻ ഇനമായിരുന്നു കൃഷി ചെയ്തിരുന്നത്. ഇവയ്ക്ക് ആദായം കുറവായിരുന്നു. ഇപ്പോൾ അത്യുൽപാദന ഇനമായ ബഡ്ഡ് 105-എന്ന തൈകൾ കർഷകമിത്രമായി മാറിയിരിക്കുകയാണ്. റബ്ബർ കൃഷി വ്യാപിപ്പിക്കുന്നത് സാമ്പത്തിക ഭദ്രത ഉണ്ടാക്കും എന്നത് വസ്തുതയാണ്. വ്യാപകമായ രോഗങ്ങൾ മൂലം തെങ്ങുകൃഷി അനാദായകരമായ സാഹചര്യത്തിൽ പല തെങ്ങിൻ തോപ്പുകളും റബ്ബർ തോട്ടങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

## പച്ചക്കറി കൃഷി

മുൻകാലങ്ങളിൽ ഗ്രാമത്തിൽ ആവശ്യമായ പച്ചക്കറികൾ ഇവിടെത്തന്നെ ഉല്പാദിപ്പിച്ചിരുന്നു. എന്നാൽ ഇന്ന് ഇവിടത്തെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ആശ്രയിക്കുന്നത് പുറം മാർക്കറ്റുകളെയാണ്. കർഷകർ പൊതുവെ പച്ചക്കറിക്കൃഷിയിൽ നിന്നും പിൻവാങ്ങിയിരിക്കുന്നു. പച്ചക്കറിക്കൃഷി കൂടുതൽ ചെയ്തിരുന്ന പ്രദേശങ്ങളിൽ റബ്ബറും ഇതര വിളകളുമായതാണ് കാരണം. കീടരോഗങ്ങളും നല്ലയിനം വിത്തുകളുടെ പോരായ്മയും മൂലം ഈ കൃഷി പിന്നോക്കം പോയിരിക്കുകയാണ്. ഈ പഞ്ചായത്തിനെ മുഴുവനും പച്ചക്കറിക്കൃഷിഗ്രാമമാക്കുവാനുള്ള പ്രഖ്യാപനങ്ങൾ അടുത്തകാലത്ത് സർക്കാരിൽ നിന്നും ഉണ്ടായിട്ടുള്ളത് സ്വാഗതാർഹമാണ്. കർഷകരും സന്നദ്ധ പ്രവർത്തകരും ഇത് വിജയിപ്പിക്കുവാൻ പ്രതിജ്ഞാബദ്ധമാകേണ്ടതാണ്.

സുഗന്ധ വ്യഞ്ജനവിളകളായ കുരുമുളക്, ജാതി, ഗ്രാമ്പു, മഞ്ഞൾ, ഇഞ്ചി, കറുവ, വെറ്റില, മുതലായവ പഞ്ചായത്തിൻറ കിഴക്കൻ മേഖലകളിലും അപൂർവ്വമായി പടിഞ്ഞാറൻ മേഖലയിലും കൃഷി ചെയ്തുവരുന്നു. കമുകും കൃഷി ചെയ്യുന്നുണ്ട്. ഈ കൃഷികൾ വ്യാപിച്ചിട്ടുണ്ടെങ്കിലും മുൻകാല വിളവ് ഇന്നു ലഭിക്കുന്നില്ല.

പഞ്ചായത്തിൻെറ ചില പ്രദേശങ്ങളിൽ കുറ്റിമുല്ലക്കൃഷിക്ക് സാദ്ധ്യതയുള്ള സ്ഥലങ്ങളുണ്ട്. ഈ കൃഷിക്ക് 5 സെൻറ് സ്ഥലമെങ്കിലും വേണം. കൃഷിഭവൻ സന്നദ്ധ സംഘടനകൾ പുറംമാർക്കറ്റ് എന്നിവിടങ്ങളിൽ നിന്നും നല്ലയിനം തൈകൾ ലഭിച്ചുവരുന്നു. വീട്ടമ്മമാർക്ക് ഗൃഹജോലിയോടൊപ്പം ആദായമാർഗ്ഗമായി ഈ കൃഷി ആരംഭിക്കാവുന്നതാണ്.

പോഷക സമൃദ്ധവും ഔഷധമൂല്യവും ഉള്ള കൂൺ കൃഷിക്ക് അനുയോജ്യമായ കാലാവസ്ഥയും അസംസ്കൃത വസ്തുക്കളും ഇവിടെ ലഭ്യമായതുകൊണ്ട് കൂൺ കൃഷി വികസിപ്പക്കുവാൻ സാദ്ധ്യതയുണ്ട്.

## നീർമറി വികസനം

മണ്ണുസംരക്ഷണവും ജലസംരക്ഷണവും മുഖ്യലക്ഷ്യമാക്കിയുള്ള കേന്ദ്രസർക്കാരിൻെറ നീർമറി വികസന പരിപാടിയിൽ പഞ്ചായത്തിൻെറ 7,8 വാർഡുകൾപെടുത്തിയിട്ടുണ്ട്. വികസനത്തിൻെറ വിവിധ മേഖലകൾ പരസ്പരം ശാസ്ത്രീയമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഈ പദ്ധതിയുടെ ഗുണങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ നമ്മുടെ പഞ്ചായത്തിൽ സാധിച്ചിട്ടില്ല. കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും പഞ്ചായത്തിൻെറ മറ്റു വാർഡുകളിലേക്ക് വ്യാപിപ്പിച്ചുകൊണ്ടും ഇത് നടപ്പാക്കേണ്ടതാണ്.

## വളം

മുൻകാലങ്ങളിൽ കൃഷിയിൽ ഏറ്റവും പ്രയോജനകരവും ആപത്രഹിതവുമായ ഒരു വളപ്രയോഗമായിരുന്നു ജൈവവളപ്രയോഗം. കന്നുകാലികളുടെ ചാണകം, കോഴികാഷ്ടം, മത്സ്യങ്ങളുടെ അവശിഷ്ടം, ഇത്തിൽ, പാഴ്മരങ്ങളുടെ ഇലകൾ, കമ്മ്യൂണിസ്റ്റ് പച്ച, ശീമക്കൊന്ന, എക്കൽ, പയറുവർഗ്ഗങ്ങളുടേയും, എണ്ണക്കുരുക്കളുടെയും അവശിഷ്ടങ്ങൾ, പിണ്ണാക്ക്, എല്ലുപൊടി എന്നിവ കർഷകർ ജൈവവളമായി ഉപയോഗിച്ചുവന്നു. ജൈവവളപ്രയോഗം മണ്ണിൻെറ ഫലപുഷ്ടിയും ഘടനയും നിലനിർത്തുന്നതായി കണ്ടുവരുന്നു. ജൈവവളം പരിപോഷിപ്പിക്കുവാൻ പച്ചിലവിത്ത്, കമ്പോസ്റ്റ് സംവിധാനം എന്നിവ നടത്തിവരുന്നു. കൃഷിക്ക് അടിസ്ഥാനവളമായി ജൈവവളം ഉപയോഗിക്കേണ്ടതാണ്. അമിതമായ രാസവള പ്രയോഗം മണ്ണിൻെറ ഘടനയ്ക്ക് ദോഷം വരുത്തുകയും മണ്ണിരയുടെ പ്രവർത്തനത്തിനെ ബാധിക്കുകയും ചെയ്യും.

## കീടനാശിനികളും രോഗങ്ങളും

മുൻകാലങ്ങളിൽ കാർഷികവിളകളെ കീടബാധകളിൽ നിന്നും മറ്റും നിയന്ത്രിക്കുവാൻ നാടൻ സമ്പ്രദായങ്ങൾ മാത്രമേ നിലവിലുണ്ടായിരുന്നുള്ളു. നെൽകൃഷിക്കു ബാധിക്കുന്ന കീടങ്ങളെ "പുകയില കഷായം" തളിച്ചു നിയന്ത്രിച്ചിരുന്നു. തെങ്ങിന് ബാധിക്കുന്ന, ചെല്ലി, കൊമ്പൻ ചെല്ലി, എന്നിവയെ, കൂർത്ത കമ്പികൾ

കൊണ്ടു കുത്തിനശിപ്പിച്ചും, ചരൽ, ചാരം, ഉപ്പ്, എന്നിവയുടെ മിശ്രിതം തെങ്ങിൻ മടലുകളുടെ ഇടയിൽ പ്രയോഗിച്ചുമായിരുന്നു, കീടനിയന്ത്രണം നടത്തിയിരുന്നത്. ഇന്നാകട്ടെ, പുതിയ രോഗങ്ങളായ, കുമ്പുചീയൽ ചെന്നീരൊലിപ്പു, കാറ്റുവീഴ്ച എന്നിവ തെങ്ങുകൾക്കും കുഴൽ, ഓലചുരുട്ടിപ്പുഴു, ബ്ലാസ്റ്റ്, കുമിൾ രോഗങ്ങൾ എന്നിവ നെല്ലിനും ബാധിച്ചുവരുന്നു.

ഇവയെ ചെറുക്കുവാൻ കൃഷിഭവൻ വഴി കീടനാശിനികളും അനുബന്ധ സൗകര്യങ്ങളും സബ്സിഡി നിരക്കിൽ നൽകിവരുന്നു. കൂടാതെ മുൻകാലങ്ങളിൽ സഹകരണ സ്ഥാപനം വഴിയും സ്വകാര്യവ്യക്തികൾ വഴിയും വിലയ്ക്ക് ലഭിച്ചിരുന്നു. എന്നാൽ ഇന്ന് ഇവ രണ്ടുംപ്രവർത്തിക്കുന്നില്ല. പൊതുമേഖലയിൽ ഇവ പുനസ്ഥാപിക്കണം.

അമിതമായ കീടപ്രയോഗങ്ങൾ കൂടുതൽ രോഗങ്ങളെ വിളിച്ചുവരുത്തുന്നു. കീടനാശിനിപ്രയോഗം ചുരുക്കി ശാസ്ത്രീയം ആക്കേണ്ടതാണ്.

കീടനാശിനികളുടെ പട്ടിക 4-ൽ ചുവടെ ചേർക്കുന്നു. അമിതമായ കീടനാശിനി പ്രയോഗം ഉപകാരികളായ പല കീടങ്ങളേയും നശിപ്പിക്കുന്നു.

## കാർഷികവായ്പ

മുൻകാലങ്ങളിൽ വായ്പാസംവിധാനങ്ങൾ നിലനിന്നിരുന്നത്. കെട്ടുതെങ്ങു സംഘങ്ങൾ, കർഷകസംഘങ്ങൾ, പരസ്പര സഹായ സഹകരണ സംഘങ്ങൾ, പരസ്പരം കാർഷിക ഉല്പന്നങ്ങൾ തമ്മിൽ (വിത്തിനങ്ങൾ) കൈമാറ്റം എന്നീ സമ്പ്രദായങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. കാലഘട്ടം മാറിയതോടെ പഞ്ചായത്ത് അടിസ്ഥാനത്തിലും, താലൂക്ക്, ജില്ല, സംസ്ഥാന അടിസ്ഥാനത്തിലും കേന്ദ്രതലത്തിലും കാർഷിക വായ്പാ സംവിധാനങ്ങൾ നിലവിൽ വന്നു. ഈ സ്ഥാപനങ്ങൾ ലഘുതവണകളിലും ദീർഘകാല അടിസ്ഥാനത്തിലും സഹായം നൽകിയിരുന്നു. ഇതിൽ പ്രധാനപങ്ക് പ്രാദേശിക സഹകരണസ്ഥാപനങ്ങൾ വഴിയും ജില്ലാ കാർഷിക വികസന ബാങ്കുകൾ വഴിയുമാണ്. ഇവയുടെ ലഭ്യത കർഷകർക്ക് പ്രയോജനകരമായി ലഭിച്ചിരുന്നില്ലായെന്ന ആക്ഷേപം നിലനില്ക്കുന്നു. ഇതിന്റെ നിയമത്തിലും സേവനത്തിലും കാലോചിതമായ പരിഷ്കാരം കൂടിയേതീരു.

## പട്ടികജാതി/പട്ടികവർഗ്ഗ കർഷകക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്കായി കേന്ദ്രസംസ്ഥാന വകുപ്പുകളുടെ കീഴിൽ, ജില്ല, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങൾ വഴിയും, വിവിധ ഏജൻസികൾവഴിയും വികസനപ്രവർത്തന നടത്തിവരുന്നു. പ്രസ്തുതവിഭാഗത്തിലുള്ള കർഷകരുടേയും, ദരിദ്രകുടുംബങ്ങളുടേയും കാർഷികാഭിവൃത്തിക്കും, സാമ്പത്തിക ഭദ്രതയ്ക്കും, തൊഴിൽഭദ്രതയ്ക്കും ഉറപ്പുവരുത്തുവാൻ നടപ്പിലാക്കിവരുന്ന സേവനങ്ങൾ അപര്യാപ്തമാണ്. 'മണ്ണിൽ പണിയെടുക്കുന്നവൻ മണ്ണിന്നുടമ,' എന്ന അർത്ഥത്തിൽ കൃഷിഭൂമിയുടെ ഉടമയായിരിക്കേണ്ടവർ ഏറിയപങ്കും ഭൂരഹിതരാണ്. കാർഷികോപകരണങ്ങളും, നടീൽവസ്തുക്കളും ബോധൽക്കരണ പരിശീലനങ്ങൾ, സ്വയംതൊഴിൽ സഹായപദ്ധതികൾ എന്നിവ ഈ വിഭാഗത്തിന് ലഭിക്കുന്നില്ല. ഇത് പരിഹരിക്കപ്പെടേണ്ടതാണ്.

## വിപണിയും, സംസ്കരണവും

മുഖ്യവിളയായ നാളികേരവും റബ്ബറുമാണ് സംസ്കരണപ്രക്രിയയിൽ കടന്നുവന്നിരുന്നത്. നാളികേരം കൊപ്രായാക്കിയും, വെളച്ചെണ്ണയാക്കിയും സംസ്കരിക്കുകയും ചെയ്തിരുന്നു. കൂടാതെ സുഗന്ധവ്യജ്ഞനങ്ങളായ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി എന്നിവയും സംസ്കരിച്ചു വിപണനം ചെയ്തിരുന്നു. അപൂർവ്വം സ്ഥലങ്ങളിൽ നെല്ലു പുഴുങ്ങി കുത്തി അരിയായി വിറ്റിരുന്നു. കൂടാതെ ഒരു ജലവിഭവമായ കക്ക സംസ്കരിച്ചു ഇത്തിലാക്കിയും, കുമ്മായമാക്കിയും വിറ്റഴിക്കുന്നു.

എന്നാൽ റബ്ബർ അധിഷ്ഠിത വ്യവസായം എന്ന നിലയിൽ ചെറിയൊരു സംരംഭം റബ്ബർ സംസ്കരണ പ്രക്രിയയിൽ പ്രവർത്തിച്ചുവന്നിരുന്നു. ഇന്ന് നിലവിൽ സംസ്കരണ സാദ്ധ്യതകൾ ഈ ഗ്രാമത്തിൽ ഏറെയുണ്ട്.

## കാർഷികോപകരണങ്ങൾ

പണ്ടു കാലങ്ങളിൽ കൃഷിക്കാർ കൃഷിപ്പണി നടത്തിയിരുന്നത് കാർഷിക ഉപകരണങ്ങൾ വഴിയായിരുന്നു ഇവയിൽ പ്രധാനം, നാടൻകലപ്പ, കൂന്താലി, (തൂമ്പാ) അലവാങ്, തേക്കുകൊട്ട, ഇലച്ചക്രം, നിലം ഒരുക്കുന്ന ഞൗരി, എന്നിവയായിരുന്നു. മനുഷ്യാദ്ധ്വാനവും , പോത്ത്, കാള എന്നിവയുടെ ശേഷിയും പ്രയോജനപ്പെടുത്തിയിരുന്നു. കൃഷി കൂടുതൽ സ്ഥലത്തേക്ക്

വ്യാപിക്കുകയും, ആവശ്യങ്ങൾ ഏറിവരുകയും മനുഷ്യ പ്രയത്നം മാത്രം പോരായെന്നതിന് ആക്കം കൂടുകയും ചെയ്തതോടെ കൃഷിയിൽ ആധുനികവൽക്കരണം നടപ്പിൽ വന്നു.

ശാസ്ത്ര സാങ്കേതികതയുടെ വളർച്ചയോടെ, ഡീസൽ, ഇലക്ട്രിക് മോട്ടോർ പമ്പുകൾ, ട്രാക്ടർ, ട്രില്ലർ എന്നിവയുടെ വരവ് ആദ്യകാലത്ത് തൊഴിലാളികൾ ചെറുത്തുവെങ്കിലും ഇപ്പോൾ തൊഴിലാളികളുടെ കുറവു മൂലം പരക്കെ ഇവ സ്വീകാര്യമാണ്.

## കാർഷികബന്ധം

പഞ്ചായത്തിന്റെ കാർഷികവികസനത്തിനായി പഞ്ചായത്തു പ്രസിഡണ്ട് അദ്ധ്യക്ഷനായി ഒരു കാർഷികവികസന സമിതി പ്രവർത്തിക്കുന്നു. സമഗ്ര നാളികേര വികസനത്തിനായി കേരവികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നെൽകൃഷി വികസനത്തിനായി 12 നെല്ലുല്പാദക ഗ്രൂപ്പു സമിതികളുമുണ്ട്. എന്നാൽ എല്ലാ കൃഷിക്കാരും ഗ്രൂപ്പുസമിതികളോടു സഹകരിച്ചു പ്രവർത്തിക്കാത്തതിന്റെ അഭാവം ഒരു പോരായ്മയാണ്. കർഷകനും കൃഷിപ്പണികളിലേർപ്പെടുന്ന കർഷകതൊഴിലാളികളും എല്ലാ തലങ്ങളിലും അഭേദ്യമായ ഒരു സഹകരണം ഊട്ടിവളർത്തേണ്ടതായിട്ടുണ്ട്.

ഗ്രൂപ്പു സമിതികളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി എല്ലാ ഗ്രൂപ്പു സമിതികളേയും ബന്ധിപ്പിച്ച് മാസത്തിൽ ഒരു പ്രാവശ്യം യോഗം ചേരണമെന്ന സർക്കാർ നിർദ്ദേശം പലപ്പോഴും പാലിക്കാൻ കഴിഞ്ഞിട്ടില്ല. കൃഷികളെ ബാധിക്കുന്ന രോഗപ്രതിരോധ പ്രവർത്തനത്തിനു വേണ്ടി ആഴ്ചതോറും അഗ്രോക്ലിനിക്കുകൾ പ്രവർത്തിക്കണമെന്നുണ്ട്. എങ്കിലും പരിചയസമ്പന്നരായ കൃഷിവകുപ്പു ഉദ്യോഗസ്ഥന്മാരുടെ അഭാവം നിമിത്തം ഇപ്പോൾ പ്രസ്തുത ക്ലിനിക്കുകൾ പ്രവർത്തിക്കുന്നില്ല. കൃഷിവകുപ്പിന്റെ ജില്ലാ- താലൂക്ക്-പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള ആഫീസുകൾ, പഞ്ചായത്തുതല സമിതികൾ വാർഡുതലത്തിലുള്ള ഗ്രൂപ്പു സമിതികൾ ഇവയെല്ലാം കാർഷിക വികസനത്തിന്റെ പരസ്പരപൂരകങ്ങളാണ്. പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ലെങ്കിലും ഇവ ഒരു പരിധിവരെ പരിഹരിക്കുവാൻ വാർഡുതലഗ്രൂപ്പു സമിതികളുടെ - ചെമ്പുപഞ്ചായത്തുഗ്രൂപ്പുകൃഷി നെല്ലുല്പാദക സമിതി കോ- ഓർഡിനേഷൻ കമ്മറ്റി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കമ്മറ്റികൃഷിക്കാരുടെ ആവശ്യങ്ങൾ കമ്മറ്റി വഴി അധികാരസ്ഥാനങ്ങളിൽ എത്തിക്കുന്നു.

## കൃഷിഭവൻ

1987 ന് മുൻപു മൂന്നു പഞ്ചായത്തുകൾ സമന്വയിപ്പിച്ചായിരുന്നു കൃഷിവികസന ആഫീസുകൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ 1987 ന് ശേഷം കാർഷിക മേഖലയിലുണ്ടായ വിപ്ലവകരമായ മാറ്റം പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക വികസനം സുഗമമാക്കി പരമാവധി കർഷകരെ സഹായിക്കുക എന്ന പരമമായ ലക്ഷ്യത്തെ മുറുകെപിടിച്ചു പഞ്ചായത്തുകൾതോറും കൃഷിഭവനുകൾ നിലവിൽ വന്നു. പഞ്ചായത്തടിസ്ഥാനത്തിൽ ഊർജ്ജിതകൃഷി വികസനം നടപ്പിലാക്കുക പ്രാദേശിക കൃഷി സമ്പ്രദായം പുനരുദ്ധരിക്കുക കർഷകസഹായപദ്ധതികൾ എല്ലാവർക്കും ലഭ്യമാക്കുക എന്നിവ ഇതിൽലക്ഷ്യമിട്ടിരിക്കുന്നു. ജനലക്ഷ്യം പ്രയോജനപ്പെടുത്തുവാൻ, കൃഷിവികസനസമിതികൾ, വാർഡു അടിസ്ഥാനമാക്കി ഗ്രൂപ്പു സമിതികൾ, കേരവികസനസമതികൾ എന്നിവ രുപീകരിക്കുകയുണ്ടായി.

ഈ സേവനതുറകളെല്ലാം ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം മുമ്പത്തേക്കാളും ഇരട്ടിവിജയമായിരുന്നു എങ്കിലും ഇനിയും കൂടുതൽ വിജയം കൈവരിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. ലിഫ്റ്റിറിഗേഷൻ പോലുള്ള ചെറുകിടപദ്ധതികൾക്കുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.
2. രോഗംബാധിച്ച മുഴുവൻ തെങ്ങുകളും വെട്ടിമാറ്റുന്നതു നിമിത്തം രോഗവ്യപനം പുർണ്ണമായി തടുക്കുവാൻ സാധിക്കുന്നില്ല. എലി നശീകരണത്തിന് പരിശീലനം ലഭിച്ചയാളുകളെ ലഭിക്കുന്നില്ല.
3. രാസവളത്തിനു ലഭിക്കുന്ന സൗജന്യം ജൈവവളമായ എക്കൽച്ചെളി ഇറക്കുന്നതിനു ലഭിക്കുന്നില്ല. സബ്സിഡി ലഭിക്കണം.
4. നാളികേര വിപണനമേഖലയിൽ കർഷകരുടെ കൂട്ടായ്മയ്ക്കുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.

5. നാളികേര ബോർഡിൻെറ വികസന പദ്ധതികൾ ആസൂത്രണത്തിൻെറ അഭാവത്തിൽ കേവലചടങ്ങുകളായിമാറുന്നു.

6. അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ കൃഷിഭവനിൽ മാത്രം കൊണ്ടുവന്നിറക്കി വിതരണം ചെയ്യുന്നതുകൊണ്ട് തെങ്ങുകൃഷികൂടുതൽ നടക്കുന്ന ഇതരഭാഗങ്ങളിൽഅതു പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

7. സർക്കാർ, സബ്സിഡി നിരക്കിൽ നാളികേരവികസനത്തിനായി വിതരണം ചെയ്യുന്ന വളം, മറ്റുകീടനാശിനികൾ എന്നിവയെല്ലാം എല്ലാ സ്ഥലത്തും സൗജന്യമായി വിതരണം ചെയ്യുന്നതിനുവേണ്ട ഗോഡൗൺ സംവിധാനമില്ല.

8 നെല്ലുകൃഷി എല്ലാ പാടശേഖരങ്ങളിലും ലാഭകരമായി നടക്കുന്നില്ല.

9. നെല്പാടത്ത് യഥാസമയം പണിചെയ്യുന്നതിനു വേണ്ടത്രയാളുകളെ കിട്ടുന്നില്ല.

10. കർഷക തൊഴിലാളികളുടെ കൂലിനിരക്ക് ഉല്പാദനവുമായി ബന്ധപ്പെടുന്നില്ല.

11. നെൽകൃഷി മേഖലയിൽ തൊഴിൽ ചെയ്യാൻ തയ്യാറുള്ള ആളുകളുടെ ഒരു ലിസ്റ്റ് കൃഷിഭവനിലോ പഞ്ചായത്തിലോ ലഭ്യമല്ല.

12. ചെമ്പിലുള്ള വിത്തുസംഭരണ കേന്ദ്രത്തിൽ വിത്തു സൂക്ഷിക്കുകയോ വിതരണം നടത്തുകയോ ചെയ്യുന്നില്ല.

13. കൃഷിസംബന്ധമായോ ഗ്രൂപ്പുസമിതികളുടെ പ്രവർത്തനസംബന്ധമായോ വേണ്ടത്ര അറിവുകിട്ടുന്നതിന് പര്യാപ്തമായ രജിസ്റ്ററുകൾ കൃഷിഭവനിൽ നിന്നും ലഭ്യമല്ല.

14. ഓരോ വീടിനും പഴവർഗ്ഗങ്ങളും പച്ചക്കറികളും ഉല്പാദിപ്പിക്കുന്നതിനാവശ്യമായ പദ്ധതിപഞ്ചായത്തിലോ കൃഷിഭവനിലോ ഇല്ല.

15. വൈക്കോലുപയോഗിച്ച് കൂൺകൃഷി നടത്തുന്നതിനാവശ്യമായ വിത്തുകളും സങ്കേതികവിദ്യയും ലഭ്യമല്ല.

16. പഞ്ചായത്തിലുള്ള നെല്ലുല്പാദക സമിതികളെല്ലാം ഫലപ്രദമായി പ്രവർത്തിക്കുകയോ എല്ലാകൃഷിക്കാരും ഗ്രൂപ്പുസമിതികളിൽ അംഗങ്ങളായി ചേരത്തതുനിമിത്തം ആധുനികകൃഷിരീതികളെപ്പറ്റി കൃഷിക്കാരെ വേണ്ടവിധം ബോധവൽക്കരിക്കാൻ സാധിക്കുന്നില്ല.

17. പഞ്ചായത്തിൻെറ കീഴിലുള്ള കൃഷിഭവൻ എല്ലാ മാസവും ഗ്രൂപ്പുസമിതികളുടെ യോഗം കൂടുകയോ പാടശേഖരങ്ങളിൽ അഗ്രോക്ലിനിക്കൽ പ്രവർത്തിക്കുകയോ കർഷക സെമിനാർ ഫലപ്രദമായി നടത്തുകയോ ചെയ്യുന്നില്ല.

18. കൃഷിവകുപ്പുദ്യോഗസ്ഥന്മാരുടെ കൂടെക്കൂടെയുള്ള സ്ഥലമാറ്റവും ഒറ്റപ്പെട്ട ചില ഉദ്യോഗസ്ഥരുടെ പ്രതിബദ്ധതയില്ലായ്മയും കൃഷിക്കാർക്കു കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നു.

19. തരിശു നിലങ്ങളിൽ കൃഷിയിറക്കുന്നതിന് ഫലപ്രദമായ നടപടികൾ പഞ്ചായത്തിൽ നിന്നോ കൃഷിഭവനിൽനിന്നോ എടുത്തു കാണുന്നില്ല.

20. വിത്തു സംഭരണത്തിനും ഉല്പന്നം വിപണനത്തിനും ഫലപ്രദമായ ഏജൻസികളില്ല.

21. വാർഡുതലത്തിൽ കൃഷിവികസനകമ്മറ്റികൾ പ്രവർത്തിക്കുന്നില്ല.

## സാധ്യതകൾ

1. പഞ്ചായത്തുതല വികസനസമിതിമാറ്റിവാർഡുതല കേരവികസനസമിതികൾ പ്രവർത്തനക്ഷമമാക്കണം.

2. രോഗംബാധിച്ച മുഴുവൻ തെങ്ങുകളും വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ വീതംനല്കുക. അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുക.

3. രോഗപ്രതിരോധ നടപടികൾക്കാവശ്യമായ കക്ക, തുരിശ്ശ് ബി.എച്ച്.സി. മുതലായ കീടനാശിനികൾ 50% സബ്സിഡി നിരക്കിൽ വാർഡുതല സമിതികൾ വഴി വിതരണം ചെയ്യുക.

4. മരുന്നു തളിക്കുന്നതിനു പരിശീലനം നല്കുക.

5. കാർഷിക രംഗത്തേക്കു യുവാക്കളെ കൊണ്ടുവരുന്നതിനു വേണ്ട പരിശീലനം നല്കുക.

6. പഞ്ചായത്തു തലത്തിൽ കർഷകതൊഴിലാളികളുടെ വേതന സേവനഘടനയിൽ ഒരേകീകൃത സ്വഭാവം വരുത്തുക.

7. എല്ലാവിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

8. ജൈവവളപ്രയോഗം വർദ്ധിപ്പിക്കുക.

9. കാർഷികോപകരണങ്ങൾ സബ്സിഡിനിരക്കിൽ ലഭ്യമാക്കുക.

10. കരിനിലങ്ങൾക്കു താരതമ്യേന കൂടുതൽ കൃഷി ചെലവുള്ളതുകൊണ്ടും വർഷകാലത്തും വേലി യേറ്റസമയത്തും പുറംചിറ തകർന്നു കൃഷിനശി ക്കുവാനിടയാകുന്നതുകൊണ്ടും പുറംചിറ സുരക്ഷി തമായി ബലപ്പെടുത്തുന്നതിനും വെള്ളം പറ്റി ക്കുന്നതിനും പറക്കുഴി, പെട്ടിയും പറയും, മോട്ടറും പമ്പുപുരയും ജലനിർഗമനപൈപ്പുകളും ചീപ്പും മറ്റും നിർമ്മിക്കുക ഇതിനാവശ്യമായ പ്രത്യേകാനു കൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിനു സംവി ധാനമുണ്ടാവണം.

11. വിത്തു സംഭരണ കേന്ദ്രം ഉപയോഗയോഗ്യമാക്കുക.

12. നെൽകൃഷിക്കു തടസ്സമാക്കത്തക്ക രീതിയിൽ നെൽ പ്പാടങ്ങൾ നികത്തി കെട്ടിടങ്ങൾവച്ചും തെങ്ങുകളും റബ്ബറുകളും മറ്റും കൃഷിചെയ്തും തരിശിട്ടും നെല്ലു ല്പാദനത്തിനു വിഘാതം സൃഷ്ടിക്കുന്നതു തടയുന്നതിനുള്ള 1967-ലെ കെ.എൽ.യു. ഓർഡർ ഫലവത്തായി നടപ്പാക്കുക, പഞ്ചായത്തുതല കമ്മറ്റി രൂപീകരിക്കുക.

13. താല്പര്യമുള്ള കൃഷിക്കാർക്കു വെറ്റില, കമുക്, ജാതി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കളും വളവും സബ്സിഡി നിരക്കിൽ ലഭിക്കുവാൻ സൗകര്യ മുണ്ടാവണം.

14. അനുയോജ്യമായ സ്ഥലങ്ങളിൽ മൾബറി കൃഷി നടത്തുന്നതിനും അതിൻെറ ഉല്പന്നമായ കൊ ക്കൂണുകൾ വിറ്റഴിക്കുന്നതിനുമുള്ള വിപണികളും ബ്ലോക്കടിസ്ഥാനത്തിൽ കണ്ടെത്തേണ്ടതുമാ കുന്നു.

15. കൃഷിയിറക്കുന്നതിനുമുമ്പും വിളവെടുപ്പിനു ശേഷവും പഞ്ചായത്തു ലവലിൽ കർഷകസെമി നാറുകൾ സംഘടിപ്പിച്ച് ആധുനിക കൃഷിരീതി, രോഗപ്രതിരോധനടപടികൾ മുതലായവയെക്കുറി ച്ച് ബോധവൽക്കരണവും വിളമത്സരവും നടത്തി ഉല്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടതാണ്.

16. കുലിവർദ്ധനവനുസരിച്ച് കമ്പോസ്റ്റുപിറ്റ് ഉണ്ടാ ക്കുന്നതിനുള്ള സബ്സിഡി വർദ്ധിപ്പിക്കേണ്ടതും വളക്കുഴി പരിശോധിച്ചതിനുശേഷം മാത്രം സബ്സി ഡികൊടുക്കേണ്ടതും ഒരാൾക്കു കൊടുക്കുന്ന വളക്കു ഴിയുടെ എണ്ണം കൃഷിസ്ഥലത്തിൻെറ വിസ്തീർണ്ണ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കേണ്ടതുമാകുന്നു.

17. കൃഷി വകുപ്പു നടപ്പിലാക്കുന്ന പദ്ധതികളുടെ വി വരം നോട്ടീസ് ബോർഡ് എല്ലാ വാർഡുകളിലും സ്ഥാപിച്ച് പരസ്യപ്പെടുത്തുക.

18. കൃഷിയിറക്കുന്നതിനുമുമ്പൊയിൽമണ്ണുപരിശോ ധനാവിഭാഗം എല്ലാവർഡുകളിലും നിശ്ചിതസമയ ത്തെത്തിച്ചേർന്നു പരിശോധന നടത്തിയ ഫലം ഉട നെ നല്കുവാനുള്ള സംവിധാനമുണ്ടാവണം.

19. കൃഷിയിടങ്ങളിലേക്കു വിത്തും വളവും കൊണ്ടു പോരുന്നതിനും സൗകര്യപ്രദമായ ഫാം റോഡു കൾ എല്ലാ കൃഷി കേന്ദ്രത്തിലേക്കും ഉണ്ടാവണം.

20. വാർഡ് 1,2,ൽ പ്പെട്ടുകിടക്കുന്ന പനങ്ങാവ് പാട ശേഖരം ഗ്രൂപ്പു സമിതിയിലുൾപ്പെടുത്തി 'ഒരു പൂ' കൃഷി 'ഇരു പൂ' കൃഷിയാക്കേണ്ടതാണ്.

21. അറാതുകരി, കുടൻെറ കരി, പുത്തൻ കരി, അപ്പാ പ്പൻ കരി എന്നിവിടങ്ങളിൽ തരിശായിക്കിടക്കുന്ന നിലങ്ങളും 5,6 എന്നീ വർഡുകളിലുള്ള തരിശുനി ലങ്ങളും കൃഷിയോഗ്യമാക്കുന്നതിനാവശ്യമായ സം വിധാനം പഞ്ചായത്തു തലത്തിൽ ചെയ്യേണ്ടതാണ്.

22. കൃഷിനാശമുണ്ടായാൽ ബാങ്കുകളിൽ നിന്നും മറ്റും എടുക്കുന്ന കാർഷിക വായ്പകൾ ദീർഘകാലവാ യ്പയാക്കി മാറ്റുക.

23. റബ്ബർ മരങ്ങൾക്കു പട്ടമരപ്പ് രോഗം വളരെ രൂക്ഷമായി ട്ടുള്ള സ്ഥലങ്ങളിൽ പ്രതിരോധ മരുന്നിന് സബ്സി ഡി കൊടുക്കുവാൻ തീരുമാനമുണ്ടാവണം.

24. ജൈവ വളപ്രയോഗം പ്രോത്സാഹിപ്പിക്കുക.

25. പഞ്ചായത്തിലെ കൃഷിനിലങ്ങളോടു ചേർന്നുള്ള തോടുകൾ ആഴം വർദ്ധിപ്പിക്കുക- ബണ്ടുകൾ ബലവത്താക്കുക.

26. അറുപതിൽ കൊതമ്പക്കാട്ടിൽ, ചെറുതുരുത്ത്, പുത്തൻ പുര, കുന്നക്കാട്ടിൽ, മുക്കത്ത്, എന്നിവി ടങ്ങളിൽ ചീപ്പ് കലിങ്ക് എന്നിവ നിർമ്മിച്ചും കൃഷി നിലം സംരക്ഷിക്കേണ്ടതാണ്.

27. വാളോ പാടം, ചേമ്പാല പാടശേഖരത്തിലേക്ക് ജല സേചന സൗകര്യത്തിനായി ഓലിത്തോടു വികസിപ്പിക്കുകയും മറ്റത്തിൽ പടവുതോട് പൂച്ചക്കാട്, കോട്ടേപാടം മരങ്ങോലിതോട് വീതികൂട്ടി ജല സേചന സൗകര്യം വികസിപ്പിക്കുകയും ചീപ്പുനിർമ്മിക്കുകയും ചെയ്യുക വഴി ഒരു പു ഇരുപ്പൂവാക്കി മാറ്റാവുന്നതാണ്. ജലസേചനത്തിനു പമ്പുസെറ്റുകൾ ഉപയോഗിക്കുവാൻ കഴിയണം.

28. കേടുവന്നിട്ടുള്ള ചീപ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതും ഏറംകുളം പാടശേഖരത്തിൽ ജല സേചനത്തിന് വെള്ളം പമ്പുചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

29. കൃഷിഭവന് പഞ്ചായത്തു കോമ്പൗണ്ടിൽ കെട്ടിടം പണിയുക.

30. ചെമ്പു പഞ്ചായത്തിലെ കരിനിലങ്ങൾ വൈക്കം കരിനില ഏജൻസിയിൽപ്പെടുത്തി നെൽകൃഷി വികസിപ്പിക്കുക.

31. കാട്ടിക്കുന്നു 4-ാം വാർഡിൽ കൃഷിഫാമിനു കിഴക്കുവശത്തുള്ള തോടും കൊച്ചുതുരുത്തുതോടും കൃഷി ആവശ്യത്തിനുവേണ്ടി ആഴം വർദ്ധിപ്പിക്കുക.

32. പ്രധാന മന്ത്രിയുടെ പ്രത്യേകഘടക പദ്ധതിയിൽപ്പെടുത്തി അനുവാദം ലഭിച്ചിട്ടുള്ളതും മേലിൽ അനുവദിക്കുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുക. നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടത്തുക.

33. തെക്കേ കീച്ചേരിക്കരിയിൽ 1800 മീറ്റർ നീളം വരുന്ന പുറംചിറ 50 സെ.മീ. നികത്തുകയും തെക്കുഭാഗത്ത് ഒരു ചീപ്പ് വയ്ക്കുകയും ചീപ്പുവശത്തുനിന്നും മോട്ടോർത്തറവരെ ഒരു തോടുണ്ടാവുകയും വേണം.

34. അറാതുകരി പുറംബണ്ടു നിർമ്മാണവും മോട്ടോർത്തറയും ഷഡ്ഡുംമുണ്ടാക്കണം.

35. വടക്കേകീച്ചേരിക്കരി പുറംചിറയും വടക്കുഭാഗത്തു ഒരു വാർക്കൽ ചീപ്പും കിഴക്കുഭാഗത്തുനിന്നും മോട്ടോർത്തറവരെ വാച്ചാലും പണിയുക.

36. ഏനാദിപാടശേഖരത്തിൽ പ്രധാനതോടിൽ 25 എച്ച്.പി.യുടെ മോട്ടോർപെട്ടിയും പറയും, എട്ടുപാടശേഖരങ്ങളിൽ 15 HP മോട്ടർ പറയും സ്ഥാപിക്കേണ്ടതാണ്.

37. 1,2,3 എന്നീ വാർഡുകളിൽ കൃഷിക്കാവശ്യമായ ജലസേചനത്തിനുള്ള പദ്ധതിക്കു രൂപംനല്കുക.

### പട്ടിക 1

ഭൂവിനിയോഗം

| നമ്പർ | വിളവിനിയോഗം | വിസ്തൃതി | % |
|---|---|---|---|
| 1 | തെങ്ങ്, ഇടവിളകൾ | 631 | 42.58 |
| 2 | നെൽകൃഷി | 502 | 33.87 |
| 3 | റബ്ബർ | 90 | 6.72 |
| 4 | നെൽകൃഷിക്ക് അനുയോജ്യമായ തരിശ് | 182 | 12.28 |
| 5 | കാർഷികേതരം | 117 | 7.89 |
| 6 | പുറമ്പോക്ക്, റോഡ്, പുഴ, കായൽ | 320 | 21.59 |

*അവലംബം : സെക്കൻററി ഡേറ്റാ.*

ചെമ്പ് പഞ്ചായത്തിൽ മൊത്തം 1842 ഹെക്ടർ സ്ഥലവും ഇനംതിരിച്ചുള്ള വിള വിസ്തീർണ്ണവും മുകളിൽ ചേർത്തിരിക്കുന്നു (പട്ടിക 1). മൊത്തം കൃഷിഭൂമിയുടെ 76.28% അതായത് 1405 ഹെക്ടർ സ്ഥലത്തെ കൃഷിയാണ് ഈ ഗ്രാമത്തിൻെറ കാർഷിക സമ്പത്ത്.

### പട്ടിക 2

കുടുംബങ്ങളുടെ ഭൂപരിധി

| നമ്പർ | ഭൂപരിധി | കുടുംബങ്ങൾ |
|---|---|---|
| 1. | 50 സെൻറിനു താഴെ | 1930 |
| 2. | 50 സെൻറിനും 1 ഏക്കറിനും മദ്ധ്യേ | 750 |
| 3. | 1 ഏക്കറിനും 1 ഹെക്ടറിനും മദ്ധ്യേ | 437 |
| 4. | 1 ഹെക്ടറിനും 2 ഹെക്ടറിനും മദ്ധ്യേ | 250 |
| 5. | 2 ഹെക്ടറിനും 3 ഹെക്ടറിനും മദ്ധ്യേ | 71 |
| 6. | 5 ഹെക്ടറിനു മുകളിൽ | 12 |

*അവലംബം : സെക്കൻററി ഡേറ്റാ.*

ആകെ കർഷക കുടുംബങ്ങളുടെ എണ്ണം = 3450

ആകെ കർഷക തൊഴിലാളികളുടെ എണ്ണം = 3409

ആളോഹരി കൃഷിഭൂമി - സംസ്ഥാനം = 0.07 ഹെക്ടർ

ആവോഹരി കൃഷിഭൂമി - ചെമ്പ് പഞ്ചാ. = 0.09 ഹെക്ടർ

## പട്ടിക 3

### നെല്ലുൽപാദക സമിതികൾ

| ക്രമ നം. | പേര്, മേൽവിലാസം | രജി. നം | വിസ്തീർണ്ണം ഹെക്ടർ | വാർഡ് |
|---|---|---|---|---|
| 1 | കാട്ടിക്കുന്ന് പുത്തൻകരി ഗ്രൂപ്പുകൃഷി, നെല്ലുൽപാദക സമിതി, രജി. നം. കെ. 540/90-1, ചെമ്പ് പി.ഒ., വൈക്കം. | കെ. 540/90-1 | 25 | 9 |
| 2. | അറാതുകരി പാടശേഖര നെല്ലുൽപാദക സമിതി, രജി. നം. കെ. 556/91, ബ്രഹ്മമംഗലം പി.ഒ., കോട്ടയം | കെ. 556/91 | 24 | 9 |
| 3. | തെക്കേ കീച്ചേരിക്കരി നെല്ലുൽപാദക സമിതി രജി. നം. കെ. 471/93, ബ്രഹ്മമംഗലം പി.ഒ., കോട്ടയം | കെ. 471/93 | 12 | 9 |
| 4. | വടക്കേ കീച്ചേരികരി കർഷകോദ്ധാരണ സോവാസമിതി രജി. നം. 909/90, ബ്രഹ്മമംഗലം പി.ഒ., കോട്ടയം - 686 614 | കെ. 909/90 | 23 | 9 |
| 5. | ഐശ്വര്യ നെല്ലുൽപാദക സംഘം, രജി. നം. കെ. 273/93, ബ്രഹ്മമംഗലം പി.ഒ. - 686 614 | കെ. 273/93 | 16 | 7, 8 |
| 6. | വൈപ്പാടമ്മേൽ പാടശേഖര നെല്ലുൽപാദക സമിതി. രജി.നം. കെ. 634/96, ബ്രഹ്മമംഗലം, പിൻ - 686 614 | കെ. 634/96 | 12 | 9 |
| 7. | അരികുപുറം പാടശേഖര സമിതി, രജി. നം. കെ. 1093/90, ബ്രഹ്മമംഗലം പി.ഒ. വൈക്കം | കെ. 1093/93 | 33 | 8 |
| 8. | കളർകോട്, രജി. നം. കെ. 63/90, ബ്രഹ്മമംഗലം പി.ഒ. | കെ. 63/90 | 17 | 9 |
| 9. | കൂടന്റെ കരി, ചെമ്പ് പി.ഒ., വൈക്കം | | 14 | 9 |
| 10. | നോർത്ത് തുരുത്തുമ്മ, ചെമ്പ് പി.ഒ., തുരുത്തുമ്മ, വൈക്കം | | 12 | 5 |
| 11. | പൂച്ചാക്കാട്, ബ്രഹ്മമംഗലം പി.ഒ. | | 12 | 7, 8 |
| 12. | ഏനാദി നെല്ലുൽപാദക സംഘം, രജി. നം. കെ. 192/93, ഏനാദി പി.ഒ., കുലശേഖരമംഗലം വഴി, വൈക്കം, കോട്ടയം, പിൻ - 686 608 | കെ. 1072/93 | 72 | 5, 6 |

*അവലംബം : സെക്കൻററി ഡേറ്റാ കളക്ഷൻ*

## പട്ടിക 4

### കീടനാശിനികളുടെ വിവരം

| വർഷം | കീടനാശിനികളുടെ പേരുവിവരം | അളവ് | | കിലോഗ്രാം |
|---|---|---|---|---|
| | | ലിറ്റർ | മില്ലി | |
| 1993-94 | കിറ്റാസിൻ, സൈമെറ്റതോസ്, ഹിനോസാൻ, മോണോ ക്രോട്ടോ ഫോസ്, നുവാൻ, ഫിഷ് ഓയിൽ സോപ്പ്, മീതൈൽ പരാത്തിയോൺ, മലാത്തിയോൺ, ബി.എച്ച്.സി., കാർബറ്റാസിൻ, ഫുറഡാൻ, ഫോസ്ഫോമിൻ, സിങ്ക് ഫോസ്ഫേറ്റ് | 15 | 750 | 13.50 |
| 1994-95 | ക്യുനിൽ ഫോസ്, മലാത്തിയോൺ, ഫോസ്ഫോമിൻ, കാർബറ്റാസിൻ, മോണോക്രേട്ടോഫോസ്, ക്യുനോഫോസ്, ഫോസ്ഫോമിൻ, സിങ്ക് ഫോസ്ഫേറ്റ് | 12 | -- | 17.00 |
| 1995-96 | ഫോസ്ഫോമിൻ, കാർബറ്റാസിൻ, മോണോക്രോട്ടോഫോസ്, ക്യുനിൽ ഫോസ്, ക്യുനാ് ഫോസ്, മലാത്തിയോൺ, കാർബറ്റാസിൻ, കാർബറിൻ, ബ്രോൺ മെഡലോൺ | 6 | -- | 5.00 |

*അവലംബം : സെക്കൻററി ഡേറ്റാ കളക്ഷൻ*

# മൃഗസംരക്ഷണം

ഒരു കാർഷിക ഗ്രാമമാണ് ചെമ്പ് ഗ്രാമപഞ്ചായത്ത്. കൃഷി, മത്സ്യബന്ധനം, കാലിവളർത്തൽ, തുടങ്ങിയവയാണ് ജനങ്ങളുടെ മുഖ്യതൊഴിൽ. പാൽ ഉല്പാദിപ്പിക്കുന്നതിന് മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സും ഒരു കാലത്ത് കന്നുകാലികൾ ആയിരുന്നു. വിളവെടുപ്പുകഴിഞ്ഞ നെൽപ്പാടങ്ങൾ കന്നുകാലികളുടെ മേച്ചിൽസ്ഥലങ്ങളായി ഉപയോഗിച്ചിരുന്നു. നെൽകൃഷിക്കുവേണ്ടിയുള്ള ജോലികൾ കഴിഞ്ഞാൽ കർഷകർ കൂടുതൽ സമയവും കാലിസംരക്ഷണത്തിനുവേണ്ടിയാണ് വിനിയോഗിച്ചിരുന്നത്. കാലിത്തീറ്റകൾ വിലയ്ക്കുവാങ്ങി ഉപയോഗിച്ചിരുന്നില്ല. നാടൻ ഇനങ്ങളെയാണ് കൂടുതലായി വളർത്തിയിരുന്നത്. നാട്ടിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാൽ, മുട്ട മുതലായവ നാട്ടിൽ തന്നെ ഉപയോഗിച്ചിരുന്നു.

കാർഷിക മേഖലയിൽ വന്ന ഭൂവുടമാസമ്പ്രദായങ്ങളിലും കൃഷിരീതിയിലും, ഭൂവിനയോഗരീതികളിലും സംഭവിച്ച മാറ്റങ്ങൾ കാലിവളർത്തൽ മേഖലയിലും പ്രതിഫലിച്ചിട്ടുണ്ട്. ഇന്നും ഭൂരിപക്ഷം കർഷകകുടുംബങ്ങളിലും പശു, ആട്, എരുമ, തുടങ്ങിയ വളർത്തു മൃഗങ്ങളേയും കോഴി, താറാവ് എന്നിവയേയും വളർത്തുന്നുണ്ടെങ്കിലും ഇത് മുഖ്യതൊഴിലായി സ്വീകരിച്ചവർ കുറവാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് നാടൻ ജനുസ്സിൽപ്പെട്ട കന്നുകാലികൾ താരതമ്യേന അപ്രത്യക്ഷമായിക്കൊണ്ടിരിക്കയാണ്. സങ്കരഇനത്തിൽപ്പെട്ടതും അത്യുല്പാദനശേഷിയുമുള്ള കറവമാടുകളെയാണ് കൂടുതലായി വളർത്തുന്നത്. തന്മൂലം കാലികളുടെ തീറ്റക്രമത്തിലും പരിചരണത്തിലും സാരമായ മാറ്റം ഉണ്ടാകുകയും ഉല്പാദനച്ചെലവ് ഗണ്യമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ മൂന്ന് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ ഇനംതിരിച്ചുള്ള വിവരങ്ങൾ താഴെ പറയുംവിധമാണ്. (അവലംബം : സെക്കൻററി ഡേറ്റ)

| | |
|---|---|
| പശു - നാടൻ | 470 എണ്ണം |
| പശു സങ്കരം | 3079 |
| എരുമ | 123 |
| ആട് | 1385 |
| പന്നി | 214 |
| പട്ടി | 750 |
| കോഴി | 17854 |
| താറാവ് | 2067 |

മേൽക്കാണിച്ച പട്ടികയിൽ നിന്നും പ്രകടമാകുന്ന വിവരം സങ്കരഇനത്തിൽപ്പെട്ട കാലികളെയാണ് കൂടുതലായി വളർത്തുന്നത് എന്നാണ്. ഭൂരിപക്ഷം കർഷക

കുടുംബങ്ങളിലും കോഴികളേയും ചുരുക്കം ചിലർ താറാവിനേയും വളർത്തുന്നുണ്ട്. ഈ പ്രദേശത്തെ സാധ്യതകൾ കണക്കിലെടുത്താൽ മൃഗസംരക്ഷണ മേഖല ഇനിയും വ്യാപകമാക്കേണ്ടിയിരിക്കുന്നു.

മൃഗസംരക്ഷണരംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനം കാട്ടിക്കുന്ന് മൃഗാശുപത്രിയാണ്. ഇതു കുടാതെ ഒരു കൃത്രിമ ബീജദാനകേന്ദ്രം ബ്രഹ്മമംഗലത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ മൃഗാശുപത്രിയുടെ സേവനം 5,6,7,8,9, എന്നീ വാർഡുകളിലുള്ള കർഷകർക്ക് ലഭിക്കുന്നില്ല. ഈ വാർഡുകളിലുള്ളവർ കാലികൾക്ക് രോഗം വന്നാൽ വളരെ അകലെയുള്ള ആമ്പല്ലൂർ പഞ്ചായത്തിലുള്ള കുലയറ്റിക്കരയിലെ മൃഗാശുപത്രിയെയാണ് ആശ്രയിക്കുന്നത്. സമയത്തിന് ചികിത്സകിട്ടാതെ കാലികൾ ചാവുന്ന സാഹചര്യവും ഇതുമൂലം ഉണ്ടാകാറുണ്ട്. പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിൽ ഒരു മൃഗാശുപത്രി കൂടി സ്ഥാപിച്ചാലേ ഇതിന് പരിഹാരമാകുകയുള്ളു.

ഈ പഞ്ചായത്തിലെ കന്നുകാലികൾക്ക് സാധാരണ കണ്ടുവരുന്ന രോഗങ്ങൾ ദഹനസംബന്ധമായവ, ശ്വാസകോശസംബന്ധമായവ, ഉപാപചയസംബന്ധം, ത്വക്ക്രോഗങ്ങൾ, ധാതുലവണങ്ങളുടെ അഭാവം, പരാദരോഗങ്ങൾ, പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ, വന്ധ്യത, അകിടുവീക്കം, മുടന്തൻ പനി, എന്നിവയാണ്. ഇതിൽ ദഹനസംബന്ധമായും ശ്വാസകോശസംബന്ധമായും ധാതുവലണങ്ങളുടെ അഭാവം, അകിടുവീക്കം, പരാദരോഗങ്ങൾ എന്നിവയാണ് കൂടുതലുള്ളത്. കോഴികളിൽ കോഴിവസന്തയും പരാദരോഗവും വ്യാപകമായികാണപ്പെടുന്നു.

ഈ പഞ്ചായത്തിലുള്ള പട്ടികളിൽ ഏകദേശം 30% നുമാത്രമേ പ്രതിരോധ കുത്തിവെയ്പ് എടുത്തിട്ടുള്ളു. പേവിഷബാധ ഒഴിവാക്കുന്നതിന് പ്രതിരോധകുത്തിവെയ്പും ലൈസെൻസിംഗും നിർബന്ധിതമാക്കേണ്ടതാണ്. അതുപോലെതന്നെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കാനുള്ള നടപടികൾ പഞ്ചായത്തിൽ നിന്നും സ്വീകരിക്കണം. മുഖ്യമായും കൗതുകത്തിനുവേണ്ടിയാണ് ചുരുക്കം ചില വീടുകളിലെങ്കിലും മുയലിനെ വളർത്തുന്നത്. എന്നാൽ പ്രത്യുല്പാദനനിരക്ക് കൂടുതലായതുകൊണ്ട് ഇറച്ചി ആവശ്യത്തിന് മുയൽവളർത്തുന്നത് ലാഭകരമായിരിക്കും.

കന്നുകാലി വളർത്തലിൻെറ മുഖ്യപ്രശ്നം തീറ്റച്ചെലവിൻെറ അമിതവർദ്ധനയാണ്. ഈ രംഗത്തുള്ള കർഷകന് താങ്ങാനാവാത്തവിധം കാലിത്തീറ്റയുടെ വില വർദ്ധിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ രംഗത്തുള്ള കർഷകരിൽ പലരും ഈ രംഗം വിടുന്ന പ്രവണത കണ്ടുവരുന്നു. കറവപ്പശുക്കളേയും മറ്റും വളർത്തുന്നവരിൽ ബഹുഭൂരിപക്ഷവും കർഷകത്തൊഴിലാളികളും, പരിമിതകൃഷിക്കാരുമാണ് ഗുണമേന്മയുള്ള തീറ്റപ്പുൽകൃഷി ചെയ്യുന്ന സമ്പ്രദായവും വ്യാപകമായി നിലവിൽവന്നിട്ടില്ല. സങ്കരയിനം കന്നുകാലികളെ വളർത്തുന്നതിന് നല്ല ശ്രദ്ധയും പരിചരണമുറകളും വേണം ഇതിന് കർഷകർക്ക് പരിശീലനവും ശാസ്ത്രീയ അറിവുകളും കൂടിയേ തീരൂ. ഇതിനുള്ള സംവിധാനവും ഒരുക്കേണ്ടിയിരിക്കുന്നു.

അതുകൊണ്ട് കാലിത്തീറ്റയും കോഴിത്തീറ്റയും നല്ല ഇനം പശുക്കളുടേയും കോഴികളുടെയും ലഭ്യതയും പഞ്ചായത്തടിസ്ഥാനത്തിൽ സൗകര്യപ്പെടുത്തുന്നതിന് ഉള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടുന്ന ധനസഹായം പഞ്ചായത്തിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകേണ്ടിയിരിക്കുന്നു.

ഇനി വേറൊരു പ്രശ്നം ഉല്പന്നങ്ങളുടെ വിപണനമാണ്. ചെമ്പു പഞ്ചായത്തിൽ മൂന്ന് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ബ്രഹ്മമംഗലം ക്ഷീരോല്പാദക സഹകരണസംഘത്തിൽ 377 (മുന്നൂറ്റി എഴുപത്തി ഏഴ്) ലിറ്ററും കാട്ടിക്കുന്നിൽ 200 (ഇരുന്നൂറ്) ലിറ്ററും ചെമ്പ് ക്ഷീരോല്പാദക സഹകരണ സംഘത്തിൽ 300 ലിറ്റർ പാലുമാണ് പ്രതിദിനം വാങ്ങുന്നത്. സഹകരണ സംഘങ്ങൾ സംഭരിക്കുന്ന പാലിൽ ഏതാണ്ട് പകുതി ഭാഗം പ്രാദേശികമായിതന്നെ വിപണനം നടത്തുന്നു. പാലിൻെറ കൊഴുപ്പിൻെറ അടിസ്ഥാനത്തിലാണ് കൃഷിക്കാർക്ക് പാലിന് വിലനൽകുന്നത്. സാധാരണ ലിറ്ററിന് 8.50 രൂപ കൂടിയ വില ഒരിക്കലും കർഷകന് ലഭിക്കാറില്ല. ഉല്പാദന ച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ വില അപര്യാപ്തമാണ്. സഹകരണ സംഘങ്ങൾ മുഖേന കാലിത്തീറ്റകൃഷിക്കാർക്ക് നൽകിവരുന്നു. എന്നാൽ എല്ലാ കൃഷിക്കാർക്കും ആവശ്യമായ അളവിൽ കാലിത്തീറ്റ ലഭിക്കാറില്ല.

മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏത്

പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ കുടുതൽ സമ്പുഷ്ടമാക്കുന്നതാണ്. ഈ മേഖലയിലേക്ക് കടന്നു വരുവാനുള്ള വിമുഖത, പെരുകുന്ന ഉല്പാദനച്ചെലവ്, തീറ്റപ്പുൽകൃഷിയിലുണ്ടായ മാന്ദ്യത കാലിത്തീറ്റയുടെ ലഭ്യതക്കുറവ് തുടങ്ങിയവയാണ് ഈ രംഗത്ത് ഇന്നനു ഭവപ്പെടുന്ന പ്രധാനപ്രശ്നങ്ങൾ. കോഴികൾക്കും കാലികൾക്കും വേണ്ട കാലിത്തീറ്റ ഉല്പാദിപ്പിക്കാനുള്ള പുതിയ സംരംഭങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലക്കുടുതൽ
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
3. പാലിൻെറ വില അപര്യാപ്തത
4. പാൽ വിപണന സൗകര്യക്കുറവ്.
5. മൃഗാശുപത്രിയിൽ കന്നുകാലികളെ ചികിത്സിക്കുന്നതിന് രോഗനിർണ്ണയ സംവിധാനങ്ങളുടെ അപര്യാപ്തത.
6. നടപ്പ് സർക്കാർ പദ്ധതികളെക്കുറിച്ച് അറിവില്ലായ്മ.
7. കോഴിവളർത്തൽ വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്നില്ല.
8. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്.
9. മൃഗപരിപാലനം, രോഗപ്രതിരോധം, എന്നിവയെക്കുറിച്ച് കർഷകരുടെ അജ്ഞത.
10. മാതൃകാകാലിത്തൊഴുത്തുകളുടെ അഭാവം.

## സാദ്ധ്യതകൾ

1. നിലവിലുള്ള മൃഗാശുപത്രിയുടെ ഭൗതികസാഹചര്യങ്ങളും രോഗനിർണ്ണയ സംവിധാനങ്ങളും മെച്ചപ്പെടുത്തുകയും മൃഗചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും ചെയ്യുക.
2. സഹകരണാടിസ്ഥാനത്തിൽ ചെറിയകാലിത്തീറ്റ നിർമ്മാണയൂണിറ്റുകൾ സ്ഥാപിച്ച് സൊസൈറ്റി മുഖേന കുറഞ്ഞവിലയ്ക്ക് കാലിത്തീറ്റകർഷകർക്ക് ലഭ്യമാക്കുക.
3. തീറ്റപ്പുൽകൃഷി വ്യാപകമാക്കുക.
4. തൊഴുത്തുനിർമ്മിക്കുന്നതിനും അത്യുല്പാദനശേഷിയുള്ള കന്നുകാലികളെ വളർത്തുന്നതിനും സാമ്പത്തിക സഹായം ലഭ്യമാക്കുക.
5. രോഗപ്രതിരോധനടപടികളുടെ ആവശ്യകതയെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും കർഷകരെ ബോധവല്ക്കരിക്കുക.
6. സൊസൈറ്റിമുഖേനയുള്ള മൃഗസംരക്ഷണവകുപ്പിൻെറ കന്നുകുട്ടി പരിപാലന പദ്ധതിയുടെ പ്രയോജനം കുടുതൽ കർഷകർക്ക് ലഭ്യമാക്കുക.
7. പഞ്ചായത്തിൻെറയും ധനകാര്യസ്ഥാപനങ്ങളുടെയും സഹായത്തോടുകുടി താഴെപറയുന്ന സ്കീമുകൾ നടപ്പാക്കാവുന്നതാണ്.
    1. മിനി ഡയറി യൂണിറ്റുകൾ : കർഷകത്തൊഴിലാളികളെയും, വീട്ടമ്മമാരേയും പങ്കെടുപ്പിച്ചുകൊണ്ട് സൗകര്യമുള്ള വീടുകളിൽ നല്ലയിനം മൂന്നോ നാലോ അത്യുൽപാദനശേഷിയുള്ള പശുക്കൾ അടങ്ങുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.
    2. DWCRA പദ്ധതിപ്രകാരം 10 വനിതകളെ സംഘടിപ്പിച്ച് ധനസഹായത്തോടെ പശുക്കളെ വളർത്തുക.
    3. കിടാരി വളർത്തൽ യൂണിറ്റ് : സങ്കരയിനം കന്നുകുട്ടികളെ തെരഞ്ഞെടുത്ത് പ്രത്യുല്പാദനശേഷി കൈവരിക്കുന്നതുവരെ ശാസ്ത്രീയമായി പരിപാലിക്കുക. അതിന് ആവശ്യമായിട്ടുള്ള കാലിത്തീറ്റയും മരുന്നുകളും കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക.
    4. വനിതാസംരംഭകർക്ക് ആടുവളർത്തൽ യൂണിററുകൾ ആരംഭിക്കുവാൻ വേണ്ടത്ര ധനസഹായവും പ്രോത്സാഹനവും നൽകുക.
    5. കർഷകൻെറ പറമ്പിൽ തന്നെ പോഷകഗുണമുള്ള തീറ്റപ്പുൽകൃഷി ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുകയും ക്ഷീരസംഘങ്ങൾ വഴി പുൽവിത്ത്, പുൽക്കട തുടങ്ങിയവ ലഭ്യമാക്കുക.
    6. പഞ്ചായത്തിലെ അത്യുല്പാദനശേഷിയുള്ള എല്ലാ പശുക്കളേയും ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവരുകയും ഇതിലേയ്ക്ക് വേണ്ടി

വരുന്ന തുക ഭാഗികമായി പഞ്ചായത്തിൽനി ന്നും വഹിക്കുക.

7. പഞ്ചായത്തിൽ ക്ഷീരവിപണനത്തിന് ബുദ്ധി മുട്ടുന്ന സ്ഥലങ്ങളിൽ സ്വതന്ത്രസംഘങ്ങളോ, നിലവിലുള്ള സംഘങ്ങളുടെ കളക്ഷൻ സെൻററുകളോ തുടങ്ങണം.

8. 5-ാം വാർഡിൽ (തുരുത്തുമ്മയിൽ) ഒരു ICDR സെൻറർ സ്ഥാപിക്കുക.

9. വീട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹി പ്പിക്കുന്നതിന് നല്ലയിനം കോഴിക്കുഞ്ഞുങ്ങ ളെ ലഭ്യമാക്കുക.

10. മുട്ടക്കോഴി വളർത്തൽ വ്യാപകമാക്കുന്നതി നായി പഞ്ചായത്തിൽ എഗ്ഗർനഴ്സറികളോ, ഹാച്ചറികളോ സ്ഥാപിക്കുക.

11. പഞ്ചായത്തിൻെറ സഹകരണത്തോടെ വർ ഷംതോറും കന്നുകാലി പ്രദർശനവും വന്ധ്യ താപരിശോധനാക്യാമ്പും വാക്സിനേഷൻ ക്യാമ്പും സംഘടിപ്പിക്കുക.

12. പന്നിവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

13. സമഗ്ര പേ വിഷ നിർമ്മാർജ്ജനവും ലൈ സെൻസിംഗും നിർബന്ധിതമാക്കുകയും തെരു വുനായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.

14. നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്ര യോജനപ്പെടുത്തി താറാവുകൃഷി വ്യാപകമാ ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

### മൃഗസംരക്ഷണ വകുപ്പിൽനിന്നും നൽകിയ ആനുകൂല്യങ്ങളുടെ പട്ടിക

ചെമ്പ് പഞ്ചായത്ത് ദ്വിതീയ സ്ഥിതിവിവര ശേഖരണം

| വർഷം | നൽകിയ പദ്ധതി | കുടുംബങ്ങളുടെ എണ്ണം | മൊത്തം |
|---|---|---|---|
| 1994 | കോഴി | 333 | 1000 |
| | പന്നി യൂണിറ്റ് | 7 | 14 |
| 1994-95 | താറാവ് | 10 | 500 |
| | കോഴി | 30 | 180 |
| 1995-96 | ആട് | 29 | 29 |
| | പന്നി യൂണിറ്റ് | 1 | 6 |
| 1996-97 | കോഴി | 40 | 400 |
| | താറാവ് | 30 | 300 |

# മത്സ്യബന്ധനം

ചെമ്പു ഗ്രാമപഞ്ചായത്തിൽ 3'/₂ കിലോമീറ്റർ നീളത്തിൽ വേമ്പനാട്ടു കായലിന്റെ തീരം സ്ഥിതി ചെയ്യുന്നു. മുവാറ്റുപുഴ ആറ് 5 കിലോമീറ്റർ ദൈർഘ്യത്തിൽ കടന്നു പോകുന്നു. മുവാറ്റുപുഴ ആർ പഞ്ചായത്തിനെ രണ്ടായി വേർതിരിയ്ക്കുന്നു. വേമ്പനാട്ടു കായലിൽ മൂവാറ്റുപുഴ ആർ പതിക്കുന്ന സംഗമസ്ഥാനവും പഞ്ചായത്തിലാണ്. ഊന്നി വല, ചീനവല, ഒഴുക്കു വലകൾ ചൂണ്ട എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചു മീൻ പിടിക്കുന്നു. ചൂണ്ട ഉപയോഗിച്ചു 4 പേർ മീൻ പിടിക്കുന്നു. 365 ദിവസവും മത്സ്യം പിടിക്കുന്നവരുമുണ്ട്.

## ജനജീവിതം ജലാശയം

പഞ്ചായത്തിന്റെ 5-ാം വാർഡ് നാല് വശവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നു. അതുപോലെ കൃഷ്ണൻ തുരുത്ത്, പൂക്കൈത, ശാസ്താം തുരുത്ത്, നടുതുരുത്ത്, കാട്ടിക്കുന്ന് തുരുത്ത്, എന്നീ ജനവാസ കേന്ദ്രങ്ങൾക്ക് ചുറ്റും ജലാശയം സ്ഥിതിചെയ്യുന്നു.

## ജലാശയത്തിന്റെ സ്വാധീനം

പഴമയുടെ പ്രതീകവും, ആസൂത്രണത്തിന്റെ ഉരകല്ലുമായ പ്രസിദ്ധമായ തോടുകളും പഞ്ചായത്തിലുണ്ട്. മത്തുങ്കൽതോട്, വൈപ്പശ്ശേരിൽ, കാട്ടാംപള്ളി തോട്, മാളികയിൽ തോട്, കൂമ്പേൽ തോട്, വലിയ തോട്, കണിയാൻ തോട്, ഓലിതോട്, ചാലുങ്കൽ ചാല്, ചെറുതുരുത്ത് - കാരമാതറതോട്, അറുപതിൽ തോട് മുക്കത്തുതോട്, മൂലേചിറതോട്, കോണത്തു തോട് അനുഗ്രഹീതമായി നിലകൊള്ളുന്നു.

## പൊതുകുളങ്ങൾ

പനങ്ങാവിൽ ക്ഷേത്രക്കുളം, ബ്രഹ്മംഗലം അമ്പലക്കുളം, വേലന്റെ കുളം, കോതകുളം, കണ്ടൻ കുളങ്ങര കുളം, കാണികാട്ടു കുളം എന്നീ കുളങ്ങൾ പ്രസിദ്ധവും പഴമപേറുന്നതുമാകുന്നു.

സ്വകാര്യ വ്യക്തികളിലായി 96 കുളങ്ങൾ പഞ്ചായത്തിലുണ്ട്.

കുളങ്ങൾ

| | |
|---|---|
| പൊതുകുളങ്ങൾ | 6 എണ്ണം |
| സ്വകാര്യകുളങ്ങൾ | 96 എണ്ണം |
| ആകെ കുളങ്ങൾ | 102 എണ്ണം |

മത്സ്യത്തൊഴിലാളികൾ

| ഇനം | എണ്ണം | |
|---|---|---|
| മത്സ്യബന്ധനം | 1475 | ആൺ |
| മത്സ്യക്കച്ചവടം | 816 | പെൺ |
| മത്സ്യവിപണനം | 7 | പെൺ |

25 വർഷം മുമ്പ് സീസൺ കാലങ്ങളിൽ ചെമ്മീനും, കൊഞ്ചും, ധാരാളംലഭിക്കുമായിരുന്നു. നാരൻ ചെമ്മീൻ അപൂർവ്വ വസ്തുവായി. ഇവയുടെ ലഭ്യതയിൽ വലിയ കുറവുവന്നിട്ടുണ്ടായതായി കാണാം.

മത്സ്യബന്ധനോപകരണം

| നമ്പർ | ഇനം | എണ്ണം | ആൺ/പെൺ |
|---|---|---|---|
| 1. | ഊന്നിവല | 216 | ആൺ |
| 2. | ചീനവല | 40 | ആൺ |
| 3. | ഒഴുക്ക്‌വല | 445 | |
| 4. | ചൂണ്ട | 4 | |
| 5. | വള്ളം | 240 | |

മത്സ്യം പിടിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു. മത്സ്യത്തിൻെറ ഉല്പാദനത്തിൽ കുറവുണ്ടായിട്ടുള്ളത് കടുത്ത തൊഴിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു.

ജനുവരി മുതൽ ഏപ്രിൽ വരെ കായൽ മത്സ്യബന്ധനത്തിൻെറ മെച്ചപ്പെട്ടകാലമാണ്.

ഊന്നിവല മത്സ്യബന്ധനം പഞ്ചായത്തിൽ വലിയ പ്രതിസന്ധി അഭിമുഖീകരിക്കുന്നു.

## മത്സ്യമേഖലയിൽ പ്രവർത്തിച്ചിരുന്ന സൊസൈറ്റികൾ ലിക്വിഡേഷനുകൾ

1959-ൽ 1099-ാം നമ്പർ മത്സ്യ ഉല്പാദക സഹകരണ സംഘം സ്ഥാപിതമായി. ഫിഷിംഗ് ബോട്ട് രണ്ടെണ്ണം ലഭിച്ചു. 1947-ൽ 117-ാം നമ്പർ മത്സ്യ ഉല്പാദക സഹകരണ സംഘം രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു. ഒരു ഫിഷിംഗ് ബോട്ട് അനുവദിച്ചു കിട്ടി.

കെടുകാര്യസ്ഥതമൂലം പ്രസ്തുത സംഘങ്ങൾ നഷ്ടത്തിലായി ലിക്വിഡേറ്റു ചെയ്യപ്പെട്ടു. സംസ്ഥാനത്താകെ ഈ സംരംഭം തകർച്ചയിലാകുകയാണ് ഉണ്ടായത്.

## പുതിയസംഘം

1991-ൽ ചെമ്പ് ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണസംഘം (F(K)60) രജിസ്റ്റർ ചെയ്തു. കാര്യക്ഷമമായ പ്രവർത്തനത്തിന് സർക്കാർ സഹായം ലഭിച്ചിട്ടില്ല.

അരനമ്പർ, ഒന്നാംമ്പർ, 2-ാംനമ്പർ എന്നീ നൈലോൺ നൂൽകൊണ്ട് നിർമ്മിക്കുന്ന വലയാണ് മത്സ്യബന്ധനത്തിന് ഏറെപേർ ഉപയോഗിക്കുന്നത്.

ഐസ് ഫാക്ടറി ഒന്നുംതന്നെയില്ല. ഐസ് ആവശ്യമുള്ള ഏരിയായാണ്.

മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നത് എറണാകുളത്തുള്ള മത്സ്യഫെഡിൻെറ നെററ് ഫാക്ടറിയിൽനിന്നും പ്രൈവറ്റ് കമ്പനികളിൽ നിന്നുമാണ്. നാടൻ വള്ളങ്ങളാണ് മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നത്.

## വിൽപന കേന്ദ്രങ്ങൾ

പഞ്ചായത്തിൽ 4 മത്സ്യ വിൽപന കേന്ദ്രങ്ങൾ ഉണ്ട്. നാലും പഞ്ചായത്ത് വക സ്ഥലത്താണ് പ്രവർത്തിക്കുന്നത്. റോഡുവക്കിൽ മത്സ്യവിൽപന കാണാറില്ല. എന്നാൽ സ്ത്രീകൾ മത്സ്യം ചരുവത്തിൽ നിറച്ച് വീടുകൾ തോറും മത്സ്യം വിൽക്കുന്നു. വേമ്പനാട്ടു കായലിൽ 6 മാസം ഉപ്പു വെള്ളവും, 6 മാസം ഉപ്പില്ലാത്ത വെള്ളവുമാണ്. മൂവാറ്റുപുഴ ആറ്റിൽ 12 മാസവും മലിന ജലവുമാണ്. (എച്ച്.എൻ.എല്ലിൻെറ മലിനീകരണം).

ഓര് ജലമത്സ്യ കൃഷിയും, ശുദ്ധജലമത്സ്യ കൃഷിയും വളരെയധികം സാദ്ധ്യതയുണ്ട്. ഈ രംഗത്ത് പുരോഗതി ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

പാടശേഖരങ്ങളിലും, തോടുകളിലും മത്സ്യകൃഷിയും, കൊഞ്ചുകൃഷിയും വൻസാദ്ധ്യതകൾ ഉണ്ട്. വെള്ളൂർ എച്ച്.എൻ.എൽ-ൽ നിന്നും ഇറക്കിവിടുന്ന മലിനജലം ഈ വൻ സാദ്ധ്യതയ്ക്ക് ഭീഷണിയാണ്.

തണ്ണീർമുക്കം ബണ്ടിൻെറ ഷട്ടർ ഡിസംബർ മുതൽ ഏപ്രിൽ വരെ താഴ്ത്തുന്നതിനാൽ വേലിയേററവും ഇറക്കവും നടക്കാതെ വരുന്നത് കായലിൽ മത്സ്യം ഇല്ലാതാകുന്നു. ഈ മാസങ്ങളിൽ തൊഴിലാളികൾ തൊഴിലില്ലായ്മ (2 മാസം) അനുഭവിക്കുന്നു.

ചെമ്പു പഞ്ചായത്തിൽ കായൽ പുറമ്പോക്ക് 915 പേർക്ക് 1971-ൽ പതിച്ചു നൽകി. അന്നുമുതൽ വിവാദമാണ്. 1988-ൽ 61 ലക്ഷം ക. മുടക്കി റിക്ലമേഷൻ പദ്ധതി സർക്കാർ പ്രഖ്യാപിച്ചു. പണി ആരംഭിച്ചു. തൊ

ഴിലാളി സമരം ശക്തിപ്പെട്ടു. പദ്ധതി ഉപേക്ഷിച്ചു.

വിവിധ പഞ്ചായത്തുകളിലെ പട്ടയ ഉടമകൾക്ക് അതാത് പഞ്ചായത്തുകളിലും പകരം സംവിധാനം ഉണ്ടാക്കുക. രേഖ ക്യാൻസൽ ചെയ്തു കായൽ സംരക്ഷണം ഉറപ്പുവരുത്തുക.

ചെമ്പു പഞ്ചായത്തിൽ 1, 2, 3, 4, 9 എന്നീ വാർഡുകളിലാണ് മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്നത്. 99% പേർക്കും കുടികിടപ്പവകാശമായും പുറമ്പോക്ക് ഭൂമികളിൽ വീടുവെച്ചു താമസിച്ചതും പ്രകാരവും പട്ടയം സിദ്ധിച്ചവരാണ്. ഈ തൊഴിലാളി കുടംബങ്ങളിൽ ഭൂരിപക്ഷം വീടുകളിലും ഒന്നിലധികം കുടുംബങ്ങൾ അടങ്ങുന്നതാണ്. പാർപ്പിട പ്രശ്നം രൂക്ഷമാണ്. വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നീ കാര്യങ്ങളിൽ പിന്നോക്കമാണ്. വിദ്യാഭ്യാസത്തിന് സ്കൂൾ സൗകര്യം മെച്ചമാണെങ്കിലും മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചമല്ല. ഉന്നതവിദ്യാഭ്യാസ രംഗത്തും കുട്ടികൾ ഉയർന്നുവരുന്നില്ല. മത്സ്യഫെഡ് സ്ഥാപിതമായെങ്കിലും യാതൊരുവിധ ആനുകൂല്യങ്ങളും ഈ പഞ്ചായത്തിൽ ലഭിച്ചിട്ടില്ല. വള്ളം, വല, കച്ചവടം, സംസ്കരണം, വിപണനം എന്നീ കാര്യങ്ങൾക്ക് എൻ.സി.ഡി.സി ഫണ്ട് അനുവദിക്കണം.

### തീരസംരക്ഷണം

കായലിന്റെയും, ആറിന്റെയും തീരങ്ങൾ വെള്ളച്ചാട്ടത്തിലും, തിരമാല കരയിലടിച്ചും ഉണ്ടാകുന്ന മണ്ണൊലിപ്പും തടയാൻ സംരക്ഷണ നടപടി ആവശ്യമാണ്. കായൽ തീരം മൂന്നു കിലോമീറ്റർ നീളത്തിലും ആററുതീരം 17 കി.മി. നീളത്തിലും കല്ലുകെട്ടി സംരക്ഷിക്കേണ്ടതാണ്.

### പുരോഗതി

ഐ.അർ.ഡി.പി പദ്ധതി വിവിധ സ്ഥാപനങ്ങളിലൂടെ വായ്പകൾ ലഭ്യമാക്കി വള്ളവും വലയും വാങ്ങുവാനും സാധിച്ചിട്ടുണ്ട്. തന്മൂലം 40%-ത്തോളം കുടുംബങ്ങൾക്ക് മത്സ്യബന്ധനോപകരണങ്ങൾ സ്വന്തമായിട്ടുണ്ട്. ഭൂപരിഷ്കരണത്തെ തുടർന്ന് 1980-ൽ സ്ഥാപിതമായ കേരളാ ഫിഷർമെൻ വെൽഫെയൽ കോർപറേഷൻ ഭവനപദ്ധതി, പുനരധിവാസ ഭവന നിർമ്മാണ പദ്ധികളിലൂടെ 80% കുടുംബങ്ങളും ഓടുമേഞ്ഞ വീടുകളുടെ ഉടമകളാണ്.

### പ്രധാന പ്രശ്നങ്ങൾ

1. ലഭിക്കുന്ന മത്സ്യം കച്ചവടം ചെയ്യുന്നതിനുള്ള ആധുനിക രീതിയിലുള്ള ലാൻറിംഗ് സെൻററിന്റെ അഭാവം.
2. മത്സ്യബന്ധനോപകരണങ്ങൾ അടുത്തു ലഭിക്കാൻ സംവിധാനമില്ല.
3. രാത്രികാല മത്സ്യബന്ധനങ്ങളിലേർപ്പെടുന്നവർക്ക് ദിക്കറിയുവാൻ സംവിധാനമില്ല.
4. അനുയോജ്യമായ പാടശേഖരങ്ങളിലും കുളങ്ങളിലും മത്സ്യകൃഷിയും, ചെമ്മീൻകൃഷിയും നടക്കുന്നില്ല.
5. മത്സ്യ വിപണനത്തിന് ആധുനിക രീതിയിലുള്ള പൊതുസംവിധാനമില്ല.
6. മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങളിൽ പരിസര ശുചിത്വത്തിന്റെ ഗൗരവമേറിയ പ്രശ്നങ്ങൾ ഉണ്ട്. വീട്ടുമുറ്റത്ത് വെള്ളം കെട്ടിക്കിടക്കുക, കക്കൂസുകളുടെ അഭാവം എന്നിവ.
7. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വ്യത്യസ്ഥ തൊഴിൽ പരിചയക്കുറവ്.
8. പുഴയിലും മറ്റ് ഉൾനാടൻ ജലാശയങ്ങളിലും കണ്ടു വരുന്ന മത്സ്യരോഗം.
9. കായലോര പ്രദേശത്ത് വള്ളങ്ങൾ സൂക്ഷിക്കുവാൻ കൽക്കുളങ്ങൾ ഇല്ലാത്തത്.

### വംശനാശഭീഷണി നേരിടുന്നവ

കാര ചെമ്മീൻ

കറൂപ്പ്

ചെമ്പല്ലി

കാളാഞ്ചി

### സാദ്ധ്യതകൾ

1. മുറിഞ്ഞപുഴ ലാൻറിംഗ് സെൻറർ ആധുനിക രീതിയിൽ പണികഴിപ്പിക്കുക. (1991ലെ എസ്റ്റിമേറ്റ്)

2. ചെമ്മീൻകുഞ്ഞ് ഉൽപാദന കേന്ദ്രം സ്ഥാപിക്കണം.

3. മത്സ്യബന്ധനോപകരണങ്ങളുടെ വിപണന കേന്ദ്രം സ്ഥാപിക്കുക.

4. മത്സ്യത്തൊഴിലാളി വികസന ക്ഷേമ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുക.

5. അറാതുകരി പാടശേഖരം, കുടന്റെകരി, ഏനാദി പാടശേഖരങ്ങളിൽ കൊഞ്ചുകൃഷിയും മത്സ്യകൃഷിയും നടപ്പിലാക്കാവുന്നതാണ്.

6. മത്സ്യ ഉൽപാദനത്തെ മുൻനിർത്തി സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

7. മത്സ്യ വിപണനത്തിന് കോൾഡു സ്റ്റോറേജ് സൗകര്യവും മത്സ്യ മാവേലിസ്റ്റോറും ആരംഭിക്കണം.

8. മത്സ്യരോഗങ്ങൾ സംബന്ധിച്ച് കൂടുതൽ പഠനവും, രോഗം തടയുവാൻ നടപടികളും സ്വീകരിക്കണം.

9. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുവാൻ ചെമ്മീൻ അച്ചാർ, കക്കായിറച്ചി അച്ചാർ തുടങ്ങുന്നതിനുള്ള വനിതാ സംഘങ്ങൾ രൂപീകരിക്കുക.

10. കായലുകളിലും ആറുകളിലും, ചാലുകളിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യോൽപാദനം വർദ്ധിപ്പിക്കുക.

11. ദേശീയ മത്സ്യ തൊഴിലാളി ക്ഷേമനിധിയിൽപ്പെടുത്തി 35,000 രൂപ വീതം ഭവന നിർമ്മാണത്തിനു നൽകുക.

12. മത്സ്യത്തൊഴിലാളി തിങ്ങിപ്പാർക്കുന്ന കേന്ദ്രങ്ങളിൽ കക്കൂസ് നിർമ്മാണ പദ്ധതി നടപ്പിലാക്കുക.

13. മത്സ്യവ്യാപാരത്തിന് ചെമ്പ് കേന്ദ്രീകരിച്ച് വനിതാ ബസ് സർവ്വീസ് ആരംഭിക്കുക.

14. യുവതീയുവാക്കൾക്ക് പി.എസ്.സി ടെസ്റ്റിനും ഇൻറർവ്യൂവിനും പോകുമ്പോൾ ടി.എ. നൽകുക.

15. വൃദ്ധ സൗഹൃദ ഭവനങ്ങൾ സ്ഥാപിക്കുക.

16. ഫിഷറീസ് ആശുപത്രി സ്ഥാപിക്കുക.

17. മത്സ്യത്തൊഴിലാളി മേഖലയിൽ 100 ഏക്കർ കായൽ തീരത്ത് കൽച്ചിറ കെട്ടി മത്സ്യം വളർത്തൽ പദ്ധതി ആരംഭിക്കുക.

18. വനിതാ ബാങ്കിന്റെ ബ്രാഞ്ച് ചെമ്പിൽ ആരംഭിക്കുക.

19. ചെമ്പു പഞ്ചായത്തിൽ മത്സ്യഭവൻ ആരംഭിക്കുക.

20. പുഴയരികിൽ പുല്ലു നീക്കം ചെയ്ത് കണ്ടൽ വെച്ചു പിടിപ്പിക്കുക.

21. മത്സ്യ ബന്ധനത്തിനാവശ്യമായ മണ്ണെണ്ണ പെർമിറ്റുകൾ നൽകുക.

22. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ മുഴുവൻ തൊഴിലാളികളെയും അംഗങ്ങളാക്കുക.

23. സമാശ്വാസ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ പദ്ധതികൾ പഞ്ചായത്തിനെ ഉൾപ്പെടുത്തണം.

| *മത്സ്യത്തിന്റെ പേര്* | *ലഭിക്കുന്ന സ്ഥലം* | *ലഭിക്കുന്ന അളവ്* |
|---|---|---|
| കരിമീൻ | കായൽ, പുഴ | 32 ടൺ |
| തിരുത | കായൽ | 1610 കിലോ |
| ചെറിയ കണമ്പ് | കായൽ | 3 ടൺ |
| സൂചി കൊഴുവ | കായൽ | 7 ടൺ |
| സിലോപ്യ | പുഴ | 1.5 ക്വിന്റൽ |
| വാക. വരാൽ | പുഴ | 1.5 ക്വിന്റൽ |
| ചെറുമത്സ്യങ്ങൾ | കായൽ, പുഴ | 4 ടൺ |
| തെള്ളി ചെമ്മീൻ | കായൽ | 5 ടൺ |
| നാരൻ | കായൽ | 3 ടൺ |
| ചൂടൻ | കായൽ | 4 ടൺ 110 കി. |
| കൊഞ്ച് | പുഴ | 6.5 ടൺ |
| കാര | കായൽ | 2 ടൺ |

അവലംബം : സ്ഥിതിവിവര ശേഖരണം

ഇതുകൂടാതെ പൂമീൻ, കട്ല, ചെമ്പല്ലി, കാളാഞ്ചി, പ്രാഞ്ഞിൽ, വറ്റ, കണ്ണി, മാലാൻ എന്നീ മത്സ്യങ്ങൾ കായലിൽനിന്നും, വാള, കാരി, മുഷി, പുല്ലൻ, കറൂപ്പ്, മഞ്ഞക്കുരി, ആരാൻ, ചെമ്പല്ലി, മലഞ്ഞിൽ തുടങ്ങിയ മത്സ്യങ്ങൾ പുഴയിൽനിന്നും ലഭിക്കുന്നു.

ചെമ്പ് പഞ്ചായത്തിൽ 4-ാം വാർഡിൽ 117 ഏക്കർ വിസ്തൃതിയുള്ള ഒരു ഫിഷ്ഫാം പ്രവർത്തിക്കുന്നു. പ്രസ്തുത ഫാം വക സ്ഥലം ഒരു സ്വകാര്യവ്യക്തിയുടെ അധീനതയിൽ ആയിരുന്നു. മത്സ്യത്തൊഴിലാളികൾ നടത്തിയ സമരത്തെത്തുടർന്ന് സർക്കാർ ഏറ്റെടുത്തു, മത്സ്യഫെഡിൻെറ കീഴിൽ ചെമ്പ് ഫിഷ് ഫാമിൻെറ പ്രവർത്തനം നടന്നുവരികയാണ്. 'മത്സ്യം വളർത്തൽ കേന്ദ്രം' എന്നാണറിയപ്പെടുന്നത്. എന്നാൽ 'ചെമ്മീൻ വാറ്റ്' സമ്പ്രദായമാണ് നടക്കുന്നത്. ഈ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്താൻ സർക്കാർ തലത്തിൽ ശ്രമം വേണം. മത്സ്യവും, കൊഞ്ചും വളർത്തുന്നതിന്, മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിക്കുന്നതിന് ഹാച്ചറി സ്ഥാപിക്കാവുന്നതാണ്. ചെമ്പ് ഫിഷ് ഫാമിൽ 1996 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ ലഭിച്ച മത്സ്യത്തിൻെറ കണക്ക് ചുവടെ ചേർക്കുന്നു.

| *മീൻ* | *കണക്ക്* | *ചെമ്മീൻ* | *കണക്ക്* |
|---|---|---|---|
| പൂമീൻ | 1396 | നാരൻ | 392 |
| കരിമീൻ | 205 | കാര | 59 |
| വറ്റ | 19 | ചൂടൻ | 297 |
| ചെമ്പല്ലി | 15 | തെള്ളി | 1054 |
| കൂരി | 11 | | |
| തിരുത | 13 | | |
| കാളാഞ്ചി | 16 | | |
| മറ്റിനം | 34 | | |

അവലംബം: ചെമ്പ് ഫിഷ് ഫാം രേഖകൾ

# വിദ്യാഭ്യാസം

ഏഴു പതിറ്റാണ്ടുകൾക്കുമുമ്പ്, രാജവാഴ്ചയുടെ കാലഘട്ടത്തിൽ ആയുധ പരിശീലനത്തിനായി സ്ഥാപിച്ച കളരികളിലൂടെയാണ് ചെമ്പിൻെറ അക്ഷരാഭ്യാസത്തിനു തുടക്കം കുറിച്ചത്. കണ്ണിമിറ്റത്ത് കുഴിവേലിൽ കുടുംബങ്ങളാണ് ഈ കളരികൾക്കു നേതൃത്വം വഹിച്ചിരുന്നത്. രാജകൊട്ടാരത്തിൽ പ്രവേശനം അനുവദിക്കപ്പെട്ടിരുന്ന ചെമ്പിലരയൻ ആദ്യക്ഷരം കുറിച്ചത് പ്രസ്തുതകളരിയിൽ വച്ചാണെന്നു ചില രേഖകളിൽ കാണുന്നു. ഗ്രാമത്തിൽ ആദ്യമായി ബി.എ. ബിരുദമെടുത്തത് കണ്ടത്തിൽ വർഗ്ഗീസ് ആയിരുന്നു. ഉത്തരപ്രദേശത്തുള്ള ബനാറസ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എസ്.സി. ബിരുദം നേടി നാട്ടുമ്പുറത്തെത്തിയ കെ.ജി. രാമപ്പണിക്കരെ ഒരു ഉത്സവാവേശത്തോടെയാണ് ഗ്രാമംവരവേല്പു നല്കി സ്വീകരിച്ചു ബഹുമാനിച്ചത്. കാലഘട്ടത്തിൻെറ വിളികേട്ട് പലപ്രദേശങ്ങളിലും "ആശാൻ പള്ളിക്കൂടങ്ങൾ ഉയർന്നു വന്നു. നിലത്തെഴുത്താശാന്മാർ എന്നറിയപ്പെട്ടിരുന്ന ഗുരുക്കന്മാരെ ഭയഭക്തി ബഹുമാനത്തോടെയാണ് ചെമ്പുപഞ്ചായത്തിലെ പഴയതലമുറയിൽപ്പെട്ടവർ ഇന്നും സ്മരിക്കുന്നത്; "കുടിപ്പള്ളിക്കൂടങ്ങൾ എന്നറിയപ്പെട്ടിരുന്ന ഈ സ്ഥാപനങ്ങളുടെ സ്മരണ അയവിറക്കുന്നത്. ഔപചാരിക വിദ്യാഭ്യാസത്തിനു യാതൊരു വിധ സൗകര്യവും ഇല്ലാതിരുന്ന കാലഘട്ടം! യാത്രാക്ലേശമവഗണിച്ചു വിദൂര പ്രദേശങ്ങളിലുള്ള വിദ്യാലയങ്ങളിൽ പോയിരുന്നവർതന്നെ വിരളമായിരുന്നു. "എയ്തോല വായിക്കണേനും നാരായം പിടിക്കണേനും ഐത്താരുന്നു" എന്ന വസ്തുത കൂടി കണക്കിലെടുക്കുമ്പോൾ അന്നു ലഭിച്ചിരുന്ന വിദ്യാഭ്യാസത്തിൻെറ ചിത്രം പൂർത്തീകരിക്കുവാൻ കഴിയും.

ഐത്താചരണം അതിൻെറ ഉച്ചകോടിയിൽ എത്തിനിന്ന കാലം! അതു കൊണ്ടാണല്ലോ സത്യാന്വേഷിയായ മഹാത്മാഗാന്ധി ഇവിടെവന്നു സത്യഗ്രഹസമരം അനുഷ്ഠിച്ചത്. ഐതിഹാസികമായ വൈക്കം സത്യഗ്രഹസമരചരിത്രം രചിച്ച വൈക്കം! ഇന്നത്തെ വൈക്കം താലൂക്കിൻെറ വടക്കെയറ്റത്താണു ചെമ്പു പഞ്ചായത്തിൻെറ സ്ഥാനം - ബ്രഹ്മമംഗലം, തുരുത്തുമ്മ, എനാദി, ചെമ്പ്, കാട്ടിക്കുന്നു എന്നീ ഗ്രാമങ്ങളെ 9 വാർഡുകളായി വിഭജിച്ചാണ് ചെമ്പുഗ്രാമപഞ്ചായത്തു രൂപീകരിച്ചിരിക്കുന്നത്. അഞ്ചു പതിറ്റാണ്ടുകൾക്കുമുമ്പ് സർക്കാർവക ഒരു പ്രൈമറി സ്കൂൾ പഴയതറവാട്ടുകാരായ കുന്നത്തുമടയിലുള്ള തുരുത്തുമാലിൽ പ്രവർത്തിച്ചിരുന്നതായി ചരിത്രരേഖകളിൽ കാണുന്നു. 15 ചി: കി.മീറ്ററിനുള്ളിലുള്ള കുട്ടികൾ പ്രാഥമികവിദ്യാഭ്യാസം നേടുന്നതിന് ഈ സ്ഥാപനത്തെ ആശ്രയിച്ചിരുന്നുപോലും! കൊല്ലവർഷം 1113 ലെ പ്രകൃതി

ക്ഷോഭ(99-ലെ വെള്ളപ്പൊക്കം)ത്തിൽ സ്കൂൾകെട്ടിടം നിലംപൊത്തിയതോടുകൂടി ആ നുറുങ്ങുവെട്ടവും കെട്ടടങ്ങിക്കഴിഞ്ഞിരുന്നു. 1915 ആയപ്പോഴേക്കും കർമ്മോത്സുകരും ഉദാരമതികളുമായ ഒരു പറ്റം യുവാക്കളുടെ പ്രവർത്തനഫലമായി ബ്രഹ്മമംഗലത്ത് ഒരു എൽ.പി.സ്കൂൾ ഉദയം ചെയ്തു. ചെമ്പിലെ വിദ്യാലയം। സ്കൂൾകെട്ടിടം നിർമ്മിക്കുവാൻ സൗജന്യമായി സ്ഥലം നല്കിയ ശ്രീ. രാമൻ നായർ, സർവ്വശ്രീ. ഉണ്ണിരവിനായർ, തുരുത്തിയിൽ ചുമ്മാർ, മുണ്ടയ്ക്കൽ പത്മനാഭപണിക്കർ, തൊണ്ടിത്തല കുഞ്ഞൻ തുടങ്ങിയവരും മറ്റുദാരമതികളുമൊത്തൊരുമിച്ച് പടുത്തുയർത്തിയ സ്കൂൾകെട്ടിടവും മറ്റുപകരണങ്ങളും സർക്കാരിനെ ഏല്പിക്കുകയുണ്ടായി. ഇന്ന് ഇതൊരു യു.പി.സ്കൂളാണ്. ശ്രീ. കുന്നത്തു ഗോപാലപിള്ള സംഭാവനയായി നല്കിയ സ്ഥലത്താണു ചെമ്പു പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ബ്രഹ്മമംഗലം എച്ച്.എസ്. പരീക്ഷയ്ക്കു ഈ സ്കൂളിന്, സംസ്ഥാന തലത്തിൽ പതിനൊന്നാം റാങ്കും ജില്ലാതലത്തിൽ 5-ാം സ്ഥാനവും ഉപജില്ലാ തലത്തിൽ 1-ാം സ്ഥാനവും മിടുക്കനായ ശരത് ഗോപി നേടിക്കൊടുക്കുകയുണ്ടായി.

വേമ്പനാട്ടു കായലിൻെറ കിഴക്കരുകിലായി ചെമ്പുകായലിനോടു തൊട്ടുകിടക്കുന്ന പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയാണ് ചെമ്പ്, കാട്ടിക്കുന്നു പ്രദേശങ്ങൾ. മത്സ്യതൊഴിലാളികളും കയർതൊഴിലാളികളും കർഷകതൊഴിലാളികളുമാണിവിടെ ജീവിക്കുന്നതിൽ ഏറിയ പങ്കും. 1909-ൽ ആരംഭിച്ച സെൻറ് തോമസ് എൽ.പി.എസ്, 1964-ൽ ആരംഭിച്ച വിജയോദയം യു.പി. സ്കൂൾ, 1966-ൽ ആരംഭിച്ച എസ്.എൻ.എൽ.പി.എസ്. തുടങ്ങിയ വിദ്യാലയങ്ങൾ പ്രസ്തുത ജനവിഭാഗത്തിനൊരനുഗ്രഹമായി ഭവിച്ചു. നാനാജാതി മതസ്ഥരായ ജനങ്ങൾ ഒത്തുകൂടി പടുത്തുയർത്തിയ ഒരു എൽ.പി. സ്കൂൾ ചെമ്പിൽ രൂപംകൊണ്ടിരുന്നു. വേലായുധൻ പണിക്കർക്കു ശേഷം കുഞ്ഞമ്മിണിയാണ് ഈ സ്ഥാപനത്തിൻെറ മാനേജരായിരുന്നത്. നിവർത്തനപ്രക്ഷോഭണ കാലത്തുണ്ടായ ചേരിതിരിവ് ഈ സ്ഥാപനതിൻെറ പ്രവർത്തനം സ്തംഭിപ്പിച്ചു. എന്നു മാത്രമല്ല അനുവദിച്ച ഗ്രാൻറു വാങ്ങാൻ കഴിയാതെ സ്കൂൾ പൂർണ്ണമായും ഇല്ലാതായി.

അതിനുശേഷം എൻ.എസ്.എസ്. കരയോഗം മാനേജുമെൻറായി രൂപമെടുത്തതാണ് ഇന്നു പ്രവർത്തിച്ചുവരുന്ന വിജയോദയം യു.പി.സ്കൂൾ. ചെമ്പു പഞ്ചായത്തു മാനേജുമെൻറായിട്ടുള്ള ഏക സ്ഥാപനമാണ് കാട്ടിക്കുന്നു എൽ.പി.സ്കൂൾ. ഗ്രാമത്തിലെ ഒരു ഭുവുടമയായ എടത്തിൽ കുടുംബം വക സൗജന്യമായി നല്കിയ അമ്പതുസെൻറു സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. 1995 ലാണു സ്ഥാപിതമായത്. അന്നു പഞ്ചായത്തു മെമ്പറായിരുന്ന ശ്രീ.കെ. സദാനന്ദ നായ്ക്കിൻെറ നേതൃത്വത്തിൽ ശ്രീമാൻമാർ ചെത്തിക്കാട്ടു കുഞ്ഞൻ, ശങ്കുകുട്ടപ്പൻ, കെ.ആർ. മാധവൻ, ചെറിയാൻ വർഗീസ് എന്നിവരുടെ പ്രവർത്തനഫലമായിട്ടാണ് ലോക്കൽ ഡെവലപ്മെൻറ് സ്കീമിൽപ്പെടുത്തി പ്രസ്തുതസ്കൂൾ സ്ഥാപിക്കപ്പെട്ടത്. ഏനാദിയിൽനിന്നും പുഴകടന്നു ബ്രഹ്മമംഗലത്തുപോയി പഠിക്കുന്നതു പിഞ്ചുകുട്ടികളെ സംബന്ധിച്ചിടത്തോളം ദുരിതപൂർണ്ണമാണ്. എന്നു മനസിലാക്കിയ തദ്ദേശവാസികളുടെ ശ്രമഫലമായി ഏനാദി എൽ.പി.സ്കൂൾ പ്രവർത്തനമാരംഭിച്ചു.

പഞ്ചായത്തിൽ മൊത്തം സ്കൂളുകളുടെ എണ്ണം ഏഴാണ്. ബ്രഹ്മമംഗലം ഒഴികെയുള്ള പ്രദേശത്തുനിന്നും ഉദയംപേരൂർ പഞ്ചായത്തിലുള്ള കെ.പി.എം.എച്ച്.എസിലും മറവൻതുരുത്തു പഞ്ചായത്തിലുള്ള ഗവ: എച്ച്.എസ്സിലും വൈക്കത്തുള്ള ഹൈസ്കൂളിലും പോയി പഠിക്കേണ്ട സാഹചര്യമാണിന്നുള്ളത്. അങ്ങിനെ പോകുന്നവരുടെ എണ്ണം 508 ആകുന്നു. ഈ എണ്ണം കൂടി കൂട്ടിയാൽ പഞ്ചായത്തിലാകെ വിദ്യാർത്ഥികളുടെ എണ്ണം 3399 ആകും.

സ്കൂൾ മാനേജ്മെൻറ്, വിദ്യാർത്ഥികളുടെ നിജസ്ഥിതി, അദ്ധ്യാപകരുടെ എണ്ണം എന്നിവ പട്ടിക, IA, IB, IC, കൊടുത്തിരിക്കുന്നു.

ക്ലാസിൽ മന്ദഗതിക്കാരായ കുട്ടികളുടെ നിലവാരമുയർത്തുന്നതിനുള്ള കർമ്മ പരിപാടികൾ നടപ്പിലാക്കാത്തതുകൊണ്ടുണ്ടാകുന്ന ഗുണനിലവാരത്തകർച്ച മൂലം കുട്ടികൾ കൊഴിഞ്ഞു പോകുന്നതിനും കാരണമാകുന്നു. 1995-96 വിദ്യാഭ്യാസ വർഷത്തിൽ വിവിധ ക്ലാസുകളിൽ നിന്ന് പഠനം നിർത്തിപ്പോയവരുടെ കണക്ക് പട്ടക ID ചേർത്തിരിക്കുന്നു.

മിഥ്യാധാരണകളിൽനിന്നുടലെടുത്ത ചില രക്ഷിതാക്കളുടെ നിസ്സംഗതയും വിദ്യാഭ്യാസവും വരേണ്യവൽക്കരിക്കാൻ ബോധപൂർവ്വം നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായും 60-ൽ പരം കുട്ടികൾ വിദൂരത്തു

## പട്ടിക 1 എ

### വിദ്യാർഥികൾ, അധ്യാപകർ

| നമ്പർ | വിദ്യാഭ്യാസ സ്ഥാപനത്തിൻെറ പേര് | മാനേജ് മെൻറ് | വിദാർഥികൾ ആൺ | പെൺ | ആകെ | അധ്യാപകർ പുരു | സ്ത്രീ | ആകെ |
|---|---|---|---|---|---|---|---|---|
| 1. | ഗവ. യു.പി.എസ്, ബ്രഹ്മമംഗലം | ഗവ. | 384 | 327 | 681 | 3 | 17 | 20 |
| 2. | ഹൈസ്കൂൾ, ബ്രഹ്മമംഗലം | എയിഡഡ് | 470 | 519 | 989 | 11 | 27 | 38 |
| 3. | വിജയോദയം എൽ.പി.എസ്., ചെമ്പ് | ,, | 241 | 169 | 410 | 2 | 14 | 16 |
| 4. | സെൻറ് തോമസ് എൽ.പി.എസ്., ചെമ്പ് | ,, | 199 | 181 | 380 | 0 | 9 | 9 |
| 5. | എസ്.എൻ. എൽ.പി.എസ്., ചെമ്പ് | ,, | 79 | 67 | 146 | 2 | 4 | 6 |
| 6. | എൽ.പി.എസ്., കാട്ടിക്കുന്ന് | പഞ്ചാ. | 88 | 93 | 181 | 0 | 7 | 7 |
| 7. | എൽ.പി.എസ്., ഏനാദി | എയിഡഡ് | 54 | 50 | 104 | 2 | 2 | 4 |
| | ആകെ | | 1485 | 1406 | 2891 | 20 | 80 | 100 |

അവലംബം : ദ്വിതീയ വിവര ശേഖരണം

## പട്ടിക 1 ബി

### എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർഥികൾ | എൽ.പി. ആൺ | പെൺ | % | യു.പി. ആൺ | പെൺ | % | ഹൈസ്കൂൾ ആൺ | പെൺ | % |
|---|---|---|---|---|---|---|---|---|---|
| 2891 | 559 | 542 | 49.2 | 629 | 482 | 43.38 | 297 | 382 | 56.26 |
| | | | | | | | ആകെ | 1406 | 48.6 |

അവലംബം : ദ്വിതീയ വിവര ശേഖരണം

## പട്ടിക 1 സി

### പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർഥികളുടെ കണക്ക്

| എൽ.പി. ആകെ | എസ്.സി/എസ്.ടി | % | യു.പി. ആകെ | എസ്.സി./എസ്.ടി | % | ഹൈസ്കൂൾ ആകെ | എസ്.സി./എസ്.ടി. | % |
|---|---|---|---|---|---|---|---|---|
| 1101 | 66 | 6 | 1111 | 19 | 1.7 | 679 | 13 | 1.9 |
| | | | | | | ആകെ | 98 | 3.4 |

അവലംബം : ദ്വിതീയ വിവര ശേഖരണം

## പട്ടിക 1 ഡി

### പഠനം നിർത്തിയവരുടെ കണക്ക്

| എസ്.സി./എസ്.ടി | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 9 | 6 | 15 | 29 | 18 | 47 |
| | | | | ആകെ | 62 |

അവലംബം : ദ്വിതീയ വിവര ശേഖരണം

## പട്ടിക 2

### ഗവ. സ്കൂളിലെ അധ്യാപകരുടെയും വിദ്യാർഥികളുടെയും കണക്ക്

| ആകെ അധ്യാപകർ (പഞ്ചായത്തിൽ) | ഗവ. സ്കൂളിലെ അധ്യാപകരുടെ എണ്ണം | ഗവ. അധ്യാപകരുടെ എണ്ണം % | പഞ്ചായത്തിലെ വിദ്യാർഥികളുടെ എണ്ണം | ഗവ. സ്കൂൾ വിദ്യാർഥികളുടെ എണ്ണം | % |
|---|---|---|---|---|---|
| 100 | 20 | 20 | 2891 | 681 | 23.55 |

അവലംബം : ദ്വിതീയ വിവര ശേഖരണം

ഉള്ള അൺഎയിഡഡ്, ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്ക് നയിക്കപ്പെടുന്നുണ്ട്. പഞ്ചായത്തിലുള്ള ഒരേയൊരു സർക്കാർ സ്കൂളായ ഗവ: യുപി. എസിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക് പട്ടിക 2-ൽ ചേർത്തിരിക്കുന്നു.

ഉന്നതവിദ്യഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിൽ വേണ്ടത്രയില്ലാത്തതുകൊണ്ട് മറ്റു സ്ഥലങ്ങളിലേക്കു പോകേണ്ടിവരുന്നവരുടെ എണ്ണം 627 ആകുന്നു. വിശദവിവരം പട്ടിക 3 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

| പട്ടിക 3 | ഉന്നതവിദ്യാഭ്യാസത്തിനായി മറ്റു സ്ഥലങ്ങളിലേക്കു പോകുന്നവരുടെ എണ്ണം |
|---|---|
| പ്രീഡിഗ്രി † ˙2 | 395 |
| ഡിഗ്രി | 106 |
| ഐ.ടി.ഐ. | 37 |
| എൻജിനീയറിങ്ങ്, ഡിപ്ലോമ | 13 |
| കമ്പ്യൂട്ടർ | 6 |
| മെഡിസിൻ | 2 |
| മറ്റുള്ളവ | 52 |

അവലംബം സെക്കൻററിഡേറ്റാ കളക്ഷൻ

എസ്.എസ്.എൽ.സി. പരീക്ഷയെഴുതുന്നവരുടെ വിജയശതമാനം പഞ്ചായത്തിൽ ആശാവഹമല്ല ജയിച്ചുവരുന്ന ഭൂരിപക്ഷം പേർക്കും ലഭിക്കുന്ന മാർക്കു ഉന്നത വിദ്യാഭ്യാസപ്രവേശനത്തിന് പര്യാപ്തമല്ല. യു.പി. തലത്തിലും ഹൈസ്കൂൾ തലത്തിലുമുള്ള കുട്ടികളിൽ ഏറെപ്പേർക്കും കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്കാണ് മാർക്കു കുറയുന്നതും തോല്ക്കുന്നതും എന്നു കാണാൻ കഴിയും. മന്ദഗതിക്കാരായ കുട്ടികൾക്കു പ്രത്യേക ട്യൂഷൻ സെൻററുകൾ ഇല്ല. ബ്രഹ്മമംഗലം മേഖലയിൽ അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾ മുൻകൈ എടുത്ത് ആരംഭിച്ച ഒരു സമാന്തര വിദ്യാലയമാണ് വിദ്യാ സ്റ്റഡീസ് സെൻറർ. പി.ടി.എ. യുടെ സഹകരണത്തോടെ പാഠ്യപാഠ്യേതര വിഷയങ്ങളിൽ വിദ്യാർത്ഥികളുടെ നിലവാരമുയർത്തുന്നതിൽ അതീവശ്രദ്ധ ചെലുത്തുന്നുണ്ട്. തികച്ചും നാടിനൊരു മാതൃകയാണീ സ്ഥാപനം. ബ്രഹ്മമംഗലം ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു കമ്പ്യൂട്ടർ കോഴ്സ് ആരംഭിച്ചിട്ടുണ്ട്. 60ൽ പരം വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സിൽ പങ്കെടുക്കുന്നു, ഷോർട്ടുഹാൻറ് ഉൾപ്പെടെ മലയാളം, ഹിന്ദി, ഇംഗ്ലീഷ് - ടൈപ്പ്റൈറ്റിംഗ് സെൻററുകൾ രണ്ടെണ്ണം 7-ാം വാർഡിൽ മാത്രമേയുള്ളൂ. പ്രീഡിഗ്രി പരീക്ഷയെഴുതുന്ന 10 പേരിൽ 2 വിദ്യാർത്ഥികൾ മാത്രമാണ് ജയി

ക്കുന്നത്. തുടർന്നു പഠിക്കുവാൻ കഴിയാത്തവരും ഡി ഗ്രിയെടുത്ത് പുറത്തിറങ്ങുന്നവരും ചേർന്നു തൊഴില ന്വേഷണകരുടെ ഒരു നീണ്ടനിര നാട്ടിൻപുറങ്ങളി ലിന്നുണ്ട്.

ഹരിജൻ സെറ്റിൽമെൻറു സ്കീമിൽ ഉൾപ്പെട്ടിട്ടു ള്ള കാട്ടിക്കുന്നു തുരുത്തിലും 1,2, എന്നീ വർഡുകളിലു മായി 5 നേഴ്സറികൾ പ്രവർത്തിച്ചുവരുന്നു. സാമൂഹ്യ ക്ഷേമ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന പതിമൂന്നോ ളം അങ്കൺവാടികൾ പഞ്ചായത്തിലുണ്ട്. 1,3, എന്നീ വാർഡുകളിലായി രണ്ട് ആശാൻ കളരി പ്രവർത്തി ക്കുന്നു. ചെമ്പ്, കാട്ടിക്കുന്ന് പ്രദേശങ്ങളിലായി മുസ്ലീം ങ്ങളുടെ മതപഠനത്തിനായി ഓരോ മദ്രസ്സകൾ സ്ഥാപി ച്ചിട്ടുണ്ട്. ഇവിടെ കാലത്തും വൈകിട്ടുമായി 3 മണി ക്കൂർ ദിനംപ്രതി ക്ലാസുകൾ നടക്കുന്നു. വയോജന വി ദ്യാകേന്ദ്രങ്ങൾ തുറന്നിട്ടില്ല. പഞ്ചായത്തിൽ 96% പുരു ഷന്മാരും 84%സ്ത്രീകളും സാക്ഷരരാണെന്നു കണക്കാ ക്കപ്പെട്ടിരിക്കുന്നു. സാക്ഷരതാ യജ്ഞത്തിൻെറ ഭാ ഗമായ 2-ാം ഘട്ട തുടർപ്രക്രിയാ പ്രവർത്തനം പഞ്ചാ യത്തിൽ പരാജയമായിരുന്നുവെന്നു കാണുന്നു. 4,6, എന്നീ വാർഡുകളിൽ നിരക്ഷരരുടെ എണ്ണം വർദ്ധി ക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. വാർഡു നാ ലിൽ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കുവാൻ ജനവിദ്യാകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തു സമഗ്രവികസനരേഖ തയ്യാറാ ക്കുന്നതിൻെറ പ്രാഥമിക നടപടിയായി സംഘടിപ്പിക്ക പ്പെട്ട ഗ്രാമസഭാചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നനിഗമനങ്ങളുടേയും സന്നദ്ധപ്രവർത്തകർ ശേഖരി ച്ച പ്രാഥമിക - ദ്വിതീയ വിവരങ്ങളുടേയും വെളിച്ചത്തി ലാണ് ഈ റിപ്പോർട്ടു തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. വിദ്യാഭ്യാസ രംഗം സജീവമാക്കുന്നതിന് ഇന്നുള്ള അക്കാ ഡമിക് സൗകര്യങ്ങൾ കുട്ടികളുടെ നിലവാരം ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ പഞ്ചായത്തിലെ പൊതു വിദ്യാ ഭ്യാസത്തെ വിലയിരുത്തുന്നു. ലഭ്യമാക്കുന്ന വിദ്യാഭ്യാ സത്തിൻെറ ഗുണനിലവാരകുറവ് പാഠപുസ്തകങ്ങളു ടെ ക്രമീകരണത്തിലുള്ള അശാസ്ത്രീയത അവയുടെ വിതരണത്തിലുണ്ടാകുന്ന കാലതാമസം, പുതിയ സ്കൂ ളുകളുടെ ആവശ്യകതകളും, ഭൗതിക സാഹചര്യങ്ങളും, അദ്ധ്യാപകരുടെ പുനഃപരിശീലനം, പരീക്ഷകൾ, പാ ഠ്യേതര പ്രവർത്തനങ്ങൾ, അദ്ധ്യാപകരക്ഷാകർതൃസമി തി, മാതൃസംഗമം തുടങ്ങിയ പ്രധാന വിഷയങ്ങളിന്മേൽ ഗ്രാമസഭകൾ സജീവ ചർച്ച നടത്തിയിരിക്കുന്നു.

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യതപട്ടിക 4-ൽ ചേർത്തിരിക്കുന്നു.

## പട്ടിക 4

### അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കുന്നത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റിക്കോർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | സി.ബി. ആവശ്യമുള്ളവ | മാതൃസംഗമം സജീവം | പി.ടി.എ. പ്രവർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 3 | 1 | 3 | 1 | 3 | 5 | 2 | -- | -- | -- | 2 | 7 | 7 |
| ഇല്ലാത്തത് | 4 | | 4 | | 4 | 2 | 5 | 7 | 7 | 7 | -- | -- | -- |

അവലംബം : ദ്വിതീയ വിവര ശേഖരണം

## പട്ടിക 5

### ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | സ്കൂൾ | ആകെ വിദ്യാർഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | ഗവ. യു.പി.എസ്, ബ്രഹ്മമംഗലം | 681 | 20 | അപര്യാപ്തം | -- | ഉണ്ട് | ഉണ്ട് |
| 2. | ഹൈസ്കൂൾ, ബ്രഹ്മമംഗലം | 989 | 38 | 4 | 2 | ,, | ,, |
| 3. | വിജയോദയം എൽ.പി.എസ്., ചെമ്പ് | 410 | 16 | 2 | 1 | ,, | ,, |
| 4. | സെൻറ് തോമസ് എൽ.പി.എസ്., ചെമ്പ് | 380 | 9 | 1 | ഇല്ല | ,, | ,, |
| 5. | എസ്.എൻ. എൽ.പി.എസ്., ചെമ്പ് | 146 | 6 | 2 | ,, | ,, | ,, |
| 6. | എൽ.പി.എസ്., കാട്ടിക്കുന്ന് | 181 | 7 | 2 | ഉണ്ട് | ,, | ,, |
| 7. | എൽ.പി.എസ്., ഏനാദി | 104 | 4 | 1 | ,, | ,, | ,, |

അവലംബം : ദ്വിതീയ വിവര ശേഖരണം

കെട്ടിടങ്ങളുടെ പര്യാപ്തത, ചോർന്നൊലിക്കുന്ന മേൽക്കൂരകൾ- കുടിവെള്ളം ആവശ്യത്തിനില്ലായ്മ, കക്കൂസ്, മൂത്രപ്പുരയുടെ അഭാവം എന്നിവയെല്ലാം വിദ്യാഭ്യാസമേഖലയുടെ പോരായ്മയാണ്. ഭൗതികസാഹചര്യങ്ങളുടെ ലഭ്യത പട്ടിക 5-ൽ ചേർത്തിരിക്കുന്നു.

ബ്രഹ്മമംഗലം ഹൈസ്കൂളിലെ 1995-96ലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയശതമാനം (പട്ടിക 6 എയിൽ) ക്രമാനുഗത, ഉയർച്ചയല്ല സൂചിപ്പിക്കുന്നത്. 55% വിജയം കൈവരിച്ചുവെന്നത് പ്രശംസാർഹമാണ്.

## പട്ടിക 6 എ

### ഹൈസ്കൂൾ വിജയശതമാനം 1991-1996

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഹൈസ്കൂൾ ബ്രഹ്മമംഗലം | 35 | 55 | 54 | 44 | 55 |

*അവലംബം : ദ്വിതീയ സ്ഥിതിവിവര ശേഖരണം*

1995-96ലെ പാദവാർഷിക പരീക്ഷയ്ക്ക് 3 മുതൽ 10-ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികളുടെ മാർക്കു പട്ടിക 6 ബി-യിൽ ചേർത്തിരിക്കുന്നു.

| ക്ലാസ്സ് | മാർക്കു ലഭിച്ചവർ | | | | |
|---|---|---|---|---|---|
| | 30%നു താഴെ | 30%നും 40%നും മദ്ധ്യേ | 40%നും 50%നും മദ്ധ്യേ | 50%നും 60%നും മദ്ധ്യേ | 60%നു മേലേ |
| 3 | 52 | 59 | 61 | 61 | 47 |
| 4 | 41 | 46 | 48 | 56 | 106 |
| 5 | 90 | 100 | 51 | 50 | 59 |
| 6 | 90 | 155 | 61 | 28 | 47 |
| 7 | 128 | 101 | 80 | 29 | 50 |
| 8 | 121 | 42 | 47 | 18 | 12 |
| 9 | 113 | 35 | 45 | 24 | 10 |
| 10 | 64 | 24 | 62 | 17 | 27 |

അവലംബം :ദ്വിതീയ സ്ഥിതിവിവര ശേഖരണം

ഗ്രാമസഭാ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ 9-ാം പഞ്ചവത്സര പദ്ധതിക്കാലത്തു നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

Iഎ. 5-ാം വാർഡിൽ എൽ.പി. സ്കൂൾ സ്ഥാപിക്കുക.

ബി. 4-ാം വാർഡിലുള്ള എൽ.പി.എസ്., ഫിഷറീസ് ടെക്നിക്കൽ യു.പി.എസ്. ആക്കുക.

സി. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുക.

ഡി. എൽ.പി. സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറികൾ ശാസ്ത്രീയമായി സ്ഥാപിക്കുക.

ഇ. എം.എൽ.എൽ. പ്രോഗ്രാം പൂർണ്ണമായ അർത്ഥത്തിൽത്തന്നെ നടപ്പിലാക്കുക.

എഫ്. 2,3,4,6,7 (മണിയംകുന്നിൽ) 9 (പനച്ചാംതറ കോളനി ചെമ്പകശേരിക്കടവ്) എന്നീ വാർഡുകളിൽ അങ്കണവാടികൾ സ്ഥാപിക്കുക. ഉള്ളവയുടെ ശോച്യാവസ്ഥ പരിഹരിക്കുക, കെട്ടിടങ്ങളുടെ കുറവു നികത്തുക.

ജി) 3,5,9 എന്നീ വാർഡുകളിൽ നേഴ്സറികൾ ആരംഭിക്കുക.

II പി.ടി.എ. മാതൃസംഗമം എന്നിവ സജീവമാക്കി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

III സ്കൂൾ കോമ്പൗണ്ട് ഭിത്തികൾ കെട്ടി സംരക്ഷിക്കുക, ഗ്രൗണ്ട് ലവൽ ചെയ്യുക.

IV 2,9 വാർഡുകളിൽ വായനശാല സ്ഥാപിക്കുകയും 3-ാം വാർഡിലുള്ള 'നയന' ഗ്രന്ഥശാലയ്ക്ക് കെട്ടിടം നിർമ്മിച്ച് പ്രവർത്തനം സജീവമാക്കുക.

V 8-ാം വാർഡിലുള്ള ഹൈസ്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറിയാക്കി ഉയർത്തുക.

ഔപചാരിക വിദ്യാഭ്യാസരംഗത്ത് പ്രൈമറിതല വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കു പ്രാമുഖ്യം നൽകേണ്ടതാകുന്നു. പ്രാപ്തിപ്രാവണ്യ നിലവാരം എല്ലാവർക്കും ലഭിക്കുന്ന അവസ്ഥയെന്നർത്ഥത്തിൽ എം.എൽ.എൽ. പ്രോഗ്രാം ഒന്നുമുതൽ 4-ാം ക്ലാസുവരെ നിർബ്ബന്ധമായും നടപ്പാക്കേണ്ടതുണ്ട്. എൽ.പി. സ്കൂളുകളിലെ പ്രധാനഅദ്ധ്യാപകരെ ക്ലാസ്സ് ചാർജിൽ നിന്നൊഴിവാക്കുകയും അധ്യാപക തസ്തികയുടെ എണ്ണം ഒന്നുവീതം വർദ്ധിപ്പിക്കാവുന്നതുമാണ്. പ്രധാന അധ്യാപകൻ ഒരു പീരിയഡ് എങ്കിലും എല്ലാ ഡിവിഷനുകളിലും ഒരാഴ്ചയിൽ ക്ലാസ്സെടുക്കേണ്ടതാകുന്നു. മാസം തോറും ഇൻസ്പെക്ഷൻ നടത്തിയ റിപ്പോർട്ടിന്റെയും സഹാധ്യാപകർ നല്കിയ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ SOPT (-special orientation for primary school teachers) DIET എന്നിവയുടെ സേവനം യഥാസമയം ലഭ്യമാകുന്നതിൽ വീഴ്ചവരുത്താതിരിക്കുക. അധ്യാപകവിദ്യാർത്ഥിബന്ധത്തിൽ ഔപചാരികതയുടെ അതിപ്രസരം ഒഴിവാക്കേണ്ടതാണ്. സ്വാതന്ത്ര്യദിനം റിപ്പബ്ലിക്ക് ഡേ, ശിശുദിനം, അധ്യാപകദിനം തുടങ്ങിയ ദേശീയ ദിനങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ ആഘോഷിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം. പഠനം പൂർത്തീകരിച്ചും പൂർത്തിയാക്കാതെയും വിവിധ തലങ്ങളിൽ നിന്നും പുറത്തിറങ്ങുന്ന പുതിയ തലമുറയുടെ ബുദ്ധിപരമായ സിദ്ധികളെ തൊഴിൽപരമായ നേട്ടങ്ങളാക്കി മാറ്റുവാൻ കഴിയുന്ന ഒരു കർമ്മപരിപാടിക്കാണു രൂപം കൊടുക്കേണ്ടത്. ഹൈസ്കൂൾ തലത്തിൽ ഇതിനുവേണ്ടി ഹ്രസ്വകാല കോഴ്സുകൾ നടത്താവുന്നതാണ്. പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വേണ്ടിവരുന്ന നോട്ടുബുക്കുകൾ തയ്യാറാക്കി വിതരണം ചെയ്യാവുന്നതാണ്. സ്ഥലസൗകര്യം അനുവദിക്കുമെങ്കിൽ, മരച്ചീനിയോ പച്ചക്കറികളോ, വാഴയോ, പയറോ കൃഷിചെയ്യുവാൻ ശ്രമിക്കാവുന്നതാണ്. സ്വതസിദ്ധമായി കഴിവുള്ള കുട്ടികളെ തിരിച്ചറിഞ്ഞ് അവർക്കു പ്രോത്സാഹനം നൽകേണ്ടതുണ്ട്. സ്കൂൾതലത്തിൽ കലാകായിക മത്സരങ്ങൾ, പ്രവൃത്തി പരിചയക്ലാസുകൾ എന്നിവ പി.ടി.എ.യുടേയും മാതൃസംഗമത്തിന്റേയും സഹകരണത്തോടെ യഥാസമയം നടത്തിത്തീർക്കുവാൻ കഴിയണം.

വിദ്യാഭ്യാസ രംഗത്തുണ്ടാകാവുന്ന മുഴുവൻ പരിമിതികളും പരിഹരിക്കുവാൻ ജനകീയ സഹകരണം സമാഹരിക്കേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസമേഖലയുടെ ഇന്നുള്ള ശോച്യാവസ്ഥ ഉന്മൂലനം ചെയ്തു ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുന്നതിനും അതു നടപ്പിലാക്കുന്നതിനുമായി ഒരു സമഗ്രവിദ്യാഭ്യാസ പഞ്ചായത്തു സമിതിയും വിദ്യാലയസമിതിയും രൂപീകരിക്കണം. ലക്ഷ്യപ്രാപ്തിക്കായി ദിശാബോധം വരുത്തി; ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിച്ച് വിദ്യാലയാന്തരീക്ഷം ആകർഷകവും പഠനം, ഉല്ലാസകരവുമായിത്തീരുന്നിടത്തുനിന്നും വിദ്യാഭ്യാസവികസന പ്രക്രിയ ആരംഭിക്കുന്നു.

# ആരോഗ്യം

ആധുനിക ചികിത്സാസൗകര്യങ്ങൾ വളരെ താമസിച്ചാണ് ചെമ്പു പഞ്ചായത്തിൽ ലഭ്യമായി തുടങ്ങിയത് എന്നാൽ നാട്ടുചികിത്സാരംഗത്ത് പരമ്പരാഗത ചികിത്സനടത്തിയിരുന്ന പലരും ഇവിടെയുണ്ടായിരുന്നു. രോഗനിവാരണത്തിന് മന്ത്രവാദം ഫലംചെയ്യുമെന്ന് പൊതുവെ വിശ്വസിക്കപ്പെട്ടിരുന്നു.

ആരോഗ്യരംഗം വിലയിരുത്താനുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ വച്ചു വിശകലനം നടത്തുമ്പോൾ സംസ്ഥാന ശരാശരിയേക്കാളും ഉയർന്നതാണ് പഞ്ചായത്തിൻെറ പൊതുനിലവാരമെന്നു മനസ്സിലാക്കാം.

പഞ്ചായത്തിലെ ജനസംഖ്യ 18825 ആണ്. ജനസാന്ദ്രത 1021.98. ജനനനിരക്ക് 1000 ന് 6 ആണ് (സംസ്ഥാന ശരാശരി 1000 ന് 17) ശിശുമരണ നിരക്ക് 1000 ന് 5. സംസ്ഥാന ശരാശരി 1000 ന് 16) മരണ നിരക്ക് 3. കഴിഞ്ഞ 2 വർഷങ്ങളിൽ മാതൃമരണം ഇല്ല.

കുടുംബക്ഷേമപ്രവർത്തനങ്ങൾ വളരെ ഫലപ്രദമായി പഞ്ചായത്തിൽ നടന്നിട്ടുണ്ട്. പ്രത്യുൽപാദന പ്രായപരിധിയിലുള്ള 2043 ദമ്പതികളിൽ 1885 (92.26%) പേർ സ്ഥിരമായ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്.

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവയ്പ്

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി | | | | പോളിയോ | | | | ഡിറ്റി | | | | മീസൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D. | 2D | 3D | BD | 1D | 2D | 3D | BD | |
| Below 1 yr. | 186 | 156 | 188 | 186 | 162 | 146 | 186 | 166 | 166 | 70 | | | | 43 |
| 1 - 3 yrs | 122 | 138 | 178 | 176 | 154 | 81 | 61 | 87 | 24 | 66 | | | | 51 |
| 3 - 6 yrs | 48 | 60 | 15 | 15 | 16 | 17 | 17 | 15 | 15 | 4 | 3 | 3 | 3 | --- |

**ഗർഭിണികളുടെ പ്രതിരോധ കുത്തിവെയ്പ്**

| | 1 ഡോസ് | 2 ഡോസ് | 3 ഡോസ് |
|---|---|---|---|
| ഗർഭിണികൾ | 96 | 72 | |

**ചെമ്പ് പഞ്ചായത്ത് രോഗാതുരത**

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1995-96 | 5376 | 12720 | 2304 | 7248 |

അവലംബം : പി.എച്ച്. സെൻറർ രേഖകൾ, അംഗനവാടികളിൽ നിന്നു ശേഖരിച്ച വിവരങ്ങൾ

## രോഗാതുരത

പഞ്ചായത്തിൻെറ തീരദേശ വാർഡുകളായ 1,2,3,4 വാർഡുകളിൽ വർഷക്കാലത്ത് വയറ്റിളക്ക രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നു. ഈ വാർഡുകളിൽ വെള്ളത്തിൽ മുങ്ങി ചളിയും മണ്ണും വാരുന്ന തൊഴിലാളികളും മുങ്ങിമത്സ്യംപിടിക്കുന്നവരും കൂടുതലായുണ്ട്. അവർക്കു ശ്വാസകോശസംബന്ധമായ രോഗങ്ങൾ, വലിയ മർദ്ദത്തിൽ വെള്ളം ചെവിയിൽ കയറുന്നതു കൊണ്ടുള്ള കർണ്ണരോഗങ്ങൾ ഇവ കണ്ടുവരുന്നു.

പോഷകാഹാരകുറവ് അനുഭവപ്പെടുന്ന 2 ശതമാനം കുട്ടികൾ ചെമ്പുപഞ്ചയത്തിലുണ്ട്.

1962 ലാണ് ചെമ്പു പഞ്ചായത്തിൽ സർക്കാർ അധീനതയിൽ ഒരു ആരോഗ്യസ്ഥാപനം ഗവ:ഡിസ്പെൻസറി ബ്രഹ്മമംഗലം - സ്ഥാപിതമാകുന്നത്. അതിനുമുമ്പ് ചെമ്പിൽ പരിമിതമായ സൗകര്യങ്ങളോടുകൂടി ഒരു ചെറിയ സ്വകാര്യ ഡിസ്പെൻസറി പ്രവർത്തിച്ചിരുന്നു. ജനങ്ങൾ പ്രധാനമായും അങ്ങാടി - പച്ചമരുന്നുകളെയാണ് ചികിത്സക്കാശ്രയിച്ചു പോന്നിരുന്നത്.

വൈക്കം താലൂക്ക് ആശുപത്രിയെ പഞ്ചായത്തിലെ ജനങ്ങൾ കാര്യമായി ആശ്രയിക്കുന്നു. ചെമ്പിൻെറ പടിഞ്ഞാറൻ വാർഡുകളിലെ ജനങ്ങൾ എറണാകുളം ജില്ലയിലെ പൂത്തോട്ട ഗവ: ഡിസ്പെൻസറി നന്നായി പ്രയോജനപ്പെടുത്തുന്നുണ്ട്. വിദഗ്ധചികിത്സക്കു പ്രധാനമായും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോകുന്നു. സമീപപഞ്ചായത്തുകളിലെ സ്വകാര്യ ആശുപത്രികളിലും കുറെ ആളുകൾ പോയി ചികിത്സ നടത്തുന്നു.

ബ്രഹ്മമംഗലത്തു പ്രവർത്തിക്കുന്ന പി.എച്ച്. സെൻററും ആയുർവേദ ഡിസ്പെൻസറിയുമാണ് പഞ്ചായത്തിലെ ഗവ: ചികിത്സാലയം.

പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ വിവരം പട്ടികയിൽ കൊടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | വാർഡ് | ഗവൺമെൻറ് സ്വകാര്യം | ചികിത്സാ സമ്പ്രദായം | ഡോക്ടർ എണ്ണം | മറ്റു ജീവനക്കാർ |
|---|---|---|---|---|---|---|
| 1. | പി.എച്ച്. സെൻറർ, ബ്രഹ്മമംഗലം | 8 | ഗവ: | അലോപ്പതി | 1 | 18 |
| 2. | ഗവ: ആയുർവേദ ഡിസ്പെൻസറി, ബ്രഹ്മമംഗലം | 8 | ഗവ: | ആയുർവേദം | 1 | 3 |
| 3. | ജി.ജെ.എം. ഹോസ്പിറ്റൽ, ചെമ്പ് | 1 | സ്വകാര്യം | അലോപ്പതി | 1 | 7 |
| 4. | ന്യൂ ദർശന ആശുപത്രി, മുറിഞ്ഞപുഴ | 3 | സ്വകാര്യം | അലോപ്പതി | 1 | 3 |

| ക്രമ നമ്പർ | പേര് | വാർഡ് | ഗവൺമെൻറ് സ്വകാര്യം | ചികിത്സാ സമ്പ്രദായം | ഡോക്ടർ എണ്ണം | മറ്റു ജീവനക്കാർ |
|---|---|---|---|---|---|---|
| 5. | കുടുംബക്ഷേമ കേന്ദ്രം, ബ്രഹ്മമംഗലം | 8 | ഗവ: | അലോപ്പതി | -- | -- |
| 6. | കുടുംബക്ഷേമ കേന്ദ്രം, ഏനാദി | 6 | ഗവ: | അലോപ്പതി | -- | -- |
| 7. | കുടുംബക്ഷേമ കേന്ദ്രം, ഇരുത്തറ | 5 | ഗവ: | അലോപ്പതി | -- | -- |
| 8. | കുടുംബക്ഷേമ കേന്ദ്രം, കാട്ടിക്കുന്ന് | 4 | ഗവ: | അലോപ്പതി | -- | -- |
| 9. | ഇൻഡ്യൻ ഹെർബ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് | 3 | സ്വകാര്യം | ആയുർവേദം | 1 | 3 |
| 10. | ഇടത്തിൽ ഹോമിയോ ക്ലിനിക്ക്, കാട്ടിക്കുന്ന് | 3 | സ്വകാര്യം | ഹോമിയോ | 1 | -- |
| 11. | മിനി ഹോമിയോ ക്ലിനിക്ക്, മുറിഞ്ഞപുഴ | 3 | സ്വകാര്യം | ഹോമിയോ | 1 | -- |
| 12. | മുറ്റൂത്തിൽ ഹോമിയോ ക്ലിനിക്ക് ചെമ്പ് | 1 | സ്വകാര്യം | ഹോമിയോ | 1 | -- |
| 13. | ഹോമിയോ ക്ലിനിക്ക്, ബ്രഹ്മമംഗലം | 8 | സ്വകാര്യം | ഹോമിയോ | 1 | -- |
| 14. | രാജൻ ഹോമിയോ ക്ലിനിക്ക്, ചാലുങ്കൽ | 8 | സ്വകാര്യം | ഹോമിയോ | 1 | -- |

ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ട് പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള ജനങ്ങളാണ് പ്രധാനമായും ബ്രഹ്മമംഗലം പി.എച്ച്. സെൻററിനെ പ്രയോജനപ്പെടുത്തുന്നത്. 1995-96 ൽ 35148 രോഗികൾ ഇവിടെ ചികിത്സക്കെത്തി.

സർക്കാർ അധീനതയിലുള്ള 1 ഏക്കർ 20 സെൻറു സ്ഥലത്തായി ഒ.പി. വിഭാഗവും 2 വാർഡുകളും ഒരു പോസ്റ്റ്മാർട്ടം ഷെഡ്ഡും ഈ സ്ഥാപനത്തിനുണ്ട്. കിടക്കകളുടെ എണ്ണം 18.

1975-ൽ ശ്രീ പുഴവേലി നാരായണന്റെ സ്മരണക്കായി നിർമ്മിച്ചു നല്കിയ വാർഡിലും 1991 ൽ കയർ സൊസൈറ്റി പണിചെയ്തു സംഭാവന ചെയ്ത വാർഡിലും ജലദൗർലഭ്യംമൂലം വർഷങ്ങളായി രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല. ജലക്ഷാമം ഇല്ലാത്ത മാസങ്ങളിലും രോഗികളെ കിടത്തുന്നില്ല എന്ന വസ്തുത അവശേഷിക്കുന്നു.

മരുന്നുകൾക്കും മറ്റുപകരണങ്ങൾക്കുമായി 1994-95 ൽ 102152 രൂപയും, 95-96 ൽ 75903 രൂപയും, 96-97 ൽ (ഇതുവരെ) 61739 രൂപയുമാണ്. ഈ സ്ഥാപനത്തിനുവേണ്ടി ചെലവഴിച്ചത്. ജനസംഖ്യാനുപാതികമായി കണക്കാക്കുമ്പോൾ 95-96-ൽ ഒരാൾക്കുവേണ്ടി 4 രൂപ 3 പൈസ ചെലവഴിച്ചിട്ടുണ്ട്. മറ്റിതര സർക്കാർ ആരോഗ്യ സ്ഥാപനങ്ങളലെല്ലാം ഓരോ വർഷം വർദ്ധിച്ച വിഹിതം നേടി ചിലവഴിക്കുമ്പോൾ ഇവിടെ പ്രതിവർഷം തുക കുറഞ്ഞു കുറഞ്ഞു വരുന്നു. ഇതിന്റെ കാരണം ഗൗരവമായി പരിശോധിക്കേണ്ടതാണ്. ഏതു മാനദണ്ഡം വച്ചു നോക്കിയാലും ഈ തുക തികച്ചും അപര്യാപ്തമാണ്.

ബ്രഹ്മമംഗലം, ഏനാദി, തുരുത്തുമ്മ കാട്ടിക്കുന്ന് എന്നിവിടങ്ങളിൽ നാലു കുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ ഏനാദി കുടുംബക്ഷേമകേന്ദ്രം ഏനാദി അംഗൻവാടി കെട്ടിടത്തിലും തുരുത്തുമ്മ സെൻറർ വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. ബ്രഹ്മമംഗലം കുടുംബക്ഷേമകേന്ദ്രം പി.എച്ച് സെൻററിലും കാട്ടിക്കുന്നു കേന്ദ്രം സർക്കാർ കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

1980 -ൽ ആയുർവ്വേദ ഡിസ്പെൻസറി പ്രവർത്തനം തുടങ്ങി. 95-96ൽ 21519 രോഗികൾ ചികിത്സ തേടിഎത്തി. മരുന്നുകൾക്കായി 25000/- രൂപ കഴിഞ്ഞ വർഷം ചിലവഴിച്ചു. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഒരാൾക്കുവേണ്ടി 95-96 ൽ 1 രൂ 14 പൈസ ചിലവഴിച്ചതായികാണാം.

ആരോഗ്യപ്രവർത്തനങ്ങളുമായി മുമ്പോട്ടു വന്നിരുന്ന വായനശാലകളും ക്ലബുകളും ഈ പഞ്ചായത്തിലുണ്ടായിരുന്നു. അടുത്ത കാലത്തായി ഇത്തരം പ്രവർത്തനങ്ങൾ നടക്കാറില്ല. എന്നാൽ ഭാവിയിൽ ഈ പ്രസ്ഥാനങ്ങളെ പ്രയോജനപ്പെടുത്താൻ കഴിയും.

## കക്കൂസുകൾ

ഈ പഞ്ചായത്തിലെ 1571 കുടുംബങ്ങൾക്ക് സാനിട്ടറി കക്കൂസുകളില്ല. തുറന്ന ജലാശയങ്ങളും പുറപ്പറമ്പുകളും കായൽതീരങ്ങളും മലവിസർജ്ജനത്തിനായി ഉപയോഗിക്കുന്നു. പരിസര - ജലമലിനീകരണം വരാത്ത കക്കൂസുകൾ നിർബ്ബന്ധമാക്കണം.

സാമ്പത്തികമായി തീർത്തും പിന്നോക്കം നില്ക്കുന്നവർക്കു കക്കൂസുകൾ നിർമ്മിച്ചു നല്കണം. ഇതിനായി സാമ്പത്തിക സഹകരണത്തിന് പഞ്ചായത്തിലെ വിവിധ ധനകാര്യസ്ഥാപനങ്ങളെ പ്രയോജനപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൻെറ ഒരു തനതു സ്കീം ഇതിനുണ്ടാകണം അത്.

| | |
|---|---|
| പഞ്ചായത്തു ഫണ്ട് | 50% തുക |
| വാർഡുകളിൽനിന്ന് വിഭവസമാഹരണം | 30 %തുക |
| ഉപഭോക്താവ് | 20% തുക |

ഇപ്രകാരം അതിനുള്ള വരവു കണ്ടെത്തണം. നിർമ്മാണം ഗ്രാമസമിതികളെ ഏല്പിക്കണം. എല്ലാ മാർക്കറ്റിനോടനുബന്ധിച്ചും കക്കൂസുകൾ സ്ഥാപിക്കണം.

ലക്ഷം വീടു കോളനികളിലെ കക്കൂസുകൾ പലതും ഉപയോഗയോഗ്യമല്ല. പ്രത്യേക ശ്രദ്ധ ഇതിൽ പതിയണം. 9-ാം വാർഡിലെ മണക്കാട്ടുചിറഭാഗത്തെ ഇരുപത്തി അഞ്ചോളം കുടുംബങ്ങൾക്ക് കക്കൂസുകളില്ല. അവർ റോഡിൻെറ ഇരുവശവും വയൽചിറയും ഇതിനുപയോഗിക്കുന്നു. കക്കൂസില്ലാത്ത എല്ലാ വീട്ടുകാർക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കണം.

3-ാം വാർഡിലെ കക്കൂസുകളില്ലാത്ത 75 ഓളം കുടുംബങ്ങളിലെ അംഗങ്ങൾ മുറിഞ്ഞപുഴ പാലത്തിൻെറ വടക്കേ കരയിലെ പുറംസ്ഥലമാണ് വിസർജ്ജനത്തിനുപയോഗിക്കുന്നത്. ഇവർക്കു കക്കൂസുകൾ ഉണ്ടാകേണ്ടത് വളരെ പ്രാധാന്യമുള്ള കാര്യമാണ്.

## മാലിന്യങ്ങൾ

ചെമ്പ്, കാട്ടിക്കുന്ന്, ബ്രഹ്മമംഗലം മാർക്കറ്റ് ശുചിത്വത്തിൻെറ കാര്യത്തിൽ വളരെ പിന്നിലാണ്. ദിവസവും വൃത്തിയായി മാർക്കറ്റു കഴുകണം.

ഓരോ കുഴൽ കിണർ വീതം എല്ലാ മാർക്കറ്റിലും സ്ഥാപിക്കണം. ഓടകൾ നിർമ്മിക്കണം.

വെള്ളൂർ പത്രക്കടലാസു നിർമ്മാണശാലയിൽ നിന്ന് മൂവാറ്റുപുഴയാറ്റിലേക്ക് ഒഴുക്കുന്ന മലിനജലവും അവിടെനിന്ന് അന്തരീക്ഷത്തിലേക്കു വിടുന്ന ദുർഗന്ധ വിഷവാതകങ്ങളും പഞ്ചായത്തിൽ അടുത്ത കാലത്ത് വ്യാപകമായ പരിസരമലിനീകരണം വരുത്തിവച്ചിട്ടുണ്ട്.

ഇതിനു ലളിതമായ ഒരു പരിഹാരവും നിർദ്ദേശിക്കാനില്ല. പുറത്തേക്കൊഴുക്കുന്ന രാസവസ്തുക്കൾ അടങ്ങിയ വിഷജലം ശുദ്ധിചെയ്തു പുറത്തേക്കുവിടാൻ സംവിധാനമുണ്ടാകണം.

പ്ലാസ്റ്റിക്കൂടുകളും മറ്റു സാമഗ്രികളും ദീർഘകാലം ദ്രവിക്കാതെ മണ്ണിൽ കിടക്കുന്നതു കൊണ്ട് അവയും സമീപകാലത്തുയർന്നു വന്ന പരിസ്ഥിതി പ്രശ്നമാണ്.

ഉച്ചഭാഷിണികളുടെ നിയന്ത്രണമില്ലാത്ത ഉപയോഗം പഞ്ചായത്തിൽ വർദ്ധിച്ചു വരുന്നതും പ്രായമായവർക്കും രോഗികൾക്കും വിദ്യാർത്ഥികൾക്കും ഒരു വലിയ ശല്യമായി മാറിക്കൊണ്ടിരിക്കുന്നു. ഇതിനു നിയന്ത്രണം ഏർപ്പെടുത്തണം.

വീടും പരിസരവും ശുചിയായി സൂക്ഷിക്കണം. എല്ലാ വീടിനോടനുബന്ധിച്ചും ഓരോ കമ്പോസ്റ്റു കുഴി ഉണ്ടാക്കിയാൽ പരിസരം മലിനമാകാതെയും ഈച്ചയും കൊതുകും പെരുകാതെയും സൂക്ഷിക്കാൻ കഴിയും.

കശാപ്പുശാലയിലെ അവശിഷ്ടങ്ങൾ ചിലപ്പോഴെങ്കിലും പുഴയിൽ ഒഴുകി നടക്കുന്നതുകാണാം. അപ്രകാരം ചെയ്യരുത്.

ഹോട്ടലുകളിലെ ശുചിത്വം നിരീക്ഷിക്കപ്പെടണം.

ബാർബർ ഷാപ്പുകളിൽ ബ്ലേഡുകൾ ആവർത്തിച്ചുപയോഗിക്കുന്നില്ല എന്നുറപ്പുവരുത്തണം.

## ആവശ്യങ്ങൾ നിർദ്ദേശങ്ങൾ

1. ബ്രഹ്മമംഗലം പി.എച്ച്. സെൻററിൽ കിടത്തി ചികിത്സ എത്രയും വേഗം ആരംഭിക്കുക. ജലദൗർ

ലഭ്യം പരിഹരിക്കാനുള്ള നടപടി പൂർത്തിയാക്കുക.

2. മരുന്നുകൾക്കുള്ള വിഹിതം വർഷങ്ങളായി കുറഞ്ഞു വരുന്നു. മതിയായ വിഹിതം അനുവദിക്കണം.

3. ലേഡിഡോക്ടറെ നിയമിക്കണം. പ്രസവസംബന്ധമായ കേസ്സുകൾ കൈകാര്യം ചെയ്യാനുള്ള സംവിധാനമുണ്ടാകണം.

4. ജീവനക്കാർക്കു ക്വാർട്ടേഴ്സ് നിർമ്മിക്കണം.

5. സ്വന്തമായി കെട്ടിടമില്ലാത്ത സബ്സെൻററുകൾക്ക് (ബ്രഹ്മമംഗലം, തുരുത്തുമ്മ) കെട്ടിടം നിർമ്മിക്കുക. കാട്ടിക്കുന്നു സബ്സെൻറർ പുതുക്കി പണിയണം.

6. പഞ്ചായത്തിൻെറ പടിഞ്ഞാറൻ വാർഡുകളിൽ ഒരു സർക്കാർ ചികിത്സാലയംപോലുമില്ല. ഈ ഭാഗത്തെ ജനങ്ങൾക്കായി ഒരു അലോപ്പതി സ്ഥാപനം അനുവദിക്കണം.

7. ഈ പഞ്ചായത്തിൽ ഹോമിയോ ചികിത്സാലയമില്ല. ആയത് പടിഞ്ഞാറൻ വാർഡുകളിലെവിടെ എങ്കിലും സൗകര്യപ്രദമായ സ്ഥലത്തു സ്ഥാപിക്കണം.

8. തുരുത്തുമ്മ ഭാഗത്തെ ജനങ്ങൾക്കുവേണ്ടി ഒരു ചികിത്സാലയം ഉണ്ടാകണം.

9. ഗവ: ആയുർവേദ ഡിസ്പെൻസറിക്കു ചുറ്റും മതിൽ കെട്ടണം. ബഹുജനസഹകരണത്തോടെ ഔഷധ തോട്ടം വച്ചുപിടിപ്പിക്കണം. മരുന്നിനുള്ള വിഹിതം കൂട്ടുക. കഷായം ഉണ്ടാക്കുന്നതിനു വിറക് അടുപ്പുമാറ്റി ഗ്യാസ് അടുപ്പ് ഏർപ്പെടുത്തുക. ഒഴിവുള്ള തസ്തികകൾ നികത്തുക.

10. കക്കൂസ് ഇല്ലാത്തവർക്കു കക്കൂസ് ഉണ്ടാകണം. എല്ലാ മാർക്കറ്റിലും കക്കൂസ് നിർമ്മിക്കണം. ലക്ഷം വീടു കോളനികളെ പ്രത്യേകം ശ്രദ്ധിക്കണം.

11. പൊതു ശ്മശാനങ്ങൾ ഉണ്ടാകണം.

12. കുമ്മായചൂളകളുടെ പ്രവർത്തന സമയം കർശനമായി പാലിക്കുവാൻ നടപടി വേണം. പുകക്കുഴലുകൾക്ക് മതിയായ ഉയരമുണ്ടെന്നുറപ്പാക്കണം.

13. ചെമ്പു ബ്രഹ്മമംഗലം മാർക്കറ്റിൽ ഓടകളുണ്ടാക്കണം. കൃത്യമായി ശുചീകരണ ജോലികൾ നിർവ്വഹിക്കണം.

14. കൊതുക്, ഈച്ച നശീകരണത്തിനുള്ള ബോധവല്ക്കരണം നടത്തണം. അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കണം. എയിഡ്സ്, ക്യാൻസർ, വയറിളക്ക രോഗങ്ങൾ തുടങ്ങിയവയെ സംബന്ധിച്ചു വ്യാപകമായ ബോധവല്ക്കരണ ക്യാമ്പുകൾ നടത്തണം.

15. ഔഷധ വ്യാപാര രംഗത്തെ ചൂഷണം സംബന്ധിച്ചു വ്യാപകമായ പ്രചരണം നടത്തണം.

16. സ്കൂൾ കുട്ടികളുടെ ആരോഗ്യപാലനത്തിനുള്ള സ്കൂൾ ഹെൽത്തു പ്രോഗ്രാം പലപ്പോഴും ഒരു വഴിപാടായി മാറുന്ന സ്ഥിതിയുണ്ട്. മതിയായ സമയമെടുത്ത് വേണ്ടത്ര ആരോഗ്യപ്രവർത്തകരെ നിയോഗിച്ച് ഈ പരിപാടി പ്രയോജനപ്രദമാക്കാൻ തീരുമാനമുണ്ടാകണം.

17. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ച് വീട്ടമ്മമാരുടെ ആരോഗ്യപാലനത്തിന് പ്രോത്സാഹനം നല്കണം.

18. ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ആശുപത്രി ഡവലപ്പ്മെൻറ് കമ്മിറ്റിയും സൗഹൃദസമിതികളും പ്രവർത്തനക്ഷമമാക്കുക.

19. പ്രമേഹം, ബ്ലഡ്പ്രഷർ, ഹൃദ്രോഗങ്ങൾ തുടങ്ങിമാരകമായ നിരവധി രോഗങ്ങളെ പ്രതിരോധിക്കാൻ പ്രകൃതി ചികിത്സാ മാർഗ്ഗങ്ങൾ മതിയെന്ന് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ബോദ്ധ്യം വന്നിട്ടുള്ള കാലമാണിത്. പ്രകൃതി ജീവനരീതി നമ്മുടെ ജീവിതത്തിൻെറ ഭാഗമാകണം. അതിനു പ്രോത്സാഹനം നല്കാൻ വേണ്ട നടപടികൾ ഉണ്ടാകണം.

എല്ലാ വാർഡുകളിലും വാർഡു മെംബർ കൺവീനറായി ആരോഗ്യ സമിതികൾ ഉണ്ടാകണം. രക്തദാന ഫോറങ്ങൾ, രൂപീകരിക്കണം. നേത്രദാനത്തിൻെറ പ്രാധാന്യം പ്രചരിപ്പിക്കണം. ആരോഗ്യസമിതികളുടെ നേതൃത്വത്തിൽ ഒരു ആരോഗ്യപരിപാലന ശൃംഖല രൂപീകരിക്കണം. ആരോഗ്യവകുപ്പു ജീവനക്കാർ, സന്നദ്ധസംഘടനകൾ, അദ്ധ്യാപകർ അംഗനവാടി ടീച്ചർമാർ ഇവരുടെ ഒരു കൂട്ടായ്മ നിശ്ചിതകാലയളവിൽ എല്ലാ വാർഡിലുമുണ്ടാകണം.

# കുടിവെള്ളം

ആരോഗ്യപുരോഗതിയുടെ മുഖ്യസൂചകങ്ങളി ലൊന്നാണ് കുടിവെള്ളത്തിൻെറ ലഭ്യതയും ഗുണനി ലവാരവും. ഈ മാനദണ്ഡം വച്ച് ചെമ്പു പഞ്ചായത്തി ലെ കുടിവെള്ള ലഭ്യതയുടെ സ്ഥിതി ഒന്നു പരിശോധി ക്കാം.

| നിലവിലുള്ളത് | |
|---|---|
| പൊതുകിണർ | 29 |
| സ്വകാര്യ കിണർ | 472 |
| വാട്ടർ ടാപ്പുകൾ | 80 |
| കുഴൽ കിണർ | 1 |

ചെമ്പു പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗത്തു ള്ള 1,2,3 വാർഡുകളിലേയും 5-ാം വാർഡിൽപ്പെട്ട തു രുത്തുമ്മയിലേയും ജനങ്ങൾ കക്കാടു വാട്ടർ സപ്ലൈ സ്കീമിനെ ആശ്രയിക്കുന്നു. 30 ടാപ്പുകൾ ഈ ഭാഗത്തു ണ്ട്. ഒരു ടാപ്പിൽ നിന്നും ശരാശരി 60 കുടുംബങ്ങൾ വെള്ളം എടുക്കുന്നു. 3-ാം വാർഡിൽപെട്ട തുരുത്തു പ്ര ദേശത്തേയും 4-ാം വാർഡിലേയും ജനങ്ങൾ കാട്ടിക്കുന്ന് മിനി ജലവിതരണ പദ്ധതിയിലെ ജലം ഉപയോഗിക്കുന്നു. ഇതിൽ നിന്നും ദിവസം ശരാശരി 3 മണിക്കൂർ വെള്ളം കിട്ടുന്നു. 15 ടാപ്പുകൾ ഈ ഭാഗത്തുണ്ട്. വെള്ളം അണു വിമുക്തമാക്കുന്നത് വാട്ടർ അതോറിട്ടിതന്നെയാണ്. ഒരു പൊതു കിണറും 10 സ്വകാര്യകിണറുകളും ഇവിടെ ഉപയോഗത്തിലുണ്ട്.

പഞ്ചായത്തിൻെറ കിഴക്കൻ ഭാഗങ്ങളായ 5,6,7,8 എന്നീ വാർഡുകളിലേയും 9-ാം വാർഡിൻെറ കിഴക്കൻ ഭാഗങ്ങളിലേയും ജനങ്ങൾ കിണർ വെള്ളമാണ് ഉപ യോഗിക്കുന്നത് 16 പൊതുകിണറുകൾ ഈ ഭാഗത്തുണ്ട്. ഒരു കിണറിൽ നിന്നും ശരാശരി 20 കുടുംബങ്ങൾ വെള്ളമെടുക്കുന്നു. സ്വകാര്യകിണറുകളിൽ നിന്നും ഉടമയും പലസ്ഥലത്തും അയല്ക്കാരും വെള്ളമെടു ക്കുന്നു. ഭൂരിപക്ഷം കിണറുകളും കടുത്തവേനലുള്ള ഏപ്രിൽ മേയ് മാസങ്ങളിൽ വറ്റിപോകുന്നു.

9-ാം വാർഡിലെ ശാസ്താംതുരുത്ത് വാലേൽ പ്ര ദേശത്തെ ജനങ്ങൾ 2,3, വാർഡുകളിലെ ടാപ്പുകളിൽ നിന്നും വെള്ളം ശേഖരിക്കുന്നു. കൃഷ്ണൻ തുരുത്ത് എലിയമ്മേൽ, വയ്പാടമ്മേൽ പ്രദേശങ്ങളിൽനിന്നും തു രുത്തുമ്മ (5-ാം വാർഡ്) യിൽ വന്നും പനച്ചാന്തറക്കോ ളനിയിലെ ജനങ്ങൾ ആമ്പല്ലൂർ പഞ്ചായത്തിലെ കീ ച്ചേരിയിൽനിന്നുമാണ് വെള്ളം ശേഖരിക്കുന്നത്.

**കുടിവെള്ളത്തിനു ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ**

| | |
|---|---|
| പാറപ്പുറം, കാട്ടിത്തറ, പാഴുക്കാട് | വാർഡു 6 |
| കല്ലുകുത്തുംകടവ് | വാർഡ് 6 |
| മണിയൻകുന്ന്, ചാലുങ്കൽ | വാർഡ് 7 |
| ചാവക്കാട്ടു കുഴി ലക്ഷംവീട്, രാജൻ കവല, മുട്ടത്തിൽ കവല, പഞ്ചായത്ത് ജംഗ്ഷൻ | വാർഡ് 8 |

കുന്നേപ്പറമ്പ് ചെമ്പകശ്ശേരിക്കടവ്,
എലിയമ്മേൽ വാർഡ് 9

എന്നീ ഭാഗങ്ങളിൽ വേനലിൽ കുടിവെള്ളത്തിനു കടുത്തക്ഷാമം നേരിടുന്നു.

ഈ ഭാഗങ്ങളിൽ 95-96 ൽ 13 ദിവസം കുടിവെള്ളം ലോറിയിൽ എത്തിച്ചു കൊടുത്തു.

പുത്തൻ പറമ്പു കോളനി, ഈരേപറമ്പ് വാർഡ് I

കപഷ്ണായിപറമ്പ് ക്രാമ്പള്ളി വാർഡ് II

മുറിഞ്ഞ പുഴ വാർഡ് III

എന്നീപ്രദേശങ്ങളിലും കുടിവെള്ളത്തിനു ക്ഷാമം അനുഭവപ്പെടാറുണ്ട്. കഴിഞ്ഞവർഷം 3 ദിവസം ഈ ഭാഗങ്ങളിൽ വെള്ളം ലോറിയിൽ എത്തിച്ചു വിതരണം നടത്തി.

ടാങ്കർ ലോറിയിൽ എത്തിച്ചതിന് 95-96 ൽ 3000 രൂപ പഞ്ചായത്തു ചെലവഴിച്ചിട്ടുണ്ട്

പഞ്ചായത്തിൽ വേനൽകാലത്ത് 1025 കുടുംബങ്ങൾക്കെങ്കിലും വെള്ളം വാഹനത്തിൽ എത്തിച്ചു വിതരണം നടത്തേണ്ടി വരും.

ചെമ്പു പഞ്ചായത്തിൽ ഒരു കുഴൽ കിണറുണ്ട്. അത് ബ്രഹ്മമംഗലം പി.എച്ച്. സെൻററിലാണ്. ഇതിൽ നിന്നു കിട്ടുന്ന വെള്ളത്തിന് ഇരുമ്പു ചുവയുണ്ട്. അതുകൊണ്ടു കുടിക്കാൻ എടുക്കുന്നില്ല.

## ഗ്രാമസഭയിൽ ചർച്ച ചെയ്ത പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും

| *വാർഡ്* | *പ്രശ്നങ്ങൾ* | *പരിഹാരങ്ങൾ* |
|---|---|---|
| 1 | പുത്തൻ പറമ്പ് കോളനി തെക്കുംകോവിൽ എന്നീ ഭാഗങ്ങളിൽ കുടിനീർ ക്ഷാമം | ജനസാന്ദ്രത കൂടിയ വഞ്ചിപ്പുരക്കൽ ഭാഗത്തുനിന്നും കിഴക്കോട്ട് കിടുംബശ്ശേരി ഭാഗത്തേക്ക് 400 മീറ്റർ പൈപ്പുലൈൻ നീട്ടുക. |
| | ഷാപ്പുപറമ്പ് ഭാഗത്തെ കുടിനീർക്ഷാമം | കൊച്ചു കണ്ണങ്കേരിൽ നിന്നും ഷാപ്പു പറമ്പു ഭാഗത്തേക്ക് 400 മീറ്റർ പൈപ്പുലൈൻ നീട്ടുക. |
| | വെള്ളരിത്തറ ഭാഗത്തെ കുടിനീർക്ഷാമം | ഈരേപ്പറമ്പിൽ നിന്നും വെള്ളരിത്തറ ഭാഗത്തേക്ക് 350 മീറ്റർ പൈപ്പ് ലൈൻ നീട്ടുക. |
| | മാളിക പറമ്പു ഭാഗത്തെ കുടിനീർക്ഷാമം | മാളിയേക്കൽ ഭാഗത്തുനിന്നും 300 മീറ്റർ പൈപ്പ് ലൈൻ നീട്ടുക. |
| | കിഴക്കേത്തറ ഭാഗം | പാട്ടാലക്കൽ ഭാഗത്തുനിന്നും 300 മീറ്റർ പൈപ്പ് ലൈൻ നീട്ടുക. |
| 2. | ഇടയത്തുപുരയിടം ഇല്ലത്തുചിറ, കുഷ്ണായിപ്പറമ്പ്, മണ്ണാമ്പിച്ചിറ, വടക്കേവീട് എന്നീ അഞ്ചു ജനവാസ കേന്ദ്രങ്ങളിൽ കുടിവെള്ളക്ഷാമം. | പൊതുക്കിണർ സ്ഥാപിച്ച് പമ്പ് ചെയ്ത് വിതരണം ചെയ്യുക. |
| | | കുടിവെള്ളത്തിനായി വ്യക്തികൾ കിണർ കുഴിക്കുന്നതിന് സഹായധനം നൽകുക. |
| | | പഞ്ചായത്തു കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി ശുചീകരിക്കുക. |
| | | പൈപ്പ് ലൈൻ ഇല്ലാത്ത കുഷ്ണായി കറുപ്പശ്ശേരി പുവത്തിക്കുന്നേൽ പോസ്റ്റോഫീസ് - തട്ടാംപറമ്പിൽ പുരയിടം എന്നിവടങ്ങളിലേക്ക് പൈപ്പ് ലൈൻ ഉണ്ടാക്കുക. |

| *വാർഡ്* | *പ്രശ്നങ്ങൾ* | *പരിഹാരങ്ങൾ* |
|---|---|---|
| 3. | നിലവിലുള്ള കിണറുകളും കുളങ്ങളും സംരക്ഷിക്കപ്പെടുന്നില്ല. | നിലവിലുള്ള കിണറുകളും കുളങ്ങളും അറ്റകുറ്റപ്പണി നടത്തി ശുചിയാക്കുക. |
| | പൂക്കൈത, പൂഞ്ചോടം, പുല്ലുകാട്ടുതറ ഞാറക്കാട് പാറായിപ്പറമ്പ് കുന്നുവേലി വലിയതോട് പാലത്തിനു തെക്കുവശം എന്നിവടങ്ങളിൽ ജലക്ഷാമം. | പൈപ്പ് ലൈൻ ഇല്ലാത്തിടത്ത് പൈപ്പു ലൈനും ടാപ്പുകളും സ്ഥാപിക്കുക. സി.ഡബ്ല്യു.എസ്.എസ്. പദ്ധതിയിൽ മുഴുവൻ പ്രദേശത്തെയും ഉൾപ്പെടുത്തുക. |
| 4. | 250-ൽപരം കുടുംബങ്ങൾ താമസിക്കുന്ന കാട്ടിക്കുന്നിൻെറ കിഴക്കുഭാഗമായ പള്ളിക്കരി, ലെനിൻ തുരുത്ത് വടക്കുഭാഗമായ ചെമ്പ് വാലയിൽ ഭാഗം. ചിറയിൽ ഇടത്തിച്ചിറ കാട്ടിക്കുന്നു ലക്ഷംവീട് എന്നിവടങ്ങളിൽ ശുദ്ധജലം ലഭ്യമല്ല. | ഈ പ്രദേശത്തെ കെ.ഡബ്ല്യു.എ പൈപ്പുലൈൻ കുളവുമായി ബന്ധിപ്പിക്കുക. കാട്ടിക്കുന്ന് കെ.ഡബ്ല്യു.എ പദ്ധതി വിപുലീകരിക്കുക. കേടായ ടാപ്പുകൾ നന്നാക്കുക. |
| 5. | തുരുത്തുമ്മയുടെ ഭാഗങ്ങളിൽ കക്കൂസുകൾ പൊതുജലാശയങ്ങളിലേക്ക് തുറക്കുന്നു. ജലദൗർലഭ്യത രൂക്ഷം. | ബോധവൽക്കരണത്തിലൂടെയും നിയമം മൂലവും മലനീകരണം തടയണം. മുഴുവൻ ഭാഗങ്ങളും കെ.ഡബ്ല്യു.എ പൈപ്പുലൈനുമായി ബന്ധിപ്പിക്കണം. സത്വര നടപടി എന്ന നിലയിൽ പൊതുക്കിണറുകൾക്ക് ഗ്രൗണ്ട് ടാങ്ക് നിർമ്മിച്ച് ജലം പമ്പു ചെയ്തു കൊടുക്കണം. |
| 6. | ഏനാദി പടിഞ്ഞാറു ഭാഗം ജനസാന്ദ്രതയേറിയ ഭാഗം. നിലവിൽ സ്കീമുകൾ ഒന്നുമില്ല. | തെന്നാപ്പള്ളിയിൽ നിലവിലുള്ള പഞ്ചായത്തു കിണർ വിപുലീകരിച്ച് ഗ്രൗണ്ട് ടാങ്കു നിർമ്മിച്ച് വെള്ളം പമ്പു ചെയ്തു കൊടുക്കണം. ഏനാദി പടിഞ്ഞാറ് നൂറിൽ പരം വീടുകൾക്ക് പ്രയോജനപ്പെടും. |
| | ഏനാദി കിഴക്കുഭാഗം നിലവിലുള്ള ഏതാനും പഞ്ചായത്തു കിണറുകൾ ഒഴിച്ച് ഈ വാർഡിൽ ശുദ്ധജല വിതരണത്തിന് യാതൊരു സംവിധാനങ്ങളുമില്ല. ഭൂരിഭാഗം പ്രദേശങ്ങളും താണ പ്രദേശങ്ങളാണ്. കാട്ടിത്തറ ഭാഗം വളരെയധികം ഒറ്റപ്പെട്ടു കിടക്കുന്നു. | കാട്ടിത്തറ ഭാഗത്തിനു യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള എല്ലാ പഞ്ചായത്തു കിണറുകൾക്കും അറ്റകുറ്റപ്പണി നടത്തി ടാങ്കുനിർമ്മിച്ച് വെള്ളം പമ്പുചെയ്തു കൊടുക്കുക. ഓരോ കിണറ്റിൽ നിന്നും 100-ൽപരം വീടുകൾക്ക് ജലം നൽകാൻ കഴിയും. അമ്പലംപറമ്പിൽ ദിനേശൻ വിട്ടുകൊടുത്ത സ്ഥലത്ത് പുതുതായി കിണർ നിർമ്മിക്കുക. കെ.ഡബ്ല്യു.എ കക്കാടു പദ്ധതിയുമായി ഈ പ്രദേശത്തെ ബന്ധിപ്പിക്കുക. |
| 7. | കുടിവെള്ള പ്രശ്നം പ്രത്യേകിച്ച് വേനൽക്കാലത്ത് രൂക്ഷമായ പ്രദേശം. | പഞ്ചായത്തു കിണറുകൾ സംരക്ഷിക്കുക. മഴ വെള്ളം ഭൂമിയിൽ താഴാൻ സംവിധാനം ഉണ്ടാക്കാൻ ജനങ്ങളെ ബോധവാന്മാരാക്കുക. അമ്പലക്കുളം വിപുലീകരിച്ച് ഗ്രൗണ്ട് ടാങ്ക് ഉയർന്ന സ്ഥത്ത് നിർമ്മിച്ച് വെള്ളം പമ്പുചെയ്ത് കൊടുക്കുക. കെ.ഡബ്ല്യു.എ. കക്കാടു പദ്ധതിയുമായി ബന്ധിപ്പിക്കണം. |

| വാർഡ് | പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|---|
| 8. | പഞ്ചായത്ത് ഹെഡ്ക്വാർട്ടേഴ്സ്, മാർക്കറ്റ്, സ്കൂളുകൾ മുതലായവയിൽ ശുദ്ധജല ക്ഷാമം രൂക്ഷം | മുൻ പി.എച്ച്.ഇ.ഡി. സ്കീം പുനരുദ്ധരിക്കുക. എട്ടും ഒമ്പതും വാർഡുകളിൽ ഇതിൽ നിന്നും വെള്ളം നൽകാൻ കഴിയും. യു.പി.സ്കൂളിനു കിഴക്കുവശം ഉള്ള കുളം വിപുലീകരിച്ച് പമ്പിംഗ് നടത്തി വിതരണം ചെയ്യണം. എരട്ടയാനിക്കാവ് സ്കീമുമായി ഉടനെ ബന്ധപ്പിക്കണം. കെ.ഡബ്ല്യു.എ കക്കാട്ട് പദ്ധതിയുമായി ഈ പ്രദേശത്തെ ബന്ധിപ്പിക്കണം. |
| 9. | ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. വെള്ളക്കെട്ടു പ്രദേശം. ശുദ്ധജല വിതരണ സംവിധാനങ്ങൾ ഒന്നുമില്ല. | നിലവിലുള്ള പഞ്ചായത്തു കിണർ നന്നാക്കി പമ്പു ചെയ്ത് അടിയന്തിരമായി വിതരണം ചെയ്യണം. കോതകുളം സ്കീം പുനരുദ്ധരിച്ച് ഒമ്പതാം വാർഡിനു ജലവിതരണം നടത്താവുന്നതാണ്. കുന്നേപ്പറമ്പ് കൃഷ്ണൻ തുരുത്ത് എന്നിവടങ്ങളിൽ പൊതുകിണർ കുഴിക്കണം. ശാസ്താം തുരുത്ത് കൃഷ്ണൻ തുരുത്ത്, വലേൽ, പനച്ചാന്തറ, അറയ്ക്കൽകോളനി എന്നിവടങ്ങളിൽ പൈപ്പിടുകയും കക്കാടു പദ്ധതിയുമായി ബന്ധിപ്പിക്കുകയും വേണം. |

## പ്രശ്നങ്ങൾ, സാദ്ധ്യതകൾ

7, 8, 9 വാർഡുകളിൽ കോതകുളം വാട്ടർ സപ്ലൈ സ്കീമിൽ നിന്നാണു വെള്ളം വിതരണം ചെയ്തിരുന്നത്. എന്നാൽ ആ സ്കീം തകർന്നുപോയി. കുളം മലിനമായി പമ്പു ഹൗസ് കാലപ്പഴക്കം കൊണ്ടു തകർന്നുപോയി. നിലവിൽ ഓവർ ഹെഡ് ടാങ്കുണ്ട്. കുളത്തിൽ കിണർ കുഴിക്കുക. പമ്പു ഹൗസ് പണിയുക, പുതിയ മോട്ടോർ സ്ഥാപിക്കുക. കേടുവന്ന പൈപ്പുകൾ മാറ്റി പുതിയവ ഇടുക. ഇത്രയും ചെയ്താൽ 7, 8, 9 വാർഡുകളിലെ ജനങ്ങൾക്കം പ്രയോജനപ്പെടും.

കോതകുളം സ്കീം നിശ്ചലമായതിനെ തുടർന്ന് 1984-ൽ 5, 6, 7, 8, 9 വാർഡുകളിലായി 14.5 കി.മീറ്റർ പൈപ്പു ഭൂമിക്കടിയിൽ നിക്ഷേപിച്ചിട്ടുണ്ട്. കക്കാടു വാട്ടർ സപ്ലൈ സ്കീമുമായി ഇതു ബന്ധിപ്പിക്കാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവെങ്കിലും പദ്ധതി വളരെ മന്ദഗതിയിലാണു നീങ്ങുന്നത്. തുടർന്ന് 1993-94, 94-95, 95-96 എന്നീ വർഷങ്ങളിൽ സ്പെഷ്യൽ കമ്പോണൻറ് പ്രോഗ്രാമിൽ ഏനാദി തച്ചാട്ട്, ഏനാദി വെസ്റ്റ്, ബ്രഹ്മമംഗലം നോർത്ത്, പനച്ചാന്തറ എന്നീ ഐ.എച്ച്.ഡി.പി പട്ടികജാതി കോളനികളിൽ 5 ലക്ഷം രൂപ വകയിരുത്തി പൈപ്പുലൈൻ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ വെള്ളൂർ പഞ്ചായത്തിലെ ഇരട്ടയാനിക്കാവിൽ ഓവർ ഹെഡ് ടാങ്ക് പണി പൂർത്തിയാക്കിയാലേ മേൽ പറഞ്ഞ മിനി വാട്ടർ സപ്ലൈ സ്കീമിൽ പെട്ട പദ്ധതികൾ കമ്മീഷൻ ചെയ്യാൻ പറ്റുകയുള്ളു. ഈ പദ്ധതികൾ വരൾച്ചക്കാലത്ത് തെളിഞ്ഞവെള്ളം പമ്പുചെയ്യാൻ മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ്. വർഷക്കാലത്തു ഈ സംവിധാനം കൊണ്ടു പ്രയോജനമില്ല. എങ്കിലും പമ്പിംഗ് സ്റ്റേഷൻെറയും ഓവർ ഹെഡ് ടാങ്കിൻേറയും പണി എത്രയും വേഗം പൂർത്തിയാക്കിയാൽ വേനൽക്കാലത്തു വെള്ളം കിട്ടും.

ഇരട്ടയാനിക്കാവ് സ്കീം പൂർത്തിയായാലും ബ്രഹ്മമംഗലം മേഖലയിലെ കുടിവെള്ളപ്രശ്നത്തിനു സ്ഥായിയായ പരിഹാരമാകുകയില്ല. അതിന് കക്കാടു വാട്ടർ സപ്ലൈ സ്കീമും ഈ പ്രദേശത്തെ മിനി പദ്ധതികളുമായി ബന്ധിപ്പിക്കുക. കൂടുതൽ സ്ഥലത്തേക്കു വ്യാപിപ്പിക്കാൻ സത്വര നടപടികൾ ഉണ്ടാകണം.

ചെമ്പു വില്ലേജ് വാട്ടർ സപ്ലൈ സ്കീമിനു വേണ്ടി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രോജക്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ഗവ. തലത്തിൽ അനുകൂലമായ തീരുമാനം ഉടൻ ഉണ്ടാകണം. ചെമ്പു മേഖലയിലെ ശുദ്ധജലക്ഷാമത്തിനു ഇതു പരിഹാരമാകും.

ചെമ്പു മേഖലക്കു വേണ്ടി ചെമ്പു പോസ്റ്റാഫീസിനു സമീപം ഫിഷറീസ് വകുപ്പു നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തി ഒരു മിനിവാട്ടർ സപ്ലൈ സ്കീം നടപ്പാക്കാൻ കഴിയുന്നതാണ്. 500 കുടുംബങ്ങൾക്കെങ്കിലും ഇതിൻെറ പ്രയോജനം സിദ്ധിക്കും.

ഇപ്പോൾ അശ്രദ്ധമായി കിടക്കുന്ന ബ്രഹ്മമംഗലം ക്ഷേത്രക്കുളം നന്നാക്കി ഒരു ഓവർ ഹെഡ് ടാങ്കും മോട്ടോറും സ്ഥാപിച്ചാൽ 6, 7, 8 വാർഡുകളിലെ 850 കുടുംബങ്ങൾക്ക് അതു പ്രയോജനപ്പെടും. ഈ പദ്ധതി രാജീവ് ഗാന്ധി കുടിനീർ മിഷൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്നതാണ്.

എ.ആർ.പി. സ്കീമിൽ കുടിവെള്ളമെത്തിക്കുന്നതിന് സർവ്വെ നടന്നുവെങ്കിലും പകുതിയിൽ കൂടുതൽ വാർഡുകളിൽ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന കാരണത്താൽ പദ്ധതിയുടെ പരിധിയിൽനിന്ന് ഈ പഞ്ചായത്തിനെ ഒഴിവാക്കുകയാണു ചെയ്തത്. ഈ നടപടി പുന:പരിശോധിക്കണം. അനുകൂലമായ തീരുമാനമുണ്ടായാൽ 4 മുതൽ 9 വരെ വാർഡുകൾക്ക് ഇതിൻെറ ഫലം കിട്ടും.

6-ാം വാർഡിൽ പാറപ്പുറത്ത് നിലവിലുള്ള കിണർ വികസിപ്പിച്ച് ഗ്രൗണ്ട് ടാങ്ക് കെട്ടി മോട്ടോർ വച്ച് 200 മീറ്റർ പൈപ്പിട്ടാൽ 80 വീട്ടുകാർക്കു ശുദ്ധജലം ലഭിക്കും. പഞ്ചായത്തു തലത്തിൽ ആലോചിക്കാവുന്ന സ്കീമാണിത്.

6-ാം വാർഡിൽ വിളക്കിത്തല മലയിലെ നിലവിലുള്ള കിണറിനോടനുബന്ധിച്ച് ഗ്രൗണ്ട് ടാങ്കു സ്ഥാപിച്ചാൽ 100 വീട്ടുകാർക്കു പ്രയോജനമുണ്ടാകും.

7-ാം വാർഡിൽ മണിയൻകുന്നിൽ ചാണിക്കുളം വികസിപ്പിച്ച് ടാങ്കും മോട്ടോറും പൈപ്പു ലൈനുകളും സ്ഥാപിച്ചാൽ 100 വീടുകൾക്ക് വെള്ളം ലഭിക്കും.

7-ാം വാർഡിൽ വേലൻെറ കുളം കല്ലുകെട്ടി പുതുക്കി പണിത് ഉപയോഗയോഗ്യമാക്കണം.

## ചില നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ ആരോഗ്യസമിതി (ഗ്രാമസമിതി) ഉണ്ടാകണം. അവയുടെ മേൽനോട്ടത്തിൽ നിലവിലുള്ള കിണറുകളും കുളങ്ങളും ശുദ്ധീകരിച്ചു സംരക്ഷിക്കുക.
2. ശുചിത്വബോധം വളർത്തുക. ജലം മലിനമാക്കുന്നതു തടയുക. അത്യാവശ്യത്തിന് മാത്രം ശുദ്ധജലം വിനിയോഗിക്കുന്നത് ഒരു ശീലമാക്കാൻ പഠിപ്പിക്കുക.
3. ജലജന്യ രോഗങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. ജലസാമ്പിളുകൾ പരിശോധിച്ച് കാലാകാലങ്ങളിൽ ക്ലോറിനേഷൻ നടത്തുക.
4. ബഹുജനപങ്കാളിത്തത്തോടെ കഴിയാവുന്നിടത്തോളം പൊതുക്കിണറുകൾ നിർമ്മിക്കുക. ഉപഭോക്താക്കളുടെ ചുമതലയിൽ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുക.
5. സ്വകാര്യ കിണറുകൾ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക.
6. ശുദ്ധജലം വിലമതിക്കാനാവാത്ത വസ്തുവാണെന്നു നേഴ്സറി, ബാലവാടിതലം മുതൽ കുഞ്ഞുങ്ങളെ പഠിപ്പിക്കുക.

# വ്യവസായം

വ്യവസായ മേഖലയിൽ ചെമ്പ് ഗ്രാമപഞ്ചായത്തിന് കാര്യമായ നേട്ടങ്ങളൊന്നുംതന്നെ എടുത്തു പറയാനില്ല. ഇവിടുത്തെ ജനങ്ങൾക്ക് ഒരു വ്യവസായ ചരിത്രമോ പാരമ്പര്യമോ ഇല്ല. ഇന്നും ഇവിടെ നാമമാത്രമായ കുടിൽവ്യവസായങ്ങളേ ഉള്ളൂ. വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രധാനം കയർ പിരിക്കൽ, കുട്ട നെയ്ത്ത്, തഴപ്പായ നെയ്ത്ത് എന്നിവയാണ്. 3 കയർ സഹകരണ സംഘങ്ങളുണ്ട്. വളരെ കുറഞ്ഞ കൂലിനിരക്കിൽ പ്രവർത്തിച്ചിട്ടും ഈ സംഘങ്ങളിൽ 2 എണ്ണം നഷ്ടത്തിലാണ്. 50 തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന ഖാദി വ്യവസായ യൂണിറ്റിൽ 13 സ്ത്രീകൾ മാത്രമാണ് ജോലി ചെയ്യുന്നത്. വേതനം തീർത്തും അപര്യാപ്തമാകയാൽ തൊഴിലാളികൾ കൊഴിഞ്ഞുപോകുന്നു. കൈത്തറി വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ 40 തൊഴിലാളികൾ പണിയെടുക്കുന്നു. ഈ സംഘം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകളും തൊഴിലാളികളുടെ എണ്ണവും താഴെ കൊടുക്കുന്നു.

| | യൂണിറ്റുകൾ | തൊഴിലാളികൾ |
|---|---|---|
| തീപ്പെട്ടിക്കമ്പനി | 3 | 43 |
| ഖാദിവ്യവസായം | 1 | 13 |
| സോമിൽ | 4 | 12 |
| റൈസ്മിൽ | 6 | 6 |
| വിജാഗിരി ഫാക്ടറി | 1 | 2 |
| ആയുർവേദ ഫാർമസി | 1 | 3 |
| തൊണ്ടുതല്ല് യന്ത്രം | 2 | 2 |
| എണ്ണയാട്ടുമിൽ | 3 | 3 |
| പീലിംഗ് ഷെഡ്ഡ് | 1 | 15 |
| ലൈംഷെൽ വർക്സ് | 4 | 8 |
| ബേക്കറി | 2 | 2 |
| ഓട്ടോമൊബൈൽ വർക്ഷോപ്പ് | 2 | 4 |
| വസ്ത്രനിർമ്മാണ യൂണിറ്റ് | 7 | 65 |

ഇതു കൂടാതെ 4 കള്ളുഷാപ്പുകളിലായി 49 തൊഴിലാളികൾ പണിചെയ്തുവരുന്നു. നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ തൊഴിൽദായക ശക്തി പരിമിതമാണ്. സംഘാടനത്തിന്റെ പോരായ്മയും വിപണനസാധ്യതയുള്ള ഉൽപന്നങ്ങളുടെ നിർമ്മാണത്തെക്കുറിച്ചുള്ള അറിവില്ലായ്മയും ബാങ്കുവായ്പ എടുക്കുന്നതിനുള്ള മതിയായ ഈടില്ലാത്ത സ്ഥിതിയും ഈ രംഗത്തുള്ള ശ്രമങ്ങളിൽനിന്നും ചെറുപ്പക്കാരെ പിന്മാറ്റുന്നു. സാധ്യതകളുള്ള അസംസ്കൃത സാധനങ്ങൾ ലഭ്യമായിട്ടും അവ വേണ്ടത്ര ഉപയോഗിക്കപ്പെടുന്നില്ല. ഒരു കക്കാവ്യവസായ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും 4-ാം വാർഡിൽ മാത്രമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. ഇതിന്റെ

പ്രവർത്തന പരിധി പഞ്ചായത്തിലെ കക്ക ലഭ്യമായ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കേണ്ടതാണ്. ചെറുകിട വ്യവസായ യൂണിറ്റുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കാവട്ടെ കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. ജില്ലാ വ്യവസായ കേന്ദ്രത്തിൽ 43 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇതിന്റെ 25% മാത്രമാണ് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നത്. ബാങ്കുകളുടെ നിസ്സംഗമായ സമീപനവും പരിശീലനത്തിന്റെ കുറവും ഈ മേഖലയുടെ വികസനത്തിന് തടസ്സമാകുന്നു.

പഞ്ചായത്തിലെ 5, 6, 7, 8, 9 വാർഡുകളിലായി ആയിരത്തോളം സ്വർണ്ണത്തൊഴിലാളികൾ പണിയെടുത്തുവരുന്നു. ഇവരിൽ 500 പേർ ദിവസക്കൂലിക്കു പണിയെടുക്കുന്നവരാണ്. ബാക്കിയുള്ളവരിൽ 50 പേർക്കു മാത്രമാണ് സ്വന്തമായി യന്ത്രവൽകൃത യൂണറ്റുകളുള്ളത്. വസ്തു ഈടിന്മേൽ ബാങ്കുകളിൽനിന്ന് വായ്പയെടുത്താണ് യൂണിറ്റുകൾ സ്വന്തമായി തുടങ്ങുന്നത്. മതിയായ ഈടില്ലാത്തവർക്ക് സ്വന്തമായി യൂണിറ്റുകൾ തുടങ്ങാൻ കഴിയുന്നില്ല. സ്വർണ്ണത്തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു സഹകരണ സംഘം തുടങ്ങാനുള്ള സാധ്യത ഏറെയുണ്ട്. തൊഴിൽ രംഗത്തെ ബുദ്ധിമുട്ടൊഴിവാക്കുന്നതിനും ഒരു വ്യവസായമായി ഇതിനെ വളർത്തിയെടുക്കുന്നതിനും ഇതു വഴി തെളിക്കും.

ചെമ്പ് 2-ാം വാർഡിൽ നൂറോളം തൊഴിലാളികൾ മുളവാരികൊണ്ട് കുട്ട നെയ്ത് ഉപജീവനം നടത്തുന്നു. മുളയുടെ ദൗർലഭ്യമാണ് തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നം. ദൂരപ്രദേശങ്ങളിൽനിന്നും മുള കൊണ്ടുവരുന്നതിന് വനം വകുപ്പിന്റെ അനുമതി വേണം. നാട്ടിൻപുറങ്ങളിൽനിന്നു ശേഖരിക്കുന്ന മുളകൾക്കുപോലും അനുമതിയുടെ അഭാവത്താൽ പിഴ അടയ്ക്കേണ്ടി വന്നിട്ടുണ്ട്. ഈ രംഗത്ത് ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവന്നിരുന്നു. കെടുകാര്യസ്ഥതമൂലം സൊസൈറ്റി തകർന്നു. വിപണന സാധ്യതയുള്ള ഈ മേഖലയിലെ തൊഴിലാളികൾ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്.

പ്രശ്നങ്ങൾ

1. ബാങ്കുവായ്പ ലഭിക്കുന്നില്ല. ഇതുമൂലം പി.എം.ആർ.വൈ. സംരംഭകർക്ക് ആനുകൂല്യം ലഭിക്കുന്നില്ല.
2. സാധ്യതകൾ വേണ്ടത്രയുണ്ടെങ്കിലും ഫലപ്രദമായി വിനിയോഗിക്കുന്നില്ല.
3. വോൾട്ടേജ് ക്ഷാമവും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസവും.
4. സംഘാടനത്തിന്റെ അപര്യാപ്തത.

നിർദ്ദേശങ്ങൾ

1. കയറുൽപന്ന നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.
2. തേങ്ങാ സംഭരിച്ച് കൊപ്രാ സംസ്കരണ യൂണിറ്റ് സഹകരണ മേഖലയിൽ സ്ഥാപിക്കുക.
3. ഏകീകൃത കക്കാ സംഭരണകേന്ദ്രം രൂപീകരിക്കണം.
4. വസ്ത്രനിർമ്മാണത്തിനാവശ്യമായ തയ്യൽ-എംബ്രോയ്ഡറി പരിശീലനകേന്ദ്രം ആരംഭിക്കുക.
5. കക്കയിറച്ചി, മത്സ്യം തുടങ്ങിയവയുടെ അച്ചാറുനിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.
6. കുട്ടനെയ്ത്ത് തൊഴിലാളികളുടെ സഹകരണസംഘം രജിസ്റ്റർ ചെയ്ത് വ്യവസായം വിപുലീകരിക്കുക. അവർക്ക് വനം വകുപ്പിന്റെ പാസ്സ് അനുവദിക്കുക.
7. തൊണ്ടുതല്ല് യന്ത്രം പഞ്ചായത്തിന്റെ ധനസഹായത്തോടെ സഹകരണ മേഖലയിൽ കൊണ്ടുവരിക.
8. റബ്ബറുൽപന്നങ്ങളുടെ ചെറുകിട ഫാക്ടറി ആരംഭിക്കുക.
9. തീപ്പെട്ടി, മുളകുപൊടി, ധാന്യപ്പൊടി, സോപ്പുനിർമ്മാണം, റെഡിമെയ്ഡു വസ്ത്രങ്ങൾ, മത്സ്യസംസ്കരണം, വാഴനാരുകൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.
10. പാലുൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
11. തഴപ്പായ നെയ്ത്ത് തൊഴിലാളികൾക്ക് സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.
12. സ്വർണ്ണത്തൊഴിലാളികളുടെ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് വ്യവസായം വിപുലപ്പെടുത്തുക.
13. പപ്പട നിർമ്മാണ യൂണിറ്റ് രൂപീകരിക്കുക.

14. ഹോളോ ബ്രിക്സ്- സിമൻറിഷ്ടിക നിർമ്മാണ യൂണിറ്റ് ഇവ സ്ഥാപിക്കുക.

15. നെല്ലു പുഴുങ്ങി അരിയാക്കി പാക്കറ്റുകളിലാക്കി വിതരണം ചെയ്യുന്ന യൂണിറ്റ് ആരംഭിക്കുക.

16. ഇറച്ചിക്കോഴി വളർത്തൽ തുടങ്ങുന്നതിന് ആവശ്യമായ പദ്ധതി കൃഷിഭവൻ മുഖാന്തിരം ആരംഭിക്കുക.

17. വൈദ്യുതി-വ്യവസായ വകുപ്പുകളെ സംയോജിപ്പിച്ച് പഞ്ചായത്തുതല സെൽ രൂപീകരിക്കുക.

18. വൈദ്യുതി കണക്ഷൻ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

19. പട്ടികജാതി/പട്ടികവർഗ്ഗ സ്ത്രീകളുടെ സൊസൈറ്റി രജിസ്റ്റർ ചെയ്ത് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.

ബാങ്കുകളിൽനിന്നും വ്യവസായങ്ങൾക്കു കൊടുത്ത വായ്പകളുടെ പട്ടിക ചുവടെ കൊടുത്തിരിക്കുന്നു.

**സിൻഡിക്കേറ്റ് ബാങ്ക്, ബ്രഹ്മമംഗലം ശാഖ 95-96**

*രൂപ*

| | | |
|---|---|---|
| നിക്ഷേപം | | 1.18 കോടി |
| ചെലവഴിച്ചത് : | | |
| കൃഷി വായ്പ | 659 പേർക്ക് | 46.94 ലക്ഷം |
| വ്യവസായ യൂണിറ്റ് | 33 യൂണിറ്റ് | 4.60 ലക്ഷം |
| മറ്റിതര വായ്പകൾ | 486 പേർക്ക് | 34.31 ലക്ഷം |
| ആകെ വിനിയോഗിച്ചത് | 1178 പേർക്ക് | 85.85 ലക്ഷം |

*അവലംബം : സെക്കൻററി ഡാറ്റ*

**സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ചെമ്പ് ശാഖ**

*രൂപ*

| | |
|---|---|
| നിക്ഷേപം | 1.92 കോടി |
| ചെലവഴിച്ചത് : | |
| കൃഷി വായ്പ | 8.20 ലക്ഷം |
| ചെറുകിട വ്യവസായം | 1.23 ലക്ഷം |
| മറ്റിതര വായ്പകൾ | 30.00 ലക്ഷം |

# ഗതാഗതം

ബ്രഹ്മമംഗലം, ഏനാദി, തുരുത്തുമ്മ, ചെമ്പ്, കാട്ടിക്കുന്ന് എന്നീ ചെറു ദ്വീപുകളും അവയടെ അനുബന്ധ തുരുത്തുകളും ചേർന്നതാണ് പൂർവ്വകാല ചെമ്പ് പഞ്ചായത്ത്. ഇവകൾ തമ്മിലും മറ്റു പ്രദേശങ്ങളുമായും ബന്ധിക്കുന്ന തരത്തിൽ യോഗ്യമായ ഗതാഗത സൗകര്യം തീരെയില്ലായിരുന്നു. ജലഗതാഗതം മാത്രമായിരുന്നു ആശ്രയം. വൈക്കം-എറണാകുളം റോഡാണ് നമ്മുടെ പഞ്ചായത്തിലൂടെ നിർമ്മിക്കപ്പെട്ട ആദ്യത്തെ റോഡ്. മുറിഞ്ഞപുഴയിലും പൂത്തോട്ടയിലും രണ്ടു കടത്തുകൾ ഉണ്ടായിരുന്നതിനാൽ ഈ റോഡിലൂടെ ഗതാഗതം എളുപ്പമായിരുന്നില്ല. മൂവാറ്റുപുഴ ആറിനാൽ മുറിഞ്ഞതിനാലാണ് മുറിഞ്ഞപുഴ എന്ന പേരുണ്ടായത് എന്നു കരുതാം. ചങ്ങാടങ്ങളിലാണ് വാഹനങ്ങൾ മറുകരയിലേക്ക് കടത്തിവിട്ടിരുന്നത്. 1962ൽ കേരള മുഖ്യമന്ത്രിയായിരുന്ന ശ്രീ. പട്ടം താണുപിള്ള മുറിഞ്ഞപുഴ പാലം ഗതാഗതത്തിന് തുറന്നുകൊടുത്തതോടെ ഈ രംഗത്ത് വൻ മാറ്റത്തിന് തുടക്കമായി. പൂത്തോട്ട പാലം നിർമ്മിച്ച് സഞ്ചാരയോഗ്യമായതോടെ ഗതാഗതത്തിന്റെ കാര്യത്തിൽ ഏറെ പുരോഗതിയുണ്ടായി. (1961)

ഇന്നു കാണുന്ന റോഡുകൾ രൂപപ്പെട്ടിട്ട് ഒരു വ്യാഴവട്ടത്തിലധികമായിട്ടില്ല. ഏനാദി പ്രദേശത്തെ ബ്രഹ്മമംഗലവുമായി ബന്ധിപ്പിക്കുന്ന കുറവൻ പറമ്പ് പാലത്തിന്റെ നിർമ്മാണം പ്രത്യേകം പരാമർശിക്കാതെ നിർവ്വാഹമില്ല. 'ഏനാദി ഗ്രാമ വികസന സമിതി' എന്ന പേരിൽ ഗ്രാമവാസികൾ ആകെ ഒത്തുചേർന്ന് പാലത്തിന്റെ നിർമ്മാണത്തിന് നടത്തിയ സേവനവും സംഭാവനയും ഉത്തമ മാതൃകയാണ്. ഈ സന്നദ്ധ സേവനങ്ങൾക്ക് നേതൃത്വം നൽകിയ പ്രൊഫസർ ഡി. മോഹൻ നായരുടെ പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്. ഇന്ന് ടാർ ചെയ്തിട്ടുള്ള റോഡുകളുടെയും പൂഴിറോഡുകളുടെയും നിർമ്മാണത്തിന്റെ തുടക്കം അതതു പ്രദേശത്തെ ജനങ്ങളുടെ സന്നദ്ധ പ്രവർത്തനത്തോടെയാണ്. ഒരു കിലോമീറ്റർ ദൈർഘ്യമുള്ള മുറിഞ്ഞപുഴ-പരിഷത് റോഡിന്റെ നിർമ്മാണം കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ തദ്ദേശ വാസികൾ ഒരു മാസക്കാലം നടത്തിയ സേവനത്തിന്റെ ഫലമാണ്. 1991-ൽ പണി പൂർത്തിയായ മൂലേക്കടവ്-നീർപ്പാറ റോഡ് ബ്രഹ്മമംഗലത്തെ ഗതാഗത സൗകര്യം വർദ്ധിക്കുവാൻ വളരെ സഹായകരമായിട്ടുണ്ട്. ബ്രഹ്മമംഗലത്തു നിന്നും എറണാകുളം, കാക്കനാട്, കോട്ടയം, തലയോലപ്പറമ്പ്, വൈക്കം, കൈപ്പുഴമുട്ട്, ടി.വി. പുരം എന്നിവിടങ്ങളിലേക്ക് ബസ് സർവീസ് ഉണ്ട്. ഇതിൽ വൈക്കം, കൈപ്പുഴമുട്ട്, ടി.വി. പുരം എന്നിവിടങ്ങളിലേക്ക് ചെമ്പിലൂടെയാണ് സർവ്വീസ് നടത്തുന്നത്. ചെമ്പിൽനിന്നും ബ്രഹ്മമംഗലത്തേക്ക് നേരിട്ട് റോഡ് സൗകര്യം ഇല്ലാത്തതിനാൽ വാഹനങ്ങൾക്ക് ഉദയംപേരൂർ,

ആമ്പല്ലൂർ, പഞ്ചായത്തുകളിൽക്കൂടി പതിമൂന്നു കിലോ മീറ്റർ സഞ്ചരിക്കേണ്ടിവരുന്നു. വില്ലേജ് ഓഫീസ്, ഇലക്ട്രിസിറ്റി ഓഫീസ്, പി ആൻറ് ടി ഓഫീസ് എന്നിവ ചെമ്പിലും പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, ആയുർവേദ ആശുപത്രി, പൊതുജനാരോഗ്യകേന്ദ്രം, ഹൈസ്കൂൾ, പബ്ലിക് ലൈബ്രറി എന്നിവ ബ്രഹ്മമംഗലത്തുമാണ് സ്ഥിതിചെയ്യുന്നത്. ഇത് ഇരു കരകളിലേയും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കുന്നേപ്പറമ്പ്-മുറിഞ്ഞപുഴ റോഡിൻെറ പൂർത്തീകരണത്തിലൂടെ മാത്രമേ ഈ യാത്രാക്ലേശം പരിഹരിക്കുവാൻ കഴിയുകയുള്ളു.

ടാർ ചെയ്ത റോഡുകളുടെയും ടാർ ചെയ്യേണ്ട റോഡുകളുടെയും വികസിപ്പിക്കേണ്ടുന്ന നടപ്പാതകളുടെയും പട്ടിക അനുബന്ധം എ, ബി, സി എന്നിവയിൽ കൊടുത്തിട്ടുണ്ട്.

കടത്തുകൾ

പഞ്ചായത്തിലെ പ്രധാന കടത്തുകളുടെയും അവയുടെ ഉടമസ്ഥതയെയും സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക ഒന്നിൽ ചേർത്തിട്ടുണ്ട്. കല്ലുകൊത്താം കടവ്, ചെമ്പകശ്ശേരി കടത്തുകളിൽ വാഹന ഗതാഗതയോഗ്യമായ പാലം പണികഴിക്കേണ്ടതാണ്. ഈ പാലങ്ങൾ ഏനാദി, തുരുത്തുമ്മ പ്രദേശങ്ങളുടെ വികസനത്തിന് വേഗത കൂട്ടും. ഈ ആവശ്യങ്ങൾക്ക് കാൽ നൂറ്റാണ്ടിലധികം പഴക്കമുണ്ട്. മുറിഞ്ഞപുഴ-വിലേൽ പാലം പണിയുന്നതിലൂടെ മാത്രമേ കടന്നേപ്പറമ്പ്-മുറിഞ്ഞപുഴ റോഡ് ലക്ഷ്യത്തിലെത്തുകയുള്ളു. നിലവിലുള്ള പൊതു തോടുകൾ മണ്ണ് വീണ് നികന്നിരിക്കുകയാണ്. ഇവ ആഴം കൂട്ടി ഇരു കരകളും കൽ ഭിത്തി കെട്ടണം. പഞ്ചായത്തിലെ തുരുത്തുകളിൽ തലങ്ങും വിലങ്ങുമുള്ള തോടുകൾക്കു കുറുകെ നൂറുകണക്കിന് തെങ്ങും തടി പാലങ്ങൾ ഇട്ടാണ് യാത്ര ചെയ്യുന്നത്.

# മാർക്കറ്റ്

ചെമ്പ്, ബ്രഹ്മമംഗലം എന്നീ മാർക്കറ്റുകൾ രാവിലെയും വൈകിട്ടും പ്രവർത്തിക്കുന്നു. മുറിഞ്ഞപുഴ ലാൻഡിംഗ് സെൻറർ രാവിലെയും കാട്ടിക്കുന്നിലെ മാർക്കറ്റ് വൈകുന്നേരവും പ്രവർത്തിക്കുന്നു. മത്സ്യത്തൊഴിലാളികൾ പണം പിരിച്ച് സ്ഥലം വിലയ്ക്കു വാങ്ങി ബ്രഹ്മമംഗലം മാർക്കറ്റ് സ്ഥാപിച്ചു. ചെമ്പ്, കാട്ടിക്കുന്ന് മാർക്കറ്റുകൾ റവന്യൂ വകുപ്പിൽനിന്നും കൈമാറിക്കിട്ടിയ സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. മുറിഞ്ഞപുഴ ലാൻഡിംഗ് സെൻറർ സ്ഥിതിചെയ്യുന്ന സ്ഥലം 126-ാം നമ്പർ വാലസമുദായ സേവാസംഘം 1957-ൽ ഫിഷറീസ് വകുപ്പിനെ ഏൽപിക്കുകയും 1961-ൽ ഫിഷറീസ് വകുപ്പ് പഞ്ചായത്തിന് കൈമാറുകയും ചെയ്തു. നാമമാത്രമായ വികസനമാണ് മാർക്കറ്റുകളിൽ നടന്നിട്ടുള്ളത്. മാർക്കറ്റുകളോടു ചേർന്ന് ഓടകൾ ഇല്ലാത്തതിനാൽ മാലിന്യങ്ങൾ അടിഞ്ഞുകൂടി ദുർഗന്ധം വമിക്കുന്ന സ്ഥിതിയാണ്. ജല ദൗർലഭ്യമുള്ളതിനാൽ ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ചെമ്പ് മാർക്കറ്റിൻെറ സ്ഥിതി പരമ ദയനീയമാണ്.

പ്രശ്നങ്ങൾ

1. താഴ്ന്ന പ്രദേശങ്ങളിലെ പൂഴി റോഡുകൾ കാലവർഷക്കാലത്ത് ഉപയോഗശൂന്യമാണ്.
2. ടാർ ചെയ്ത റോഡുകൾ പലതും തകർന്നിരിക്കുന്നു.
3. റോഡുകളുടെ ഇരുവശവും കൈയേറിയിരിക്കുന്നു.
4. അനുവദിക്കപ്പെടുന്ന ഫണ്ടുകളുടെ അപര്യാപ്തതയും അശാസ്ത്രീയമായ നിബന്ധനകളും.
5. ഇടനിലക്കാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ചൂഷണം.
6. പണിപൂർത്തിയായിട്ടും കുമ്പേൽ പാലം നിർമ്മാണത്തകരാറുമൂലം ഗതാഗതയോഗ്യമല്ല.
7. തോടുകൾ നികത്തി റോഡു നിർമ്മിക്കുന്നു.
8. തോടുകൾ സംരക്ഷിക്കാത്തതിനാൽ നികന്ന് ഗതാഗതയോഗ്യമല്ലാതാകുന്നു.
9. തെങ്ങിൻതടി പാലങ്ങൾ ആറുമാസത്തിൽ കൂടുതൽ പഴകുന്നില്ല. എന്നാൽ പാലങ്ങൾ മാറ്റിയിടാൻ നിയമതടസ്സമുണ്ടാകുന്നു.
10. തടിപ്പാലങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് അപര്യാപ്തമാണ്.
11. മാർക്കറ്റുകളിൽ മാലിന്യങ്ങൾ കുമിഞ്ഞുകൂടി ദുർഗന്ധം പരത്തുന്നു.
12. മാർക്കറ്റുകളിൽ ആവശ്യത്തിന് സ്റ്റാളുകളില്ല.

നിർദ്ദേശങ്ങൾ

1. ടാർ ചെയ്ത റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തണം.
2. പട്ടിക ബി-യിൽ പറഞ്ഞിരിക്കുന്ന മുഴുവൻ റോഡുകളും ടാർ ചെയ്യണം.
3. പട്ടിക സി-യിൽ പറഞ്ഞിരിക്കുന്ന നടപ്പാതകൾ വീതി കൂട്ടി നിർമ്മിക്കണം.
4. റോഡ് സംരക്ഷണ സമിതികൾ രൂപീകരിക്കണം.
5. കൃഷ്ണൻതുരുത്ത്, ഞാറേക്കടവ്, ഇടത്തിച്ചിറ കടത്തുകൾ പുനഃസ്ഥാപിക്കണം.
6. പുക്കൈത തുരുത്തിലേക്ക് കടത്ത് ആരംഭിക്കണം.
7. ചെമ്പ് അങ്ങാടി കടത്ത് പി.ഡബ്ല്യു.ഡി. കടത്തായി ഉയർത്തുകയും രണ്ട് വള്ളങ്ങളുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യണം.
8. വിവിധ വാർഡുകളിലെ തെങ്ങിൻതടി പാലങ്ങൾ നീക്കി ഫുട് സ്ലാബുകൾ സ്ഥാപിക്കണം.
9. കാട്ടിക്കുന്ന്-ഗാന്ധിജി റോഡ് തുരുത്തുമായി ബന്ധിപ്പിച്ച് നടപ്പാലം പണിയണം.
10. കൃഷ്ണൻതുരുത്ത്-എലിയമ്മേൽ നടപ്പാലം പണിയണം.
11. ഞാറേക്കാട്ടിൽ-കീച്ചേരി നടപ്പാലം പണിയണം.
12. പുഞ്ചായത്തുംകടവ്-ഏനാദി നടപ്പാലം പണിയണം.
13. മുലേക്കടവ്-ഏനാദി ജങ്കാർ പുനഃസ്ഥാപിക്കണം.
14. കുമ്പേൽ പാലം വാഹന ഗതാഗത യോഗ്യമാക്കണം.
15. ബ്രഹ്മമംഗലത്തുനിന്നും മുറിഞ്ഞപുഴ-പെരുമ്പളം-പാണാവള്ളി ബോട്ട് സർവ്വീസ് ആരംഭിക്കണം.

## അനുബന്ധം എ

### പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

അവലംബം - സെക്കൻററി ഡാറ്റ (എ.ബി.സി)

| | പേര് | ഉടമസ്ഥത | വീതി - മീ. | ദൂരം - കി. മീ. |
|---|---|---|---|---|
| 1. | ചെമ്പ്-പുത്തോട്ട റോഡ് | പി.ഡബ്ല്യു.ഡി. | 10 | 4 |
| 2. | നീർപ്പാറ-മൂലേക്കടവ് റോഡ് | ,, | 8 | 4 |
| 3. | ബ്രഹ്മമംഗലം-ചെമ്പകശ്ശേരി കടവ് റോഡ് | ,, | 8 | 1.2 |
| 4. | ബ്രഹ്മമംഗലം-പൂച്ചാക്കാട് റോഡ് | ,, | 8 | 1.2 |
| 5. | കാട്ടിക്കുന്ന്-ഗാന്ധിജി റോഡ് | ,, | 6 | 0.5 |
| 6. | കാട്ടിക്കുന്ന്-ഫിഷ്ഫാം റോഡ് | പഞ്ചായത്ത് | 4 | 1 |
| 7. | മുസ്ലീം പള്ളി-കാട്ടാമ്പള്ളി റോഡ് | ,, | 4 | 1.5 |
| 8. | ചെമ്പ് അങ്ങാടി-മത്തുങ്കൽ റോഡ് (300 മീ) | ,, | 6 | 1.4 |
| 9. | നീർപ്പാറ-ചാലുങ്കൽ റോഡ് | ,, | 8 | 1.2 |
| 10. | ബ്രഹ്മമംഗലം-ഖാദിഭവൻ റോഡ് | ,, | 6 | 1 |
| 11. | രാജൻ കവല-വാലാച്ചിറ റോഡ് (300 മീ) | ,, | 6 | 0.6 |
| 12. | മുഴിയോടത്ത്-മണപ്പുറത്ത് കടവ് റോഡ് (500 മീ) | ,, | 4 | 1 |
| 13. | എസ്.എൻ.ഡി.പി.-ചേനശ്ശേരി റോഡ് (400 മീ. മദ്ധ്യം) | ,, | 4 | 1 |

## അനുബന്ധം ബി

### പഞ്ചായത്തിലെ ടാർ ചെയ്യേണ്ട റോഡുകൾ

അനുബന്ധം എ - തുടർച്ച

| | റോഡിൻെറ പേര് | ഉടമസ്ഥത | വീതി - മീ. | ദൂരം - കി. മീ. |
|---|---|---|---|---|
| 1. | ചെമ്പങ്ങാടി-ചെമ്പകശ്ശേരി കടവ് റോഡ് | പി.ഡബ്ലിയു.ഡി. | 8 | 2 |
| 2. | ചെമ്പങ്ങാടി-മത്തുങ്കൽ റോഡ് (ശേഷിക്കുന്ന 1.1 കി.മീ) | പഞ്ചായത്ത് | 6 | 1.4 |
| 3. | മത്തുങ്കൽ-മുറിഞ്ഞപുഴ തീരദേശറോഡ് | ,, | 4 | 2 |
| 4. | ചെമ്പങ്ങാടി-കടകംപള്ളിത്തറ റോഡ് | ,, | 4 | 0.6 |
| 5. | പോസ്റ്റോഫീസ്-ചീരാംതറ ലക്ഷംവീട് കോളനി റോഡ് | ,, | 6 | 1.5 |
| 6. | കൃഷ്ണായി പറമ്പ്-അയ്യൻ കോവിൽ റോഡ് | ,, | 4 | 0.6 |
| 7. | കണ്ണംകേരി-പനങ്ങാവ് റോഡ് | ,, | 4 | 0.8 |
| 8. | മുറിഞ്ഞപുഴ കൂമ്പേൽ-പരിഷത്ത് റോഡ് | ,, | 5 | 1 |
| 9. | പുത്തോട്ട-ചെമ്പുവാലേൽ റോഡ് | ,, | 4 | 1 |
| 10. | കല്ലുകൊത്താംകടവ്-പിഞ്ചാഴത്തുകടവ് റോഡ് | ,, | 3 | 1.2 |
| 11. | എൻ.എസ്.എസ്. ജംഗ്ഷൻ-കുറവൻപറമ്പ് റോഡ് | ,, | 4 | 1 |
| 12. | എൻ.എസ്.എസ്.-വാളേക്കാട് റോഡ് | ,, | 4 | 0.5 |
| 13. | ഏനാദി-മുക്കം എൽ.പി. സ്കൂൾ റോഡ് | ,, | 4 | 1.2 |
| 14. | പുഴവേലിക്കടവ് റോഡ് | ,, | 3 | 0.3 |
| 15. | ആറ്റുപുറം-മാളിയേക്കൽ റോഡ് | ,, | 4 | 0.5 |
| 16. | എൽ.പി.എസ്.-കുന്നക്കാട്ടുവേലിൽ റോഡ് | ,, | 4 | 0.6 |
| 17. | പാറപ്പുറം-വാഴേപ്പാലം റോഡ് | ,, | 6 | 0.2 |
| 18. | മണിയംകുന്നൽ-കരിനാട്ടിൽ റോഡ് | ,, | 4 | 0.6 |
| 19. | യു.പി.എസ്-മാണിക്കവല റോഡ് | ,, | 4 | 0.8 |
| 20. | മാണിക്കവല-ശങ്കരനാരായണക്ഷേത്രം റോഡ് | ,, | 4 | 0.5 |
| 21. | ശങ്കരനാരായണക്ഷേത്രം-ചാലുങ്കൽ റോഡ് | ,, | 6 | 0.5 |
| 22. | ചാലുങ്കൽ-മധുരക്കേരിൽ റോഡ് | ,, | 4 | 0.3 |
| 23. | കതിരക്കോട്-കുറവൻപറമ്പ് റോഡ് | ,, | 6 | 0.3 |
| 24. | പഞ്ചായത്ത് കവല-മാർക്കറ്റ് റോഡ് | ,, | 6 | 0.1 |
| 25. | ശങ്കരനാരായണക്ഷേത്രം-കോട്ടോപ്പാടം റോഡ് | ,, | 6 | 0.3 |
| 26. | എസ്.എൻ.ഡി.പി.-ചേനശ്ശേരി റോഡ് (ശേഷിക്കുന്ന 600 മീ.) | ,, | 4 | 1 |

## അനുബന്ധം ബി (തുടർച്ച)

| | റോഡിൻെറ പേര് | ഉടമസ്ഥത | വീതി - മീ. | ദൂരം - കി. മീ. |
|---|---|---|---|---|
| 27. | മുഴിയേടത്ത്-മണപ്പുറത്തുകടവ് റോഡ് (ശേഷിക്കുന്ന 500 മീ) | പഞ്ചായത്ത് | 4 | 1 |
| 28. | ബ്രഹ്മമംഗലം ലക്ഷംവീട്-ചേമ്പാല റോഡ് | ,, | 4 | 1.5 |
| 29. | തടത്തിൽ-ചാവക്കാട്ടുകുഴി റോഡ് | ,, | 4 | 1.8 |
| 30. | ബ്രഹ്മമംഗലം മാർക്കറ്റ്-മംഗലത്തുകാലാ റോഡ് | ,, | 6 | 1.2 |
| 31. | കോതകുളം-തടത്തിൽ റോഡ് | ,, | 4 | 0.75 |
| 32. | മൂക്കന്തറ-മേലേടത്തുകാവ് റോഡ് | ,, | 4 | 1 |
| 33. | മുറിഞ്ഞപുഴ-കുന്നേപ്പറമ്പ് റോഡ് | ,, | 6 | 3 |
| 34. | ബ്ലാത്തി-മണപ്പുറം റോഡ് | ,, | 4 | 0.6 |
| 35. | മംഗലത്തുകാല-കോട്ടപ്പുറം റോഡ് | ,, | 4 | 1 |
| 36. | കോട്ടപ്പുറം-കീച്ചേരി റോഡ് | ,, | 6 | 1 |
| 37. | വാലാച്ചിറ-കോട്ടപ്പുറം റോഡ് | ,, | 4 | 1 |
| 38. | ചേമ്പാല-പുച്ചാക്കാട് റോഡ് | ,, | 6 | 1 |
| 39. | രാജൻ കവല-വാലാച്ചിറ റോഡ് (ശേഷിക്കുന്ന 300 മീ.) | ,, | 6 | 0.6 |

## അനുബന്ധം സി

### പുതിയതായി വികസിപ്പിക്കേണ്ട നടപ്പാതകൾ

അവലംബം - സെക്കൻററി ഡാറ്റ (എ.ബി.സി)

| വാർഡ് | റോഡിൻെറ പേര് | ദൂരം - കി. മീ. |
|---|---|---|
| 1-ാം വാർഡ് | ഇട്ടിക്കാളശ്ശേരി-തറപ്പറമ്പ് | 1.25 |
| | തച്ചേരി-മത്തുങ്കൽ തീരദേശ റോഡ് | 0.6 |
| | ഈരേപ്പറമ്പ്-മത്തുങ്കൽ റോഡ് | 0.6 |
| | മുല്ലശ്ശേരി-പോസ്റ്റാഫീസ് റോഡ് | 0.5 |
| 2-ാം വാർഡ് | കണ്ണിമിറ്റത്ത്-വാലേക്കരി റോഡ് | 0.5 |
| | മണ്ണാമ്പിൽ-കാട്ടാംപള്ളിൽ | 0.6 |
| | തട്ടാംപറമ്പ്-നടപ്പാത | 0.4 |
| | സരിഗ തീയേറ്റർ-കണ്ണിമറ്റത്ത് റോഡ് | 0.6 |
| | പി.ഡബ്ലിയു.ഡി. റോഡുമായി ബന്ധിപ്പിക്കുന്ന ഇടയത്ത് റോഡ് | 0.65 |

## അനുബന്ധം സി (തുടർച്ച)

| വാർഡ് | റോഡിൻെറ പേര് | ദൂരം - കി. മീ. |
|---|---|---|
| 3-ാം വാർഡ് | കാട്ടിക്കുന്ന്-തുരുത്തിൽ പഞ്ചായത്ത് കടത്ത് റോഡ് | 0.6 |
| | നടുതുരുത്ത് കിഴക്കേ അറ്റം മുതൽ പടിഞ്ഞാറേ അറ്റം വരെ | |
| | കൂമ്പേൽ റോഡ് | 0.7 |
| 4-ാം വാർഡ് | പാഴൂക്കാട് റോഡ് | 0.5 |
| | ലക്ഷം വീട് കോളനി റോഡ് | 0.5 |
| | ലെനിൻ തുരുത്ത്-പള്ളിക്കരി റോഡ് | 0.5 |
| | തൈക്കാവ്-മകരംചേരി റോഡ് | 0.7 |
| 5-ാം വാർഡ് | ചെമ്പകശ്ശേരി-പാറപ്പുറം റോഡ് | 0.7 |
| | ചുളവംകോട് കവല-ദേവസ്വംകരി നടപ്പാത | 0.1 |
| | ചെമ്പ് അങ്ങാടിക്കടവ്-ചേലക്കവാലേൽ | 1 |
| | പാലക്കുളം-പാറപ്പുറം | 1 |
| | തച്ചാട്ട് കോളനി-എനാദി വെസ്റ്റ് കോളനി | 0.7 |
| | പണിക്കശ്ശേരി-തൈപ്പറമ്പ് | 0.5 |
| | തൈപ്പറമ്പ്-വലിയതറ നടപ്പാത | 0.5 |
| | പുഞ്ചായത്ത് കടവ്-തേരാറ്റുപ്പുഴ നടപ്പാത | 0.5 |
| 6-ാം വാർഡ് | തച്ചാട്ട് കോളനി റോഡ്-മേകരി | 0.2 |
| | മുക്കത്ത് ക്ഷേത്രം-മൂലേക്കടവ് റോഡ് | 0.8 |
| | മൂലേക്കടവ്-കാട്ടിത്തറ റോഡ് | 1.5 |
| | വേട്ടോത്ത്-അറുപതിൽ റോഡ് | 1 |
| | മുക്കത്ത് ക്ഷേത്രം-കൊല്ലലിപ്പാലം റോഡ് | 0.75 |
| | കല്ലുകൊത്താംകടവ്-കൊറവൻ പറമ്പ് പാലം | 0.75 |
| | കൊറവൻ പറമ്പ്-പുത്തൻപുര തീരം | 0.5 |
| 7-ാം വാർഡ് | കതിരക്കോട്-മണ്ണപ്പാട്ടിൽ റോഡ് | 0.8 |
| | കല്ലുകൊത്താം കടവ്-കതിരക്കോട് | 0.6 |
| | മാർക്കറ്റ്-വാളോപ്പാടം റോഡ് | 0.5 |
| | ഇടച്ചേരിൽ-ഓലിത്തോട് റോഡ് | 0.6 |
| | ചാലുങ്കൽ-കോട്ടേപ്പാടം റോഡ് | 0.7 |

## അനുബന്ധം സി (തുടർച്ച)

| വാർഡ് | റോഡിന്റെ പേര് | ദൂരം - കി. മീ. |
|---|---|---|
| 8-ാം വാർഡ് | ചാവക്കാട്ടുകുഴി-ചേമ്പാല റോഡ് | 0.8 |
| | ബ്രഹ്മമംഗലം-കീച്ചേരി റോഡ് | 0.2 |
| | കല്ലുകൊത്താംകടവ്-തുരുത്തി റോഡ് | 0.6 |
| 9-ാം വാർഡ് | കോതാനംതറ-ഞാറേക്കടവ് റോഡ് | 1 |
| | കടേപ്പറമ്പ്-ചെമ്പകശ്ശേരിക്കടവ് റോഡ് | 0.4 |
| | പനച്ചാം തറ-വൈപ്പാടമ്മേൽ റോഡ് | 0.8 |

## പഞ്ചായത്ത് കടത്തുകൾ

പട്ടിക - 1

അവലംബം - സെക്കൻററി ഡാറ്റ (എ.ബി.സി)

| ക്രമ. നം | കടത്തിന്റെ പേര് | ഉടമസ്ഥത |
|---|---|---|
| 1. | ചെമ്പ് അങ്ങാടിക്കടവ്-തുരുത്തുമ്മ | പഞ്ചായത്ത് |
| 2. | കാട്ടിക്കുന്ന് ഗാന്ധിജി റോഡ്-തുരുത്ത് | ,, |
| 3. | പിഞ്ചാഴത്തും കടവ്-ഏനാദി | ,, |
| 4. | മുറിഞ്ഞപുഴ-വാലേൽ | ,, |
| 5. | എടത്തിച്ചിറ-കോണത്ത് | ,, |
| 6. | കൃഷ്ണൻ തുരുത്ത്-എലിയമ്മേൽ | ,, |
| 7. | ഞാറേക്കടവ്-കീച്ചേരി | ,, |
| 8. | ചെമ്പകശ്ശേരി-ബ്രഹ്മമംഗലം | പി.ഡബ്ലിയു.ഡി. |
| 9. | കല്ലുകൊത്താം കടവ്-ഏനാദി | ,, |

# ഊർജ്ജം

ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഊർജ്ജവിഭവത്തിന് നിർണ്ണായക പങ്കുണ്ട്. അതുകൊണ്ടു തന്നെ ഈ രംഗത്തുണ്ടാകുന്ന പ്രശ്നങ്ങൾ ജനങ്ങളെ നേരിട്ടു ബാധിക്കുന്നവയാണ്. ഊർജ്ജപ്രതിസന്ധി ഈ പഞ്ചായത്തിനേയും ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. ഗാർഹികാവശ്യത്തിനാണ് പ്രധാനമായും ഊർജ്ജം ഉപയോഗിക്കുന്നത്.

വിറക്, തെങ്ങുൽപന്നങ്ങൾ എന്നിവയാണ് പ്രധാനമായും ഉപയോഗിക്കുന്ന ഊർജ്ജസ്രോതസ്സുകൾ. വൈദ്യുതിയും എണ്ണ, പ്രകൃതിവാതകം എന്നിവയും ഉപയോഗിക്കുന്നുണ്ട്. പാചകാവശ്യത്തിന് ജൈവദ്രവ്യങ്ങളായ വിറക്, തെങ്ങുൽപന്നങ്ങൾ, കാർഷികാവശിഷ്ടങ്ങൾ എന്നിവയാണ് മിക്ക വീടുകളിലും ഉപയോഗിക്കുന്നത്. മണ്ണെണ്ണയും ഇന്ധനാവശ്യത്തിന് ഉപയോഗിക്കുന്നുണ്ട്. 1990നു ശേഷമാണ് പാചക വാതകം ലഭിക്കാൻ തുടങ്ങി

യത്. പഞ്ചായത്തിൽ വിതരണം ചെയ്യുന്ന മണ്ണെണ്ണയു ടെ അളവ് താഴെ കൊടുത്തിരിക്കുന്നു.

| പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് വഴി വിതരണം ചെയ്തത് | കാർഡ് വഴി വിതരണം ചെയ്തത് |
|---|---|---|
| 327 | 3285 ലി | 9946 ലി |

പാചകവാതകം ലഭിക്കുന്ന വീടുകൾ ഏകദേശം 5% വരും.

60% വീടുകളേ വൈദ്യുതീകരിച്ചിട്ടുള്ളു. വെളിച്ചത്തിനുള്ള പ്രധാന സ്രോതസ്സ് വൈദ്യുതിയാണ്. 1456 വീടുകളിൽ മണ്ണെണ്ണതന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. വൈദ്യുതി ലഭിക്കാത്തത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കാണ്.

ഗാർഹിക ആവശ്യത്തിന് 2972 വീടുകളും വാണിജ്യ സ്ഥാപനങ്ങൾക്ക് 382ഉം വ്യവസായ ആവശ്യത്തിന് 53ഉം കൃഷി ആവശ്യത്തിന് 94ഉം കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഓർഡിനറി ഇനത്തിൽ 199ഉം ഒ.ടി.പി.-ൽ 11ഉം ഒ.വൈ.സി.-യിൽ 43ഉം അപേക്ഷകരുണ്ട്. നമ്മുടെ പഞ്ചായത്തിൽ 399 തെരുവുവിളക്കുകളാണുള്ളത്. ഗ്രാമസഭയിൽ പൊതുവെ ഉയർന്നുവന്ന ആവശ്യങ്ങളിൽ ഇതിന്റെ പോരായ്മയെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വൈദ്യുതി ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

കെ.എസ്.ഇ.ബി. ചെമ്പ് സെക്ഷൻ ആഫീസിന്റെ പരിധിയിൽ പെടുന്ന പഞ്ചായത്ത് അതിർത്തിയിലെ ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | മുറിഞ്ഞപുഴ | 100 | കെ.വി.എ. |
| 2. | തുരുത്തുമ്മ | 63 | ,, |
| 3. | ചെമ്പ് അങ്ങാടി | 160 | ,, |
| 4. | കാട്ടിക്കുന്ന് | 160 | ,, |
| 5. | കാട്ടിക്കുന്ന് പനയ്ക്കൽ | 100 | ,, |
| 6. | കാട്ടിക്കുന്ന് ഹരിജൻ കോളനി | 100 | ,, |
| 7. | ബ്രഹ്മമംഗലം | 160 | ,, |
| 8. | ബ്രഹ്മമംഗലം | 63 | ,, |
| 9. | അരാതുകരി | 63 | ,, |
| 10. | മാമ്പുഴക്കരി | 63 | കെ.വി.എ. |
| 11. | മത്തുങ്കൽ | 100 | ,, |
| 12. | ഏനാദി | 63 | ,, |

ഏറ്റവും പ്രധാന ഊർജ്ജസ്രോതസ്സായ വിറകിന്റെ ഉപയോഗം ദിനംപ്രതി 5 കിലോയാണ്. പഞ്ചായത്തിൽ ഒരു ദിവസം 27,675 രൂപയുടെ വിറക് ഉപയോഗിക്കുന്നതായി കാണാം. ഒരു മാസം 8,30,250 രൂപ ഇതിനായി ചെലവഴിക്കപ്പെടുന്നുണ്ട്. വിവിധ ദേശങ്ങളിൽ നിന്ന് വിറക് കൊണ്ടുവന്ന് വിൽപന നടത്തുന്നുണ്ട്. ഇതിനു പുറമേ അറക്കമില്ലുകളിൽനിന്നും തീപ്പെട്ടിക്കമ്പനികളിൽനിന്നും വിറക്, അറക്കപ്പൊടി മുതലായവ ശേഖരിക്കാറുണ്ട്.

### പ്രശ്നങ്ങൾ

1. വോൾട്ടത കുറവ്, അപ്രഖ്യാപിത പവർകട്ടുകൾ
2. യഥാസമയം മരച്ചില്ലകളും മറ്റും മുറിച്ചു മാറ്റാത്തതുമൂലം പ്രസരണ നഷ്ടം വരുന്നു. കരിനിലത്തിലൂടെയുള്ള ലൈനുകളിൽ അടിക്കടിയുണ്ടാകുന്ന തടസ്സം.
3. വ്യാപകമായി സ്റ്റെപ്-അപ്പും മറ്റുമുപയോഗിച്ചുകൊണ്ടുള്ള അമിത ഉപയോഗം.
4. വിറക് ലഭ്യതയുടെ പരിമിതി, വിലവർദ്ധനവ്.
5. മണ്ണെണ്ണ വേണ്ടത്ര ലഭിക്കുന്നില്ല.
6. അടുപ്പുകളുണ്ടാക്കുന്നതിലെ അശാസ്ത്രീയതമൂലമുണ്ടാകുന്ന ഇന്ധന നഷ്ടം
7. വേണ്ടത്ര സ്ട്രീറ്റ് ലൈറ്റുകളില്ല.
8. അടുക്കളയിലെ പുക, ആരോഗ്യപ്രശ്നങ്ങൾ

### നിർദ്ദേശങ്ങൾ

1. കുരിശുപള്ളി (ബ്രഹ്മമംഗലം), ഏനാദി-കാട്ടിത്തറ, കല്ലുകൊത്താംകടവ്, ചെമ്പ് പോസ്റ്റോഫീസ് ജംഗ്ഷൻ, ചെമ്പ് മുസ്ലീം പള്ളി, ചീരാംതറ ലക്ഷംവീടു കോളനി എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

2. വൈദ്യുതി ലൈനുകളിലെ മരച്ചില്ലകളും മറ്റും മുറിച്ചു മാറ്റുന്നതിനുള്ള സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കുക. പാടത്തുകൂടെയുള്ള ലൈനുകൾ വൈക്കം ഫീഡറുമായി ബന്ധിപ്പിക്കുക.

3. ദക്ഷതയുള്ള അടുപ്പുകൾ സ്ഥാപിക്കുക.

4. ഇന്ധനലാഭത്തിനായി 'കച്ചിപ്പെട്ടി' പോലുള്ള സംവിധാനങ്ങൾ പ്രചരിപ്പിക്കുക.

5. വിറകുൽപാദനം ലക്ഷ്യം വച്ച് വനവൽക്കരണം ശീലിപ്പിക്കുക.

6. സൗരോർജ്ജംകൊണ്ടു പ്രവർത്തിക്കുന്ന വിളക്കുകൾ പ്രചരിപ്പിക്കുക.

7. നിലവിലുള്ള പ്രധാന റോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

8. ലക്ഷംവീട് കോളനികൾ, പട്ടികജാതി സങ്കേതങ്ങൾ എന്നിവിടങ്ങളിലെ മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക.

9. വൈദ്യുതി എത്താത്ത മുഴുവൻ മേഖലകളിലും വൈദ്യുതി എത്തിക്കുക.

10. ഇലക്ട്രിക് ഹീറ്റർ, വാട്ടർ ഹീറ്റർ, ഇലക്ട്രിക് തേപ്പുപെട്ടി മുതലായവയുടെ ഉപയോഗം പരമാവധി നിരുത്സാഹപ്പെടുത്തുക. ഗോബർഗ്യാസ് പ്രചരിപ്പിക്കുക.

# പാർപ്പിടം

പഞ്ചായത്തിൽ ഓരോ വർഷവും പാർപ്പിടങ്ങളുടെ ആവശ്യകത വർദ്ധിക്കുകയാണ്. നിലവിലുള്ള കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകൾ ഇല്ലാത്തതും ഒരു കൂരയ്ക്കുള്ളിൽ ഒന്നിലധികം കുടുംബങ്ങൾ പുതുതായി രൂപംകൊള്ളുന്നതുമാണ് പാർപ്പിടങ്ങളുടെ ആവശ്യകത വർദ്ധിപ്പിക്കുന്നത്.

ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ വിവിധ തൊഴിലാളി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി ലഭിച്ചു. ഇതോടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നിലനിന്നിരുന്ന പ്രധാന തടസ്സം ഇല്ലാതായി. എന്നാൽ ഭവന നിർമ്മാണ വായ്പകൾ ലഭ്യമാകുന്നതിനുള്ള വ്യവസ്ഥകൾ ലളിതവത്കരിക്കാത്തതിനാലും വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകീകരിച്ച് നടപ്പിലാക്കാത്തതിനാലും പാർപ്പിടപ്രശ്നം വേണ്ടത്ര പരിഹരിക്കപ്പെടാതെ പോകുന്നു. ഭവന നിർമ്മാണത്തിനായി ലക്ഷങ്ങൾ ധൂർത്തടിക്കുന്ന അപകടകരമായ പ്രവണത സമ്പന്ന വിഭാഗത്തിനിടയിൽ വ്യാപകമായിരിക്കുന്നതും ഈ ശീലം ഇടത്തട്ടുകാരിലേക്കു കടന്നുവരുന്നതും ഗൗരവപൂർവ്വം നാം കാണേണ്ടതുണ്ട്. വിദേശ പണത്തിന്റെ ഒഴുക്കും വൻകിട ഫാക്ടറികളും പദ്ധതികളും മൂലം പട്ടണപ്രദേശങ്ങളിൽനിന്നും ഗ്രാമങ്ങളിലേക്ക് പോരുന്നവരുടെ ബാഹുല്യം മൂലം ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിച്ചു വരുന്നതിനാൽ ഭൂമി വാങ്ങി വീടു വയ്ക്കുവാൻ സാധാരണക്കാരന് സാധ്യമല്ലാതായിത്തീർന്നിരിക്കുന്നു. വായ്പ എടുത്ത് വീടുപണി ആരംഭിച്ചു എങ്കിലും പൂർത്തിയാക്കുവാൻ കഴിയാതെ പോയ ആയിരത്തി അഞ്ഞൂറോളം വീടുകൾ പഞ്ചായത്തിലുണ്ട്. ലഭിക്കുന്ന വായ്പയുടെ അപര്യാപ്തതയും കെട്ടിട നിർമ്മാണ സാമഗ്രികളുടെ ക്രമാതീതമായ വിലവർദ്ധനവും പണി പൂർത്തിയാക്കുവാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. എഴുപത്തഞ്ചോളം കുടുംബങ്ങൾ പുറമ്പോക്കിലും മറ്റുമായി ഈ പഞ്ചായത്തിൽ അധിവസിക്കുന്നു എന്നത് നമ്മുടെ പാർപ്പിടപ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ഈ അവസ്ഥയിൽ പാർപ്പിട പ്രശ്നം ഫലപ്രദമായി പരിഹരിക്കുന്നതിന് വിവിധ ഏജൻസികളുടെ സഹായത്തോടെ നമ്മുടെ പഞ്ചായത്ത് ഇനിയും ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്.

പഞ്ചായത്തിൽ മൊത്തം 4423 വീടുകളിൽ 1160 വീടുകൾ ഓലമേഞ്ഞതും 2809 വീടുകൾ ഓടു മേഞ്ഞതും 414 വീടുകൾ കോൺക്രീറ്റ് ചെയ്തതും 22 വീടുകൾ ഇരുനിലയുള്ളതും 18 വീടുകൾ നിർമ്മിതി മോഡലിൽ പണിതിട്ടുള്ളവയുമാകുന്നു. കെട്ടിടങ്ങളുടെ സ്വഭാവം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 'എ'

അവലംബം - സെക്കൻററി ഡാറ്റാ

| വാർഡ് | ഓല | ഓട് | ടെറസ്സ് | ഇരുനില | നിർമ്മിതി മോഡൽ | ആകെ |
|---|---|---|---|---|---|---|
| 1 | 62 | 242 | 47 | 2 | -- | 353 |
| 2 | 124 | 342 | 30 | 3 | -- | 499 |
| 3 | 188 | 411 | 36 | 4 | -- | 639 |
| 4 | 170 | 392 | 63 | 6 | -- | 631 |
| 5 | 133 | 194 | 22 | -- | -- | 349 |
| 6 | 150 | 368 | 43 | 4 | -- | 565 |
| 7 | 95 | 350 | 93 | -- | 9 | 547 |
| 8 | 107 | 262 | 74 | -- | 9 | 452 |
| 9 | 131 | 248 | 6 | 3 | -- | 388 |
| ആകെ | 1160 | 2809 | 414 | 22 | 18 | 4423 |

നമ്മുടെ പഞ്ചായത്തിൽ വിവിധ സ്കീമുകളുടെ സഹായത്തോടെ നിർമ്മിച്ചിട്ടുള്ള വീടുകളുടെ എണ്ണം വള രെ പരിമിതമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

പട്ടിക 'ബി'

അവലംബം - സെക്കൻററി ഡാറ്റാ

| വർഷം | RLEGP | NREP | IAY | MWS | JRY | FWF | രാജീവ് ഗാന്ധി ഭവന നിർമ്മാണ പദ്ധതി | FRF |
|---|---|---|---|---|---|---|---|---|
| 1984-85 | 10 | | | | | | | |
| 85-86 | 5 | 10 | | | | | | |
| 86-87 | | 3 | | | | | | |
| 87-88 | | | | | | | | |
| 88-89 | 5 | 11 | | | | | | |
| 89-90 | | | | | 4 | | | |
| 90-91 | | | | | 2 | | | |
| 91-92 | | | | | 2 | | | |
| 92-93 | | | | 8 | 4 | | | |
| 93-94 | | | 9 | 10 | | | | |
| 94-95 | | | 1 | 12 | 4 | | 87 | |
| 95-96 | | | 4 | 7 | | 18 | | 113 |
| ആകെ | 20 | 24 | 14 | 37 | 16 | 18 | 87 | 113 |

ചെമ്പ് പഞ്ചായത്തിലെ പ്രാഥമിക സൗകര്യങ്ങളുടെ സ്ഥിതിവിവരക്കണക്ക്
അവലംബം - സെക്കൻററി ഡാറ്റ (എ.ബി.സി)

| വാർഡ് നമ്പർ | വീടിൻെറ എണ്ണം | | | | സ്വന്തമായി സ്ഥലം ഉള്ളവരും എന്നാൽ വീടും കക്കൂസും ഇല്ലാത്തവർ | | | പുറമ്പോക്കിൽ താമസിക്കുന്ന സ്ഥലവും വീടും കക്കൂസും ഇല്ലാത്തവർ | | |
|---|---|---|---|---|---|---|---|---|---|---|
| | | എസ്.സി. | മറ്റുള്ളവർ | ആകെ | എസ്.സി. | മറ്റുള്ളവർ | ആകെ | എസ്.സി. | മറ്റുള്ളവർ | ആകെ |
| 1 | 98 | 2 | 62 | 64 | 3 | 28 | 31 | -- | 3 | 3 |
| 2 | 192 | 2 | 135 | 137 | 4 | 50 | 54 | -- | 1 | 1 |
| 3 | 217 | 4 | 124 | 128 | 12 | 75 | 87 | -- | 2 | 2 |
| 4 | 198 | 1 | 125 | 126 | 1 | 70 | 71 | -- | 1 | 1 |
| 5 | 205 | 18 | 140 | 158 | 2 | 40 | 42 | 3 | 2 | 5 |
| 6 | 208 | 20 | 136 | 156 | 2 | 37 | 39 | 4 | 9 | 13 |
| 7 | 90 | -- | 58 | 58 | 2 | 29 | 31 | 1 | -- | 1 |
| 8 | 91 | -- | 63 | 63 | 3 | 20 | 23 | 3 | 2 | 5 |
| 9 | 273 | 30 | 178 | 208 | 2 | 49 | 51 | 12 | 2 | 14 |

നടപ്പു പദ്ധതികൾ

1. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതി / വർഗ്ഗ കുടുംബങ്ങൾക്ക് ബ്ലോക്കിൽനിന്നും സൗജന്യമായി വീട് നിർമ്മിച്ചു നൽകുന്നു. പഞ്ചായത്താണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.
2. 30000 രൂപയുടെ മൈത്രീ ഭവന പദ്ധതി
3. പട്ടികജാതി വികസന കോർപ്പറേഷൻെറ സഹായ പദ്ധതി
4. ഹൗസിംഗ് സഹകരണ സംഘം മുഖേനയുള്ള വായ്പകൾ.
5. മതിയായ ജാമ്യത്തിൽ ബാങ്കുകൾ നൽകുന്ന ഭവന നിർമ്മാണ വായ്പ.
6. പഞ്ചായത്തിൻെറ അൺടൈഡ് ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള ഭവന നിർമ്മാണം.
7. പട്ടികജാതി വികസന വകുപ്പിൻെറ സഹായത്തോടെയുള്ള ഭവന നിർമ്മാണം.
8. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൻെറ ഭവന നിർമ്മാണ പദ്ധതി.
9. വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൻകീഴിലുള്ള ഭവന നിർമ്മാണം.
10. രാജീവ് ഗാന്ധി ദശലക്ഷം ഭവന നിർമ്മാണ പദ്ധതി.
11. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൻ കീഴിലുള്ള ഭവന നിർമ്മാണം.

പ്രശ്നങ്ങൾ

1. വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രയോജനകരമായി ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ചുള്ള അജ്ഞത.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും ദൗർലഭ്യവും വിലക്കയറ്റവും.
3. വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ ദൗർലഭ്യവും ഏകീകരിക്കപ്പെടാത്ത കൂലി നിരക്കും.
4. ഭൂരഹിതരുടെ പ്രശ്നങ്ങൾ
5. ചെലവു കുറഞ്ഞ നിർമ്മാണ ശൈലിക്ക് വേണ്ടത്ര പ്രചാരം ലഭിക്കാത്തതും ആ രംഗത്തെ വിദഗ്ദ്ധരുടെ അഭാവവും.
6. സ്ഥിരജോലി ഇല്ലാത്തവർക്ക് കെട്ടിടനിർമ്മാണ വായ്പ കൊടുക്കുവാൻ ബാങ്കുകൾ വിസമ്മതിക്കുന്ന സാഹചര്യം.

നിർദ്ദേശങ്ങളും സാധ്യതകളും

1. വിവിധ ഭവന നിർമ്മാണ വായ്പാ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകീകരിച്ച് പഞ്ചായത്ത്തല ജനകീയ സമിതിയിലൂടെ നടപ്പാക്കുക.
2. ഭൂരഹിതർക്കും നിർദ്ധനർക്കുമുള്ള പ്രത്യേക ഭവന പദ്ധതികൾ ആവിഷ്കരിക്കുക.
3. ഗുണഭോക്താവ്, പഞ്ചായത്ത് ജനപ്രതിനിധികൾ, വീട് നിർമ്മാണ രംഗത്തെ പ്രാദേശിക സാങ്കേതിക വിദഗ്ദ്ധർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവരടങ്ങിയ സമിതി രൂപീകരിക്കുക.
4. പദ്ധതികളുടെയും വായ്പകളുടെയും വിശദാംശങ്ങൾ നിർമ്മാണ രംഗത്തെ പ്രശ്ന പരിഹാരങ്ങൾ, ചെലവു കുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചാരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഈ ഗ്രൂപ്പിൻെറ ചുമതലയിൽ സംഘടിപ്പിക്കുക.
5. ദുർവ്യയ ഭവന നിർമ്മാണം നിരുത്സാഹപ്പെടുത്തുവാനുതകുന്ന നികുതി സംവിധാനം ഏർപ്പെടുത്തുക.
6. പരമ്പരാഗത വാസ്തുശിൽപ മാതൃകകൾ ഉൾക്കൊള്ളുന്ന കെട്ടിടങ്ങൾ സംരക്ഷിക്കുക.
7. തൊഴിലാളികളുടെ വൈദഗ്ദ്ധ്യം ഉയർത്തുവാനുതകുന്ന പരിശീലനങ്ങൾ സംഘടിപ്പിക്കുക.
8. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
9. വീടു വയ്ക്കുവാൻ സ്ഥലമില്ലാത്ത നിർദ്ധനർക്ക് സൗജന്യമായി സ്ഥലം വാങ്ങി വീടു വച്ചു കൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.
10. ലക്ഷംവീടു കോളനികളിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പദ്ധതി ഉണ്ടാകണം.
11. പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.

12. ഓലപ്പുര കെട്ടിമേയുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുകയും അത്തരം പുരകൾ ഓടു മേയുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ വായ്പകൾ നൽകുകയും ചെയ്യുക.

13. നിർദ്ധനരുടെ ജീർണ്ണിച്ച വീടുകൾ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

14. ലഭിച്ച വായ്പയുടെ അപര്യാപ്തതമൂലം വീടുപണി മുടങ്ങിക്കിടക്കുന്ന ഗുണഭോക്താക്കൾക്ക് പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുവാൻ പദ്ധതികൾ ആരംഭിക്കുക.

15. കെട്ടിടനിർമ്മാണത്തിന് ആവശ്യമായ വൃക്ഷങ്ങൾ വീട്ടുവളപ്പിൽ വെച്ചു പിടിപ്പിക്കുക.

16. വീടുകൾക്ക് ചുറ്റുമതിൽ കെട്ടുന്ന പ്രവണത നിരുത്സാഹപ്പെടുത്തുകയും ജൈവ വേലികളുടെ പ്രാധാന്യം പ്രചരിപ്പിക്കുകയും ചെയ്യുക.

"പാർപ്പിടം മനുഷ്യന്റെ ഒരാവശ്യവും അവകാശവുമാണ്, ആർഭാടത്തിനുള്ളതല്ല".

# സാമൂഹ്യക്ഷേമം

ഇൻഡ്യയിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് കോടിക്കണക്കിന് രുപ ചെലവഴിച്ചിട്ടുണ്ട്. എങ്കിലും അവയുടെ വിനിയോഗം ഫലപ്രദമായ രീതിയിലായിരുന്നില്ലെന്ന് തെളിവുകൾ സൂചിപ്പിക്കുന്നു. എങ്കിലും ഇന്ത്യയ്ക്കാകെ മാതൃകയായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഉയർന്ന സാക്ഷരതാ നിരക്കും മെച്ചപ്പെട്ട ആയുർദൈർഘ്യവും താഴ്ന്ന ശിശുമരണ നിരക്കും ഇതിനെ സൂചിപ്പിക്കുന്നു. എന്നാൽ വർദ്ധിച്ച തൊഴിലില്ലായ്മ ഇതിനൊരപവാദമാണ്. ഉൽപാദനാധിഷ്ഠിതമായ തൊഴിൽ സംരംഭങ്ങളുടെ പരിമിതിയും വേണ്ടത്ര ധനപരമായ സഹായങ്ങളുടെ ദൗർലഭ്യവും മൂലം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം താഴ്ത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്നതു പരിശോധിക്കപ്പെടേണ്ടതാണ്.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്പോലെയുള്ള സന്നദ്ധ സംഘടനകളുടെ സാന്നിദ്ധ്യവും ഭൂപരിഷ്കരണം നടപ്പിലാക്കാൻ കഴിഞ്ഞതും മിഷനറി പ്രവർത്തനങ്ങളും സാമൂഹ്യ സംഘടനകളുടെ ആത്മാർത്ഥമായ പരിശ്രമങ്ങളും കേരളത്തിൽ സാമൂഹ്യക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒട്ടേറെ സഹായകമായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലും പ്രത്യുൽപാദനപരമായ വികസനപ്രവർത്തനങ്ങളുടെ അഭാവംകൊണ്ട് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണത്തിൽ കാര്യമായ മാറ്റം വന്നിട്ടില്ല. ഐ.ആർ.ഡി.പി. വായ്പപോലുള്ള വിവിധ സ്കീമുകൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടും 1818 കുടുംബങ്ങൾ ഇന്നും ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. 1992 മുതൽ 96 വരെ ആനുകൂല്യം ലഭിച്ച ഐ.ആർ.ഡി.പി. ഗുണഭോക്താക്കളുടെ പട്ടിക താഴെ കൊടുക്കുന്നു.

| | 92-93 | 93-94 | 94-95 | 95-96 | തുക ലക്ഷം |
|---|---|---|---|---|---|
| പട്ടികജാതി/ പട്ടിക വർഗ്ഗം | 20 | 48 | 15 | 17 | 1.36 |
| സ്ത്രീകൾ | 12 | 23 | 21 | 11 | 3.98 |
| വികലാംഗർ | 1 | 2 | 1 | 1 | 5.77 |
| മറ്റുള്ളവർ | 2 | 8 | 26 | 17 | 6.71 |

*അവലംബം : ബ്ലോക്ക് ഡാറ്റാ*

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണവും ഐ.ആർ.ഡി.പി. ഗുണഭോക്താക്കളുടെ എണ്ണവും തമ്മിലുള്ള ദൂരം സൂചിപ്പിക്കുന്നത് ഐ.ആർ.ഡി.പി. സ്കീം വേണ്ടത്ര ഫലപ്രദമായല്ല നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുന്നത് എന്നാണ്. ഭൂരിപക്ഷം ഗുണഭോക്താക്കളും വായ്പ സോദ്ദേശപരമല്ലാ

തെ വിനിയോഗിക്കുന്നതുമൂലം ഉദ്ദേശിക്കുന്ന സാമൂഹ്യ പുരോഗതി കൈവരിക്കുവാൻ സാധിക്കുന്നില്ല. എന്നു മാത്രമല്ല ഗുണഭോക്താക്കൾ കടക്കെണിയിൽ വീഴുകയും ജപ്തി മുതലായ നടപടികൾക്കു വിധേയരാവുകയും ചെയ്യുന്നു. പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ ബാങ്കുകളെടുക്കുന്ന സമീപനം ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന തരത്തിലല്ല. തൊഴിലെടുക്കുവാൻ സന്നദ്ധതയുള്ളവരെ കണ്ടെത്തി സഹായിക്കാൻ കഴിയുന്നില്ല.

ട്രൈസം 1992 മുതൽ 96 വരെ

| | |
|---|---|
| പട്ടികജാതി/പട്ടികവർഗ്ഗം | 13 |
| പുരുഷന്മാർ | 9 |
| സ്ത്രീകൾ | 17 |
| സ്വയം തൊഴിൽ കണ്ടെത്തിയവർ | 2 |
| ദിവസവേതനത്തിനു പണിയെടുക്കുന്നവർ | 20 |

*അവലംബം : ബ്ലോക്ക് ഡാറ്റ - 96*

പരിശീലനം ലഭിച്ച 39പേരിൽ 2പേർ മാത്രമാണ് സ്വയം തൊഴിൽ കണ്ടെത്തിയത്. പരിശീലനത്തിൻെറ പോരായ്മയും വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും ഇവരെ തൊഴിൽ സംരംഭത്തിൽനിന്നും പിന്നോട്ടടിപ്പിക്കുന്നു.

ജവഹർ റോസ്ഗാർ യോജന

ജവഹർ തൊഴിൽ ദാന പദ്ധതിയിൽ 1992 മുതൽ 96 വരെ 21525 തൊഴിൽ ദിനങ്ങൾ നമ്മുടെ പഞ്ചായത്തിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നുവെങ്കിലും യഥാർത്ഥത്തിൽ ഇതിൻെറ പകുതി പോലും ലഭിക്കുന്നില്ല. കേരളത്തിലെ പ്രാദേശിക കൂലി നിരക്കിനനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങളിലെ കൂലി നിരക്ക് നിശ്ചയിക്കാത്തതാണ് ഈ പ്രശ്നത്തിന് പ്രധാന കാരണം. 114 കൈത്തൊഴിലുകാരിൽ 5 പേർക്കു മാത്രമാണ് തൊഴിലുപകരണങ്ങൾ നൽകിയത്.

വാർദ്ധക്യകാല പെൻഷൻ 80 എണ്ണം, വികലാംഗ പെൻഷൻ 136 എണ്ണം, വിധവാ പെൻഷൻ 152 എണ്ണം, കർഷകത്തൊഴിലാളി പെൻഷൻ 251 എണ്ണം, ടി.ബി. പെൻഷൻ 24 എണ്ണം, ക്യാൻസർ പെൻഷൻ 11 എണ്ണം, അവശ കലാകാര പെൻഷൻ 2 എണ്ണം, തൊഴിലില്ലായ്മ വേതനം 829 എണ്ണം എന്നിങ്ങനെയാണ് പെൻഷൻ വിതരണം നടക്കുന്നത്. ഇതു കൂടാതെ മത്സ്യത്തൊഴിലാളി പെൻഷൻ, കയർ തൊഴിലാളി പെൻഷൻ എന്നിവയും പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നുണ്ട്.

വിവിധ സമുദായങ്ങളുടെ കീഴിലായി 8 വനിതാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവ പുരോഗമനാത്മകമായി പ്രശ്നങ്ങളേറ്റെടുത്തു പ്രവർത്തിക്കുന്നില്ല.

2 ഡി.ഡബ്ലിയു.സി.ആർ.എ. യൂണിറ്റുകളിലായി 20 സ്ത്രീകൾക്കു വായ്പ ലഭിച്ചിട്ടുണ്ട്. എന്നാൽ വിദഗ്ദ്ധമായ മാനേജ്മെൻറിൻെറ അഭാവവും പരിചയക്കുറവും മൂലം ഈ രണ്ടു യൂണിറ്റുകളും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 1000ത്തോളം സ്വർണ്ണപ്പണിക്കാർ നമ്മുടെ പഞ്ചായത്തിലുണ്ട്.

പ്രശ്നങ്ങൾ

1. വിവിധ സ്കീമുകൾ നടപ്പിലാക്കുന്നതിന് ബാങ്കുകൾ സഹായിക്കുന്നില്ല.
2. ഗുണഭോക്താവിന് നേരിട്ടു വായ്പ കൊടുക്കുന്നില്ല.
3. തൊഴിൽ ചെയ്യാൻ മനസ്സുള്ളവരെ തെരഞ്ഞെടുക്കുന്നില്ല.
4. വായ്പയെടുക്കുന്നവർ കൃത്യമായി തിരിച്ചടയ്ക്കുന്നില്ല.
5. ഗുണഭോക്താവിൻെറ തൊഴിലിനെക്കുറിച്ച് നിരീക്ഷണമില്ല.
6. വിദഗ്ദ്ധ പരിശീലനം ലഭിക്കുന്നില്ല.
7. വിജയ സാധ്യതയുള്ള തൊഴിൽ സംരംഭങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള അപാകത.
8. വിപണനം മെച്ചപ്പെടുന്നില്ല.
9. 9 അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല.
10. പഠനോപകരണങ്ങളുടെയും കളിക്കോപ്പുകളുടെയും അപര്യാപ്തത.
11. അംഗനവാടി പ്രവർത്തകർക്കുള്ള പരിശീലനക്കുറവ്.

12. വേതനക്കുറവ് ഇവരെ മാനസികമായി പിന്നോട്ടടിപ്പിക്കുന്നു.

13. പെൻഷനുകൾ കുടിശ്ശിക തീർത്ത് യഥാസമയങ്ങളിൽ കിട്ടുന്നില്ല.

**നിർദ്ദേശങ്ങൾ**

1. ഐ.ആർ.ഡി.പി. ലിസ്റ്റ് ഓരോ വർഷവും പുതുക്കി പരസ്യപ്പെടുത്തുക.
2. വായ്പ നൽകുന്നതിന് ബാങ്കുകളെ സന്നദ്ധമാക്കണം.
3. വായ്പാ നടപടിക്രമങ്ങൾ ലഘൂകരിക്കുക.
4. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും തൊഴിൽ ചെയ്യാൻ സന്നദ്ധരുമായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക.
5. തൊഴിൽ പുരോഗതി നിരീക്ഷിക്കുന്നതിന് വി.ഇ.ഒ. സർക്കിളിനെ അടിസ്ഥാനമാക്കി സമിതി രൂപീകരിക്കുക.
6. ട്രൈസം പരിശീലന കാലാവധി ദീർഘിപ്പിക്കുക.
7. വിജയസാധ്യതയുള്ള തൊഴിലുകൾ തെരഞ്ഞെടുക്കുക.
8. കൂടുതൽ വനിതാ സമാജങ്ങൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ സജീവമാക്കുക.
9. അംഗനവാടി ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുക.
10. അംഗനവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.
11. കൂടുതൽ കളിക്കോപ്പുകളും പഠനോപകരണങ്ങളും നൽകുക.
12. 9 അംഗനവാടികൾക്കും സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണിതു നൽകുക. നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ തീർക്കുക.
13. മാതൃശിശു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക.
14. പെൻഷനുകളുടെ നടപടിക്രമങ്ങൾ ഏകീകരിച്ച് കുടിശ്ശിക തീർത്തു വിതരണം ചെയ്യുക.
15. പുതിയ പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുത്ത് അർഹരായ മുഴുവൻ പേർക്കും വിതരണം ചെയ്യുക.
16. 60 വയസ്സു കഴിഞ്ഞ മുഴുവൻ കയർ തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുക.
17. കയർ-മത്സ്യത്തൊഴിലാളി പെൻഷനുകൾ തൊഴിലാളി കേന്ദ്രങ്ങളിൽ വിതരണം ചെയ്യുക.
18. സ്വർണ്ണത്തൊഴിലാളികളുടെ സഹകരണസംഘം രജിസ്റ്റർ ചെയ്യുക.

| കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിൻറൽ) | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| എൻ.ഇ. | ഇ | ആകെ | വയസ്സ് 12നു മേൽ | വയസ്സ് 3-12 | ആകെ | അരി | ഗോതമ്പ് | റവ (കി) | മൈദ | പഞ്ചസാര | പാമോയിൽ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റു വഴി വിതരണം ചെയ്തത് | കാർഡ് വഴി വിതരണം ചെയ്തത് |
| 1335 | 1671 | 3006 | 12185 | 2085 | 10327 | 255 | 24657 | 630 | 2670 | 50 | ഇല്ല | 327 | 3275 | 1200 |

അവലംബം - സെക്കൻററി ഡാറ്റ (എ.ബി.സി)

# സംസ്കാരം

സുക്ഷ്മമായ സാമൂഹ്യ ശാസ്ത്ര ഗവേഷണം നട ന്നെങ്കിൽ മാത്രമേ ഇന്നിന്റെ സംസ്കാരം ഇന്നലെയു ടേതുമായി ഒരു ഗ്രാമത്തിന്റേതു പോലും ബന്ധത്തി ന്റെ പഠനം പൂർത്തിയാക്കാൻ കഴിയൂ. അതിനു മുതി രാതെ ചെമ്പു പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച പ്രാഥമിക -ദ്വിതീയ സ്ഥിതി വിവരങ്ങളുടേയും ഗ്രാമസഭകളിലെ ചർച്ചകളിൽനിന്നും ഉരുത്തിരിഞ്ഞു വന്ന നിഗമനങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടി സ്ഥാനത്തിലാണ് സംസ്കാരത്തെക്കുറിച്ച് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ഫ്യൂഡൽ സാ മൂഹ്യവും തജ്ജന്യമായ ജന്മികുടിയാൻ വ്യവസ്ഥിതി യും സവർണ്ണാവർണ്ണ ചേരിതിരിവും അടിഞ്ഞുകൂടിയ പൂർവ്വ സംസ്കാരത്തിൽ നിന്നും കാലപ്രവാഹത്തിന്റെ ഇങ്ങേയറ്റത്തു ഒരു പുതിയ സംസ്കാരത്തിനു ഊടും പാവും നെയ്യുവാൻ ചെമ്പു ഗ്രാമ പഞ്ചായത്തിനു കഴി ഞ്ഞിട്ടുണ്ട്. പ്രബുദ്ധരായ ജനസഞ്ചയം സംഘം ചേരു വാനും അവരുടെ ന്യായമായ അവകാശങ്ങൾ കൂട്ടായി വിലപേശി നേടിയെടുക്കാനും തുടങ്ങിയതോടെ ജന്മി യും കുടിയാനും സവർണ്ണനും അവർണ്ണനും എന്ന പദങ്ങൾ പുതിയ തലമുറയ്ക്കൊരു കടംകഥയായി മാറി യിട്ടുണ്ട്. ഒറ്റപ്പെട്ട ചില അകത്തളങ്ങളിൽ എണ്ണ വിളക്കി ലെ കരിന്തിരി കണക്കെ അയിത്താചാരത്തിന്റെ നേർത്ത തിരി മുനിഞ്ഞു കത്തുന്നുണ്ടെന്നതൊഴിച്ചാൽ അയിത്താചാരം ഇവിടെ ഇല്ലെന്നു തന്നെ പറയാം.

പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്നീ മതവിഭാഗങ്ങളിൽപ്പെട്ടവരാ ണ്. ഓരോ സമുദായത്തിനും പ്രത്യേകം പ്രത്യേകം ആരാ ധനാലയങ്ങൾ ഉണ്ട്. പ്രധാനമായി സുമാർ 19 ദേവലാ യങ്ങൾ ഇവിടെയുണ്ട്. ഒന്നാം വാർഡിൽ സെന്റ് തോ മസ് ക്രിസ്ത്യൻ ദേവാലയം, പനങ്ങാവു ദേവീ ക്ഷേത്രം, അയ്യൻകോവിൽ ക്ഷേത്രം, രണ്ടാം വാർഡിൽ ചെമ്പു മു സ്ലീം ദേവാലയം, മൂന്നാം വാർഡിൽ ശ്രീ ജഗദംബിക ക്ഷേത്രം, നാലാം വാർഡിൽ മുസ്ലീം ദേവാലയം, ആ ളേകാടു വാളാശേരി ധർമദൈവ ക്ഷേത്രങ്ങൾ, പനയ്ക്കൽ ഭഗവതി ക്ഷേത്രം, ക്രിസ്ത്യൻ ദേവാലയം, ആറാം വാർഡിൽ മഠത്തിൽ ദേവീക്ഷേത്രം, കുന്നക്കാട്ടു വേലി ദേവിക്ഷേത്രം, മുക്കത്തുക്ഷേത്രം, മറുതാപു രയ്ക്കൽ ക്ഷേത്രം, ഏഴാം വാർഡിൽ വിശ്വകർമ്മ ക്ഷേ ത്രം, ശങ്കരനാരായണസ്വാമീ ക്ഷേത്രം, ബ്രഹ്മമംഗലം മഹാദേവക്ഷേത്രം, എട്ടാം വാർഡിൽ കോതകുളം നരസിം ഹമൂർത്തി ക്ഷേത്രം, മേത്യക്കോവിൽ ദേവി ക്ഷേത്രം, കണ്ടംകുളങ്ങര മഹാവിഷ്ണു ക്ഷേത്രം, ഒമ്പതാം വാർ ഡിൽ കൃഷ്ണൻ തുരുത്തേൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം. ഇവയെല്ലാംതന്നെ ജനങ്ങളുടെ സങ്കൽ പങ്ങളും വിശ്വാസങ്ങളും അതിലുപരി പരസ്പര

സ്നേഹവും ഐക്യബോധവും വിളിച്ചറിയിച്ചുകൊണ്ട്, തലയുയർത്തി നിൽക്കുന്നു. ബ്രഹ്മമംഗലം മഹാദേവ ക്ഷേത്രം സെൻറ് തോമസ് ദേവാലയം, പനങ്ങാവിൽ ക്ഷേത്രം ശ്രീ ജഗദംബിക ക്ഷേത്രം കാട്ടിക്കുന്നു മുസ്ലീം ദേവാലയം, പനയ്ക്കൽ ദേവീ ക്ഷേത്രം എന്നിവടങ്ങളിൽ ആണ്ടുതോറും ഉത്സവങ്ങളും ആഘോഷങ്ങളും പ്രാദേശിക ഉത്സവങ്ങളായിട്ടാണ് പരിഗണിച്ചു പോരുന്നത്. പ്രസ്തുത ദേവാലയങ്ങളിൽ ഓരോന്നിനും പ്രത്യേക ആചാരനുഷ്ഠാനങ്ങളാണ് നിലവിൽ ഉള്ളത്. ക്ഷേത്രവുമായി ബന്ധമുള്ളവർ ആരെങ്കിലും മരിച്ചാൽ ശവശരീരം ഒരു പ്രത്യേക മഞ്ചലിൽ കൊണ്ടുവന്ന് ദേവാലയസന്നിധിയിൽ ചിതകൂട്ടി ദഹിപ്പിക്കണമെന്ന സമ്പ്രദായം മണിയംകുന്നിലെ വിശ്വകർമ്മ ക്ഷേത്രവുമായി ബന്ധപ്പെട്ട ഒരാചാരമാണ്. ആയിരത്തിലേറെ വർഷത്തെ പഴക്കമുള്ള ഒന്നാണ് കോതകുളം നരസിംഹമൂർത്തിക്ഷേത്രം. കോപകുളം എന്നുള്ളത് പിൽക്കാലത്ത് കോതകുളമായി അറിയപ്പെടുന്നു.

ഓരോ സമുദായത്തിനും മേൽഘടകത്തിൻെറ അംഗീകാരത്തോടെ ഭരണം നിർവഹിക്കുന്നതിനുള്ള ഭരണസമിതികൾ ഉണ്ട്. സമുദായങ്ങളുടെ പ്രവർത്തന മേഖലയിൽ വൈവിദ്ധ്യമുണ്ടെങ്കിലും അതൊരിക്കലും ശത്രുതാപരമായ വൈരുദ്ധ്യത്തിനു ഇടവരുത്തിയിട്ടില്ല എന്നു മാത്രമല്ല, മതസൗഹാർദ്ദം ഊട്ടി ഉറപ്പിക്കുന്നതിൽ സാമൂഹ്യസാംസ്കാരിക യുവജനപ്രസ്ഥാനങ്ങളോടൊപ്പം പുരോഗമന ചിന്താഗതിക്കാരായ സാമുദായിക പ്രവർത്തകരും നിലകൊള്ളുന്നുവെന്ന വസ്തുത അഭിമാനകരമാണ്.

പഞ്ചായത്തിൽ സി.പി.ഐ (എം), കോൺഗ്രസ്സ് (ഐ), സി.പി.ഐ, മുസ്ലിംലീഗ്, ബി.ജെ.പി, കേരളാ കോൺഗ്രസ്സുകൾ, കോൺഗ്രസ്സ് (എസ്സ്) തുടങ്ങിയ രാഷ്ട്രീയപ്പാർട്ടികൾ പ്രവർത്തിക്കുന്നു.

## ഗ്രന്ഥശാലാ വായനശാലകൾ

അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളും വായനശാലകളും പഞ്ചായത്തിൽ ഉണ്ട്. 1948-ൽ രൂപംകൊണ്ട പഞ്ചായത്ത് ഗ്രന്ഥശാലയാണം ആദ്യത്തെസ്ഥാപനം. ഇതിനുവേണ്ടി സൗജന്യമായി സ്ഥലം നൽകിയ ശ്രീ പുഴവേലിൽ നാരായണൻ എന്ന വ്യക്തിയെ ഈ അവസരത്തിൽ സ്മരിക്കുന്നു. ഇതിൻെറ ആദ്യകാല നാമധേയം വാണീവിലാസം വായനശാലയെന്നായിരുന്നു. പിന്നീട് ചിത്രോദയം വായനശാലയെന്നും ഒടുവിൽ പഞ്ചായത്ത് ഗ്രന്ഥശാലയെന്നും അറിയപ്പെടുന്നു. 1964-ൽ ആരംഭിച്ച മറ്റൊരു സ്ഥാപനമാണ് ടാഗോർ മെമ്മോറിയൽ ഗ്രന്ഥശാല, ഏനാദി. ഈ പ്രസ്ഥാനത്തിനു വേണ്ടി ഭൂമി സൗജന്യമായി നൽകിയ ശ്രീ വല്യമലയിൽ കുമാരൻനായരുടെ സേവന മനസ്കതയെ അഭിനന്ദിക്കുന്നു. മറ്റൊന്ന് 1969-ൽ രൂപകൽപന നൽകി പ്രവർത്തിച്ചുവരുന്ന കാട്ടിക്കുന്നു പബ്ലിക്ക് ലൈബ്രറിയാണ്. ഇതിൻെറ ശിൽപിയായ ശ്രീമാൻ എസ്.വി. വിൽഫ്രഡിനെ കാട്ടിക്കുന്നു നിവാസികൾ ആദരവോടെ സ്മരിക്കുന്നു. പഞ്ചായത്തിൽ 1986-ൽ സംഘടിപ്പിച്ച മുറിഞ്ഞപുഴയിലെ നയനാ കലാകായിക ഗ്രന്ഥശാലയും 1986-ൽത്തന്നെ നിലവിൽ വന്ന തുരുത്തുമ്മയിലെ എസ്.എൻ. വായനശാലയും പ്രവർത്തനത്തിൽ ഉണ്ട്. എന്നാൽ മുറിഞ്ഞപുഴയിലെ നയനാ കലാകായിക ഗ്രന്ഥശാലയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതിനാൽ പ്രവർത്തന രഹിതമാണ്. എസ്.എൻ. വായനശാല ഒഴിച്ചു ബാക്കി നാലും കേരളാ ഗ്രന്ഥശാലാ സംഘവുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതാണ്.

ഗ്രന്ഥശാലാ-വായനശാലകളുടെ മറ്റു വിവരങ്ങൾ പട്ടിക എ-യിൽ ചേർത്തിരിക്കുന്നു.

## കലാസാംസ്കാരിക സംഘടനകൾ

ചെറുതും വലുതുമായ 18 കലാസാംസ്കാരിക സംഘടനകൾ പഞ്ചായത്തിൽ ഇന്നുണ്ട്. ഇതിൽ 9 എണ്ണം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. വനിതകളുടേതായിട്ടുള്ള കൈരളി വനിതാ സമാജവും, അഖിലേന്ത്യാ തലത്തിൽ പ്രവർത്തിക്കുന്ന ജനാധിത്യ മഹിളാ അസോസിയേഷൻെറ ഒരു യുണിറ്റും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കലാകായിക പ്രസ്ഥാനങ്ങൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളത് ഒന്നോ രണ്ടോ സ്ഥാപനങ്ങൾക്കു മാത്രം. പല കാരണംകൊണ്ടും മന്ദീഭവിച്ച പ്രവർത്തനമാണ് ഭൂരിപക്ഷം കലാസാംസ്കാരിക സംഘടനകൾക്കും ഇന്നുള്ളത്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പൂർണ്ണവിവരം പട്ടിക 'ബി' യിൽ ചേർത്തിരിക്കുന്നു. കലാസമിതി രൂപം കൊള്ളുകയും കുറേനാൾ കഴിഞ്ഞ് പ്രവർത്തനരഹിതമായി കാലയവനികയ്ക്കുള്ളിൽ മറയുകയും ചെയ്തിട്ടുണ്ട്. വിശേഷ ദിവസങ്ങളായ ഓണം, വിഷു, ക്രിസ്തുമസ് എന്നീ

ആഘോഷങ്ങളോടനുബന്ധിച്ച് കലാകായിക മത്സരങ്ങൾ നടത്തിവരുന്ന കലാസമിതികളാണിതിൽ ഏറിയവയും. പഞ്ചായത്തിൽ സാക്ഷരതാ പ്രവർത്തനത്തിനു മുൻകൈയെടുത്ത കലാസമിതികളും ഉണ്ട്. കാട്ടിക്കുന്നു പബ്ലിക് ലൈബ്രറിയോടനുബന്ധിച്ച് ജനവിദ്യാകേന്ദ്രം തുറന്നിട്ടുണ്ടെങ്കിലും പ്രവർത്തനം തീരെയില്ല. പ്രൊഫഷണൽ നാടക സാങ്കേതികത്വം അനുകരിച്ച് ലഘുനാടകങ്ങൾ സംവിധാനം ചെയ്തവതരിപ്പിക്കുന്ന ഗ്രാമകേളി എന്ന സംഘടനയും കാട്ടിക്കുന്നിൽ ഉണ്ട്. പ്രൈമറി സ്കൂൾ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുവാനുള്ള ധനശേഖരണാർഥം കലാകായിക മത്സരങ്ങൾ നടത്തുന്ന സമിതികളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

മുന്നുഗ്രന്ഥശാലകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു. അത്യാവശ്യം വേണ്ട പുസ്തകങ്ങളും ഈ ഗ്രന്ഥശാലകളിൽ ഉണ്ട്. എന്നാൽ പുസ്തകം വായനയുടെ കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്നു. സ്ത്രീജനങ്ങളുടെ വായനാരീതിയെക്കുറിച്ചു പരിശോധിച്ചാൽ വായിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ട്. പൈങ്കിളിക്കഥകളും അതേ നിലവാരത്തിലുള്ള മറ്റു പ്രസിദ്ധീകരണളാണെന്നു മാത്രം. ആഴത്തിലുള്ള വായനാശീലം ഇല്ല. ഇവർ ഗ്രന്ഥശാലകളിലോ, വായനശാലകളിലോ സമീപിക്കുന്ന പ്രവണത കുറവാണ്. ദൃശ്യ മാദ്ധ്യമങ്ങളുടെ അതിപ്രസരം നമ്മുടെ വായനാശീലം കുറയ്ക്കുന്നു. എങ്കിലും പുസ്തകങ്ങളിൽ എഴുതുന്ന ചില വിഷയങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിലുപരി ടി.വി. മാദ്ധ്യമങ്ങളിൽക്കൂടി നേരിട്ടു ഗ്രഹിക്കുവാൻ നല്ലൊരു ശതമാനം ജനങ്ങൾ താൽപ്പര്യം കാണിക്കുന്നു. പഞ്ചായത്തിന്റെ രണ്ടു മേഖലകളായ ചെമ്പിലും ചാലുങ്കലും കേബിൾ ടി.വി. റിലേ ചെയ്യുന്നു. രണ്ടു സിനിമാ ശാലകൾ നിലവിലുണ്ട്. സിനിമാ രംഗത്തെ മൊത്തത്തിലുള്ള മൂല്യത്തകർച്ച ഇവിടെയും ദർശിക്കുവാൻ കഴിയും.

പഞ്ചായത്തിലെ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലിസ്റ്റ് പട്ടിക 'സി'യിൽ ചേർത്തിരിക്കുന്നു.

കഥാപ്രസംഗ രംഗത്ത് കേരളത്തിൽ ഒരു കാലത്ത് മിന്നിത്തിളങ്ങിയ ഒരനുഗ്രഹീത കലാകാരനാണ് ശ്രീ. എ.യു. മാസ്റ്റർ. ഈ രംഗത്ത് നിലവിലുള്ള മറ്റൊരു വ്യക്തിയാണ് ശ്രീ. ബ്രഹ്മമംഗലം രവി. ലഘു പുസ്തകങ്ങൾ എഴുതി വ്യക്തിമുദ്ര പതിച്ച ശ്രീ. ബ്രഹ്മമംഗലം മാധവൻ, 'കല്യാണഫോട്ടോ', മീൻകാരി' തുടങ്ങിയ നീണ്ടകഥകളും നോവലുകളും രചിച്ചു പ്രസിദ്ധനായ ശ്രീ. ചെമ്പിൽ ജോൺ ഇന്നും സാഹിത്യ രംഗത്തെ അദ്ദേഹത്തിന്റെ ദൗത്യം പുലർത്തിവരുന്നു.

കേരള സംസ്ഥാനത്തിനകത്തും മറ്റുസംസ്ഥാനങ്ങളിലുമുള്ള ചില ഹൈന്ദവക്ഷേത്രങ്ങളിൽ വച്ചാരാധിക്കുന്ന ദേവീദേവന്മാരുടെ വിഗ്രഹങ്ങൾക്ക് ജീവൻ കൊടുത്ത അതുല്യകലാകാരനും, ശിൽപിയുമാണ് ശ്രീ ബ്രഹ്മമംഗലം സുബ്രഹ്മണ്യനാചാരി. ഇന്നു മലയാള ചലച്ചിത്ര രംഗത്ത് മുടിചൂടാമന്നനായ ഭരത് മമ്മൂട്ടി ചെമ്പിനെ പൊന്നാക്കുന്നു. ധന്യമാക്കുന്നു. ചിത്രരചനാ ചാതുര്യം നിലനിർത്തുന്ന ശ്രീ. ബ്രഹ്മമംഗലം ചന്ദ്രൻ മാസ്റ്റർ തുടങ്ങിയ പ്രതിഭകളെല്ലാം ഈ പഞ്ചായത്തിന്റെ മുതൽക്കൂട്ടാണ്.

## കായികരംഗം

ദേശീയ കായിക ധാരയിലേക്ക് വളരെയൊന്നും പ്രതിഭകളെ സംഭാവന ചെയ്യുവാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ലെങ്കിലും ബ്രഹ്മമംഗലം ആസാദ് വോളീബാൾ ക്ലബ്ബിലൂടെ അഖിലേന്ത്യാ വോളിബോൾ താരം എന്ന നിലയിൽ ശ്രീ ബ്രഹ്മമംഗലം എസ്.എ. മധു ഉയർന്നുവന്നു. 1996-ലെ ജില്ലാതലത്തിൽ വിവിധ ഇനങ്ങളിൽ സ്വർണ്ണമെഡലുകൾ നേടിയ വിദ്യാർത്ഥി മൂന്നാം വാർഡിലെ ശ്രീ. കെ.കെ. സുരേഷ് മുതൽ പേർ ഈ പഞ്ചായത്തിന്റെ ഭാവിവാഗ്ദാനങ്ങളാണ്.

കലാകായിക സമിതികൾ സംഘടിപ്പിക്കുന്ന കായിക മത്സരങ്ങൾ കായിക പ്രതിഭകൾക്ക് പ്രചോദനമാകുന്നുണ്ട്. കഴിവുള്ള പ്രതിഭകളെ കണ്ടെത്തി അവർക്കെല്ലാവിധ പ്രോത്സാഹനവും ലഭിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്ത് വികസനസമിതി രൂപകൽപന ചെയ്യേണ്ടിയിരിക്കുന്നു. സമീപപ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി പഞ്ചായത്തിൽ ചെണ്ടമേളം, ഗരുഡൻ തൂക്കം എന്നീ പ്രാചീന കലകൾ പൂർവ്വാധികം ഭംഗിയായി ഇന്നും നിലനിൽക്കുന്നു.

സാമൂഹ്യ സാമ്പത്തിക അസമത്വം നിലനിൽക്കുമ്പോൾ പോലും കലയ്ക്കും സാഹിത്യത്തിനും അർഹമായ വില കൊടുത്ത ചരിത്ര യാഥാർത്ഥ്യം നമ്മുടെ മുമ്പി

ലുണ്ട്. കലയും സാഹിത്യവും, ജനജീവിതത്തിനും സംസ്കാരത്തിനും നിരന്തരം ചെലുത്തിയിട്ടുള്ള സ്വാധീനം വളരെ വലുതാണ്. പരിഷ്കൃത സമൂഹത്തിൻെറ ഏറ്റവും മികച്ച അളവുകോൽ അവ ആർജ്ജിച്ച സംസ്കാരമാണ്. കലയും സാഹിത്യവും കുറച്ചൊക്കെ സ്ഫോടനങ്ങൾ സൃഷ്ടിച്ചുകൊണ്ടാണെങ്കിലും മനുഷ്യസമുദായത്തിൻെറ മുമ്പോട്ടുള്ള കുതിക്കലിന് ഊർജ്ജം പകർന്നു കൊണ്ടേ ഇരിക്കും. ഇവിടെ കലയും സാഹിത്യവും ജനകീയമായി പരിവർത്തനം ചെയ്യപ്പെടണം. ജനതതിയിൽ ഭൂരിപക്ഷം വരുന്ന കൃഷിക്കാരൻേറയും തൊഴിലാളികളുടെയും സാധാരണക്കാരൻേറയും വർഗ്ഗ സൗന്ദര്യശാസ്ത്രം ഈ കലയിലും സാഹിത്യത്തിലും നിമഗ്നം ചെയ്യപ്പെടണം. എല്ലാവിധ പുഴുകുത്തുകളും നീക്കി സാമൂഹ്യസാമ്പത്തിക അസമത്വത്തിൽ നിന്നും അല്ലാത്ത ഒരു വ്യവസ്ഥിതിയിലേക്ക് മുന്നേറാൻ ഒരു പരിഷ്കൃത നൂതന പന്ഥാവു വെട്ടിയൊരുക്കുവാനുള്ള കർമ്മോന്മുഖതയിൽ ഗ്രാമവികസന പ്രവർത്തനരംഗത്ത് സാംസ്കാരിക പ്രവർത്തനത്തിനു ഊന്നൽ കൊടുക്കുക.

## പ്രശ്നങ്ങൾ

1. കലാസാഹിത്യ രംഗങ്ങളിൽ പ്രാവീണ്യം സിദ്ധിക്കുന്ന വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും അവരുടെ കഴിവുകൾ കൂടുതൽ ഉയർന്ന രീതിയിൽ പ്രദർശിപ്പിക്കുവാനുള്ള വേദി തീരെ ഇല്ല.
2. പഞ്ചായത്തിൽ 1, 2, 5, 7, 9 എന്നീ വാർഡുകളിൽ ഗ്രന്ഥശാലകൾ ഇല്ല. മൂന്നാം വാർഡിലെ ഗ്രന്ഥശാലയ്ക്ക് സ്ഥലവും കെട്ടിടവും ഇല്ലാത്തതിനാൽ പ്രവർത്തനം ഇല്ല.
3. സാക്ഷരതാ പ്രവർത്തനം പഞ്ചായത്തിൽ നിർജ്ജീവമാണ്.
4. ചില പ്രാചീന കലകൾ പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു.
5. പഞ്ചായത്തു തലത്തിൽ ഇൻഫോർമേഷൻ സെൻറർ ഇല്ലാത്തതിൻെറ അപാകത കാണുന്നു.

## സാദ്ധ്യതകൾ

1. 1, 2, 3, 5, 7, 9 എന്നീ വാർഡുകളിൽ ഗ്രന്ഥശാലകൾ സ്ഥാപിച്ചു പ്രവർത്തനം നടത്തുക.
2. നിലവിൽ പ്രവർത്തിക്കുന്ന ആർട്ട്സ് ക്ലബ്ബുകളുടെ പ്രവർത്തനം നടത്തുക.
3. കെട്ടിടം ഇല്ലാത്തതിനാൽ പ്രവർത്തനരഹിതമായിക്കിടക്കുന്ന മൂന്നാം വാർഡിലെ നയന കലാ-കായിക ഗ്രന്ഥശാലയ്ക്ക് സ്ഥലം വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.
4. പഞ്ചായത്ത് തലത്തിൽ മത്സരിച്ചു വിജയിക്കുന്ന കായിക താരങ്ങളെ താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ മത്സരിക്കുവാനുള്ള അവസരം നൽകുക.
5. പൊതുവായ കളിസ്ഥലം സ്ഥാപിക്കുക.
6. വാർഡുകൾ തോറും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.
7. കാട്ടിക്കുന്നു പബ്ലിക്ക് ലൈബ്രറി കേന്ദ്രീകരിച്ച് ഒരു ഇൻഫോർമേഷൻ സെൻററും, ഡിസ്ട്രിബ്യൂഷൻ സെൻററും സ്ഥാപിക്കുക.
8. പഞ്ചായത്ത് കേന്ദ്രീകരിച്ചു ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.
9. നിലവിലുള്ള ക്ലബ്ബുകളെ ഏകോപിപ്പിച്ച് കലാ കായിക പ്രവർത്തനം സജ്ജമാക്കുക.
10. സന്നദ്ധസേവന പ്രവർത്തനങ്ങൾ, സംഘടനകൾ ഏറ്റെടുക്കുവാനുള്ള മനോഭാവം വളർത്തുക.
11. ഓരോ സന്നദ്ധസംഘടനയും ദേശീയ പ്രാധാന്യമുള്ള സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ദിനം, മനുഷ്യാവകാശ ദിനം എന്നീ ദിനങ്ങളുടെ പ്രാധാന്യം പ്രചരിപ്പിക്കുക.
12. സ്കൂൾ തലത്തിൽ കായിക പരിശീലനം വളരെ കുറവാണ്. പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു.
13. നാടൻ കളികൾ നാട്ടിൽനിന്നും മണ്മറഞ്ഞതായി കാണുന്നു. അവ പുന:സംഘടിപ്പിക്കേണ്ടതുണ്ട്.
14. കുട്ടികളിൽ കായികാഭിരുചി ഉണ്ടെങ്കിലും വേണ്ട രീതിയിൽ പരിശീലനം കൊടുത്ത് പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു.

പട്ടിക ഏ

## ചെമ്പു ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ

| ന | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്ക ങ്ങളുടെ എണ്ണം | ശരാശരി പ്രതി മാസ വിതരണം | ആനുകാലിക പ്രസിദ്ധീകര ണങ്ങളുടെ എണ്ണം | മറ്റു അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | ടാഗോർ മെമ്മോറിയൽ വായനശാല, ഏനാദി രജി. നമ്പർ 3172 | 1964 | ഡി | 2890 | 400 | 7 | കലാകായിക പ്രവർത്തനങ്ങൾ |
| 2. | പബ്ലിക് ലൈബ്രറി, കാട്ടിക്കുന്ന്, രജി. നമ്പർ 3927 | 1969 | ഡി | 3010 | 600 | വർത്താമാന പത്രം 4, പ്രസി ദ്ധീകരണ ങ്ങൾ 8 | സാക്ഷരതാ പ്രവർത്തനം സെമിനാറുകൾ, ചർച്ചാ ക്ലാസ്സു കൾ, കലാകായി ക പ്രവർത്തന ങ്ങൾ |
| 3. | ചെമ്പു പഞ്ചായത്തു ഗ്രന്ഥ ശാല, രജി. നമ്പർ 684 | 1948 | ഡി | 4431 | 400 | ദിനപത്രം 6 | കൃഷി പുസ്തക കോർണർ, കരി യർ സെക്ഷൻ |
| 4. | നയന കലാകായിക ഗ്രന്ഥ ശാല, ചെമ്പ് | 1986 | -- | 850 | --- | ദിനപത്രം 4 | ഗ്രന്ഥശാല പ്രവ ർത്തനം, കലാകാ യിക പ്രവർത്തനം |
| 5. | എസ്.എൻ. യൂത്ത് മുവ്മെ ൻറ് വായനശാല, തുരുത്തുമ്മ | 1986 | -- | --- | --- | --- | കലാസാംസ്കാ രിക പ്രവർത്തനം സാമൂഹ്യക്ഷേമം |

അവലംബം: ദ്വിതീയ സ്ഥിതി വിവര ശേഖരണം

## പട്ടിക ബി. - ചെമ്പ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കലാ സാംസ്കാരിക സ്ഥാപനങ്ങൾ

| | പേര് | സ്ഥാപന വർഷം | ആകെ അംഗങ്ങൾ | സംഗീത നാട അക്കാദമി അഫിലിയേഷൻ | സ്വന്തമായ കെട്ടിടം | റേഡിയോ /ടി.വി. | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | രംഗം സാംസ്കാരിക വേദി, ഏനാദി, പാറപ്പുറം. കെ. 317/93 | 1986 | 120 | ഇല്ല | ഇല്ല | ഇല്ല | കലാ കായിക സാമൂഹ്യക്ഷേമ പ്രവർത്തനം |
| 2 | ഹരിശ്രീ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്. കെ. 534/96 | 1989 | 24 | ,, | ,, | ,, | കലാ കായിക ക്ഷേമം |
| 3. | യുവരശ്മി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്. | 1990 | 25 | ,, | ,, | ,, | ,, |
| 4. | മഹാത്മാ ആർട്ട്സ് ക്ലബ്ബ് | 1978 | 74 | ,, | ,, | ,, | ,, |
| 5. | തരംഗിണി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കാട്ടിക്കുന്ന് | 1985 | 161 | ,, | ,, | ,, | കലാകായികം |
| 6. | രശ്മി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കാട്ടിക്കുന്ന് Reg. No. 162/84 NVK AFI No. 210/94 | 1984 | 98 | ,, | ,, | ,, | കലാ കായിക സാംസ്കാരികം |
| 7. | സനാതന ധർമ്മ സംഘം ചാരിറ്റബിൾ ട്രസ്റ്റ് 273/96 | 1996 | 14 | ,, | ,, | ,, | സാമൂഹ്യപ്രവർത്തനം |
| 8. | കൈരളി വനിതാ സമാജം, ബ്രഹ്മമംഗലം. കെ. 23 | 1975 | 43 | വനിതാ സമാജം | ഉണ്ട് | ,, | ബോധവൽക്കരണം, അംഗൻവാടി പ്രവർത്തനം |
| 9. | പ്രതിഭാ ആർട്ട്സ്, മുറിഞ്ഞപുഴ, ചെമ്പ് | 1990 | 28 | ഇല്ല | ഇല്ല | ,, | കലാകായികം |
| 10. | ഉദയ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ചെമ്പ്, മുറിഞ്ഞപുഴ | 1977 | 81 | ,, | ,, | ,, | ,, |
| 11. | ശ്രീകലാ ആർട്ട്സ് ക്ലബ്ബ്, ബ്രഹ്മമംഗലം | 1989 | 32 | ,, | ,, | ,, | ,, |
| 12. | നവോദയാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | 1991 | 30 | ,, | ,, | ,, | ,, |
| 13. | നവജ്യോതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ചെമ്പ്. കെ. 646/95 | 1988 | 14 | ,, | ,, | ,, | കലാകായികസാമൂഹ്യം |
| 14. | അക്ഷരം കലാ കായിക സമിതി, കാട്ടിക്കുന്ന്. കെ. 270/87 | 1991 | 204 | ,, | ,, | ,, | ,, |
| 15. | അയ്യങ്കാളി സ്മാരക കലാ സാംസ്കാരിക സമിതി, തുരുത്തുമ്മ | 1986 | 22 | ,, | ഉണ്ട് | ,, | കലാകായികസാംസ്കാരികം |
| 16. | ഫ്രണ്ട്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ചെമ്പ് | 1995 | 15 | ,, | ഇല്ല | ,, | ,, |
| 17. | ജവഹർ ആർട്ട്സ് ക്ലബ്ബ്, ബ്രഹ്മമംഗലം | 1959 | 15 | ,, | ഉണ്ട് | ,, | സാമൂഹ്യ സാംസ്കാരികം |
| 18. | സാറ്റലൈറ്റ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ബ്രഹ്മമംഗലം | 1996 | 25 | ,, | ഇല്ല | ,, | കലാകായികസാംസ്കാരികം |
| 19. | ആസാദ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, ചെമ്പ് | 1996 | 61 | ,, | ,, | ,, | ,, |

പട്ടിക സി

## ആനുകാലികങ്ങളുടെ പട്ടിക

| പത്രങ്ങൾ | എണ്ണം | ആഴ്ചപ്പതിപ്പുകൾ | എണ്ണം | ബാലസാഹിത്യം | എണ്ണം |
|---|---|---|---|---|---|
| മാതൃഭൂമി | 198 | മനോരമ | 400 | ബാലമംഗളം | 60 |
| മലയാള മനോരമ | 214 | മംഗളം | 360 | ബോബനും മോളിയും | 50 |
| കേരള കൗമുദി | 40 | മാതൃഭൂമി | 25 | കളിക്കുടുക്ക | 26 |
| ദീപിക | 20 | കലാകൗമുദി | 30 | ബാലഭൂമി | 65 |
| മംഗളം | 50 | ചിത്രഭൂമി | 16 | ബാലരമ | 75 |
| ദേശാഭിമാനി | 158 | കർഷകൻ | 10 | പൂമ്പാറ്റ | 60 |
| ഇന്ത്യൻ എക്സ്പ്രസ്സ് | 40 | മനോരാജ്യം | 80 | കുട്ടികളുടെ ദീപിക | 40 |
| ജന്മഭൂമി | 20 | വനിത | 57 | വിദ്യാരംഗം | 16 |
| ഹിന്ദു | 16 | ഭാഷാപോഷിണി | 8 | ചിത്രകഥകൾ (മൊത്തം) | 225 |
| ചന്ദ്രിക | 7 | ദേശാഭിമാനി | 26 | | |
| മാദ്ധ്യമം | 30 | തൊഴിൽ വാർത്ത | 12 | | |
| | | വിജയവീഥി | 10 | | |
| | | ചിന്ത | 25 | | |
| | | കേരള ശബ്ദം | 20 | | |
| ആകെ | 823 | ആകെ | 1079 | ആകെ | 617 |

*അവലംബം : ദ്വിതീയ വിവര ശേഖരണം*



ജന്മനാടിന്റെ വരവേൽപ് : പ്രശസ്ത നടൻ ശ്രീ ഭരത് മമ്മൂട്ടിയെ ചെമ്പ് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കെ.കെ. രമേശൻ പൊന്നാട ചാർത്തുന്നു. സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണൻ സമീപം. (ഫയൽ ഫോട്ടോ)



ജന്മനാടിന്റെ സ്നേഹത്തിന് നന്ദി : ശ്രീ ഭരത് മമ്മൂട്ടി സ്വീകരണ വേദിയിൽ

# വനിതാക്ഷേമം

ലോകവനിതാസമ്മേളനവും വിശ്വസുന്ദരി മത്സരവും അതിൻെറ രഥ്യയിൽ ഉദ്ഘോഷിയ്ക്കപ്പെടുമ്പോഴും സ്ത്രീ സമത്വത്തിന് പ്രസക്തിയേറുമ്പോഴും സ്ത്രീ-സമത്വം ഒരു പ്രഹേളികയായി അവശേഷിയ്ക്കുന്നു എന്നത് ദുഃഖകരമാണ്. രാഷ്ട്രത്തിൻെറ നേതൃത്വം സ്ത്രീകളുടെ കൈയിലാകുമ്പോൾ പോലും ഭൂരിപക്ഷം സ്ത്രീകളും അടിച്ചമർത്തലിൻെറ വേദനയിലാണ്.

സാമൂഹ്യരംഗത്തെ സ്ത്രീകളുടെ ഈ 'അദൃശ്യത' നമ്മുടെ രാജ്യത്തും കാണാം. സാമൂഹ്യവും ചരിത്രപരവുമായ കാരണങ്ങളാലും അടിച്ചേല്പിയ്ക്കപ്പെട്ട പുരുഷാധിപത്യം മൂലവും സ്ത്രീകൾ ഇന്നും 'രണ്ടാംകിട'യായി നിലകൊള്ളുന്നു. സതി, ശൈശവവിവാഹം മുതലായവയ്ക്കെതിരെ നവോത്ഥാന കാലഘട്ടം മുതലേ രാജാറാം മോഹൻറോയ് തുടങ്ങിയവർ പ്രക്ഷോഭം നടത്തി ഇല്ലായ്മ ചെയ്തുവെങ്കിലും അവ ഇന്നും പുനർജനിയ്ക്കുന്നു.

നമ്മുടെ സംസ്ഥാനത്തും സ്ഥിതി വ്യത്യസ്തമല്ല. ദേശീയപ്രസ്ഥാനങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങളും ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടും സ്ത്രീകളുടെ പങ്കാളിത്തം സാമൂഹ്യപ്രവർത്തനങ്ങളിൽ കുറവായി കാണുന്നു. കുറെയെങ്കിലും മാറ്റമുണ്ടായത് പുതിയ പഞ്ചായത്തീ രാജ് നഗരപാലികാ ബിൽ വന്നതിനു ശേഷമാണ്.

നമ്മുടെ പഞ്ചായത്തിലും വികസന പ്രവർത്തനത്തിൻെറ ഭാഗമായി സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക പദവി ഉയർത്തുക എന്ന ഭാരിച്ച ഉത്തരവാദിത്തം ഏറ്റെടുത്തു നടത്തേണ്ടതുണ്ട്. ഭൂരിഭാഗവും തൊഴിലാളികൾ അധിവസിയ്ക്കുന്ന പഞ്ചായത്തിൽ നിലനിന്നിരുന്ന സാമൂഹ്യഉച്ചനീചത്വങ്ങളും അയിത്തം, അസ്പൃശ്യത മുതലായ അനാചാരങ്ങളും സ്ത്രീകളെയാണ് ഏറെ ബാധിച്ചിരുന്നത്. വനിതകൾക്കു പ്രാഥമിക വിദ്യാഭ്യാസത്തിനുപോലും സൗകര്യം ലഭിച്ചത് 1950നു ശേഷമാണ്. ചെമ്പു കാട്ടിക്കുന്നിൽ എടത്തിൽ കൃഷ്ണൻനായ്ക്കിൻെറ മകൾ ഡോക്ടർ പത്മാവതിയാണ് പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിണിയും ഉദ്യോഗസ്ഥയും.

1991-ലെ സെൻസസ് പ്രകാരം ചെമ്പു പഞ്ചായത്തിലെ ആകെ ജനസംഖ്യ 18828 ആണ്. സ്ത്രീകളുടെ സംഖ്യ 9338 ആണ്. പുരുഷന്മാരുടെ എണ്ണത്തേക്കാൾ 152 കുറവാണ് ഇത്. സംസ്ഥാനത്താകെ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ കൂടുതലാകുമ്പോൾ നമ്മുടെ പഞ്ചായത്തിൽ സ്ഥിതി വ്യത്യസ്തമാണ്. സ്ത്രീപുരുഷ അനുപാതം ഏറെക്കുറെ തുല്യമായത്

സ്ത്രീയ്ക്കും പുരുഷനൊപ്പം തുല്യത ലഭിയ്ക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിയ്ക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ഉയർന്ന ജോലിയും സംത്രീകളുടെ ഇടയിൽ കുറവാണെങ്കിലും അധ്യാപനരംഗത്ത് അവർ മുൻപന്തിയിലാണ്. സ്ത്രീ സാക്ഷരതാ നിരക്ക് പുരുഷസാക്ഷരതയേക്കാൾ കുറവാണ്. പുരുഷന്മാരുടേത് 98% വരുമ്പോൾ സ്ത്രീകളുടേത് 84% മാത്രമാണ്. ഇതുതന്നെ പ്രശ്നങ്ങളുടെ ഗൗരവത്തെ സൂചിപ്പിയ്ക്കുന്നു. നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പെൺകുട്ടികളുടെ എണ്ണം പട്ടികയായി താഴെ കൊടുത്തിരിയ്ക്കുന്നു.

| വിദ്യാലയം | ആൺകുട്ടികൾ | പെൺകുട്ടികൾ |
|---|---|---|
| 7എണ്ണം | 1485 | 1406 |

എൽ.പി., യു.പി. ഹൈസ്കൂൾ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം.

| എൽപി. | | യു.പി. | | ഹൈസ്കൂൾ | |
|---|---|---|---|---|---|
| ആൺ. | പെൺ. | ആൺ. | പെൺ. | ആൺ. | പെൺ. |
| 559 | 542 | 629 | 482 | 297 | 382 |

24 പെൺകുട്ടികൾ കൊഴിഞ്ഞു പോയതിൽ 6 പേർ പട്ടിക ജാതിക്കാരാണ്.

പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്കിടയിൽ പെൺകുട്ടികൾ വിദ്യാഭ്യാസത്തിൽ വളരെ പിന്നിലാണ് എന്നത് ശ്രദ്ധിയ്ക്കേണ്ട കാര്യമാണ്.

പഞ്ചായത്തിലെ സ്കൂളുകളിലെ പ്രധാനാധ്യാപകരിൽ ഒരാൾ മാത്രമേ വനിതയുള്ളു. അംഗനവാടി പ്രവർത്തകർ, ആയുർവേദ ഹോമിയോ ഡിസ്പൻസറികൾ, 2 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവ വനിതകളുടെ മേൽനോട്ടത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്.

വിദ്യാഭ്യാസ നിലവാരത്തിന്റെ പട്ടിക

| | | |
|---|---|---|
| എസ്.എസ്.എൽ.സി. - പി.ഡി.സി. | - | 250 |
| ബിരുദം | - | 36 |
| ബിരുദാന്തര ബിരുദം | - | 11 |
| പ്രഫഷണൽ : ഐ.ടി.ഐ. | - | 3 |
| ഡിപ്ലോമ, എഞ്ചിനീയറിംഗ് | - | 2 |
| കമ്പ്യൂട്ടർ | - | 1 |

പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങൾ സ്ത്രീകളിൽ കൂടുതലാണ്. കയർത്തൊഴിലാളികൾക്കിടയിലെ അമിതാധ്വാനവും കൂലിക്കുറവും ആരോഗ്യസ്ഥിതി മോശമാക്കുന്നു. വ്യക്തി ശുചിത്വം പാലിയ്ക്കുന്നതിൽ കൃത്യതയുണ്ടെങ്കിലും പരിസരശുചിത്വം വേണ്ടത്ര യില്ല. ആഹാരം കഴിക്കുന്നതിൽ സമയനിഷ്ഠ ഇല്ലാത്തതും ആരോഗ്യപരിപാലനത്തിന് വേണ്ടത്ര പ്രാധാന്യം നല്കാത്തതും സ്ത്രീകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിയ്ക്കുന്നു. പി.എച്ച്.സി.യിൽ 11.1.93 ൽ കേന്ദ്ര ഗവൺമെൻറിൻെറ കീഴിൽ ഒരു മഹിളാ സ്വസ്തിക്ക് രൂപീകരിയ്ക്കുകയും എല്ലാ മാസവും ആരോഗ്യപഠനക്ലാസ് നടത്താൻ തീരുമാനിയ്ക്കുകയും ചെയ്തെങ്കിലും അതിന്റെ പ്രവർത്തനം വേണ്ടത്ര ജനങ്ങളിലേയ്ക്കെത്തുന്നില്ല.

വേണ്ടത്ര വിദ്യാഭ്യാസം നേടിയിട്ടുണ്ടെങ്കിലും വരുമാനം ഉണ്ടാക്കുന്ന പണികളിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ലഭിക്കുന്ന വരുമാനം സ്വന്തമായി ഉപയോഗിക്കാനുള്ള അവകാശം നിഷേധിക്കപ്പെടുന്നു. അച്ചടക്കം, അനുസരണം, ലാളിത്യം, സൗന്ദര്യം ഇവയെ ഉദാത്തവൽക്കരിക്കുകയും ആദർശവൽക്കരിക്കുകയും ചെയ്ത് അതിന്റെ പേരിൽ സ്ത്രീകൾ ഇന്നും സമൂഹത്തിന്റെ അകമുറിയിലേക്ക് തള്ളിവിടപ്പെടുന്നു. സാമൂഹ്യരംഗത്ത് ഉയർന്നു നിൽക്കുന്നവർക്കുപോലും വീടുകളിൽ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു. ബിരുദവും ബിരുദാനന്തരബിരുദവും നേടിയ പെൺകുട്ടികളുടെ കഴിവുകളെ വേണ്ടത്ര വിനിയോഗിക്കാൻ കഴിയുന്നില്ല. നന്നേ ചെറുപ്പത്തിലേ വിവാഹം നടത്തുന്നത് സാമൂഹ്യരംഗത്തേക്ക് ഉള്ള സ്ത്രീകളുടെ വരവ് തടയുന്നു. സ്ത്രീധനം കൊടുക്കണമെന്നുള്ളതുകൊണ്ട് ധനച്ചെലവ് വരുന്ന ഉന്നത വിദ്യാഭ്യാസരംഗം പെൺകുട്ടികൾക്ക് നിഷേധിക്കപ്പെടുന്നു.

സ്ത്രീത്തൊഴിലാളികളുടെ തൊഴിൽമേഖലയിലെ പങ്കാളിത്തം താഴെ ചേർക്കുന്നു.

| സ്ഥിരമായി തൊഴിലുള്ളവർ | | | ഭാഗികമായി തൊഴിലുള്ളവർ | | | തൊഴിൽ രഹിതർ | | |
|---|---|---|---|---|---|---|---|---|
| പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 4520 | 1602 | 6122 | 361 | 495 | 856 | 4609 | 7241 | 11850 |

*അവലംബം : ബ്ലോക്ക് ഡാറ്റ*

ഇതിൽ നിന്നും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 22.45% ആണെന്ന് കാണാവുന്നതാണ്. പുരുഷന്മാരുടെത് 26%ഉം. അവലംബം: 1991 - ലെ സെൻസസ് റിപ്പോർട്ട്.

ഇതിൽത്തന്നെ ഓരോ മേഖലയിലും തൊഴിലെടുക്കുന്നവരുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി | 162 | 132 |
| മത്സ്യക്കച്ചവടം, കക്കാവാരൽ | 816 | 247 |
| പുല്ലുചെത്തുന്നവർ | 12 | - |
| കയർതൊഴിലാളി | 650 | 210 |
| ചെറുകിടവ്യവസായം | 65 | 11 |
| ഗതാഗതം, വാർത്താ വിനിമയം | 6 | 18 |
| വ്യാപാരം | 6 | 188 |
| അധ്യാപനം | 96 | 28 |
| മറ്റുള്ളവ | 32 | - |

*അവലംബം : സെക്കൻററി ഡാറ്റ*

ഇതിൽ നിന്നും തൊഴിൽവിതരണത്തിൽ ഗണ്യമായ സ്ത്രീ-പുരുഷാന്തരം കാണാം. കൃഷിപ്പണിയിൽ പങ്കാളിത്തം കുറഞ്ഞു വരുന്നതായി കാണാം. തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നതായും കാണാം. സാധ്യതകൾ ഉള്ളപ്പോഴും അതിനെ പ്രയോജനപ്പെടുത്തായ്ക, തൊഴിലില്ലായ്മ നിരക്ക് വർധിപ്പിയ്ക്കുന്നു.

| തൊഴിൽ മേഖല | വേതനം | |
|---|---|---|
| | സ്ത്രീ | പുരുഷൻ |
| കർഷകതൊഴിലാളി | 35-45 | 70-80 |
| കെട്ടിടനിർമ്മാണ തൊഴിലാളി | 70-80 | 120-130 |
| കയർ തൊഴിലാളി | 20-25 | 60-70 |
| മത്സ്യതൊഴിലാളി | 45-50 | - |
| തീപ്പെട്ടിക്കമ്പനി തൊഴിലാളി | 30 | 60 |
| ഖാദി/ കൈത്തറി തൊഴിലാളി | 10-20 | - |

സ്ത്രീകൾക്ക് പുരുഷന്മാരുടേതിൻെറ പകുതിമാത്രം വേതനം നൽകുന്നതും സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന മേഖലകളിൽ കൂലിനിരക്ക് നാമമാത്രമായതും ചൂഷണം ചെയ്യുന്നതിൻെറ ഭാഗമായിട്ടുവേണം കാണേണ്ടത്.

കുടുംബപരമായ ഉത്തരവാദിത്തങ്ങൾ സ്ത്രീകളുടെ കടമയെന്നതിലുപരി അധ്വാനമായി കണക്കാക്കാത്തതും ദുരിതങ്ങളുടെ നിര വർധിപ്പിക്കുന്നു. പാചകജോലികൾക്കു പുറമേ കന്നുകാലി വളർത്തൽ തുടങ്ങിയ നാനാപണികൾ സ്ത്രീകൾ ചെയ്യുന്നുണ്ടെങ്കിലും അവയെ കണക്കിലെടുക്കുന്നില്ല. കുടിവെള്ളവും ചുമന്നുകൊണ്ട് ദൂരങ്ങൾ താണ്ടേണ്ടിവരുന്നതും വിറകിനായി വളരെയധികം അലയേണ്ടി വരുന്നതും സ്ത്രീകൾ ചെയ്യുന്ന തൊഴിലായി പലപ്പോഴും കണക്കാക്കപ്പെടുന്നില്ല. തൊഴിലെടുക്കുന്നവരുടെ കാര്യത്തിൽ ഗൃഹജോലി, വസ്ത്രമലക്കൽ, ശിശുപരിപാലനം ഇവ അധ്വാനം ഇരട്ടിപ്പിക്കുന്നു.

സ്ത്രീകൾ കുടുംബനാഥകൾ ആയിരിക്കുന്ന 158 വീടുകളുണ്ട്. ഇതിൽ തന്നെ വിധവകളും ഭർത്താവ് ഉപേക്ഷിച്ചവരും ഉണ്ട്. സ്ത്രീ ഒറ്റയ്ക്ക് താമസിക്കുന്ന വീടുകളും ഉണ്ട്. വിധവാപെൻഷൻ ലഭിക്കുന്ന 150 പേരും വാർധക്യകാലപെൻഷൻ ലഭിക്കുന്ന 37 പേരും ഉണ്ട്.

പഞ്ചായത്തിൽ അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും സൗകര്യങ്ങൾ പരിമിതമാണ്.

രണ്ട് DWCRA യുണിറ്റുകൾ ഉണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. വനിതകളുടെ നേതൃത്വത്തിൽ ഒരു തീപ്പെട്ടി നിർമ്മാണക്കമ്പനിയും ഒരു വസ്ത്രനിർമ്മാണയൂണിറ്റും ഉണ്ട്.

രാഷ്ട്രീയ സംഘടനകളുടെയും സമുദായ സംഘടനകളുടെയും കീഴിൽ വനിതാ സംഘടനകൾ ഉണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. എന്നാൽ സ്ത്രീകൾ കൂടുതലായി പൊതുരംഗത്തേക്ക് വരുന്നതിന് ബോധപൂർവമായ ഇടപെടലുകൾ ആവശ്യമാണ്. ഏറ്റെടുക്കുന്ന ജോലികൾ ഭംഗിയായും ഉത്തരവാദിത്തത്തോടെയും നിറവേറ്റാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ഏറ്റെടുക്കാനുള്ള വൈമുഖ്യം സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്തം ഏൽപ്പിക്കാനുള്ള താൽപര്യ

ക്കുറവ് പുരുഷന്മാരുടെ ഭാഗത്തും ഉണ്ട്. സ്ത്രീകൾക്കിടയിലുള്ള ആത്മവിശ്വാസക്കുറവും കാലങ്ങളായി സമൂഹം അടിച്ചേൽപിച്ചിട്ടുള്ള വിശ്വാസപ്രമാണങ്ങളും പ്രധാനപ്രശ്നങ്ങളാണ്. മനുഷ്യവംശത്തിലെ പകുതിയോളം വരുന്ന വിഭാഗമാണ് തങ്ങളെന്നും, ഇന്നു നിലനിൽക്കുന്ന ഇരട്ട ചൂഷണത്തിൽ നിന്നും തങ്ങൾക്ക് മോചനം നേടേണ്ടതുണ്ടെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. സ്ത്രീധനമരണങ്ങൾ പഞ്ചായത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ലെങ്കിലും സ്ത്രീധനത്തെ ചൊല്ലിയുള്ള തർക്കങ്ങൾ നിലനില്ക്കുന്നു.

## പ്രശ്നങ്ങൾ

1. സ്ഥിരം തൊഴിലിന്റെ അഭാവം.
2. തുല്യജോലിക്ക് തുല്യവേതനം ലഭിക്കായ്ക.
3. സാമൂഹ്യ - രാഷ്ട്രീയ - സാംസ്കാരിക രംഗങ്ങളിലെ പങ്കാളിത്ത കുറവ്.
4. വനിതാക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
5. വായനാശീലം കുറവായതുമൂലം ഉണ്ടായ ജീവിതനിലവാരക്കുറവ്
6. ബാങ്കുവായ്പകൾക്ക് മതിയായ ഈടില്ലാത്ത അവസ്ഥ.
7. ശാസ്ത്രീയ ബോധനനിലവാരക്കുറവ് നിമിത്തം വർധിച്ച അന്ധവിശ്വാസവും അനാചാരങ്ങളും.
8. അംഗനവാടികളിലെ അപര്യാപ്തത.

## നിർദ്ദേശങ്ങൾ

1. വനിതകളുടെ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.
2. ഗൃഹജോലികളിൽ സഹായിക്കുന്നതിന് പുരുഷന്മാർ സന്നദ്ധരാകുക
3. കൂലി നിരക്കിലുള്ള അപാകത പരിഹരിക്കുക.
4. കുടിനീർ ക്ഷാമം പരിഹരിക്കുക.
5. സാമൂഹിക - സാംസ്കാരിക - രാഷ്ട്രീയ രംഗങ്ങളിൽ കുടുതൽ ബോധവൽക്കരണവും പങ്കാളിത്തവും ഉറപ്പാക്കുക.
6. വനിതാക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും വനിതാ സംരക്ഷണ നിയമത്തെക്കുറിച്ചും കൂടുതൽ അറിവ് പകരുക.
7. സ്ത്രീകൾക്ക് വായ്പ ലഭിക്കുന്നതന് കുടുതൽ സൗകര്യങ്ങളുണ്ടാക്കുക.
9. വനിതാ ബാങ്ക് ആരംഭിക്കുക.
10. വിവിധ തൊഴിലുകളിൽ പരിശീലനം കൊടുക്കുകയും സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സഹായം നൽകുകയും ചെയ്യുക.
11. അംഗനവാടികളുടെ പ്രവർത്തനം ഊർജിതപ്പെടുത്തുകയും ആനുകുല്യങ്ങൾ വർധിപ്പിക്കുകയും ചെയ്യുക.
12. സ്കൂളുകളിലെ മാതൃസംഗമങ്ങളിൽ പങ്കാളിത്തം വർധിപ്പിക്കുക.
13. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന പരസ്യപ്രചരണങ്ങൾ നിരോധിക്കുക.
14. സ്ത്രീകൾ ഇന്ന് പ്രധാന വിനോദോപാധിയായിരിക്കുന്ന ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലെ നിലവാരം കുറഞ്ഞ പരിപാടികൾ നിരോധിക്കുകയും സ്ത്രീ -പുരുഷ സമത്വത്തിന്റെ ആവശ്യകതയിൽ ഊന്നുന്ന പരിപാടികൾ പ്രേഷണം ചെയ്യുകയും വേണം.
15. സ്ത്രീകൾക്കിടയിൽ വായനാശീലം മെച്ചപ്പെടുത്തുക. സ്ത്രീകൾക്കുവേണ്ടി വായനശാല ആരംഭിയ്ക്കുക. അതോടനുബന്ധിച്ച് സാംസ്കാരിക സമിതിയും രൂപപ്പെടുത്തുക.
16. ബ്രഹ്മമംഗലം പി.എച്ച്.സി.യിൽ വനിതാ ഡോക്ടറെ നിയമിക്കുക.
17. പഞ്ചായത്തുതലത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുടുംബ കോടതികൾ സ്ഥാപിക്കുക.
18. പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സൗകര്യം ലഭ്യമാക്കുക.
19. പായ നെയ്ത്ത്, കുട്ടനെയ്ത്ത് തുടങ്ങിയ തൊഴിലുകളിൽ ഇന്നുള്ള സ്തംഭനാവസ്ഥ പരിഹരിക്കുക.

20. കയർ വ്യവസായം, കാര്യക്ഷമമാക്കുക- യന്ത്ര വൽക്കരണം നടപ്പാക്കുന്നതിലൂടെ സ്ത്രീകളുടെ അമിതാധ്വാനം കുറയ്ക്കുക.

21. ടെക്നിക്കൽ വ്യവസായം ആരംഭിക്കുക.

അവകാശങ്ങൾ തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള സംഘടിത സമരപരിപാടികൾ രൂപപ്പെടുത്തുകയും ചെയ്തുകൊണ്ടാണ് ഏതു രംഗത്തും ജനവിഭാഗങ്ങൾ നേട്ടമുണ്ടാക്കിയിട്ടുള്ളത്. സ്ത്രീകളും ഈ മാർഗ്ഗം തന്നെയാണ് വിമോചനത്തിന്റെ പാത എന്നു തിരിച്ചറിയേണ്ടതുണ്ട്. സ്ത്രീകൾക്കു നേരെയുള്ള അവഗണനയ്ക്കെതിരെ എല്ലാ ജനാധിപത്യശക്തികളും ഉൾക്കൊള്ളുന്ന ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കണം.

മുൻകാലങ്ങളിൽ നിന്നു വ്യത്യസ്തമായി കാർഷികവൃത്തിയിൽ സ്ത്രീ പങ്കാളിത്തം കുറവായി കാണുന്നു. കൊയ്ത്തുപാടങ്ങളിൽ ആളെ കിട്ടാനില്ലാത്ത അവസ്ഥ. അതേ സമയം തന്നെ ഇതിനേക്കാൾ വരുമാനം കുറഞ്ഞ തീപ്പെട്ടിക്കമ്പനി, തുടങ്ങിയ മേഖലകളിലേയ്ക്കും നഗരത്തിലേയ്ക്കും സ്ത്രീകൾ തിരിയുന്നു. പച്ചക്കറിക്കൃഷി, പൂന്തോട്ട നിർമ്മാണം ഇവയുടെ സാധ്യതയെ കുറിച്ച് വേണ്ടത്ര അറിവില്ലായ്മ ഈ രംഗത്തെ മുരടിപ്പിന് ഒരു പ്രധാന കാരണമാണ്. കന്നുകാലി സംരക്ഷണം തീറ്റയുടെ ദൗർലഭ്യം മൂലം പ്രതിസന്ധി നേരിടുന്നു. തൻ കൾക്ക് വേണ്ടത്ര വരുമാനം ഇതിൽ നിന്നു കിട്ടുന്നില്ല.

# സഹകരണമേഖല

പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന്റെ ചരിത്രത്തിന് സ്വതന്ത്ര ഇന്ത്യയോളം തന്നെ പഴക്കമുണ്ട്. 1948-ൽ രജിസ്റ്റർ ചെയ്ത് 1953-ൽ ഡോക്ടർ നാരായണന്റെ നേതൃത്വത്തിൽ ബ്രഹ്മമംഗലത്ത് പ്രവർത്തനമാരംഭിച്ച ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സർവ്വീസ് സഹകരണബാങ്ക് ആണ് ആദ്യത്തെ സഹകരണ ബാങ്ക്. 1960-ൽ ഒരു പരസ്പര സഹായ സഹകരണ സംഘം ചെമ്പിൽ രൂപീകൃതമായി (നം. 1415). പിന്നീട് പ്രവർത്തനമാന്ദ്യം മൂലം ജനങ്ങളുടെ ആവശ്യപ്രകാരം 1982-ൽ ഗ്രാമസ്വരാജിനോട് ലയിപ്പിയ്ക്കുകയുണ്ടായി. ആദ്യകാലങ്ങളിൽ നാമമാത്രമായ കാർഷികവായ്പാ വിതരണം മാത്രമേ ഇവിടെ നടന്നിരുന്നുള്ളൂ. ക്രമേണ സ്വർണ്ണപ്പണയവായ്പ, നിക്ഷേപപദ്ധതികൾ, കാർഷികവായ്പകൾ, വ്യവസായ വായ്പകൾ, വിവിധ ചിട്ടികൾ എന്നിവ തുടങ്ങി. വളം, കീടനാശിനി, സഹകരണ മാവേലി സ്റ്റോർ മുതലായ മററു പ്രവർത്തനങ്ങളിലൂടെ പ്രവർത്തനമേഖല വിപുലീകരിച്ചു. പ്രത്യേക വായ്പകളായ ഐ.ആർ.ഡി.പി, എ.ഡി.പി. എന്നീ വായ്പകളും ബാങ്കിലൂടെ കൊടുത്തു തുടങ്ങി. 1982-ൽ ബാങ്കിന്റെ ഒരു ശാഖ ചെമ്പിൽ ആരംഭിയ്ക്കുകയുണ്ടായി. 1, 2, 3, 4 വാർഡുകളിലെ ജനങ്ങൾക്ക് ഇത് കൂടുതൽ പ്രയോജനപ്രദമായി. ആദ്യം വാടകക്കെട്ടിടത്തിലായിരുന്നെങ്കിലും 1990-ൽ സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചു.

കൃഷിക്കാർക്ക് കൂടുതൽ ആശ്വാസം നൽകുന്ന നബാർഡിന്റെ പദ്ധതികൾ ഈ ബാങ്കിൽ നടപ്പിലാക്കിയിട്ടുണ്ട്. പുതിയ പദ്ധതികൾക്കു വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഇന്നു നിലവിലുള്ള ബാങ്കുകളുടെ പട്ടിക 1-ൽ കൊടുക്കുന്നു.

കൂടാതെ 3-ാം വാർഡായ മുറിഞ്ഞപുഴയിൽ ഒരു ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമസംഘവും 4-ാം വാർഡായ കാട്ടിക്കുന്നിൽ ഒരു കക്കാസഹകരണ സംഘവും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. ബ്രഹ്മമംഗലം ഹൈസ്ക്കൂളിൽ ഒരു ഹൈസ്ക്കൂൾ സഹകരണസംഘവും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും ഇതുവഴി വിതരണം ചെയ്യുന്നു. ബ്രഹ്മമംഗലം ഗവ. യു.പി.സ്കൂളിലും ഒരു സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്.

വൈക്കം അർബൻ സഹകരണ ബാങ്കിന്റെ ഒരു ശാഖ ബ്രഹ്മമംഗലത്തും കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖ ചെമ്പിലും പ്രവർത്തിക്കുന്നുണ്ട്. ദേശീയ ബാങ്കുകളായ സിൻഡിക്കേറ്റ് ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ ശാഖയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ പട്ടിക 1

| സംഘത്തിന്റെ പേര് | പ്രവർത്തനം തുടങ്ങിയ | പ്രവർത്തന പരിധി | വ്യക്തി-അംഗങ്ങൾ | ഓഹരി മൂലധനം | നിക്ഷേപം | പ്രവർത്തന മൂലധനം | വ്യാപാര ഇടപാടുകൾ | ലാഭമോ നഷ്ടമോ | വായ്പ | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|
| ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 2966 | 1953 | ചെമ്പു പഞ്ചായത്ത് | 7300 | 12 ലക്ഷം രൂപ | 1.5 കോടി രൂപ | 1.8 കോടി രൂപ | | നഷ്ടം | കാർഷിക വായ്പ, സ്വർണ്ണപ്പണയം വ്യവസായ വായ്പ IRDP, ADP | 14 |
| കയർ വ്യവസായ സഹകരണ സംഘം നമ്പർ 3056, ചെമ്പ് | 1950 | ചെമ്പ്, മറവൻ തുരുത്ത് | 1200 | | | | | നഷ്ടം 7 ലക്ഷം | | 2 |
| കാട്ടിക്കുന്ന് കയർ വ്യവസായ സഹകരണ സംഘം നമ്പർ - 384 | 1962 | കാട്ടിക്കുന്ന് കര | 1209 | 11,56,939.00 രൂപ | ഇല്ല | 12,27,623.24 | കയർ ഉൽപാദിപ്പിച്ച് കയർ ഫെഡ് വഴി വിൽപന നടത്തുന്നു | ലാഭത്തിൽ പ്രവർത്തി | | 3 |
| എനാദി കയർ വ്യവസായ സഹകരണസംഘം നമ്പർ - 467 | 1968 | ചെമ്പ് വില്ലേജ് എനാദി ഇരുത്തുമ്മ കരകൾ | 1057 | 1,96,406.14 രൂപ | ഇല്ല | | | നഷ്ടത്തിൽ | | 3 |
| ചെമ്പ് ക്ഷീരോൽപന്ന സഹകരണ സംഘം ക്ലിപ്തം നമ്പർ K776(D) Apcos | 1984 | 1,2,3 വാർഡുകൾ. 5-ാം വാർഡിൽ എനാദി ഒഴികെ മറവന്തുരുന്ന് പഞ്ചായത്ത് 8,9,10 വാർഡ് | 550 | 5500 രൂപ | 50,000.00 രൂപ | 5500.00 | മിൽമയുമായി പാൽ സംഭരണം, വിതരണം. കാലിത്തീറ്റ വിതരണം | ലാഭത്തിൽ | | 4 |
| കാട്ടിക്കുന്ന് ക്ഷീരോൽപ്പന്ന സഹകരണ സംഘം | 1983 | കാട്ടിക്കുന്ന് 3-ാം വാർഡിലെ തുരുത്ത് പ്രദേശങ്ങൾ | 240 | 2560 രൂപ | 38441 രൂപ | 72648 | പ്രാദേശിക വിതരണവും മിൽമയുമായും ഇടപാട് | ലാഭം | | 3 |
| ബ്രഹ്മമംഗലം ക്ഷീരോൽപാദാക സഹകരണ സംഘം No. K 53(D) Apcos | 1978 | എനാദി 5,6 വാർഡ് ബ്രഹ്മമംഗലം 7,8,9, വാർഡ് | 661 | 7060 രൂപ | 2,00,000.00 രൂപ ഇന്ദിരാ വികാസ് 60,000.00 രൂപ | 37193.15 | മിൽമയുമായി പാൽ സംഭരണം,വിതരണം | ലാഭം | | 4 |
| ബ്രഹ്മമംഗലം കൈത്തറി വ്യവസായ സഹകരണസംഘം H (IND) K-163 | 1977 | ചെമ്പ് & വെള്ളൂർ പഞ്ചായത്തുകൾ | 120 | 2,30,929.00 രൂപ | | 5,04,612.00 | | ലാഭം 1,11,898.00 | | 2 |

പഞ്ചായത്തിൽ 3 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ 1, 4, 8 എന്നീ വാർഡുകളിലായി പ്രവർത്തിക്കുന്നുണ്ട്. 3 കയർ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

## ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

1. ചെമ്പ് ക്ഷീരോൽപാദക സഹകരണ സംഘം
2. കാട്ടിക്കുന്ന് ക്ഷീരോൽപാദക സഹകരണ സംഘം.
3. ബ്രഹ്മമംഗലം ക്ഷീരോൽപാദക സഹകരണ സംഘം.

## കയർ സഹകരണ സംഘങ്ങൾ

1. വൈക്കം സി.വി.സി.എസ് നമ്പർ 3056 - ചെമ്പ്
2. കാട്ടിക്കുന്ന് കയർ വ്യവസായ സഹകരണ സംഘം.
3. ഏനാദി കയർ വ്യവസായ സഹകരണ സംഘം.

പഞ്ചായത്തിലെ കൈത്തറി വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ H(IND)K 163, 8-ാം വാർഡായ ബ്രഹ്മമംഗലത്ത് പ്രവർത്തിക്കുന്നു.

ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സഹകരണ ബാങ്ക് പ്രവർത്തനം പഞ്ചായത്തിലാകെ വ്യാപിപ്പിയ്ക്കുവാനും ഉൽപാദന-സേവന തുറകളിൽ ഗണ്യമായ പങ്ക് വഹിക്കാനും കഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്ന് സംഘം ലാഭത്തിലല്ല പ്രവർത്തിക്കുന്നത്. വൈക്കം അർബൻ സഹകരണ ബാങ്ക് ബ്രഹ്മമംഗലത്ത് ഒരു ശാഖ സ്ഥാപിച്ച് വിവിധ വായ്പകൾ നൽകിവരുന്നു. 1996-ൽ ആരംഭംകുറിച്ച ജില്ലാ സഹകരണബാങ്കിന്റെ ചെമ്പുശാഖ വഴിയും വിവിധ വായ്പകൾ നൽകുന്നുണ്ട്. എന്നിരുന്നാലും ആവശ്യക്കാരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഇവ പരിമിതമാണെന്നു കാണാം.

ക്ഷീര സഹകരണ സംഘങ്ങൾ വഴി പാൽ സംഭരണം, വിപണനം, കാലിത്തീറ്റ വിതരണം എന്നിവ നടത്തുന്നുണ്ടെങ്കിലും ഈ മേഖലയിലെ സാധ്യതയ്ക്കൊത്ത് ഉയരുവാനുള്ള പരിശ്രമം നടത്തേണ്ടതുണ്ട്. ക്ഷീര കർഷകർക്ക് ന്യായവില ലഭിയ്ക്കുന്നില്ല എന്ന് ആക്ഷേപമുണ്ട്. ഒരു ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റ് ചെമ്പ് ക്ഷീരോൽപന്ന സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. മൂന്നു വനിതകൾ ജോലി നോക്കുന്നു. അവർക്ക് ലാഭത്തിന്റെ അടിസ്ഥാനത്തിൽ 75% വേതനമായി നൽകുന്നു.

1977-ൽ പ്രവർത്തനം ആരംഭിച്ച ബ്രഹ്മമംഗലം കൈത്തറി വ്യവസായ സഹകരണ സംഘം ലാഭത്തിലും മെച്ചപ്പെട്ട രീതിയിലും പ്രവർത്തിക്കുന്നു. തുടക്കത്തിൽ വാടകക്കെട്ടിടത്തിലായിരുന്നെങ്കിലും 1995-ൽ സ്വന്തമായി കെട്ടിടം വാങ്ങി. ഇവിടെ അംഗങ്ങൾക്ക് നൂൽ കൊടുത്തുവിട്ട് വീടുകളിൽ നെയ്തുകൊണ്ടുവരികയാണ് ചെയ്യുന്നത്.

തേങ്ങാ വിറ്റഴിക്കുന്നതിനും സംഭരിക്കുന്നതിനും വേണ്ടി ഒന്നിലധികം കെട്ടുതെങ്ങു സംഘങ്ങൾ പഞ്ചായത്തിലുണ്ട്. പരസ്പരസഹായത്തെ മുൻനിർത്തി സാമ്പത്തിക ആവശ്യത്തെ നിറവേറ്റുന്നതിനായിട്ടാണ് ഇവയിൽ മിക്കതും പ്രവർത്തിക്കുന്നത്.

മൂന്നു കയർ സഹകരണ സംഘങ്ങളിലായി ആയിരത്തിലധികം തൊഴിലാളികളുണ്ട്. സംഘം ഉൽപാദിപ്പിക്കുന്ന കയറിന് ന്യായമായ വില ലഭിയ്ക്കാത്തതിനാലും തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലുപകരണങ്ങൾ ലഭ്യമല്ലാത്തതിനാലും ചകിരിപിരി ജോലിയിലേർപ്പെട്ടിട്ടുള്ളവർക്ക് അദ്ധ്വാനഭാരത്തിന്റെ അടിസ്ഥാനത്തിൽ വേതനം നൽകുവാൻ സാധിക്കുന്നില്ല. കയർ സഹകരണ സംഘങ്ങൾ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. അടിയന്തിര ശ്രദ്ധ ഇതിനകത്തു പതിയേണ്ടതാണ്. കാട്ടിക്കുന്ന് കയർ സഹകരണ സംഘം മെച്ചപ്പെട്ട നിലയിലാണ് പ്രവർത്തിക്കുന്നത്.

## പ്രശ്നങ്ങൾ

1. വർദ്ധിച്ചു വരുന്ന വായ്പാ കുടിശ്ശിക.
2. നിക്ഷേപത്തിന്റെ അപര്യാപ്തത.
3. നിക്ഷേപത്തിന്റെയും വായ്പയുടെയും പലിശാനുപാതത്തിൽ വരുന്ന വ്യത്യാസം.
4. സ്വകാര്യ പണമിടപാടുകാരുടെ സ്വാധീനം.
5. ഉൽപാദന മാന്ദ്യം.
6. കയർ മേഖലയിൽ ആവശ്യത്തിനു പച്ചത്തൊണ്ട് ലഭിക്കുന്നില്ല. തൊണ്ടുതല്ലു യന്ത്രത്തിന്റെ അഭാവം.

7. കാലിത്തീറ്റയുടെ അമിതവില. പച്ചപ്പുല്ലിൻെറ ദൗർലഭ്യം.

8. കൈത്തറി മേഖലയിലെ വേതന നിരക്കിലുള്ള പോരായ്മകൾ.

9. പാലിൻെറ വില നിശ്ചയിക്കുന്നതിലുള്ള അശാസ്ത്രീയത.

## നിർദ്ദേശങ്ങൾ

1. എൻ.സി.ഡി.സി. വഴിയുള്ള പദ്ധതി പ്രവർത്തനങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുക.

2. കേരഫെഡിൻെറ സഹായത്തോടെ കേരോൽപന്ന നിർമ്മാണ യൂണിറ്റ് സഹകരണ മേഖലയിൽ ആരംഭിക്കുക.

3. അംഗങ്ങളുടെ ആവശ്യത്തെ മുൻനിർത്തി വായ്പാ പദ്ധതി ആവിഷ്ക്കരിക്കുക.

4. സഹകരണ സംഘങ്ങളുടെ ഓഡിറ്റിനു വേണ്ട ചിലവ് സർക്കാർ വഹിക്കുക.

5. ബാങ്കുകൾ കർഷകരുടെ പൂർണവിവരങ്ങളടങ്ങിയ ലാൻറ് രജിസ്റ്റർ തയ്യാറാക്കി, വാർഷിക വായ്പത്തുക തിട്ടപ്പെടുത്തി വർഷാരംഭത്തിനു മുമ്പു തന്നെ നൽകുക. ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

6. അഞ്ചാം വാർഡിലെ തുരുത്തുമ്മയുടെ പ്രത്യേകത പരിഗണിച്ച് ക്ഷീരോൽപാദക സഹകരണ സംഘത്തിൻെറ ഒരു കൗണ്ടർ തുടങ്ങി പാൽ സംഭരണവും കാലിത്തീറ്റ വിതരണവും നടത്തേണ്ടതാണ്.

7. നാളികേര-കൊപ്രാ സംഭരണ-വിപണനം സഹകരണമേഖലയിലാരംഭിക്കുക.

8. ക്ഷീരോൽപാദകർക്ക് സബ്സിഡി നിരക്കിൽ പശുക്കുട്ടികളെ വിതരണം ചെയ്യുക. പച്ചപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുക.

9. കയർത്തൊഴിലാളികൾക്ക് കയറുപിരിയന്ത്രം നൽകുക. തൊഴിലാളിക്കാവശ്യമായ സാങ്കേതികപരിശീലനവും നൽകുക.

10. പച്ചത്തൊണ്ടു സംഭരണത്തിനും തൊണ്ടുമൂടൽ സ്ഥലങ്ങൾക്കും പരിരക്ഷ ഏർപ്പെടുത്തുക. തൊണ്ടുതല്ലിയന്ത്രം ഏർപ്പെടുത്തുക. തൊണ്ടുതല്ലൽ യന്ത്രങ്ങൾ ചെമ്പ്, ഏനാദി പ്രദേശങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

11. വനിതാ ക്ഷേമത്തെ മുൻനിർത്തി സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

12. സഹകരണ മേഖലയിൽ കള്ളുവ്യവസായത്തിൻെറ സാധ്യത കണക്കിലെടുത്ത് ഒരു ചക്കര നിർമ്മാണ വ്യവസായ സഹകരണ സംഘം രൂപീകരിക്കുക. തെങ്ങ്, പന എന്നിവ ചെത്തി ലഭിക്കുന്ന കള്ളുപയോഗിച്ച് ശീതളപാനിയങ്ങളും മറ്റു ഉപോൽപ്പന്നങ്ങളും ഉണ്ടാക്കുക.

13. ആഭരണത്തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി സഹകരണ സംഘം ആരംഭിക്കുക.

14. കാർഷിക മേഖലയിൽ നെൽക്കൃഷി സഹകരണ സംഘം തുടങ്ങുക.

# പട്ടികജാതി
# പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി-പട്ടികവർഗ വിഭാഗത്തിനു ലഭിക്കേണ്ട സാമൂഹ്യ നീതി എന്നതുകൊണ്ടർത്ഥമാക്കുന്നത് ജാതിയാവശതകളുടെ പരിഹാരമെന്നതാണ്. അതൊരു പ്രധാന പ്രശ്നമെന്നതിലുപരി അതീവ സങ്കീർണ്ണവുമാണെന്നിരിക്കെ 9-ാം പഞ്ചവത്സരപദ്ധതിക്കാലയളവിൽ പദ്ധതിയനുശാസിക്കുന്ന കർമ്മപരിപാടികളിലൂടെ പ്രസ്തുത ജനവിഭാഗത്തെ പൊതു ധാരയിലേക്കു കൈപിടിച്ചു കയറ്റുന്നതിനുള്ള മുന്നൊരുക്കത്തിന്റെ ഭാഗമാണ് ഈ റിപ്പോർട്ട്. ഗ്രാമസഭകൾ സവിസ്തരം ചർച്ചചെയ്തംഗീകരിച്ച നിഗമനങ്ങളും വികസന സന്നദ്ധസേന ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളുമാണീ റിപ്പോർട്ടിനടിസ്ഥാനം.

കോളനികളിലായി താമസിക്കുന്ന ഈ വിഭാഗം ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഇനിയും ലഭിക്കേണ്ടതായിട്ടുണ്ട്. പാർപ്പിടമില്ലാത്തവർക്കായി അറുപത്തിയൊന്നു വീടുകൾ നിർമ്മിക്കണം. കുടിവെള്ളം ലഭിക്കുന്നതിന് 80ൽപ്പരം ടാപ്പുകളും മറ്റടിസ്ഥാന സൗകര്യങ്ങൾക്കായി 190 കക്കൂസുകളും 140 വൈദ്യുതി കണക്ഷനും കോളനികളിൽ ചെയ്തു തീർക്കുവാനുണ്ട്.

കോളനികളിൽ താമസിക്കുന്ന കുടുംബങ്ങളുടേയും അംഗങ്ങളുടേയും കണക്ക് പട്ടിക 1-ൽ ചേർത്തിരിക്കുന്നു.

പ്രസ്തുത ജനവിഭാഗത്തിൽ പെട്ടവർ പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്ത് എന്തു തൊഴിലും ചെയ്യുന്നവരാണ്. തൊഴിൽ ദിനങ്ങളുടെ കുറവ് ഇവരുടെ ജീവിതത്തെ ദുരിതപൂർണ്ണമാക്കുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിൽനിന്നും മോചനം നേടുവാൻ ശ്രമിക്കുന്നുണ്ടെങ്കിലും ആരോഗ്യകരമായ പുരോഗതി ലഭിച്ചിട്ടില്ല. മൂന്നാം വാർഡിൽ കാട്ടിക്കുന്നു തുരുത്ത്, അഞ്ചാം വാർഡിൽ തുരുത്തുമ്മ, ആറാം വാർഡിൽ എനാദി, ഒമ്പതാം വാർഡിൽ കൃഷ്ണൻ തുരുത്ത് എന്നിവിടങ്ങളിൽനിന്നുള്ള വിദ്യാർത്ഥികൾക്കു പുഴകടന്നുവേണം വിദ്യാലയങ്ങളിലെത്താൻ. മഴക്കാലത്തു കുത്തിയൊലിക്കുന്ന മലവെള്ളപ്പാച്ചിലിൽ ദുരന്തങ്ങളൊഴിവാക്കാൻ കുട്ടികൾ വിദ്യാലയങ്ങളിൽ പോകാതിരിക്കുന്നു. ബഹുഭൂരിപക്ഷം കുട്ടികൾക്കും ഉച്ചക്കഞ്ഞി വിതരണം വലിയൊരനുഗ്രഹമാണ്. നിത്യജീവിതം തള്ളിനീക്കുവാനുള്ള തിരക്കിലും കഷ്ടപ്പാടിനുമിടയിൽ തങ്ങളുടെ കുട്ടികളെ വേണ്ടവിധം ശ്രദ്ധിക്കുവാനോ കൃത്യമായി സ്കൂളിൽ വിട്ടു പഠിപ്പിക്കുവാനോ കഴിയുന്നില്ല. ശരിയായ പോഷണവും ലാളനയും മാനസികോല്ലാസവും ലഭിക്കാതെ കുട്ടികൾ മൗനികളും അലസരുമാകുന്നു. ഈ അലസത അവരുടെ വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നു. യു.പി.-എച്ച്.എസ്. ക്ലാസുകളിൽ പഠിക്കുന്നവരിൽ ഏറിയ പങ്കും പരീക്ഷയിൽ തോൽക്കുന്നത് ഇംഗ്ലീഷ്, കണക്ക്, സയൻസ് എന്നീ

വിഷയങ്ങളിലാണ്. ഈ സ്ഥിതിയില്ലാത്ത വളരെക്കുറച്ചു വിദ്യാർത്ഥികളുമുണ്ട്. അങ്ങിനെയുള്ളവരുടെ കുടുംബ പശ്ചാത്തലം മറ്റുള്ളവയിൽനിന്നും വ്യത്യസ്തതയുണ്ടുതാനും.

എസ്.സി./എസ്.ടി. വർഗ വിദ്യാർത്ഥികളുടെ കണക്ക് പട്ടിക 2-ൽ ചേർത്തിരിക്കുന്നു.

രാജ്യത്താകമാനമുള്ള കർഷകത്തൊഴിലാളികളിൽ തൊണ്ണൂറ്റൊമ്പത് ശതമാനവും പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കക്കാരാണെന്നംഗീകരിക്കെ ഈ വിഭാഗം തൊഴിലാളികൾക്കിന്നും മൊത്തം തൊഴിൽദിനത്തിൻെറ $^{1}/_{3}$ ഭാഗം തൊഴിലവസരമേ ലഭിക്കുന്നുള്ളു. തൊഴിൽ ദിനങ്ങളുടെ ശോഷണത്തിനു കാരണം പ്രധാനമായും (1) കൃഷിഭൂമി തരിശിടൽ, (2) അശാസ്ത്രീയമായ യന്ത്രവൽക്കരണവും കൃഷിരീതിയും (3) വിലസൂചികയുടെ അടിസ്ഥാനത്തിൽ കൂലി നൽകുന്നതിനു കർഷകൻെറ ശേഷിക്കുറവ് തുടങ്ങിയവയാണ്. ജീവസന്ധാരണമാർഗ്ഗമായി പാരമ്പര്യ കൈത്തൊഴിലുകളായ തഴപ്പായ നെയ്ത്ത്, കുട്ട-പനമ്പ് നെയ്ത്ത് (അസംസ്കൃതവസ്തുക്കൾ ദുർലഭമാണ്), തെങ്ങുകയറ്റം, അലക്കുജോലി എന്നിവ സ്വീകരിച്ചിരിക്കുന്നു. തീരദേശങ്ങളിൽ ജീവിക്കുന്നവർ കറുത്ത കക്ക വാരൽ, മത്സ്യം പിടുത്തം, മത്സ്യക്കച്ചവടം, പുല്ലു കച്ചവടം, മണ്ണും ചെളിയും വാരൽ തുടങ്ങിയ തൊഴിൽ ചെയ്യുന്നവരാണ്. സർക്കാർ-അർദ്ധസർക്കാർ തലത്തിൽ ജോലിയുള്ളവർ വളരെക്കുറവാണ്. അങ്ങിനെയുള്ളവർക്കു കിട്ടുന്ന നിശ്ചിത വരുമാനം തങ്ങളെ ചുറ്റിപ്പറ്റിയുള്ള കുടുംബത്തിൻെറ മൊത്തം ആവശ്യങ്ങൾക്കു തികയുന്നുമില്ല. സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൻെറ ഫലമായി ഈ പഞ്ചായത്തിലെ എസ്.സി./എസ്.ടി. വിഭാഗത്തിൽ നിരക്ഷരരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്.

വിവിധ രാഷ്ട്രീയ സാമൂഹ്യ ബഹുജന സംഘടനകളിൽ താലൂക്ക്, ലോക്കൽ, ബ്രാഞ്ച്, മണ്ഡലം എന്നീ കമ്മിറ്റി അംഗങ്ങളായി പതിനഞ്ചോളം പേർ പ്രവർത്തിക്കുന്നു. ചെമ്പു പഞ്ചായത്തു ഭരണ സമിതിയിൽ വാർഡ് 3നെ പ്രതിനിധീകരിക്കുന്നത് പട്ടികജാതിക്കാരനാണ്. ഇതര ജാതി-മത സമുദായങ്ങളുമായി കുടിയിണങ്ങി ജീവിക്കുന്നവരാണ് പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം. പരസ്പര ബഹുമാനവും മമതയും വച്ചുപുലർത്തുന്നുണ്ട്. നാട്ടുനടപ്പനുസരിച്ചു നടത്തപ്പെടുന്ന വിവാഹാടിയന്തിര ചടങ്ങുകളിലും മറ്റും ക്ഷണിക്കുകയും ക്ഷണിക്കപ്പെടുകയും ചെയ്യുന്നു. നാട്ടിലുള്ള പ്രൈമറി സംഘങ്ങളിലും പഞ്ചായത്തു ഭരണസമിതിയിലും അർഹമായ പ്രാതിനിധ്യം ലഭിക്കുന്നു. കാലം കരുത്തേകിയ പുതിയ സംസ്കാരത്തിൻെറ മുമ്പിൽ, ജാതി പറഞ്ഞു പേരു വിളിക്കുന്ന ഒറ്റപ്പെട്ട ആഢ്യത്വവും പ്രാമാണികത്വവും പകൽവെളിച്ചത്തു മൂഷികനെപ്പോലെ മാളങ്ങളിലായിട്ടുണ്ട്.

ബ്ലോക്കു മുഖേന നടപ്പിലാക്കിയ ക്ഷേമ പ്രവർത്തനങ്ങളുടെ വിവരം പട്ടിക 3-ൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിൽ ഒമ്പതു വാർഡുകളിലായി അനുവദിച്ചിട്ടുള്ള സെറ്റിൽമെൻറു കോളനികളിലും ലക്ഷംവീടു കേന്ദ്രങ്ങളിലുമാണ് കുടുംബങ്ങൾ ഏറിയപങ്കും ജീവിക്കുന്നത്. പ്രത്യേക ഘടക-ഉപഘടക പദ്ധതി പരിപാടികളുടെ ആനുകൂല്യങ്ങൾ അർഹരായ ഭൂരിപക്ഷം കുടുംബങ്ങൾക്കും ലഭിച്ചിട്ടില്ല. 4, 6, 8 എന്നീ വാർഡുകളിൽ ടു ഇൻ വൺ വീടുകൾ നിലവിലുണ്ട്.

കോളനികളിൽ ലഭ്യമാകേണ്ട പ്രാഥമിക സൗകര്യങ്ങൾ സൂചിപ്പിക്കുന്ന പട്ടിക 4-ൽ കാണിച്ചിരിക്കുന്നു.

പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത ഒട്ടേറെ കുടുംബങ്ങൾ കോളനികളിൽ പെടാതെയുണ്ട്. അവയുടെ വിശദ വിവരം പട്ടിക 5-ൽ ചേർത്തിരിക്കുന്നു.

അറുപതിൽപ്പരം കുടുംബങ്ങൾക്കു സ്വന്തമായി വീടില്ല. വിവിധ സ്കീമിലുള്ള ഭവന നിർമ്മാണ പദ്ധതിയിലൂടെ 65 ശതമാനം കുടുംബങ്ങൾക്കു വീടുണ്ടാക്കുവാൻ കഴിഞ്ഞു. ചാപ്രപ്പുരകളിൽ 10% ആളുകൾ ജീവിക്കുന്നു. 25% കുടുംബങ്ങൾ വീടു വയ്ക്കുവാൻ ഭൂമിയില്ലാത്തതുകൊണ്ടും കൈവശഭൂമിക്കു മതിയായ രേഖകളില്ലാത്തതുകൊണ്ടും പുറമ്പോക്കുകളിൽ ചെറ്റപ്പുര വെച്ച് ജീവിക്കുന്നു.

കോളനികളുടെ അവസ്ഥാവിവരണം പട്ടിക 6-ൽ സൂചിപ്പിച്ചിരിക്കുന്നു.

ഹൗസിംഗ് ഗ്രാൻറ്, സി.ആർ.എസ്.പി. കക്കൂസ് ഗ്രാൻറ് എന്നിവയുടെ 1992 മുതൽ 96 വരെയുള്ള കണക്ക് പട്ടിക 7-ലും 1985-86 മുതൽ നടപ്പിൽ വരുത്തിയ ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് ലഭിച്ച വീടുകളുടെ എണ്ണം പട്ടിക 8-ലും ചേർത്തിരിക്കുന്നു.

പുരുഷന്മാരോടൊപ്പം കുടുംബം പുലർത്തുവാൻ സ്ത്രീകളും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. രോഗബാധിതരായ കുടുംബനാഥന്മാരുടെ കടമകളും ബാധ്യതകളും ഏറ്റെടുത്തു വളരെ ക്ലേശിച്ചു കുടുംബം പുലർത്തുന്ന കുടുംബനാഥകളും വിധവകളും പഞ്ചായത്തിൻെറ പല പ്രദേശങ്ങളിലുമുണ്ട്. കുടുംബഭാരത്തിനും ജോലിത്തിരക്കിനുമിടയിൽ പത്രമാസികകളോ പുസ്തകങ്ങളോ മറിച്ചു നോക്കുവാൻ പോലും കഴിയുന്നില്ല. കലാ കായിക സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെക്കുറവാണ്. അഭ്യസ്ത വിദ്യരായ വനിതകൾക്കു സ്വയം തൊഴിൽ കണ്ടെത്തി ജീവിതം നയിക്കുവാനുള്ള സാഹചര്യം വളരെ വിരളമാണ്. പഞ്ചായത്തിൽ മാതൃ ശിശു സംരക്ഷണ കേന്ദ്രം എല്ലാ വാർഡുകളിലും സ്ഥാപിക്കേണ്ടതായിട്ടുണ്ട്; അംഗനവാടികളുടെ അപര്യാപ്തതയുണ്ട്. ഗൃഹഭരണത്തോടൊപ്പം ആദായകരമായി കോഴിവളർത്തലും ആടു വളർത്തലും മറ്റു കൈത്തൊഴിലുകളും ചെയ്യുവാൻ വേണ്ടത്ര പരിജ്ഞാനം എസ്.സി/എസ്.ടി വിഭാഗം വനിതകൾക്കു പ്രത്യേക പദ്ധതിപ്രകാരം കരഗതമാക്കണം. പ്രാഥമിക സംഘങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പ്രസ്തുത വിഭാഗത്തിലുള്ള വനിതാ പ്രാതിനിധ്യം ഉറപ്പു വരുത്തി നിയമനങ്ങൾ ലഭിക്കുവാൻ വേണ്ട നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്.

പുരുഷ തൊഴിലാളിക്കും സ്ത്രീ തൊഴിലാളിക്കും വിവിധ തൊഴിലുകളിൽനിന്നും ലഭിക്കുന്ന കൂലിയുടെ വിവരം പട്ടിക 9-ൽ ചേർത്തിരിക്കുന്നു.

പ്രശ്നങ്ങൾ

1. സ്വന്തമായി വീടില്ലാത്തവരും വീടു വയ്ക്കുവാൻ ഭൂമിയില്ലാത്തവരുമുണ്ട്.
2. കൈവശ ഭൂമിക്കു പട്ടയം/മതിയായ രേഖകൾ ലഭിച്ചിട്ടില്ല.
3. വീടുകൾ പൂർത്തീകരിക്കാനും പുതുക്കിപ്പണിയാനും കഴിഞ്ഞിട്ടില്ല.
4. ഭൂമി സംരക്ഷണം ഇല്ല.
5. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത.
6. കോളനികളിൽ കുടിവെള്ളത്തിൻെറ ദൗർലഭ്യം; വൈദ്യുതിയില്ല.
7. പൊതുശ്മശാനമില്ല.
8. ഗതാഗത മാർഗ്ഗങ്ങൾ ഇല്ല/ഉള്ളവ മെച്ചപ്പെട്ടതല്ല.
9. പ്രൈമറി ആരോഗ്യ കേന്ദ്രങ്ങളില്ല.
10. പ്രത്യേക ഘടക ഉപഘടക പദ്ധതികൾ തീരെ അനുഭവവേദ്യമല്ല.
11. ക്ഷേമപദ്ധതികളെക്കുറിച്ചു വേണ്ടത്ര പരിജ്ഞാനമില്ല.
12. വിദ്യാഭ്യാസനിലവാരം ഉയർന്നിട്ടില്ല.
13. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ അപര്യാപ്തത.
14. കലാ കായിക സാംസ്കാരിക രംഗത്ത് പിന്നോക്കമാണ്.
15. തൊഴിലില്ലായ്മയുണ്ട്.
16. ഗുണഭോക്താവും വകുപ്പുദ്യോഗസ്ഥരും തമ്മിലുള്ള അകലം.
17. പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

സാധ്യതകൾ

1. മണിയൻകുന്നു അംബദ്കർ കോളനി പട്ടികജാതി -പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽനിന്നും പഞ്ചായത്ത് ഏറ്റെടുത്ത് കോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കേണ്ടതാണ്.
2. കോളനിപ്രദേശങ്ങളിലേക്കു ഗതാഗത യോഗ്യമായ റോഡുകളും പാലങ്ങളും നടപ്പാതകളും ഫുട്സ്ലാബുകളും പണികഴിപ്പിക്കേണ്ടതാണ്. ഒറ്റപ്പെട്ടു കിടക്കുന്ന ഏനാദി, തുരുത്തുമ്മ, വൈപ്പാടമ്മേൽ, കാട്ടിക്കുന്നു തുരുത്ത്, നടുത്തുരുത്ത്, പൂക്കൈത, കൃഷ്ണൻ തുരുത്ത് എന്നീ തുരുത്തുകളെ കരപ്രദേശങ്ങളുമായി പാലങ്ങൾ നിർമ്മിച്ച് ബന്ധിപ്പിക്കേണ്ടതായിട്ടുണ്ട്.
3. കോളനികളിൽ പെടാത്ത കുടുംബങ്ങളെ വാർഡിൻെറ അടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് സെറ്റിൽമെൻറ് കോളനികൾ രൂപീകരിച്ചംഗീകരിക്കേണ്ടതാണ്.
4. മിച്ചഭൂമി ഏറ്റെടുത്തു കൃഷിചെയ്യുന്നതിന് എസ്.സി./ എസ്.ടി. വിഭാഗങ്ങളെ ഏൽപിക്കാൻ കഴിയണം.

5. മൂന്ന് ആടുകൾ ഒരു യൂണിറ്റാക്കി കഴിയുന്നത്ര കുടുംബങ്ങൾക്കു കൊടുക്കുവാൻ പദ്ധതിയുണ്ടാവേണ്ടതാണ്.

6. വിത്ത്, വളം, കീടനാശിനി എന്നിവ യഥാവസരം നൽകുവാനും കൃഷിക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ നൽകേണ്ടതുമാണ്.

7. മണ്ണൊലിപ്പു തടയുന്നതിന് കൾവർട്ടുകളും ബണ്ടുകളും കെട്ടി ഭൂമി സംരക്ഷണപ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണ്.

8. പശുക്കൾക്കു ചികിത്സയും ബീജസങ്കലന കുത്തിവയ്പ്പുകളുമടക്കം നല്ലയിനം പശു, ആട്, താറാവ്, കോഴി എന്നിവയുടെ കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.

9. പരമ്പരാഗത തൊഴിൽ പുഷ്ടിപ്പെടുത്തുവാൻ അസംസ്കൃത പദാർത്ഥങ്ങളും തൊഴിലുപകരണങ്ങളും വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കേണ്ടതുണ്ട്.

10. എസ്.സി./എസ്.ടി. വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്കു നിലവിലുള്ള റിസർവേഷൻ മാത്രം പരിഗണിക്കാതെ തൊഴിൽ ഉറപ്പു വരുത്തുവാൻ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

11. പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും മേഖലകളിൽ വനിതകൾക്കായി വ്യവസായ യൂണിറ്റുകൾ ഓരോന്നുവീതം സ്ഥാപിക്കുവാൻ നടപടിയുണ്ടാവണം.

12. നിലവിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

13. തുരുത്തു പ്രദേശങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾക്കു ഉറപ്പുള്ള കെട്ടിടം നിർമ്മിക്കുകയും കാലവർഷക്കെടുതി-വെള്ളപ്പൊക്കം പോലുള്ള സന്ദർഭങ്ങളിൽ പ്രസ്തുത കെട്ടിടങ്ങൾ റിലീഫ് കേന്ദ്രങ്ങളായി തുറക്കപ്പെടുകയും യഥാകാലങ്ങളിൽ നടക്കുന്ന പൊതു തെരഞ്ഞെടുപ്പുകൾക്കുള്ള പോളിംഗ് ബൂത്തുകളാക്കാൻ കഴിയും വിധം സുസജ്ജമാക്കുകയും ചെയ്യേണ്ടതാണ്.

14. ഓരോ വാർഡിലും പ്രത്യേകിച്ചു തുരുത്തു പ്രദേശങ്ങളിൽ പ്രൈമറി ഹെൽത്ത് സെൻററുകൾ തുറന്നു പ്രവർത്തിക്കുവാൻ കഴിയേണ്ടതാണ്.

15. വാർത്താ വിനിമയ വിനോദോപാധികളില്ലാത്ത കോളനികളിൽ അവ നടപ്പിലാക്കുവാനുള്ള നടപടിയുണ്ടാവണം.

16. ഭൂരഹിത-ഭവനരഹിതരായിട്ടുള്ളവർക്ക് പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതാണ്.

17. പാരമ്പര്യ ഗ്രാമീണ വ്യവസായ യൂണിറ്റുകളാരംഭിക്കുക.

18. തരിശുഭൂമി പഞ്ചായത്തു പാട്ടത്തിനേറ്റെടുത്ത് കൃഷിചെയ്യുന്നതിന് എസ്.സി./എസ്.ടി. വിഭാഗത്തെ ഏൽപിക്കുക.

19. തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുകയും വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക.

20. സ്വയം തൊഴിൽ വായ്പയുടെ നിബന്ധനകൾ ലളിതമാക്കി അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും മേൽനോട്ടം പഞ്ചായത്തിനെ ഏൽപിക്കുകയും ചെയ്യുക.

21. താഴ്ന്ന പ്രദേശങ്ങളിലെ കോളനികളുടെ വെള്ളക്കെട്ടു നിർമ്മാർജ്ജനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുക.

22. വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനും നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ധനസഹായം ചെയ്യുക.

23. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എസ്.സി./എസ്.ടി. വിഭാഗങ്ങളെ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിൽനിന്ന് ഒഴിവാക്കുവാൻ സംസ്ഥാനതലത്തിൽ നിയമമുണ്ടാക്കുക. പഞ്ചായത്തിൽ പൊതുവായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നടപടികളുണ്ടാവുക.

24. പബ്ലിക് പരീക്ഷകളിൽ തോറ്റുപോകുന്ന വിദ്യാർത്ഥികൾക്കു തുടർന്നു പഠിക്കുന്നതിന് ട്യൂട്ടോറിയൽ/പാരലൽ കോളേജ് പഠനം സൗജന്യമാക്കുവാനുള്ള തീരുമാനമുണ്ടാക്കുക.

25. പഞ്ചായത്തിൽ ഒരു പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘം രൂപീകരിക്കുക.

26. പാരമ്പര്യ-ഗ്രാമീണ തൊഴിലു ചെയ്യുന്നവർക്കായി ഒരു സഹകരണ സംഘം രൂപീകരിക്കേണ്ടതായിട്ടുണ്ട്.

27. ഭവന നിർമ്മാണത്തിനും കക്കൂസു നിർമ്മാണത്തിനും ലഭിക്കുന്ന ധനസഹായം പദ്ധതി നടത്തിപ്പിനുതകുംവിധം വർദ്ധിപ്പിക്കുക.

28. ടു.ഇൻ-വൺ കുടുംബങ്ങളിൽ താമസിക്കുന്നവരെ പ്രത്യേകം വീടുകൾ നിർമ്മിച്ച് പാർപ്പിക്കുക.

29. കൃഷി ആകർഷകമാക്കി യുവതീയുവാക്കളെ കാർഷിക മേഖലയിലേക്കാകർഷിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

## പട്ടിക 1

### കോളനികളിൽ താമസിക്കുന്ന കുടുംബങ്ങളും അംഗങ്ങളും

| ക്രമ നമ്പർ | വാർഡു നമ്പർ | കോളനിയുടെ പേര് | ക്ലാസിഫിക്കേഷൻ | വീടുകളുടെ എണ്ണം | അംഗങ്ങൾ | | |
|---|---|---|---|---|---|---|---|
| | | | | | പുരുഷൻ | സ്ത്രീ | ആകെ |
| 1 | 1 | പുത്തൻ പറമ്പ് | ലക്ഷം വീട് | 21<br>(17)* | 43<br>(34) | 35<br>(27) | 78<br>(61) |
| 2 | 2 | ചീരാന്തറ | ,, | 22<br>(21) | 48<br>(44) | 46<br>(43) | 94<br>(87) |
| 3 | 3 | കാട്ടിക്കുന്നു തുരുത്ത് | സെറ്റിൽമെൻറ് | 44 | 87 | 103 | 190 |
| 4 | 3 | നടുത്തുരുത്ത് | ,,<br>(ഐ.എച്ച്.ഡി.പി.) | 35 | 70 | 66 | 136 |
| 5 | 4 | കാട്ടിക്കുന്ന് ലക്ഷം വീട് | ലക്ഷം വീട് | 25<br>(20) | 51<br>(40) | 63<br>(48) | 114<br>(88) |
| 6 | 5 | തുരുത്തുമ്മ | സെറ്റിൽമെൻറ് | 43 | 95 | 105 | 200 |
| 7 | 5 | ഏനാദി വെസ്റ്റ് | ഐ.എച്ച്.ഡി.പി. | 18 | 38 | 47 | 85 |
| 8 | 6 | ഇടമന ലക്ഷം വീട് | ലക്ഷം വീട് | 16<br>(12) | 32<br>(21) | 35<br>(27) | 67<br>(48) |
| 9 | 6 | തച്ചാട്ട് | ഐ.എച്ച്.ഡി.പി. | 13 | 27 | 25 | 52 |
| 10 | 6 | കാട്ടിത്തറ | സെറ്റിൽമെൻറ് | 17 | 35 | 39 | 74 |
| 11 | 7 | മണിയൻകുന്ന് | ഭൂരഹിത-ഭവന രഹിത എസ്.സി./ എസ്.ടി. പുനരധിവാസ കോളനി | 10 | 17 | 16 | 33 |
| 12 | 8 | ചാവക്കാട്ടുകുഴി | ലക്ഷം വീട് | 15<br>(5) | 35<br>(11) | 33<br>(12) | 68<br>(23) |
| 13 | 8 | ബ്രഹ്മമംഗലം നോർത്ത് | ഐ.എച്ച്.ഡി.പി. | 20 | 41 | 40 | 81 |
| 14 | 9 | അറയ്ക്കൽ | ലാൻറ് ലസ്സ്<br>ഐ.എച്ച്.ഡി.പി. | 14<br>(11) | 30<br>(24) | 31<br>(26) | 61<br>(50) |
| 15 | 9 | പനച്ചാന്തറ | ഐ.എച്ച്.ഡി.പി. | 27<br>(5) | 52<br>(10) | 65<br>(14) | 117<br>(24) |
| 16 | 9 | വൈപ്പാടമ്മേൽ | സെറ്റിൽമെൻറ് | 22 | 50 | 38 | 83 |
| | | ആകെ | | 271<br>(91) | 567<br>(184) | 590<br>(197) | 1157<br>(381) |

** പട്ടിക ജാതി/വർഗ്ഗത്തിൽ പെടാത്തവരെ സംബന്ധിച്ച വിവരങ്ങൾ*

*അവലംബം : പ്രൈമറി ഡാറ്റാ കളക്ഷൻ*

## പട്ടിക 2

### പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരം 1995-96 അദ്ധ്യയന വർഷം

| ക്രമ നമ്പർ | വാർഡു നമ്പർ | സ്കൂളിൻെറ നിലവാരം | സ്കൂളിൻെറ പേര് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | തോറ്റു പഠിക്കുന്നവർ | പഠനം നിർത്തിയവർ |
|---|---|---|---|---|---|---|---|---|
| 1 | 8 | ഹൈസ്കൂൾ | ബ്രഹ്മമംഗലം ഹൈസ്കൂൾ | 61 | 81 | 142 | 23 | 13 |
| 2 | 7 | അപ്പർ പ്രൈമറി | ഗവ. യു.പി. സ്കൂൾ, ബ്രഹ്മമംഗലം | 114 | 83 | 197 | 15 | -- |
| 3 | 2 | അപ്പർ പ്രൈമറി | വിജയോദയം യു.പി. സ്കൂൾ, ചെമ്പ് | 23 | 9 | 32 | -- | 1 |
| 4 | 2 | ലോവർ പ്രൈമറി | എസ്.എൻ. എൽ.പി. സ്കൂൾ, ചെമ്പ് | -- | -- | -- | -- | -- |
| 5 | 6 | ലോവർ പ്രൈമറി | ഇടമന എൽ.പി. സ്കൂൾ, ഏനാദി | 19 | 10 | 29 | -- | -- |
| 6 | 1 | ലോവർ പ്രൈമറി | സെൻറ് തോമസ് എൽ.പി. സ്കൂൾ, ചെമ്പ് | 15 | 14 | 29 | -- | -- |
| 7 | 4 | ലോവർ പ്രൈമറി | ചെമ്പ് പഞ്ചായത്ത് എൽ.പി. സ്കൂൾ, കാട്ടിക്കുന്ന് | 5 | 3 | 8 | 5 | 1 |
| | | | ആകെ | 237 | 200 | 437 | 43 | 15 |

അവലംബം : പ്രൈമറി ഡാറ്റാ കളക്ഷൻ

## പട്ടിക 3

### ബ്ലോക്കിൽനിന്നും നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ

| വർഷം | ഐ.ആർ.ഡി.പി. ഗുണഭോക്താക്കൾ | | ട്രൈസെം ഗുണഭോക്താക്കൾ | |
|---|---|---|---|---|
| | പട്ടിക ജാതി | പട്ടിക വർഗ്ഗം | പട്ടിക ജാതി | പട്ടിക വർഗ്ഗം |
| 1992-93 | 20 | -- | 6 | -- |
| 1993-94 | 48 | -- | 5 | -- |
| 1994-95 | 15 | -- | 1 | -- |
| 1995-96 | 17 | -- | 1 | -- |
| ആകെ | 100 | -- | 13 | -- |

അവലംബം : ബ്ലോക്ക് ഡാറ്റാ ബാങ്ക്, 1996, ഗ്രാമവികസന വകുപ്പ്

## പട്ടിക 4

### കോളനികളിൽ ഇനി ലഭ്യമാക്കേണ്ട പ്രാഥമിക സൗകര്യങ്ങൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകൾ | ശുദ്ധ ജലം | കക്കൂസ് | വൈദ്യുതി | റോഡ് | വിനോദ ഉപാധി |
|---|---|---|---|---|---|---|---|---|
| 1 | 1 | പുത്തൻ പറമ്പ് | -- | 4 | 2 | 4 | 1 | ലഭ്യമാക്കണം |
| 2 | 2 | ചീരാന്തറ | -- | 1 | 1 | -- | -- | ,, |
| 3 | 3 | നടുത്തുരുത്ത് | 4 | 33 | 28 | 18 | 1 | ,, |
| 4 | 3 | കാട്ടിക്കുന്ന് തുരുത്ത് | 11 | 34 | 27 | 34 | 1 | ,, |
| 5 | 4 | കാട്ടിക്കുന്ന് ലക്ഷം വീട് | -- | -- | 5 | 2 | -- | ,, |
| 6 | 5 | തുരുത്തുമ്മ | 22 | 27 | 42 | 28 | 1 | ,, |
| 7 | 5 | ഏനാദി വെസ്റ്റ് | 3 | 17 | 12 | 5 | 1 | ,, |
| 8 | 6 | ഇടമന ലക്ഷം വീട് | 1 | -- | 4 | 2 | -- | ,, |
| 9 | 6 | തച്ചാട്ട് | 1 | 3 | 6 | 2 | 1 | -- |
| 10 | 6 | കാട്ടിത്തറ | 5 | 17 | 14 | 6 | 1 | ലഭ്യമാക്കണം |
| 11 | 7 | മണിയൻ കുന്ന് | -- | -- | -- | -- | -- | ,, |
| 12 | 8 | ചാവക്കാട്ടുകുഴി | 1 | -- | 2 | 6 | -- | ,, |
| 13 | 8 | ബ്രഹ്മമംഗലം നോർത്ത് | 3 | 10 | 7 | 15 | -- | -- |
| 14 | 9 | അറയ്ക്കൽ | 1 | 3 | 2 | 1 | 1 | ലഭ്യമാക്കണം |
| 15 | 9 | പനച്ചാന്തറ | 4 | 22 | 21 | 13 | 1 | -- |
| 16 | 9 | വൈപ്പാടമ്മേൽ | 5 | 22 | 17 | 5 | 1 | ലഭ്യമാക്കണം |
| | | ആകെ | 61 | 193 | 190 | 140 | 10 | 13 |

അവലംബം : ബ്ലോക്ക് ഡാറ്റാ ബാങ്ക്, 1996, ഗ്രാമവികസന വകുപ്പ്

## പട്ടിക 5

### കോളനികളിൽ ഉൾപ്പെടാത്ത കുടുംബങ്ങളിൽ ഇനി ലഭ്യമാക്കേണ്ട പ്രാഥമിക സൗകര്യങ്ങൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | വീടുകൾ | കക്കൂസ് | വൈദ്യുതി | ശുദ്ധജലം |
|---|---|---|---|---|---|
| 1 | 1 | -- | 5 | 7 | 5 |
| 2 | 2 | 8 | 13 | 9 | 5 |
| 3 | 3 | -- | -- | -- | -- |
| 4 | 4 | 1 | 7 | 5 | 9 |
| 5 | 5 | -- | -- | -- | -- |
| 6 | 6 | 20 | 29 | 27 | 40 |
| 7 | 7 | 5 | 9 | 7 | 11 |
| 8 | 8 | 10 | 20 | 18 | 23 |
| 9 | 9 | 9 | 17 | 15 | 20 |
| | ആകെ | 53 | 100 | 88 | 113 |

അവലംബം : ബ്ലോക്ക് ഡാറ്റാ ബാങ്ക്, 1996, ഗ്രാമവികസന വകുപ്പ്

## പട്ടിക 6

### കോളനിവീടുകളുടെ അവസ്ഥാ വിവരണം

| ക്രമ നമ്പർ | വാർഡു നമ്പർ | കോളനിയുടെ പേര് | ടു ഇൻ വൺ വീടുകൾ | വീടിന്റെ അവസ്ഥ ഓട് | ഓല | കോൺക്രീറ്റ് |
|---|---|---|---|---|---|---|
| 1 | 1 | പുത്തൻ പറമ്പ് | ഇല്ല | 2 | 2 | -- |
| 2 | 2 | ചീരാന്തറ | ,, | 1 | -- | -- |
| 3 | 3 | നടുത്തുരുത്ത് | ,, | 30 | 4 | 1 |
| 4 | 3 | കാട്ടിക്കുന്ന് തുരുത്ത് | ,, | 31 | 11 | 2 |
| 5 | 4 | കാട്ടിക്കുന്ന് ലക്ഷം വീട് | 3 | 4 | -- | 1 |
| 6 | 5 | തുരുത്തുമ്മ | ഇല്ല | 20 | 22 | 1 |
| 7 | 5 | ഏനാദി വെസ്റ്റ് | ,, | 14 | 3 | 1 |
| 8 | 6 | ഇടമന ലക്ഷം വീട് | 2 | 3 | 1 | -- |
| 9 | 6 | തച്ചാട്ട് | ഇല്ല | 12 | 1 | -- |
| 10 | 6 | കാട്ടിത്തറ | ,, | 11 | 5 | 1 |
| 11 | 7 | മണിയൻകുന്ന് | ,, | -- | -- | 10 |
| 12 | 8 | ചാവക്കാട്ടുകുഴി | 1 | 9 | 1 | -- |
| 13 | 8 | ബ്രഹ്മമംഗലം നോർത്ത് | ഇല്ല | 15 | 3 | 2 |
| 14 | 9 | അറയ്ക്കൽ | ,, | 23 | 1 | -- |
| 15 | 9 | പനച്ചാന്തറ | ,, | 18 | 4 | -- |
| 16 | 9 | വൈപ്പാടമ്മേൽ | ,, | 15 | 5 | 2 |
| | | ആകെ | 6 | 187 | 63 | 21 |

*അവലംബം : പ്രൈമറി ഡാറ്റാ കളക്ഷൻ*

## പട്ടിക 7

### ബ്ലോക്കിൽനിന്നും നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ

| വർഷം | ഹൗസിംഗ് ഗ്രാൻറ് | | സി.ആർ.എസ്.പി. കക്കൂസ് ഗ്രാൻറ് | |
|---|---|---|---|---|
| | പട്ടിക ജാതി ടാർജറ്റ് | പൂർത്തീകരിച്ചത് | പട്ടിക ജാതി | പട്ടിക വർഗ്ഗം |
| 1992-93 | -- | -- | -- | -- |
| 1993-94 | 9 | 9 | 3 | -- |
| 1994-95 | 5 | 4 | 3 | 1 |
| 1995-96 | 9 | 8 | 2 | 8 |
| ആകെ | 23 | 21 | 8 | 9 |

അവലംബം : ബ്ലോക്ക് ഡാറ്റാ ബാങ്ക്, 1996, ഗ്രാമവികസന വകുപ്പ്

## പട്ടിക 8

### 1985-86 മുതൽ നടപ്പിൽ വരുത്തിയ ഭവന നിർമ്മാണ പദ്ധതികളുടെ നിജസ്ഥിതി

| വർഷം | J.R.Y. | M.W.S. | I.A.Y. | R.L.E.G.P. | N.R.E.P. | TOTAL |
|---|---|---|---|---|---|---|
| 1985-86 | -- | -- | -- | 15 | 10 | 25 |
| 1986-87 | -- | -- | -- | -- | 3 | 3 |
| 1987-88 | -- | -- | -- | -- | -- | -- |
| 1988-89 | -- | -- | -- | 5 | 11 | 16 |
| 1989-90 | 4 | -- | -- | -- | -- | 4 |
| 1990-91 | -- | 3 | -- | -- | 2 | 5 |
| 1991-92 | -- | 3 | -- | -- | 2 | 5 |
| 1992-93 | 4 | 8 | -- | -- | -- | 12 |
| 1993-94 | -- | 14 | 9 | -- | -- | 23 |
| 1994-95 | -- | 12 | 1 | -- | -- | 13 |
| 1995-96 | -- | 1 | 11 | -- | -- | 12 |
| 1996-97 | -- | -- | 2 | -- | -- | 2 |
| ആകെ | 8 | 51 | 23 | 20 | 28 | 130 |

അവലംബം : ദ്വിതീയ വിഭവ ശേഖരണം

## പട്ടിക 9

### വിവിധ തൊഴിലുകളിൽനിന്നും ലഭിക്കുന്ന കൂലി നിലവാരം

| കൃഷിപ്പണി | | നിർമ്മാണത്തൊഴിൽ | | കക്കവാരൽ | മത്സ്യബന്ധനം (ശരാശരി) | | കയർ |
|---|---|---|---|---|---|---|---|
| പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | (ശരാശരി) | പുരുഷൻ | സ്ത്രീ | (ശരാശരി) |
| 65 | 40 | 125 | 75 | 125 | 75 | 45 | 25 |

അവലംബം : പ്രാഥമിക വിവര ശേഖരണം

# വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്ത് വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ ഒന്നാണ്. ഗ്രാമത്തിലെ ഭൂരിപക്ഷം ജനങ്ങളും സാധാരണക്കാരാണ്. പഞ്ചായത്തിന്റെ അടിസ്ഥാന വരുമാനം നികുതിയാണ്. എന്നാൽ അത് വികസന പ്രവർത്തനങ്ങൾ നടത്തുവാൻ അപര്യാപ്തവും ആണ്. വിഭവങ്ങളുടെ ദൗർലഭ്യം വികസനത്തിന്റെ പ്രധാന തടസ്സമാണ്. ഈ നില മാറ്റേണ്ടിയിരിക്കുന്നു. നിലവിൽ ഉള്ള സാദ്ധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തി പുതിയ വിഭവങ്ങൾ കണ്ടെത്തി സൃഷ്ടിപരമായ വികസനം നടപ്പിലാക്കുന്നതിനുള്ള തീവ്രയത്നം അനിവാര്യമാണ്.

സ്റ്റാമ്പ് ഡ്യൂട്ടി, ഗ്രാൻറുകൾ, വെഹിക്കിൾ ടാക്സ്, തുടങ്ങിയവ പഞ്ചായത്തിൽ എത്തുന്നതിന് നിലവിലുള്ള വ്യവസ്ഥയിൽ കാലതാമസം നേരിടുന്നു. ഈ പോരായ്മ പരിഹരിക്കുവാൻ പഞ്ചായത്തുകൾക്കുള്ള വിഹിതം കൃത്യമായി നിശ്ചയിച്ച് ജില്ലാതലത്തിൽ നിന്നും വിതരണം ചെയ്യുവാൻ നിയമ നിർമ്മാണം നടത്തണം.

പഞ്ചായത്തിന്റെ വരവ് ചെലവിനങ്ങൾ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 1

വരവിനങ്ങൾ

| വർഷം | കെട്ടിട നികുതി | വസ്തു കൈമാറ്റ നികുതി | തൊഴിൽ നികുതി | ലൈസൻസ് | കെട്ടിട വാടക | മാർക്കറ്റ് | സ്വാശ്രയ ഫണ്ട് |
|---|---|---|---|---|---|---|---|
| 1991-92 | 73,198.00 | 30,000 | 58,000 | 4,083 | 7,238.25 | 44,418.00 | -- |
| 1992-93 | 15,355.00 | 120,579 | 65,990 | 6,106 | 6,407.75 | 40,851.25 | 100,000 |
| 1993-94 | 102,939.35 | 122,047 | 66,465 | 5,258 | 5,344.25 | 35,606.00 | 100,000 |
| 1994-95 | 129,487.30 | 83,351 | 89,015 | 7,088 | 7,574.00 | 38,174.00 | -- |
| 1995-96 | 111,520.55 | 58,810 (75%)<br>100,000 (25%) | 104,256 | 7,600 | 9,834.80 | 41,836.00 | 400,000 |

## പട്ടിക 2

### ഗ്രാൻറുകൾ

| വർഷം | എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് | അടിസ്ഥാന നികുതി ഗ്രാൻറ് | അൺടൈഡ് ഗ്രാൻറ് | വില്ലേജ് റോഡ് മെയിൻറനൻസ് | മൈനർ ഇറിഗേഷൻ ഗ്രാൻറ് |
|---|---|---|---|---|---|
| 1991-92 | 81,653 | 29,471 | 181,190 | 7,061 | 6,700 |
| 1992-93 | 132,645 | 29,553 | 188,000 | 6,915 | 6,700 |
| 1993-94 | 50,744 | 29,192 | 194,990 | 6,633 | 6,700 |
| 1994-95 | 78,167 | 34,982 | 269,050 | 6,770 | -- |
| 1995-96 | 115,269 | 36,018 | 279,030 | 6,675 | 6,000 |

## പട്ടിക 3

### ചെലവിനങ്ങൾ

| വർഷം | എസ്റ്റാബ്ലിഷ്മെൻറ് മറ്റിനങ്ങൾ | മരാമത്ത് | കറൻറ് ചാർജ്-സ്ട്രീറ്റ് ലൈറ്റ് ഉൾപ്പെടെ |
|---|---|---|---|
| 1991-92 | 315,100.85 | 244,047.00 (ജെ.ആർ.വൈ)<br>85,539.50 (പഞ്ചായത്ത് ഫണ്ട്<br>329,586.50 | 32,704 |
| 1992-93 | 28,854.15 | 194,643.00 (ജെ.ആർ.വൈ)<br>108,185.00 (പഞ്ചായത്ത് ഫണ്ട്)<br>302,828.00 | 45,824 |
| 1993-94 | 341,863.50 | 464,620.00 (ജെ.ആർ.വൈ)<br>544,768.40 (പഞ്ചായത്ത് ഫണ്ട്)<br>1009.388.40 | 52,626 |
| 1994-95 | 399,786.50 | 181,189.00 (ജെ.ആർ.വൈ)<br>350,849.00 (പഞ്ചായത്ത് ഫണ്ട്)<br>532,038.00 | 48,932 |
| 1995-96 | 458,602.00 | 332,672.00 (ജെ.ആർ.വൈ)<br>151,119.00 (പഞ്ചായത്ത് ഫണ്ട്)<br>483,791.00 | 57,252 |

പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ

പ്രത്യുൽപാദനപരമായ മേഖലകളിൽ നമ്മുടെ നാടിന് കാര്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമീണ മേഖലയിലെ പൊതുവായ ഈ സ്ഥിതിക്ക് മാറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ദേശസാൽകൃത ബാങ്കുകൾ മുഖേന ചില പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. എങ്കിലും അതിനൊത്ത് ഉയരുവാൻ നമ്മുടെ ഗ്രാമപഞ്ചായത്തിലെ ദേശസാൽകൃത ബാങ്കുകൾക്ക് കഴിഞ്ഞിട്ടില്ല. നിക്ഷേപത്തിന്റെ $^1/_3$ മാത്രമാണ് വായ്പയായി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ ചെമ്പ് ശാഖ വിതരണം ചെയ്യുന്നത്. എന്നാൽ സർവ്വീസ് സഹകരണ ബാങ്കിന്റെയും സിൻഡിക്കേറ്റ് ബാങ്കിന്റെയും സ്ഥിതി ഇതിൽനിന്നും വ്യത്യസ്തവും ആശാവഹവുമാണ്.

പ്രശ്നങ്ങൾ

1. നികുതി നിർണ്ണയത്തിലെ അപാകതകൾ
2. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ശുഷ്കാന്തിക്കുറവ്.
3. വികസനത്തെ സംബന്ധിച്ചതെറ്റായ ചില ധാരണകൾ (ആവശ്യങ്ങളെല്ലാം സർക്കാരോ പഞ്ചായത്തോ മാത്രമാണ് നിറവേറ്റേണ്ടത് എന്ന നിർബന്ധം)
4. സന്നദ്ധപ്രവർത്തനങ്ങളുടെ താൽപര്യക്കുറവ്.
5. കോൺട്രാക്ടർമാരും ഇടത്തട്ടുകാരും ഉണ്ടാക്കുന്ന ലാഭം.

സാദ്ധ്യതകൾ

1. നിർമ്മാണച്ചെലവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളെ മൂന്നായി തരംതിരിക്കുകയും നികുതി നിർണ്ണയത്തിന് പ്രത്യേകമായ നിരക്ക് നിശ്ചയിക്കുകയും വേണം.
2. എല്ലാ കച്ചവട സ്ഥാപനങ്ങളുടേയും യഥാർത്ഥ വിറ്റുവരവ് തിട്ടപ്പെടുത്തി ലൈസൻസ് ഫീസ് വർദ്ധിപ്പിച്ച് കൃത്യമായി പിരിച്ചെടുക്കണം.
3. പഞ്ചായത്തതിർത്തിയിൽ കേന്ദ്രീകൃത സ്വഭാവത്തിൽ സംഭരിച്ച് കയറ്റി അയയ്ക്കുന്ന സാധനങ്ങൾക്ക് നികുതി ഏർപ്പെടുത്തണം.
4. തൊഴിൽ നികുതി ഈടാക്കുന്നതിൽ ഇന്നുള്ള പോരായ്മകൾ പരിഹരിച്ച് പരമാവധി ആളുകളിൽനിന്നും തൊഴിൽ നികുതി ഈടാക്കുവാൻ കഴിയണം.
5. കേബിൾ ടി.വി. ഉപഭോക്താക്കളിൽനിന്നും നികുതി ഈടാക്കുവാൻ കഴിയണം.
6. സിനിമാശാലകളിൽനിന്നുള്ള നികുതി വരവിന്റെ പോരായ്മ പരിഹരിക്കണം.
7. ഗ്രാമ പരിധിയിലെ പുഴയിൽനിന്നും മണൽ വാരുന്നതിന് നികുതി ഏർപ്പെടുത്തണം.
8. നിലവിലുള്ള പുറംപോക്കുകൾ അളന്ന് പഞ്ചായത്തിന് കൈമാറണം.
9. ഭൂനികുതിയിൽ നിലവിലുള്ള നിരക്ക് വർദ്ധിപ്പിച്ച് അതിൽ ഒരു വിഹിതം പഞ്ചായത്തിനു നൽകണം.
10. ദേശീയ സമ്പാദ്യ പദ്ധതികളുടെ വിവിധ ഇനത്തിൽ ഗ്രാമത്തിൽ ശേഖരിക്കപ്പെടുന്നതിന്റെ അർഹമായ വിഹിതം നേടാൻ കഴിയണം. പഞ്ചായത്തിലെ മുഴുവൻ ആളുകളേയും ഈ പദ്ധതിയിൽ ചേർക്കാൻ കഴിയണം.
11. പഞ്ചായത്ത് പരിധിയിലുള്ള മോട്ടോർ വാഹനങ്ങളുടെ ഉടമകളിൽനിന്നും നികുതി ഈടാക്കണം.
12. നാടിന്റെ പുരോഗതിക്കു വേണ്ടി വികസന പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തനം ഉറപ്പാക്കണം.
13. തീയതിയും സ്ഥലവും മുൻകൂട്ടി നിശ്ചയിച്ച് വാർഡുകളിൽ ഒന്നോ രണ്ടോ കേന്ദ്രം നിശ്ചയിച്ച് നികുതി പിരിക്കുവാൻ കഴിയണം.

| ക്രമ നമ്പർ | ബാങ്കുകളുടെ പേര് | സ്ഥലം |
|---|---|---|
| 1 | ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സർവ്വീസ് സഹകരണ ബാങ്ക്, ബ്രഹ്മമംഗലം ക്ലിപ്തം, നമ്പർ - 2966 | ബ്രഹ്മമംഗലം ബ്രാഞ്ച് - ചെമ്പ് |
| 2 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് ശാഖ | ചെമ്പ് |
| 3 | വൈക്കം അർബൻ സഹകരണ ബാങ്ക് ശാഖ | ബ്രഹ്മമംഗലം |
| 4. | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ ശാഖ | ചെമ്പ് |
| 5 | സിൻഡിക്കേറ്റ് ബാങ്ക് ശാഖ | ബ്രഹ്മമംഗലം |

## 1995-96 ലെ വരവു ചെലവു കണക്ക്

| വരവ് | രൂ |
|---|---|
| കെട്ടിട നികുതി | 1,11,520.55 |
| സർവ്വീസു നികുതി | 35,479.15 |
| ലൈബ്രറി സെസ് | 5,619.25 |
| തൊഴിൽ നികുതി | 1,04,256.00 |
| പ്രദർശന നികുതി | 2,904.00 |
| പ്രദർശന നികുതിയുടെ സർചാർജ്ജ് | 726.00 |
| വസ്തു കൈമാറ്റ നികുതി (75%) | 58,810.00 |
| വസ്തു കൈമാറ്റ നികുതി (25%) | 1,00,000.00 |
| ജനന-മരണ രജിസ്ട്രേഷൻ ഫീസ് | 229.00 |
| പി.എഫ്.എ. ലൈസൻസ് ഫീസ് | 1,225.00 |
| വിനോദ നികുതി | 7,990.01 |
| അധിക വിനോദ നികുതി | 4870.69 |
| തറ വാടകയും കെട്ടിടങ്ങളുടെ പാട്ടവും | 5,360.75 |
| കുത്തകപ്പാട്ടം | 1,692.05 |
| സ്കൂൾ കെട്ടിടം വാടക | 1,525.00 |
| മാർക്കറ്റ് വരവ് | 41,836.00 |
| ലാൻറിംഗ് സെൻറർ ഫീസ് | 1,257.00 |
| ഡി ആൻറ് ഓ ലൈസൻസ് ഫീസ് | 4,430.00 |
| ബിലേറ്റഡ് ഫീസ് | 250.00 |
| ഫാറവില | 623.00 |
| പട്ടിയെ സൂക്ഷിക്കുന്നതിനുള്ള ലൈസൻസ് ഫീസ് | 31.00 |
| മെഷിനറി ഇൻസ്റ്റലേഷൻ ഫീസ് | 85.00 |
| സിനിമാ റഗുലേഷൻ ഫീസ് | 1,258.00 |
| സ്വകാര്യ കശാപ്പുശാല ലൈസൻസ് ഫീസ് | 540.00 |
| ബുച്ചർ ലൈസൻസ് ഫീസ് | 31.00 |
| ഡിമാൻറ് നോട്ടീസ് ഫീസ് | 74.25 |
| വസൂലാക്കിയ പിഴ | 106.00 |
| ടി.വി. സ്ഥാപിക്കുന്നതിനു ലഭിച്ച സാമ്പത്തിക സഹായം | 15,000.00 |
| സ്വാശ്രയഗ്രാമ വികസനപദ്ധതി ഗ്രാൻറ് | 4,00,000.00 |

| ചെലവ് | രൂ |
|---|---|
| അംഗങ്ങൾക്കും പ്രസിഡൻറിനുമുള്ള സിറ്റിംഗ് ഫീസ് | 47,624.00 |
| അംഗങ്ങൾക്കും പ്രസിഡൻറിനുമുള്ള യാത്രപ്പടി | 1,704.00 |
| മറ്റു ചെലവുകൾ | 2,894.00 |
| സെക്രട്ടറി - ശമ്പളവും സ്ഥിരം അലവൻസുകളും | 56,877.00 |
| ടി - പെൻഷനും മറ്റ് അംശാദായങ്ങളും | 930.00 |
| ടി - യാത്രപ്പടി | 1,552.00 |
| ജീവനക്കാർ - ശമ്പളവും സ്ഥിരം അലവൻസുകളും | 1,94,985.00 |
| ടി - പെൻഷനും മറ്റ് അംശാദായങ്ങളും | 10,692.00 |
| ടി - യാത്രപ്പടി | 6,477.00 |
| ഓഫീസ് കറൻറ് ചാർജ്ജ് | 5,484.00 |
| തപാൽ ചെലവും ഫോൺ ചെലവും | 10,137.00 |
| അച്ചടിലേഖന സാമഗ്രികൾ | 11,937.00 |
| തെരഞ്ഞെടുപ്പു ചെലവുകൾ | 1,980.00 |
| മറ്റു പലവക ചെലവുകൾ | 1,421.50 |
| സ്വീപ്പറുടെ ശമ്പളം | 16,325.00 |
| മറ്റു ചെലവുകൾ | 3,625.00 |
| കളക്ഷൻ സ്റ്റാഫ് - ശമ്പളവും അലവൻസുകളും | 55,404.00 |
| ടി - പെൻഷനും മറ്റ് അംശാദായങ്ങളും | 2,922.00 |
| മറ്റു ചെലവുകൾ | 2,985.00 |
| പാലങ്ങൾ, കലുങ്കുകൾ, നടവരമ്പുകൾ എന്നിവയുടെ സംരക്ഷണം | 1,264.00 |
| ചെറുകിട ജലസേചന പദ്ധതിയുടെ ചെലവുകൾ | 5,076.00 |
| ലൈബ്രേറിയൻ - ശമ്പളവും അലവൻസുകളും | 42,332.00 |
| ടി - പെൻഷനും മറ്റ് അംശാദായങ്ങളും | 2,664.00 |
| കണ്ടിൻജൻസി ചെലവുകൾ | 300.00 |

## 1995-96 ലെ വരവു ചെലവു കണക്ക് (തുടർച്ച)

| വരവ് | രൂ | ചെലവ് | രൂ |
|---|---|---|---|
| അടിസ്ഥാന നികുതി | 36,018.00 | ഗ്രന്ഥശാലകൾക്കുള്ള അംശാദായങ്ങൾ | 5,288.55 |
| ഉപാധിരഹിത ഫണ്ട് | 2,79,030.00 | സ്കൂളുകൾക്കുള്ള അംശാദായം | 2,861.00 |
| ലൈബ്രറി ഗ്രാൻറ് | 1,320.00 | തീയേറ്റർ ചെക്കിംഗ് അലവൻസ് | 1,500.00 |
| ഭൂവികസനം ഗ്രാൻറ് | 200.00 | കിണർ തേകിയ ചെലവ് | 202.50 |
| എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് | 1,15,269.00 | കൊതുകു നിവാരണം | 750.00 |
| അഡ്ഹോക്ക് വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ | 32,719.00 | കേരളോത്സവം | 1,000.00 |
| വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ | 27,058.00 | മറ്റു ചെലവുകൾ | 4,000.00 |
| വില്ലേജ് റോഡ് മെയിൻറനൻസ് ഗ്രാൻറ് | 6,675.00 | വിദ്യുച്ഛക്തി ചെലവുകൾ | 44,040.00 |
| ബറിയൽ ആൻറ് ബർണിംഗ് ഗ്രാൻറ് | 25,000.00 | റൂറൽ ഡവലപ്പ്മെൻറ് സൊസൈറ്റി - വരിസംഖ്യ | 500.00 |
| മൈനർ ഇറിഗേഷൻ ഗ്രാൻറ് | 6,000.00 | ഫാമിലി പ്ലാനിംഗ് | 480.00 |
| വാട്ടർ സപ്ലൈ കണക്ഷനുള്ള അപേക്ഷ രജിസ്ട്രേഷൻ ഫീസ് | 350.00 | മാർക്കറ്റ് സ്വീപ്പേഴ്സ് - ശമ്പളവും സ്ഥിരം അലവൻസുകളും | 25,773.00 |
| റിക്കാർഡുകളുടെ കോപ്പികൾ നൽകിയ വകയിൽ ലഭിച്ച ഫീസ് | 16.00 | കണ്ടിൻജൻസി | 1,416.50 |
| നിക്ഷേപത്തിന്മേലുള്ള പലിശ | 13,560.25 | കണ്ടിൻജൻസി തസ്തിക സംബന്ധിച്ച വേതനം, അലവൻസ് | 1,040.00 |
| ലൈബ്രറി വരവ് | 595.00 | കടത്തുകാർക്കുള്ള പ്രതിഫലം | 51,768.00 |
| വോട്ടർപ്പട്ടിക വിൽപന വരവ് | 1,889.25 | അൺടൈഡ് ഫണ്ട് ഉപയോഗിച്ചു നടത്തിയ വേലകൾ | 89,220.00 |
| വിവിധ ലേലങ്ങൾ വഴി വരവ് | 9,635.40 | സ്വാശ്രയ ഗ്രാമപദ്ധതി | 2,67,650.00 |
| പീനൽ പലിശ | 955.80 | വസൂലാക്കുന്ന മുൻകൂറുകൾ | 3,850.00 |
| മറ്റു വരവുകൾ | 830.00 | | |
| ഡിപ്പോസിറ്റ് | 900.00 | | |
| സെയിൽസ് ടാക്സ് | 309.80 | | |
| ആഡിറ്റ് റിക്കവറി | 594.65 | | |
| ആകെ | **14,66,653.85** | ആകെ | **9,89,043.05** |

*അവലംബം : സെക്കൻററി ഡാറ്റ*

# ഉപസംഹാരം

## ടൂറിസം

ഗ്രാമത്തിലെ മുറിഞ്ഞപുഴ വിദേശടൂറിസ്റ്റുകളെ ആകർഷിച്ചിട്ടുണ്ട്. വിശാലമായ കായൽപ്പരപ്പും പുഴകളും തോടുകളും എന്നും വിദേശസഞ്ചാരികൾക്ക് ഹരമാണ്. നമ്മുടെ പഞ്ചായത്തിൽ ടൂറിസത്തിനുള്ള സാദ്ധ്യത ഏറെയാണ്. ഉദയാസ്തമയങ്ങളുടെ മുറിഞ്ഞപുഴയിൽ നിന്നുള്ള ദൃശ്യം മനോഹരമാണ്. ഈ ഭാഗത്ത് ഒരു മിനിഹോട്ടൽ ആരംഭിക്കാവുന്നതാണ്. ടൂറിസ്റ്റുകൾക്ക് ജലാശയങ്ങളിൽ സവാരി ചെയ്യുന്നതിന് യന്ത്രവൽക്കൃത നൗകകൾ ഏർപ്പെടുത്താവുന്നതാണ്. പഞ്ചായത്തിലെ തോടുകൾ ആഴം വർദ്ധിപ്പിച്ച് കരകൾ കരിങ്കല്ല് കെട്ടി സംരക്ഷിച്ച് ടൂറിസ്റ്റുകൾക്ക് ഇടത്തോടുകളിലൂടെ യാത്ര ചെയ്യുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. നമ്മുടെ പ്രദേശത്ത് ലഭിക്കുന്ന കായൽ മത്സ്യങ്ങൾ സ്വദേശ ടൂറിസ്റ്റുകളേയും ഈ പ്രദേശത്തേക്ക് ആകർഷിക്കുന്നുണ്ട്.

## ഉപസംഹാരം

ജനകീയാസൂത്രണ പരിപാടികൾക്ക് തുടക്കം കുറിച്ച 1996 ആഗസ്റ്റ് 17 മുതൽ പഞ്ചായത്ത് തലത്തിൽ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. വിവിധതലത്തിലുള്ള പരിശീലനങ്ങൾക്കുശേഷം സന്നദ്ധ പ്രവർത്തകർ സ്ഥിതിവിവരങ്ങൾ ശേഖരിച്ചു. പഞ്ചായത്തുടനീളം പഠന പര്യടനം നടത്തി. നിരവധി വസ്തുതകൾ മനസ്സിലാക്കി. ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങളുടേയും പഠനപര്യടനത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ വികസനറിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ സാമൂഹ്യ-ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് ആധികാരിക രേഖകൾ ലഭ്യമല്ല. പ്രായം ചെന്ന മഹദ്വ്യക്തികളുടെ അഭിപ്രായത്തിലൂന്നിയുള്ള പശ്ചാത്തലമാണ് വിശദീകരിച്ചിട്ടുള്ളത്. വിവിധ വകുപ്പ് ഓഫീസുകളിൽ നിന്ന് നിലവിലുള്ള സ്ഥിതി വിവരങ്ങൾ ശേഖരിച്ചു.

ജനകീയാസൂത്രണം ജനങ്ങളുടെ ഒരു പുത്തൻ പ്രതീക്ഷയാണ്. പരിമിതമായ വിഭവങ്ങളും ജനങ്ങളുടെ സന്നദ്ധതയും ഏകോപിപ്പിച്ച് വലിയ ആവശ്യങ്ങൾ പരിഹരിക്കുവാനുള്ള കൂട്ടായശ്രമം എന്ന നിലയിൽ ഈ പദ്ധതി വിജയിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് വികസന റിപ്പോർട്ട് സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു.

ഈ സന്ദർഭത്തിൽ നമ്മുടെ പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങൾക്ക് സൗജന്യമായി ഭൂമി നൽകിയ ഡോ. വി. നാരായണൻ തൊണ്ടിത്തല, കുന്നത്ത് രാഘവ മേനോൻ, എടത്തിൽ സദാനന്ദനായ്ക്ക്, മാളിയേക്കൽ ലക്ഷ്മിക്കുട്ടിയമ്മ, പുഴവേലിൽ നാരായണൻ, കുന്നപ്പള്ളിമന രാമൻ ഭട്ടതിരിപ്പാട് എന്നിവരോടും അവരുടെ കുടുംബങ്ങളോടും നന്ദി രേഖപ്പെടുത്തുന്നു.

## വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

കൃഷി, ജലസേചനം
- കെ.കെ. മഹാദേവൻ
- എ. രാഘവപ്പണിക്കർ
- കെ. ഗുണശീലൻ

മത്സ്യബന്ധനം, മൃഗസംരക്ഷണം
- ഡോ. മിനി ജോസഫ്
- രമാ വേലപ്പൻ
- കെ.കെ. രമേശൻ

വിദ്യാഭ്യാസം
- സിസിലിയാമ്മ ചാക്കോ
- പി.പി. മാധവൻ
- പങ്കജാക്ഷി ടീച്ചർ

കുടിവെള്ളം, ആരോഗ്യം
- ടി.എം. വിജയൻ
- വി.ജി. ബാലകൃഷ്ണൻ നായർ

വ്യവസായം
- സി.കെ. ചന്ദ്രഗുപ്തൻ
- ടി.പി. കുഞ്ഞൻ
- പി.എ. രാജപ്പൻ
- പി.കെ. ശ്രീജ

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- ആർ. സുശീലൻ
- പി.പി. സുകുമാരൻ
- എസ്. ജയപ്രകാശ്

പാർപ്പിടം, സാമൂഹ്യക്ഷേമം
- വി. സോമൻ
- ഇ.കെ. ജയപ്രസാദ്
- മുഹമ്മദ് അറയ്ക്കൽ

സംസ്കാരം
- ടി.പി. കുഞ്ഞൻ
- പി.സി. സജീവ്

വനിത
- പി.കെ. ശ്രീജ
- സുമതി ടീച്ചർ
- മഹേശ്വരി പ്രകാശൻ

സഹകരണ മേഖല
- കെ.ജി. അശോക് കുമാർ
- എസ്. ജയപ്രകാശ്

പട്ടികജാതി, പട്ടികവർഗ്ഗ വികസനം
- എം.കെ. ഗോപി
- കെ. പപ്പൻ മാസ്റ്റർ
- പി.പി. മാധവൻ

വിഭവസമാഹരണം
- കെ.കെ. രമേശൻ
- ആർ. സുശീലൻ
- പി.എ. രാജപ്പൻ
- ടി. പങ്കജാക്ഷൻ

അധികാരം ജനങ്ങളിലേക്ക്

Printed at Lochana Offset, Thevara